# യേശുവിന്റെ
# ജീവിതശൈലി

# യേശുവിന്റെ ജീവിതശൈലി

ഗെയ്ൽ ഡി. എർവിൻ

പരിഭാഷ: മാത്യു പാലത്തുങ്കൽ

BOOKS
ഗോസ്പൽ ഫോർ ഏഷ്യ പബ്ലിക്കേഷൻസ്
മഞ്ഞാടി ജംഗ്ഷൻ പി.ഒ., തിരുവല്ല – 689 105

YESHUVINTE JEEVITA SHAILI

*( Malayalam )*

The Jesus Style

*Gayle D. Erwin*

© *Gospel For Asia Publications*

*Translated by Mathew Palathunkal*

*All rights reserved. No part of this publication may be reproduced, stored in retrieval system, or transmitted in any form or by any means electronic, mechanical, photocopying, recording or otherwise, without prior permission of the Publisher.*

*Published by:*
*Gospel For Asia Publications, Manjadi Jn. P.O., Tiruvalla-5, Kerala, India.*

*International Standard Book Number 81 - 7377 - 363 - 7*

*1st Edition : 1983*
*1st Malayalam Edition : 1987*
*2nd Edition : 1992*
*Revised 3rd Edition : 2006*

*Printed at Believers Church Press, Tiruvalla-5, Kerala, India*

Price Rs. 80.00

**എന്നെ ആഴമായി സ്നേഹിച്ച**
**എന്റെ ഭാര്യ ആദാ,**
**എന്റെ മക്കൾ,**
**വലേറി,**
**ക്ലൈഡ്,**
**ഗ്ലോറിയ ഭർത്താവ് പീറ്റർ,**
**ആഞ്ചെലാ ഭർത്താവ് മാർക്ക്**
**എന്നിവർക്ക്**

''ആരെങ്കിലും തന്റെ ജീവനെ രക്ഷിപ്പാൻ ഇച്ഛിച്ചാൽ അതിനെ കളയും; ആരെങ്കിലും എന്റെയും സുവിശേഷത്തിന്റെയും നിമിത്തം തന്റെ ജീവനെ കളഞ്ഞാൽ അതിനെ രക്ഷിക്കും.''

മർക്കൊസ് 8 : 35

''....എന്റെ കർത്താവായ ക്രിസ്തുയേശുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിന്റെ ശ്രേഷ്ഠതനിമിത്തം ഞാൻ ഇപ്പോഴും എല്ലാം ചേതം എന്നു എണ്ണുന്നു. ഞാൻ ക്രിസ്തുവിനെ നേടേണ്ടതിനും.... എല്ലാം ഉപേക്ഷിച്ചു ചവറ് എന്നു എണ്ണുന്നു.''

ഫിലിപ്പിയർ 3 : 8,11

# താളുകൾ മറിക്കുമ്പോൾ...


പുസ്തകപരിചയം 9

അവതാരിക 13

ആമുഖം 17

**അവന്റെ സ്വന്തം ശൈലി**

യേശു - വേണം 19

യേശുവിന്റെ സമീപനം 23

**ശൈലി രൂപപ്പെടുത്തൽ**

ഒന്ന് 37

സകലർക്കും വേണ്ടി ഒന്ന് 41

ഒന്നിനുവേണ്ടി സകലവും 43

പലതിൽ ഒന്ന് 49

**യേശുവിന്റെ ശൈലി**

നമ്മുടെ കൈയെത്തും ദൂരത്ത് 53

നിങ്ങളുടെ ശുശ്രൂഷയ്ക്ക് 55

അധികാര സ്തൂപം 61

എനിക്കു പ്രസംഗം കാണാനാണിഷ്ടം 69

കൂടുതലില്ല, കുറവുമില്ല 75

ഒരു ശിശു എന്നാൽ... 85

ഇളയവനെപ്പോലെ 91

പിൻനിരയെ വളർത്തുക 95

പുൽക്കൂട്ടിലെ മുറി 101

കൈക്കരുത്തിന്റെ തന്ത്രങ്ങൾക്കു വിട 107
ഹലോ, ഞാൻ റവറന്റ്... 113
ഭൂമിയോളം താണ് 123
പിതാവിനെപ്പോലെ പുത്രനും 127
ഇടയന്മാർ ഓടിപ്പോകുകയില്ല 133
ഭാഗ്യാവസ്ഥ 137
ശക്തിയുടെ ഇടനിലക്കാരൻ 139
**ശൈലിയിൽ ജീവിക്കുക**
മധുരവും കൈപ്പും 143
കണങ്കാൽ അസ്ഥി പാദാസ്ഥിയോടു ബന്ധപ്പെട്ടിരിക്കുന്നു 145
ചരിത്രത്തിന്റെ തടവുകാർ 147
നമ്മെ ഒന്നിച്ചു നിർത്തുന്നത് 155
ശരീരത്തോടൊപ്പം വീട്ടിൽ 157
വേദന പങ്കുവെയ്ക്കുക 163
ഒരു വാക്ക് മറ്റൊന്നിനെ പിന്തുടരുന്നു 165
എല്ലാക്കാലത്തേക്കുമുള്ള ശൈലി 167
കൃപ വിജയിക്കുന്നു 171
**പഠന സഹായി** 175


# പുസ്തകപരിചയം

ലോകം ക്രിസ്തുവിനെ ആദ്യമായി മനസ്സിലാക്കിയത് മനുഷ്യരൂപത്തിൽ–വ്യക്തിയായി–യേശു എന്ന മനുഷ്യനായിട്ടാണ്. സഞ്ചാര റബ്ബീയായി മാറിയ യെഹൂദ ആശാരിയായിട്ടാണ് അവർ അവനെ മനസ്സിലാക്കിയത്. അവന്റെ പഠിപ്പിക്കൽ ആഴമേറിയതും പാരമ്പര്യ മതവിശ്വാസങ്ങളെ ഖണ്ഡിക്കുന്നതും മശീഹായെയും അവന്റെ രാജ്യത്തെയും സംബന്ധിച്ച പരമ്പരാഗത വിശ്വാസത്തെ തകിടം മറിക്കുന്നതുമായിരുന്നു. നമ്മുടെ സാംസ്കാരികവും വേദശാസ്ത്രപരവുമായ സാഹചര്യത്തിൽ യേശുവിന്റെ വിപ്ലവകരമായ പഠിപ്പിക്കലുകൾ നമുക്കറിയാമെന്നും നാമതു വിശ്വസിക്കുന്നുവെന്നും ഉള്ള ധാരണയിൽ നാമതു വായിക്കുന്നതിനാൽ അവൻ ഇന്നു നമ്മോടു പറയുന്നതു ശ്രവിക്കുവാൻ നമുക്കു കഴിയാതെ പോകുന്നു. നമ്മുടെ പാരമ്പര്യങ്ങൾ നമ്മുടെ വഴിമുടക്കുന്നു.

ഗെയ്ൽ എർവിൻ "യേശുവിന്റെ ജീവിത ശൈലി" എന്ന ഗ്രന്ഥത്തിൽ, യാതൊരു മുൻധാരണകളും തയ്യാറെടുപ്പും മുൻവിധികളുമില്ലാത്ത രീതിയിൽ യേശുവിനെ കാണാനും അനുഭവിക്കാനും കേൾക്കാനും നമ്മെ സഹായിക്കുന്നു. നമ്മുടെ പാരമ്പര്യങ്ങളിൽ നിന്നും യേശുവിന്റെ സമകാലികരായിരുന്ന മതനേതാക്കൾ കുടുങ്ങിയിരുന്ന അതേ അർത്ഥശൂന്യമായ സിദ്ധാന്തങ്ങളുടെ തടവിൽ നിന്നും സ്വതന്ത്രരാകാൻ അദ്ദേഹം നമ്മെ സഹായിക്കുന്നു.

> അവൻ അവരോടു ഉത്തരം പറഞ്ഞത്: കപട ഭക്തരായ നിങ്ങളെക്കുറിച്ച് യെശയ്യാവു പ്രവചിച്ചതു ശരി: "ഈ ജനം അധരം കൊണ്ടു എന്നെ ബഹുമാനിക്കുന്നു; എങ്കിലും അവരുടെ ഹൃദയം എങ്കൽ നിന്നു ദൂരത്ത് അകന്നിരിക്കുന്നു. മാനുഷ കല്പ്പനകളായ ഉപദേശങ്ങളെ അവർ ഉപദേശിക്കുന്നതുകൊണ്ടു എന്നെ വ്യർത്ഥമായി ഭജിക്കുന്നു. നിങ്ങൾ ദൈവകല്പന വിട്ടുകളഞ്ഞു മനുഷ്യരുടെ സമ്പ്രദായം പ്രമാണിക്കുന്നു." (മർക്കൊസ് 7:6–8).

യേശുക്രിസ്തുവിനെപ്പറ്റി നാം എന്തു വിശ്വസിക്കുന്നു എന്നതാണ് ഇന്ന് സഭയിലെ നിർണ്ണായകമായ വിഷയം എന്ന് ചില വേദശാസ്ത്ര പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. ഒരർത്ഥത്തിൽ, അവൻ എല്ലായ്പ്പോഴും സഭയിലെയും അതിനാൽ തന്നെ ചരിത്രത്തിലെയും നിർണ്ണായക വിഷയമായിരുന്നു. മറ്റെന്തെങ്കിലും നിർണ്ണായക വിഷയമായി വന്നാൽ അത് യേശുവിനെ കർത്താവും രക്ഷിതാവുമായി അംഗീകരിച്ചവരെ ഭിന്നിപ്പിക്കാനേ ഉതകൂ എന്ന് തീർച്ചയാണ്. ഒരു വിഷയം ക്രിസ്തുവിനെ കർത്താവായി അംഗീകരിക്കുന്നവരെ ഒറ്റപ്പെടുത്താനാണുപകരിക്കുന്നതെങ്കിൽ, ആ വിഷയം, അതെന്തായിരുന്നാലും ക്രിസ്തുവിനെക്കാൾ പ്രാധാന്യമുള്ളതായി മാറ്റപ്പെടുമെന്നത് ഈ പ്രശ്നത്തിന്റെ മറുവശമാണ്. ഞാൻ വളരെ ബഹുമാനിക്കുന്ന ഒരു വേദപണ്ഡിതൻ ഇപ്രകാരമാണിതിനെപ്പറ്റി പറഞ്ഞത്: “നിങ്ങൾ എന്തു വിഷയം ഉണ്ടാക്കുമ്പോഴും നിങ്ങൾ വിഗ്രഹത്തെ ഉണ്ടാക്കുകയാണ് ചെയ്യുന്നത്.”

ക്രിസ്തുവാണ് നിർണ്ണായക വിഷയമെന്നത് നിസ്തർക്കമാണ്. ഫിലിപ്പിന്റെ കൈസര്യയിൽവെച്ച് ശിഷ്യന്മാരെ അഭിമുഖീകരിച്ചപ്പോൾ താനാണ് നിർണ്ണായക വിഷയമെന്ന് യേശു വെളിപ്പെടുത്തി. അവന്റെ ചോദ്യത്തിന് ശിഷ്യന്മാർ പറഞ്ഞ മറുപടിയുടെ അടിസ്ഥാനത്തിന്മേലാണ് അവൻ തന്റെ സഭയെ പണിതത്:

> “നിങ്ങളോ എന്നെ ആർ എന്നു പറയുന്നു എന്നു അവൻ ചോദിച്ചതിന്നു ശിമോൻ പത്രൊസ്: നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു എന്നു ഉത്തരം പറഞ്ഞു. യേശു അവനോടു: ബർയോനാശിമോനേ, നീ ഭാഗ്യവാൻ; ജഡരക്തങ്ങൾ അല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവത്രേ നിനക്കു ഇതു വെളിപ്പെടുത്തിയത്” (മത്തായി 16:15–17).

“ദൈവപുത്രന്റെ നാമത്തിൽ വിശ്വസിക്കുന്നവർക്ക്” തന്റെ ആദ്യലേഖനമെഴുതിയ അപ്പൊസ്തലനായ യോഹന്നാൻ, സത്യത്തിന്റെ മാനദണ്ഡത്തെ വിശദമാക്കുമ്പോൾ, കേന്ദ്ര വിഷയത്തെ സ്പഷ്ടമായി രേഖപ്പെടുത്തുന്നു:

> “ദൈവാത്മാവിനെ ഇതിനാൽ അറിയാം; യേശുക്രിസ്തു ജഡത്തിൽ വന്നു എന്നു സ്വീകരിക്കുന്ന ആത്മാവൊക്കെയും ദൈവത്തിൽ നിന്നുള്ളത്. യേശുവിനെ സ്വീകരിക്കാത്ത യാതൊരു ആത്മാവും ദൈവത്തിൽ നിന്നുള്ളതല്ല.” (1 യോഹന്നാൻ 4:2–3).

സഭയിലെ ആദ്യത്തെ ദുരുപദേശം യേശുവിന്റെ ദൈവത്വം നിഷേധിക്കുന്നതായിരുന്നില്ല, മറിച്ച് അവന്റെ മനുഷ്യത്വം നിഷേധിക്കുന്നതായിരുന്നു. ജ്ഞാനവാദം, വസ്തുമയമായവ പാപപങ്കിലമാണെന്നു വിശ്വസിക്കയും ക്രിസ്തു ജഡത്തിൽ വന്നുവെന്നത് നിഷേധിക്കയും അവൻ മനുഷ്യനെന്നു തോന്നുക മാത്രമാണു ചെയ്തതെന്നു പഠിപ്പിക്കയും ചെയ്തു. ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ ക്രിസ്തുവിന്റെ ദൈവത്വം സംബന്ധിച്ച വാദഗതികൾ സഭയിൽ വളരെ പ്രാധാന്യമുള്ള വിഷയമായിരുന്നു. യേശുവിന്റെ ദൈവത്വം സ്ഥാപിക്കാനുള്ള ശ്രമത്തിൽ സുവിശേഷവിഹിത വിശ്വാസികൾ യേശുവിന്റെ മനുഷ്യത്വത്തെ ഏതാണ്ട് തള്ളിക്കളയുക തന്നെ ചെയ്തു. തൽഫലമായി, ദൈവം എങ്ങനെയുള്ളവനെന്നു മാത്രമല്ല, ദൈവഹിതപ്രകാരമുള്ള മനുഷ്യൻ എങ്ങനെയായിരിക്കണമെന്നും നമ്മെ പഠിപ്പിക്കുവാൻ ദൈവം ചരിത്രത്തിലേക്കയച്ച മാതൃകാ പുരുഷനെ അവർ ഉപേക്ഷിച്ചു.





ദൈവിക പദ്ധതിയുടെ സത്തയും ജഡത്തിലുള്ള ദൈവത്തിന്റെ ആത്യന്തിക വെളിപ്പാടും ഒരു വാദമുഖത്തിനു വേണ്ടി – അതു ശരിയായതായിരുന്നുവെങ്കിലും – ബലികഴിച്ചതു മുഖാന്തരം ദൈവം താൻ തന്നെ മനുഷ്യനുമായി താദാത്മ്യം പ്രാപിച്ച ആത്യന്തിക സത്യത്തെ ഉൾക്കൊള്ളാൻ കഴിയാതെ പോയി.

അവിശ്വാസ ലോകത്തോടുള്ള സുവിശേഷവിഹിത വിശ്വാസികളുടെ സമീപനത്തിൽ ഈ വിഷയം ഇന്ന് നിർണ്ണായകമാണെന്ന് ഈ ലേഖകൻ ഉറച്ചു വിശ്വസിക്കുന്നു. അതിശയവാനും നിരസിക്കാനാവാത്തവനുമായ യേശുവിനെ പ്രസംഗിക്കുന്നതിനുപകരം ഒരു ഉപദേശമാണു നാം പങ്കുവെക്കുന്നത്. ഒരു വ്യക്തിയോട് അവനെ അറിയുക, അവനെ സ്വീകരിക്കുക, അവനിൽ ആശ്രയിക്കുക, അവനെ സ്നേഹിക്കുക എന്നു പറയുന്നതിനുപകരം അവനെക്കുറിച്ചുള്ള ഒരു വിഷയം വിശ്വസിക്കുവാൻ ആവശ്യപ്പെടുന്ന പ്രവണതയാണിന്നുള്ളത്. നമ്മുടെ സുവിശേഷം, അപ്പൊസ്തലിക വിശ്വാസത്തിന്റെ കേന്ദ്രമായിരുന്ന അത്ഭുതവാനായ ഒരു വ്യക്തിയിൽ നിന്നും ഒരു വിശ്വാസപ്രമാണത്തിലേക്കു മാറിയിരിക്കുന്നു. അപ്പൊസ്തലന്മാർ യേശുവിനെക്കുറിച്ച് വളരെക്കുറച്ചേ അറിഞ്ഞിരുന്നുള്ളു – പക്ഷേ അവർ അവനെ അറിഞ്ഞിരുന്നു. നാം അവനെക്കുറിച്ച് വളരെയധികം അറിയാൻ ശ്രമിക്കുന്നു. പക്ഷേ അവനുമായി ആത്മാർത്ഥമായ ബന്ധം പുലർത്തുന്നതിൽ പരാജയപ്പെടുന്നു.

അങ്ങനെയെങ്കിൽ നിർണ്ണായക വിഷയം യേശുവാണ്; അവൻ ആരായിരുന്നു, അവൻ ഭൂമിയിലായിരുന്നപ്പോൾ എന്തു പറയുകയും പ്രവർത്തിക്കുകയും ചെയ്തു എന്നതാണ്. ഗെയ്ൽ എർവിൻ, യേശു എന്ന മനുഷ്യന്റെ, ഗലീലയിലെ ചെമ്മൺ പാതയിലൂടെ നടന്ന, യഥാർത്ഥ ജീവിത സാഹചര്യങ്ങളിൽ യഥാർത്ഥ ജീവിതം നയിച്ച് അടിസ്ഥാന സത്യങ്ങൾ ലളിതഭാഷയിൽ പഠിപ്പിച്ച, യഥാർത്ഥ വ്യക്തിയുടെ മുമ്പിൽ നമ്മെ മുഖാമുഖം നിർത്തുന്നു.

എഴുത്തുകാരൻ തന്റെ ഇടയശുശ്രൂഷയിലെ അനുഭവത്തിന്റെയും, വിശദമായി പറഞ്ഞാൽ മുൻപരാജയങ്ങളുടെയും വെളിച്ചത്തിൽ, തങ്ങൾ മനസ്സിലാക്കിയിരിക്കുന്ന യേശുവിന്റെ ലളിതമായ ഉപദേശങ്ങളെ സത്യ സന്ധമായി വിലയിരുത്തുവാനും പുനർവിചിന്തനം ചെയ്യുവാനും വായ നക്കാരെ പ്രേരിപ്പിക്കുന്നു. യേശുവിനെക്കുറിച്ചുള്ള നമ്മുടെ പരമ്പരാഗത വിശ്വാസത്തിന് ക്ഷതമേൽപ്പിക്കുന്നവിധം പുതിയ നിയമത്തിലെ യേശു വിനെ ഈ ഗ്രന്ഥം അവതരിപ്പിക്കുന്നു. അർദ്ധമനസ്സോടും ഭാഗികമായും അവനെ അനുസരിക്കയും അപ്പോൾ തന്നെ അവന്റെ ശിഷ്യനാണെന്നഭിമാ നിക്കയും ചെയ്യുന്ന നമ്മുടെ സ്വയനീതീകരണത്തെ ഉപേക്ഷിക്കാനും ഈ ഗ്രന്ഥം ആവശ്യപ്പെടുന്നു.

വ്യക്തിപരമായി, ഈ ഗ്രന്ഥപാരായണത്തിലൂടെ യേശുവിനെ നവ്യ മായൊരു രീതിയിൽ കാണാനെനിക്കു കഴിഞ്ഞു, അതിൽ ഞാൻ അതീവ കൃതാർത്ഥനാണ്.

വായനാവേളയിൽ എന്റെ മനസ്സിൽ കടന്നുവന്നത് യോഹന്നാന്റെ ഒന്നാം ലേഖനത്തിലെ ആമുഖ പ്രസ്താവനയാണ്, "ആദിമുതലുള്ളതും ഞങ്ങൾ കേട്ടതും സ്വന്ത കണ്ണുകൊണ്ടു കണ്ടതും ഞങ്ങൾ നോക്കിയതും ഞങ്ങളുടെ കൈ തൊട്ടതും ആയ ജീവന്റെ വചനം സംബന്ധിച്ച്... ഞങ്ങൾ കണ്ടും കേട്ടുമുള്ളതു നിങ്ങൾക്കു ഞങ്ങളോടു കൂട്ടായ്മ ഉണ്ടാകേണ്ടതിനു നിങ്ങളോടും അറിയിക്കുന്നു" (1 യോഹന്നാൻ 1:1,3).

**റിച്ചാർഡ് സി. ഹാൽവേഴ്സൺ (1916 – 1955)**
*ചാപ്ളെയിൻ, യുണൈറ്റഡ് സ്റ്റേറ്റ്സ് സെനറ്റ്*



# അവതാരിക

ടെക്സാസിലെ ഗോസ്പൽ ഫോർ ഏഷ്യയിലെ എന്റെ ഓഫീസിൽ ഞാൻ ഇരിക്കുമ്പോൾ എന്റെ സഹപ്രവർത്തകരിൽ ഒരാൾ കടന്നു വന്ന് ഗെയ്ൽ ഡി എർവിന്റെ 'ജീസസ്സ് സ്റ്റൈൽ' എന്ന ബുക്ക് എന്നെ ഏല്പിച്ചത് ഞാൻ ഇന്നും ഓർക്കുന്നു. ഉടൻതന്നെ ഞാൻ അത് വായിക്കു വാൻ തുടങ്ങി. ഓരോ താളുകൾ മറിക്കുമ്പോഴും ഈ പുസ്തകത്തിന്റെ അസാധാരണത്വം എന്നെ വളരെയധികം ആകർഷിച്ചു. ഏകദേശം പകുതി പേജുകൾ വായിച്ചപ്പോഴേക്കും ഗ്രന്ഥകർത്താവിന് അനുമോദനങ്ങൾ അർ പ്പിക്കുവാൻ എനിക്ക് തിടുക്കമായി. ഞാൻ ടെക്സാസിൽ തന്നെയുള്ള വേർഡ് ബുക്ക് പബ്ലിഷേഴ്സിനു ഫോൺ ചെയ്തു. ഗെയ്ൽ എർവിനുമായി ബന്ധപ്പെടുവാൻ അവർ എന്നെ സഹായിച്ചു.

ഈ പുസ്തകത്തിൽ അക്ഷരങ്ങളായി മാറിയിരിക്കുന്നത് ഒരു ആത്മാർത്ഥഹൃദയത്തിന്റെ ആത്മീയതുടിപ്പുകൾ ആണെന്ന സത്യം ഈ പുസ്തകത്തിന്റെ എഴുത്തുകാരനുമായി എന്നെ വളരെ അടുപ്പിച്ചു. പുസ്ത കത്തിൽ എന്നതുപോലെ അദ്ദേഹത്തിലും കളങ്കമില്ലാത്ത ദൈവസാ ന്നിദ്ധ്യം ഞാൻ ദർശിച്ചു.

ക്രിസ്തീയ ഗ്രന്ഥകാരന്മാരിൽ അനേകരും വായനക്കാരെ സിദ്ധാന്ത ങ്ങളുടെ കൽത്തുറുങ്കുകളിൽ അടച്ചുപൂട്ടിയിട്ട് ജീവസ്സില്ലാത്തവരാക്കുന്നു എന്നതൊരു വിരോധാഭാസമായി മാറിയിരിക്കുന്ന ഈ കാലഘട്ടത്തിൽ മുൻവിധികളോ, പരീശപ്രവണതകളോ തെറ്റിദ്ധാരണകളോ കൂടാതെ യേശുവിനെ കാട്ടിത്തരുവാൻ ശ്രീ എർവിന് കഴിഞ്ഞിട്ടുണ്ട്. മുൻവിധികൾ കൂടാതെ യേശുവിനെ കാണുവാനും അവന്റെ ജീവൽ സന്ദേശങ്ങളെ കൈ ക്കൊള്ളുവാനും ഈ പുസ്തകത്തിലൂടെ ശ്രീ എർവിൻ എന്നെ സഹാ യിച്ചു എന്നതും എന്നെ വളരെയധികം സന്തോഷിപ്പിക്കുന്നു.

സത്യസന്ധമായി യേശുവിനെ മനസ്സിലാക്കുന്നതിനും പ്രസംഗിക്കു ന്നതിനും പകരം പാരമ്പര്യത്തിന്റെ ഇരുണ്ട കണ്ണാടിയിലൂടെ മാത്രം

യേശുനാഥനെ കാണുവാൻ ശ്രമിക്കുന്ന മതഭ്രാന്തന്മാരുടെ പിടിയിലമർന്നു ഞെരുങ്ങുന്ന അനേക സത്യാന്വേഷികൾക്ക് ഈ പുസ്തകം വിമോചനമൊരുക്കുന്നു. യേശുവിനെ യേശുവായിത്തന്നെ കാണുവാനും, പഠിക്കുവാനും, പ്രസംഗിക്കുവാനും സഹായിക്കുന്നു.

ഇന്ന് ക്രിസ്ത്യാനികൾ എന്നവകാശപ്പെടുന്നവരും അനേക സഭകളും സംഘടനകളും, യേശുവിലേക്ക് നോക്കുന്നത് സ്വാർത്ഥതകൊണ്ടും ലോകസ്നേഹംകൊണ്ടും തിമിരം ബാധിച്ച അവരുടെ കണ്ണുകൾക്കൊണ്ടാണ്. ഇതവർക്ക് അതിവേദനയുളവാക്കുന്നു. അതുകൊണ്ട് നോക്കുന്നതുതന്നെ വേണ്ടെന്നു വച്ചിട്ടുള്ള 'ക്രിസ്തു സ്നേഹികളായി' മാറിയിരിക്കുന്നു അവരിലധികവും. യേശുവിനേയും യേശുവിന്റെ ജീവിതശൈലിയേയും എല്ലാവരും അറിയേണ്ടതുപോലെ അറിയണമെന്ന് ശ്രീ എർവിൻ ആഗ്രഹിച്ചുപോയതാണ് ഈ പുസ്തകത്തിന്റെ സൃഷ്ടിപ്പിന്റെ പിന്നിലെ പ്രചോദനം.

ക്രിസ്തീയ സമൂഹങ്ങളിൽ വളരെയധികം ദുഷ്പരിചയങ്ങളും, ആചാരങ്ങളും, വേണ്ടാത്ത വിലക്കുകളും അന്ധവിശ്വാസങ്ങളും എല്ലാം ഉണ്ടായത് സഭാനേതാക്കന്മാർ യേശുവിന്റെ ജീവിതം മനസ്സിലാക്കുവാൻ പരാജയപ്പെട്ടതുകൊണ്ടാണ്. എന്തിനധികം സഭയിലെ വേർകൃത്യങ്ങളും വഴക്കുകളും, സ്നേഹമില്ലായ്മയും പക്ഷപാതവും എല്ലാം യഥാർത്ഥമായി യേശുവിനെ കണ്ടെത്താത്തതുകൊണ്ടാണ്.

യേശുവിനെ ഉള്ളതുപോലെ കാണുകയും അറിയുകയും ചെയ്യുന്നതാണ് വ്യക്തിജീവിതങ്ങളുടെ അനുഗ്രഹത്തിന് മുഖാന്തരമായിത്തീരുന്നത്. അതുതന്നെയാണ് കുടുംബങ്ങളുടെയും സമൂഹങ്ങളുടെയും നിലനിൽപ്പിനും അനുഗ്രഹത്തിനും കാരണമാകുന്നത്. യേശുകർത്താവ് ശമര്യാ സ്ത്രീയോട് പറഞ്ഞത് ഇവിടെ വളരെ ശ്രദ്ധേയമാണ്. "നീ ദൈവത്തിന്റെ ദാനവും നിന്നോട് കുടിപ്പാൻ ചോദിക്കുന്നവൻ ആരെന്നും അറിഞ്ഞുവെങ്കിൽ നീ അവനോടു ചോദിക്കയും അവൻ ജീവനുള്ള വെള്ളം നിനക്ക് തരികയും ചെയ്യുമായിരുന്നു" (യോഹ.4:10). അവൻ ആരാണെന്ന് അറിഞ്ഞിരുന്നുവെങ്കിൽ നമ്മുടെ ആഗ്രഹങ്ങൾക്കും ആവശ്യങ്ങൾക്കും കാഴ്ചപ്പാടുകൾക്കും വളരെയധികം വ്യത്യാസമുണ്ടാകുമായിരുന്നു.

യേശുക്രിസ്തുവിന്റെ ക്രൂശുമരണത്തിലൂടെയുള്ള ദൈവകൃപയെ മനസ്സിലാക്കാതെപോയ ഗലാത്യരെപ്പോലെ ഇന്നനേകരും പാരമ്പര്യങ്ങൾക്കും ദുരാചാരങ്ങൾക്കും അടിമകളായിത്തീർന്നിരിക്കുന്നു. വി. പൗലൊസ് ഗലാത്യരോട് പറഞ്ഞത് ശ്രദ്ധിക്കൂ: "ഹാ ബുദ്ധിയില്ലാത്ത ഗലാത്യരേ, യേശുക്രിസ്തു ക്രൂശിക്കപ്പെട്ടവനായി നിങ്ങളുടെ കണ്ണിൻ മുമ്പിൽ വരച്ചുകിട്ടിയിരിക്കെ നിങ്ങളെ ക്ഷുദ്രം ചെയ്തു മയക്കിയത് ആർ?" യേശുവിനെ കാണേണ്ടതുപോലെ കാണാൻ കഴിയാത്തതായിരുന്നു അവരുടേയും പ്രശ്നം.





മനുഷ്യപുത്രനായ യേശുക്രിസ്തു നമ്മോടൊത്ത് വസിച്ചപ്പോൾ അവൻ ആരായിരുന്നു, അവൻ നമുക്കുവേണ്ടി എന്തുചെയ്തു, എന്തു പറഞ്ഞു, എങ്ങനെ ജീവിച്ചു എന്നതൊക്കെ നാം പ്രായോഗികമായി അറിഞ്ഞേ മതിയാകയുള്ളൂ. അതല്ലാതെ വ്യക്തികൾക്കും സഭകൾക്കും ആത്മികാഭിവൃദ്ധിയുണ്ടാകയില്ല എന്നതു ഈ പുസ്തകത്തിലൂടെ നാം മനസ്സിലാക്കുന്നു. ഇന്നത്തെ ക്രിസ്തീയ സമൂഹത്തിന്റെ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം ആ നസ്രേത്തിലെ തച്ചനെ അറിയുന്നതാണ് – അനുഗമിക്കുന്നതാണ്.

വ്യക്തിപരമായി 'യേശുവിന്റെ ജീവിതശൈലി' എന്ന ഈ പുസ്തകത്തിലൂടെ ഞാൻ വളരെ ധന്യനായി. ഗലീലയുടെ മണ്ണിനു പുളകമണിയിച്ച് ഓടി നടന്ന ആ സ്നേഹത്തിന്റേയും താഴ്മയുടേയും കുഞ്ഞാട് എന്റെ ജീവിതത്തിൽ ഒരു പ്രത്യേകതയോട് ഇന്ന് നിറഞ്ഞുനില്ക്കുന്നു. ശ്രീ എർവിന് എന്റെ നന്ദി.

അനുഗൃഹീതമായ ഈ പുസ്തകം മലയാളം അറിയാവുന്ന എല്ലാ ക്രിസ്തീയ സഹോദരീ സഹോദരന്മാരും അല്ല, മലയാളനാടിന്റെ മക്കളെല്ലാവരും വായിക്കേണമെന്ന് ഞാനാഗ്രഹിക്കുന്നു, അഭ്യർത്ഥിക്കുന്നു.

**ബിഷപ്പ് ഡോ. കെ. പി. യോഹന്നാൻ**

# ആമുഖം

എന്റെ ഇടയ ശുശ്രൂഷയുടെ ആരംഭത്തിലുടലെടുത്ത ഒരു പ്രതിസന്ധിയിൽ നിന്നുമാണ് ഈ ഗ്രന്ഥത്തിന്റെ ജനനം. ആ പ്രതിസന്ധിയുടെ പരിണതി എത്രമാത്രം ദൂരവ്യാപകമായിരിക്കുമെന്ന് ഞാനറിഞ്ഞിരുന്നില്ല. പാരമ്പര്യങ്ങൾക്കും സംസ്കാരത്തിനും പകരം ബൈബിൾ എന്തു പഠിപ്പിക്കുന്നു എന്നതനുസരിച്ച് എന്റെ ശുശ്രൂഷാ പ്രവർത്തനങ്ങൾ ചെയ്യുവാനുള്ള ആർജ്ജവത്വം എന്നിൽ നിന്നുമാവശ്യപ്പെടുന്ന ഒരു ഘട്ടത്തിൽ ഞാനെത്തി. എന്നാൽ യാഥാർത്ഥ്യവും ആദർശവും തമ്മിലുള്ള പാലം തകരാറിലാണെന്ന് ഞാൻ മനസ്സിലാക്കി – നിങ്ങൾ സ്വന്തം ഉത്തരവാദിത്തത്തിൽ വേണം അക്കരെ കടക്കാൻ; പഴയ സ്വഭാവങ്ങളുടെ അധികച്ചുമട് വഹിക്കാൻ നിങ്ങൾ ധൈര്യപ്പെടുകയില്ല.

ആ പാലം കടക്കുന്നത്, പരിചിതമായ പലതിനെയും ഉപേക്ഷിക്കുന്നതിന് കാരണമാകയും നിർവ്വികാരമായ സാങ്കൽപ്പികാവസ്ഥയുടെ ഗർത്തത്തോട് അപകടകരമാംവിധം അടുത്തു ചെല്ലുവാൻ ഇടയാക്കുകയും ചെയ്യും. ദൈവത്തോട് ഒരു പ്രത്യേക ചോദ്യം ചോദിച്ച് അവനിൽ നിന്ന് പൂർണ്ണമായ ഒരുത്തരം നേടണമെന്ന് ഞാൻ പലപ്പോഴും ആഗ്രഹിച്ചിട്ടുണ്ട്: "എന്തുകൊണ്ടാണ് നീ നിന്റെ സഭയെ ഭിന്നതയും സംഘട്ടനങ്ങളും ദുരുപദേശങ്ങളും കൊണ്ട് ശോകമൂകമായ ഒരു രൂപത്തിലാക്കാൻ അനുവദിക്കുന്നത്?" അതിന്റെ മറുപടി എനിക്കറിഞ്ഞുകൂടാ. എന്നാൽ എന്നെ രക്ഷിച്ചതും എന്റെ വീക്ഷണത്തിൽ സഭയെ വിടുവിച്ച് യേശു വിഭാവനം ചെയ്ത രീതിയിലേക്ക് എത്തിക്കാൻ കഴിയുന്നതുമായ ചില അടിസ്ഥാന തത്ത്വങ്ങളെയും ഉദ്ദേശ്യങ്ങളെയും കുറിച്ച് മനസ്സിലാക്കാൻ എനിക്കു കഴിഞ്ഞു.

**— ഗെയ്ൽ ഡി. എർവിൻ**

# അവന്റെ സ്വന്തം ശൈലി

## യേശു - വേണം

അറുപതുകളിൽ പ്രതിഷേധ പ്രകടനക്കാർ ഉയർത്തിപ്പിടിച്ച അനേക പ്ലാക്കാർഡുകളിൽ ഒന്നാണിത്, പക്ഷേ അതെന്നെ പിടിച്ചുനിർത്തി. പ്ലാക്കാർഡ് ഇങ്ങനെയാണ്, "യേശു വേണം, ക്രിസ്ത്യാനിത്വം വേണ്ട."

"ഇത്രയും വർഷങ്ങളായി യേശു എന്ന സത്യം സ്വാഭാവികമായും ആകർഷകമായി നിലനിൽക്കുകയും അവനെക്കുറിച്ചുള്ള നമ്മുടെ വ്യാഖ്യാനങ്ങൾ അനാകർഷകമെന്ന് തെളിയിക്കപ്പെടുകയും ചെയ്യുന്നതെന്തുകൊണ്ടാണ്?" ഞാൻ അത്ഭുതപ്പെട്ടു. അവനെക്കുറിച്ചുള്ള ഏതോ ഒരു അറിവ് നമുക്കില്ലാതെ പോയി എന്നല്ലേ അതിനർത്ഥം? പക്ഷേ, എന്താണത്? ഇനിയും നാം അന്വേഷിക്കുകയോ രൂപപ്പെടുത്തുകയോ ചെയ്തിട്ടില്ലാത്ത ഒരു പ്രത്യേകത അവനുണ്ടോ? അതറിയാനുള്ള ഒരു താക്കോൽ ഉണ്ടോ? എന്റെ ഗവേഷണ വിവരങ്ങൾ ഞാൻ നിങ്ങളുമായി പങ്കുവെയ്ക്കുകയാണ്.

എല്ലാക്കാലത്തെയും എല്ലാ ചരിത്രത്തിന്റെയും എല്ലാ പഠനത്തിന്റെയും ശ്രദ്ധാകേന്ദ്രം യേശുക്രിസ്തു എന്ന വ്യക്തിയാണ്. എങ്കിലും ഈ ഗ്രന്ഥം യേശുവിന്റെ സർവ്വജ്ഞാനം, സർവ്വശക്തി, സർവ്വവ്യാപിത്വം എന്നിവയെ സംബന്ധിച്ചോ ദൈവത്തിന്റെ മുൻനിർണ്ണയം, മുന്നറിവ് എന്നിവയെ സംബന്ധിച്ചോ ഉള്ളതല്ല. വ്യവസ്ഥിത ദൈവശാസ്ത്രം അവന്റെ സ്വഭാവത്തെ വ്യാഖ്യാനിക്കുന്നതനുസരിച്ച്, ഈ ഗുണങ്ങൾ യേശുവിനെ അപ്രാപ്യമായ തലത്തിലേക്കുയർത്തുകയാണു ചെയ്യുന്നത്. വെളിപ്പാട് ഒന്നാമദ്ധ്യായത്തിലെ വിവരണത്തിനപ്പുറമായി അവന്റെ ഭയങ്കരത്വത്തെപ്പറ്റി എന്താണു കൂടുതൽ പറയാൻ കഴിയുക?

ദൈവശാസ്ത്രപരമായ വ്യാഖ്യാനങ്ങൾക്ക് അനന്തസാദ്ധ്യതകൾ പ്രദാനം ചെയ്യുന്ന ഭയങ്കരവും അതിശയകരവുമായ വിവരണങ്ങൾക്കപ്പുറമായി അവന്റെ മനുഷ്യാവതാരത്തെക്കുറിച്ചു പറയുവാനാണ് ഞാനാഗ്രഹിക്കുന്നത്. അവന്റെ അതിഭയങ്കരശക്തി ഒരു ശരീരത്തിലൊതുക്കിയിട്ട് നിങ്ങളുടെ കരം അവന്റെ മേൽ വെച്ച് (നിങ്ങൾക്കത് ഉൾക്കൊള്ളാനുള്ള ശക്തിയുണ്ടെങ്കിൽ) നിങ്ങളനുഭവിക്കുന്ന സ്പർശനവും ചൂടും ദൈവത്തിന്റേതു തന്നെ എന്നു ബോദ്ധ്യപ്പെടുത്തുകയാണ് എന്റെ ലക്ഷ്യം.

ബേത്‌ലഹേമിലെ കാലിത്തൊഴുത്തിൽ നിന്നും ആദ്യകരച്ചിലുമായി യോസേഫിന്റെയും മറിയയുടെയും കരങ്ങളിലേക്ക് ചുക്കിച്ചുളിഞ്ഞ, രക്തപങ്കിലമായ ആ ശിശു പിറന്നു വീണപ്പോൾ പ്രപഞ്ചം അതിന്റെ വഴിത്തിരിവിലെത്തി. കേട്ടറിവു മാത്രമുണ്ടായിരുന്ന ദൈവവും സ്രഷ്ടാവുമായവൻ അന്നാദ്യമായി ദൃശ്യനും സ്പർശിക്കാവുന്നവനുമായി. അവൻ ജഡശരീരമെടുത്തു...സമീപിക്കാവുന്നവനും ലഭ്യനും ഭേദിക്കാവുന്നവനുമായി.

എങ്കിലും മനുഷ്യരാശി ഇഷ്ടപ്പെടുന്നത് അദൃശ്യനും അകന്നിരിക്കുന്നവനുമായ ദൈവത്തെയാണ്. ജഡത്തിൽ ജീവിക്കുന്ന ദൈവത്തെ അംഗീകരിക്കാൻ നമുക്കു ബുദ്ധിമുട്ടുണ്ട്. ഒരു വ്യക്തിയെന്ന നിലയിൽ അവൻ നമ്മെ തന്നിലേക്കു വിളിക്കുന്നത് കേൾക്കുന്നതിനേക്കാൾ, തത്ത്വസംഹിതകളും സിദ്ധാന്തങ്ങളും ആശയങ്ങളുമായി മൽപ്പിടുത്തം നടത്താനാണ് നമുക്കിഷ്ടം.

പക്ഷേ, ദൈവം അതല്ല ഇഷ്ടപ്പെടുന്നത്. കാലത്തെ വിഭജിച്ച യേശു സ്പർശിക്കാവുന്നവനും നമ്മെ ദൈവത്തോട് അടുപ്പിക്കുന്നവനും ആണ്. സുവിശേഷങ്ങൾ രേഖപ്പെടുത്തുന്നതും അവൻ ജനത്തെ തൊട്ടുകൊണ്ട് എല്ലായിടത്തും സഞ്ചരിച്ചു എന്നും അതുവരെ തൊട്ടുകൂടാത്തവരായിരുന്നവരെപ്പോലും തൊട്ടു എന്നുമാണ്. അവൻ തൊട്ട ആളുകൾ പോലും അവൻ ആരാണെന്നറിഞ്ഞിരുന്നില്ല എന്നതാണ് ഏറ്റവും വലിയ വിരോധാഭാസം. അവന്റെ ഏറ്റവുമടുത്ത അനുയായികൾക്കും അതു പലപ്പോഴും അവ്യക്തമായിരുന്നു.

## തല കീഴായ രാജ്യം

യേശുവിന്റെ ബന്ധുവായ യോഹന്നാൻ സ്നാപകൻ, ആ അവ്യക്തതയ്ക്ക് ഒരുദാഹരണമാണ്. അവന്റെ ശുശ്രൂഷയുടെ ആരംഭത്തിൽ യേശുവിനെക്കുറിച്ച് അവൻ പറഞ്ഞത്, "ഇതാ വരുവാനുള്ളവൻ" എന്നാണ്. നാളുകൾക്കു ശേഷം തന്റെ സംശയം അവൻ അടക്കിവെച്ചില്ല. "വരുവാനുള്ളവൻ നീയോ?" അവൻ ചോദിച്ചു.

ഇപ്പോഴെന്താണു സംഭവിച്ചത്? യേശു യഥാർത്ഥത്തിൽ ആരാണെന്നതിനെക്കുറിച്ച് അവനു ചിന്താക്കുഴപ്പം ഉണ്ടാകാൻ കാരണമെന്താണ്?





അവന്റെ ചിന്താക്കുഴപ്പത്തിന്റെ ഉറവിടത്തെക്കുറിച്ചൊരു സൂചന യോഹന്നാൻ നൽകുന്നുണ്ട്. ആദ്യത്തെ പ്രസ്താവന അവൻ നടത്തുന്ന സമയത്ത്, ആത്മാവ് അവന്റെ മേൽ ഇറങ്ങി വസിക്കുന്നത് കണ്ടില്ലായിരുന്നെങ്കിൽ താനവനെ അറിയുമായിരുന്നില്ല എന്നവൻ വെളിപ്പെടുത്തുന്നുണ്ട്. മറ്റൊരു വാക്കിൽ പറഞ്ഞാൽ, മശീഹായുടെ പ്രകൃതി സ്വാഭാവികമായി യേശുവിൽ ഇല്ലായിരുന്നു എന്നു മാത്രമല്ല, (യേശുവിന്റെ ചിത്രങ്ങൾ കാണുമ്പോൾ ഇതു വിശ്വസിക്കാൻ പ്രയാസമാണ്) അവന്റെ പ്രവർത്തനങ്ങൾ മശീഹായെക്കുറിച്ചുള്ള പരമ്പരാഗത പ്രതീക്ഷയ്ക്ക് അനുസരിച്ചുള്ളതുമായിരുന്നില്ല.

യോഹന്നാൻ യേശുവിനു വഴിയൊരുക്കുന്നതിനെപ്പറ്റി പ്രസംഗിച്ചിരുന്നുവെങ്കിലും അവനും നീ എപ്പോഴാണ് റോമിനെ കീഴടക്കി രാജ്യം സ്ഥാപിക്കുന്നതെന്ന് നിരന്തരം യേശുവിനോട് ചോദിച്ചുകൊണ്ടിരുന്ന ശിഷ്യന്മാരെപ്പോലെ മശീഹായെക്കുറിച്ചുള്ള പാരമ്പര്യ വിശ്വാസം താലോലിച്ചുകൊണ്ടിരുന്നു. അവരുടെ പ്രതീക്ഷകൾ എന്തായിരുന്നാലും അവരുടെയോ നമ്മുടെയോ മശീഹാ സംബന്ധമായ അറിവിനനുസരിച്ചു നീങ്ങുവാൻ യേശു തയ്യാറല്ലായിരുന്നു. സത്യവുമായി നാം എങ്ങനെ നമ്മുടെ അറിവിനെ പൊരുത്തപ്പെടുത്തും എന്നതാണ് ചോദ്യം.

ദൈവരാജ്യത്തെപ്പറ്റി ശിഷ്യന്മാരെ പഠിപ്പിക്കാൻ യേശു ശ്രമിച്ച കാര്യങ്ങൾ അവർക്ക് തുടർമാനമായി ബുദ്ധിമുട്ടുളവാക്കിയിരുന്നു. അവർ പദവിക്കുവേണ്ടി മത്സരിക്കുകയും പ്രീതിക്കുവേണ്ടി അദ്ധ്വാനിക്കുകയും ആരാണ് വലിയവൻ എന്നതിനെച്ചൊല്ലി വാദിക്കയും ചെയ്തുകൊണ്ടിരുന്നു. വാസ്തവത്തിൽ അവരുടെ മാനുഷിക സ്വഭാവത്തെ ഞാൻ വിലമതിക്കുന്നു. സ്വാഭാവികമായും അത്തരം സമീപനങ്ങൾക്ക് എറ്റവുമധികം അടിമയാണ് ഞാൻ. കമ്മിറ്റി മീറ്റിംഗുകൾക്കു പോകുമ്പോൾ, മറ്റുള്ളവരെക്കൊണ്ടു ഞാൻ ചെയ്യിക്കാനാഗ്രഹിക്കുന്ന കാര്യങ്ങൾ അവർക്ക് ചെയ്യാനിഷ്ടമുള്ള കാര്യങ്ങളാക്കി അവരെക്കൊണ്ടു ചെയ്യിച്ചിട്ട് അതിന്റെ അംഗീകാരം എനിക്കെങ്ങനെ നേടിയെടുക്കാം എന്നാണു ഞാൻ ചിന്തിക്കാറ്. അല്ലെങ്കിൽ സഭാ കൺവൻഷനുകളിൽ വേദിക്കു പിന്നിൽ മറ്റുള്ളവരുമായി രാഷ്ട്രീയ കുശലങ്ങൾ ചർച്ച ചെയ്യുകയും അപ്പോൾതന്നെ എനിക്കതിൽ വലിയ താൽപ്പര്യമില്ല എന്നു വരുത്തിത്തീർക്കുകയും ചെയ്യും.

ശിഷ്യന്മാരുടെ വാഗ്വാദങ്ങൾക്ക് അന്തിമവും വ്യക്തവുമായ മറുപടിയാണ് യേശു നൽകിയത്:

> "ജാതികളിൽ അധിപതികളായവർ അവരിൽ കർത്തൃത്വം ചെയ്യുന്നു; അവരിൽ മഹത്തുക്കളായവർ അവരുടെമേൽ അധികാരം നടത്തുന്നു എന്നു നിങ്ങൾ അറിയുന്നു. നിങ്ങളുടെ ഇടയിൽ അങ്ങനെ അരുതു; നിങ്ങളിൽ മഹാൻ ആകുവാൻ ഇച്ഛിക്കുന്ന

വൻ എല്ലാം നിങ്ങളുടെ ശുശ്രൂഷക്കാരൻ ആകേണം; നിങ്ങളിൽ ഒന്നാമൻ ആകുവാൻ ഇച്ഛിക്കുന്നവൻ എല്ലാവർക്കും ദാസനാകേണം. മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല, ശുശ്രൂഷിപ്പാനും അനേകർക്കുവേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുപ്പാനും അത്രെ വന്നത്" (മർക്കൊസ് 10:42-45).

ഈ മനുഷ്യൻ പറഞ്ഞത് താൻ ശുശ്രൂഷ ഏൽപ്പാനല്ല, ശുശ്രൂഷിപ്പാനാണ് വന്നതെന്നാണ്. ഒരു എഴുത്തുകാരൻ പറഞ്ഞതുപോലെ അവൻ ഭരിക്കുന്നത്, "തലകീഴായ രാജ്യ"ത്തെയാണ്. അവനെ പഠിക്കുന്തോറും ശിഷ്യന്മാരെപ്പോലെ തന്നെ നാമും അനേക അത്ഭുതകരമായ കാര്യങ്ങൾ കണ്ടെത്തും. വരുവാനുള്ളവൻ നീയോ? എന്നു യോഹന്നാൻ സ്നാപകൻ ചോദിച്ചപ്പോൾ, തന്റെ പ്രവർത്തനത്തിലൂടെ രോഗികൾ സൗഖ്യമാകുന്നതും ബദ്ധന്മാർ വിടുവിക്കപ്പെടുന്നതുമായ സംഭവങ്ങൾ – മശീഹായെക്കുറിച്ചുള്ള പൊതുധാരണയിൽ അപ്രധാനമായ പ്രവൃത്തികൾ – ആണ് യേശു വിവരിച്ചത്. യോഹന്നാൻ അപ്പോഴും വിടുതലില്ലാതെ കാരാഗൃഹത്തിലാണ്. റോമാക്കാർ രാജ്യത്തെ നിയന്ത്രിക്കുന്നു. രാജാവായ യേശു എവിടെ? ഒന്നുകിൽ എവിടെയോ പിശകു പറ്റിയിട്ടുണ്ട്. അല്ലെങ്കിൽ തെറ്റിദ്ധാരണ സംഭവിച്ചു. തന്നെക്കുറിച്ചുള്ള യാഥാർത്ഥ്യവും നമ്മുടെ അറിവും തമ്മിലുള്ള കുഴമറിച്ചിൽ മനസ്സിലാക്കിയ യേശു പറഞ്ഞു: "എങ്കൽ ഇടറിപ്പോകാത്തവൻ ഭാഗ്യവാൻ" (ലൂക്കൊസ് 7:23).

ഈ യേശുവിനെക്കുറിച്ചാണ്, തന്നെത്താൻ ദാസനെന്നു വിളിച്ച യേശുവിനെക്കുറിച്ചാണ്, ഞാൻ പറയാനാഗ്രഹിക്കുന്നത്. യേശുവിൽ വെളിപ്പെട്ടതും അവന്റെ വ്യക്തിത്വത്തിന്റെ അടിസ്ഥാനവുമായ ദാസത്വ ഗുണങ്ങളെപ്പറ്റി ബാഹ്യവും ഹൃസ്വവുമായ രീതിയിലുള്ള വിവരണം മാത്രമേ സുവിശേഷങ്ങളിൽ ഉള്ളതായി എന്റെ പഠനത്തിൽ എനിക്കു കണ്ടെത്താൻ കഴിഞ്ഞുള്ളൂ. അതിന്റെ കാരണങ്ങൾ എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. ഒരു കാര്യം എനിക്കറിയാം; അവ പ്രായോഗികമാക്കുകയും ഒരു ചെറിയ അളവിലെങ്കിലും ജീവിതത്തിൽ സന്നിവേശിപ്പിക്കുകയും ചെയ്താൽ, എനിക്കു വിവരിക്കാൻ കഴിയാത്തത്ര ശക്തി അതു പ്രദാനം ചെയ്യും; നിങ്ങളെ അതിലേക്കു ക്ഷണിക്കാൻ മാത്രമേ എനിക്കു കഴിയൂ.

തുടർന്നുള്ള അദ്ധ്യായങ്ങളിൽ ആ സ്വഭാവവിശേഷങ്ങൾ നമുക്കു ശ്രദ്ധിക്കാം.



# യേശുവിന്റെ സമീപനം

ഒരു സാങ്കൽപ്പിക ചോദ്യം നമുക്കു ശ്രദ്ധിക്കാം. നിങ്ങൾ ദൈവമായിരിക്കയും ഒരു ഗ്രഹത്തിലുള്ളവർക്ക് നിങ്ങളെ പൂർണ്ണമായി വെളിപ്പെടുത്താനാഗ്രഹിക്കയും ചെയ്താൽ എങ്ങനെയിരിക്കും? നിങ്ങളും ആ ഗ്രഹത്തിലുള്ള ആളുകളും തമ്മിലുള്ള പ്രകടമായ വൈജാത്യം മനസ്സിലാക്കുമ്പോൾ, നിങ്ങളുടെ ആദ്യപ്രവൃത്തി എന്തായിരിക്കും?

ദൈവം തന്നെത്താൻ വെളിപ്പെടുത്തുവാൻ തിരഞ്ഞെടുത്ത മാർഗ്ഗത്തിന്റെ വിരോധാഭാസത്തിനും അനൗചിത്യത്തിനും അറുതിയുണ്ടായിരിക്കയില്ല. യേശു നമ്മുടെ ലോകത്തിലേക്കു കടന്നുവന്നപ്പോൾ സംഭവിച്ച വൈരുദ്ധ്യങ്ങളായ ചില സംഭവങ്ങൾ നോക്കാം.

### പുൽത്തൊഴുത്തിലെ ജനനം

ഒരു രാജാവിനു ജനിക്കാൻ തീരെ അനുചിതമായ സ്ഥലം! ഒൻപതു മാസം ഗർഭിണിയായ ഒരു സ്ത്രീക്കുവേണ്ടി, ദുർഘടമായ യാത്രയ്ക്കൊടുവിൽ, കരുതലുള്ള ഭർത്താവിന് കണ്ടെത്താൻ കഴിഞ്ഞ ഒരേയൊരിടം. ക്രിസ്തുമസ് അവസരങ്ങളിൽ അലങ്കരിച്ചു നിർത്തുന്ന പ്രകൃതിസുന്ദരമായ ജനനദൃശ്യങ്ങൾ യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നതല്ല. ജനിച്ചു വീണയുടനെയുള്ള ഒരു ശിശുവിനെ കന്നുകാലിത്തൊഴുത്തിലെ വിസർജ്ജ്യങ്ങളൊന്നും പറ്റാതെ സൂക്ഷിച്ച്, ഒടുവിൽ മൃഗങ്ങളുടെ ഉമിനീരിനാൽ നനഞ്ഞ അനാരോഗ്യകരമായ പുൽത്തൊട്ടിയിൽ കിടത്തുന്നത് നമുക്ക് ചിന്തിക്കാൻ പോലും കഴികയില്ല.

ഈ സാഹചര്യത്തിൽ കിടന്ന് പ്രസവവേദനയനുഭവിക്കുന്ന ഭാര്യയെ കണ്ടുകൊണ്ടു നിൽക്കുന്ന യോസേഫിന്റെ ദയനീയത നമുക്ക് മനസ്സിലാകുകയില്ല. ദൈവപുത്രന് കുറെക്കൂടെ നല്ല സാഹചര്യത്തിന് അർഹതയുണ്ടായിരുന്നു.

എന്റെ നാലു മക്കളും വളരെ ആരോഗ്യപരമായ സാഹചര്യത്തിലാണ്

പിറന്നത്. അണുബാധ ഭയന്ന് എന്നെപ്പോലും അവർ മുറിയിൽ പ്രവേശിപ്പിച്ചില്ല. ഞാൻ വരുന്നതുകണ്ട് അമ്മയുടെ മുറിയിൽ നിന്നും കുട്ടിയെ നേഴ്സ് പെട്ടെന്ന് മാറ്റിയത് എന്നെ ഒട്ടൊന്നുമല്ല അസ്വസ്ഥനാക്കിയത്.

ദൈവം എന്നോടാലോചിച്ചിരുന്നെങ്കിൽ, അവന്റെ കൈയൊന്ന് ഞൊടിച്ച്, ആധുനിക സൗകര്യങ്ങളുള്ള ഒരു ബഹുനില ആശുപത്രി നിർമ്മിക്കാനും ചുറ്റുപാടും സൂര്യപ്രഭ പ്രതിഫലിപ്പിക്കാൻ ഒരു വലിയ വജ്രം അതിനു മുകളിൽ സ്ഥാപിക്കാനും ഞാൻ ഉപദേശിക്കുമായിരുന്നു. അവന്റെ പുത്രൻ ആയിരിക്കും ആ ആശുപത്രിയിൽ ജനിക്കുന്ന ഏറ്റവും പ്രധാന വ്യക്തി. ലോകം മുഴുവൻ ദൈവപുത്രന്റെ ജനനസ്ഥലം സന്ദർശിച്ച് അത്ഭുതപരതന്ത്രരായി നിൽക്കുമായിരുന്നു.

എന്നാൽ, അവൻ എന്നോടാലോചിച്ചില്ലെന്നു മാത്രമല്ല, പുത്രനെ പുൽക്കൂട്ടിൽ ജനിക്കാനനുവദിക്കയും ചെയ്തു. ആരെയും ത്രസിപ്പിക്കുന്ന ജനനമായിരുന്നില്ല അത്; ആർക്കും ഭീഷണിയുമായിരുന്നില്ല. പലർക്കും തങ്ങളുടെ മെച്ചപ്പെട്ട സാഹചര്യങ്ങളെക്കുറിച്ച് പൊങ്ങച്ചം പറയാൻ വകയുണ്ട്. അവന്റെ പട്ടണത്തെക്കുറിച്ചെങ്കിലും നമുക്കു സന്തോഷിക്കാം. അല്ലെങ്കിൽ നമുക്കതിനു കഴിയുമോ?

*ജനനസ്ഥലം തിരഞ്ഞെടുത്തതിനെക്കുറിച്ചോ?* ഒരു പ്രസിദ്ധ പട്ടണമായിരുന്നെങ്കിൽ ആളുകൾ അവനെ ഓർമ്മിക്കാൻ കൂടുതൽ സാദ്ധ്യതയുണ്ടായിരുന്നു എന്നു മാത്രമല്ല, അവന്റെ പ്രതിച്ഛായയും വർദ്ധിക്കുമായിരുന്നു. എന്നാൽ ബേത്ലഹേമോ? ആവശ്യമായ ഹോട്ടലുകളോ സത്രങ്ങളോ കൺവൻഷൻ സെന്ററുകളോ ഇല്ലാത്ത ഈ പട്ടണം രാജാവിന്റെ ബഹുമാനാർത്ഥം ആളുകൾക്കു സന്ദർശിക്കാൻ പറ്റിയ ഇടമല്ല. ദൈവപുത്രന് ജനിക്കാൻ പറ്റിയ ഇടമല്ല ബേത്ലഹേം. എന്നാൽ അവൻ അവിടെ പിറന്നു. അവന്റെ ജനനസ്ഥലം ആർക്കും ഭീഷണിയാവേണ്ട കാര്യമില്ല. എന്നാൽ രാജത്വം രാജത്വം തന്നെയായതിനാൽ അവന്റെ വംശത്തിന്റെ പരിഷ്കൃതി സകലർക്കും ദൃശ്യമായേ മതിയാകൂ.

*അവന്റെ വംശത്തെക്കുറിച്ചോ?* നാമിപ്പോൾ കന്യകാജനനത്തിൽ വിശ്വസിക്കുന്നു. ഈ ഉപദേശം പിൽക്കാലത്ത് രൂപപ്പെടുത്തിയതും ഭൂരിപക്ഷം ക്രിസ്ത്യാനികളും വിശ്വസിക്കുന്നതുമാണ്. എന്നാൽ യേശുവിന്റെ ജനനസമയത്ത് അവർക്ക് കന്യകാജനനത്തെക്കുറിച്ച് അറിവില്ലായിരുന്നു. അവിഹിത സന്തതി എന്ന കുശുകുശുപ്പുകളുടെയും വിവാഹേതര ബന്ധത്തിനു വെളിയിൽ പിറന്നവൻ എന്ന ധാരണയുടെയും നടുവിലാണവൻ വളർന്നത്.

ഒരു പ്രസിദ്ധ യുവജനപ്രസ്ഥാനത്തിലെ ഉന്നതസ്ഥാനീയയായ ഒരു യുവതി ഗർഭിണിയാണെന്ന് പെട്ടെന്നു കേട്ടാൽ എന്തായിരിക്കും സംഭവിക്കുക? അത്തരമൊരു അബദ്ധത്തിൽ ചെന്നു ചാടുന്ന തരത്തിലുള്ള ജീവി





തമായിരുന്നില്ല അവളുടേത്. അതുകൊണ്ട് എല്ലാവരിലും ആ വാർത്ത ഞെട്ടലുളവാക്കി. വളരെ മടിയോടെയും അസ്വസ്ഥതയോടെയുമാണെങ്കിലും പ്രസ്ഥാനത്തിന്റെ നേതാവ് ധൈര്യം സംഭരിച്ച് ആരാണതിന് ഉത്തരവാദിയെന്ന് അവളോടു ചോദിച്ചു. "പരിശുദ്ധാത്മാവ്" എന്നായിരുന്നു മറുപടിയെങ്കിൽ സഭ അവളെ പരിഹസിച്ചു ചിരിക്കും.

അവൻ എന്തുകൊണ്ട് യോസേഫിനോട് ആഭിമുഖ്യം കാട്ടുന്നില്ലെന്ന് യേശുവിന്റെ സ്നേഹിതർ അവനോട് ചോദിച്ചിട്ടില്ലെന്ന് നിങ്ങൾ കരുതുന്നുണ്ടോ? പരിശുദ്ധാത്മാവാണ് തന്റെ പിതാവ് എന്ന അവന്റെ അവകാശവാദം കേട്ട് അവന്റെ ബാല്യകാല സുഹൃത്തുക്കൾ അവനു ചുറ്റും നിന്ന് പരിഹസിച്ചിട്ടില്ല എന്നു നിങ്ങൾ കരുതുന്നുണ്ടോ? പരീശന്മാർ ഒരിക്കലും അതു വിഷയമാക്കിയിട്ടില്ല എന്നു നിങ്ങൾ ചിന്തിക്കുന്നുണ്ടോ?

ന്യായപ്രമാണ കാലഘട്ടത്തിൽ ഒരു ജാരസന്തതി അവന്റെ പത്താം തലമുറവരെ ദൈവസഭയിൽ പ്രവേശിച്ചുകൂടായിരുന്നു. അവർക്ക് പിതാവിന്റെ കരുതലോ നിയമാനുസരണം മക്കൾക്കുള്ള അവകാശങ്ങളോ ശിക്ഷണമോ അവകാശപ്പെടാൻ കഴികയില്ലായിരുന്നു. യേശു അങ്ങനെയല്ല എന്നു നമുക്കറിയാമെങ്കിലും ലോകം അവനെ കണ്ടത് അങ്ങനെയായിരുന്നു. ദൈവമായി അംഗീകരിക്കപ്പെടാൻ നിങ്ങളാഗ്രഹിക്കുമ്പോൾ അത്തരമൊരു സംഗതിയോ ചരിത്രമോ ഒരിക്കലും ഉചിതമല്ല. നിങ്ങളുടെ എതിരാളികൾ നിങ്ങളുടെമേൽ ചെളി വാരിയെറിയും. എവിടെത്തിരിഞ്ഞാലും കുശുകുശുപ്പുകൾ മാത്രമായിരിക്കും. എന്നാൽ ലോകത്തിന്റെ ദുരിതങ്ങൾ ആവോളം അനുഭവിച്ച ഒരു മഹാപുരുഷാരം, ജനനം കൊണ്ട് തങ്ങളെ അസ്വസ്ഥനാക്കാത്ത ഒരുവൻ തങ്ങളെ രക്ഷിക്കാനുണ്ട് എന്നറിഞ്ഞു. തകർന്ന ലോകത്തിൽ അവൻ തകർക്കപ്പെടാവുന്ന അവസ്ഥയിൽ കന്യകയിൽ നിന്നും ജാതനായി. അതും പോരാഞ്ഞിട്ട് അവന്റെ വംശാവലിയിലും ചില കുഴപ്പങ്ങൾ ചൂണ്ടിക്കാണിക്കാനുണ്ട്.

## അറയിൽ അസ്ഥികൂടങ്ങൾ

വംശാവലികൾ എന്നെ ഒരിക്കലും ഉത്തേജിപ്പിച്ചിട്ടില്ല. എന്റെ അറിവനുസരിച്ച്, വംശാവലി എത്തിയിടം വെച്ച് പലരും ബൈബിൾ വായന അവസാനിപ്പിച്ചു. എന്നാൽ ക്രിസ്തുവിന്റെ വംശാവലി, കേവലം പേരുകളുടെ ഒരു പട്ടിക എന്നതിനേക്കാളും അപ്പുറത്തുള്ള ഒന്നാണ്. നമ്മുടെ വംശാവലി പഠിച്ചാൽ ഒന്നോ രണ്ടോ കുതിര മോഷ്ടാക്കളെ കാണാൻ കഴിഞ്ഞേക്കും. "ദൈവം നമ്മോടുകൂടെ" ആയ യേശുവിന്റെ വംശാവലിയിലും അങ്ങനെയുള്ള ചിലരുണ്ട്.

യെഹൂദ പിന്തുടർച്ചയുടെ പരിശുദ്ധി മോവാബ്യ സ്ത്രീയായ രൂത്തും കനാന്യ സ്ത്രീയായ രാഹാബും നിമിത്തം കളങ്കപ്പെടുന്നുണ്ട്. അതിലും

വലിയ അപമാനം, രാഹാബ് വേശ്യയായിരുന്നു എന്നതാണ്. യാക്കോബ് പേരു സൂചിപ്പിക്കുന്നതുപോലെ പേരുകേട്ട ചതിയനായിരുന്നു, യെഹൂദാ സ്ത്രീലമ്പടനായിരുന്നു. ദാവീദ് – കർത്താവ് അവന്റെ സിംഹാസനത്തിൽ ഇരിക്കയും അവന്റെ പേര് ഉപയോഗിക്കയും ചെയ്യുന്നു – കൊലപാതകനും വ്യഭിചാരിയും രക്തപങ്കിലമായ കൈകൾ നിമിത്തം ദൈവാലയ നിർമ്മാണത്തിൽ നിന്നും വിലക്കപ്പെട്ടവനുമാണ്. ഊരീയാവിനെ കൊന്ന് അവൻ സ്വന്തമാക്കിയ ബത്ത്ശേബയിൽ അവനു ജനിച്ച ശലോമോൻ മഹാജ്ഞാനിയായിരുന്നിട്ടും നൂറുകണക്കിനു ഭാര്യമാരെയും വെപ്പാട്ടികളെയും സ്വന്തമാക്കുകയും ദൈവത്തിൽ നിന്നും ഹൃദയം അകറ്റിക്കളയുകയും ചെയ്തു.

നമ്മുടെ രാജകീയമോ സുപ്രസിദ്ധമോ ആയ പൈതൃകത്തെക്കുറിച്ച് നമുക്കഭിമാനിക്കാം. എന്നാൽ ഈ അത്ഭുതവാനായ യേശു, തന്റെ കിടയറ്റ പൈതൃകം കൊണ്ട് നമ്മെ അസ്വസ്ഥരാക്കാതിരിക്കാൻവേണ്ടി അതു വേണ്ടെന്നുവെച്ചു. ഒരു ഉന്നതകുലത്തിലെ അവസാന കണ്ണിയെന്ന് അവിശ്വാസികൾ പറയാനും അവൻ അവസരമൊരുക്കിയില്ല.

അസാധാരണമായ ഒരു പേരു കൂടാതെ തന്നെ തന്റെ മശീഹാ പദവി നിലനിർത്താൻ യേശുവിനു കഴിഞ്ഞു. യേശു എന്ന പേര് ഒരു സാധാരണ പേരോ ഒരു ബലഹീനമായ പേരോ അല്ല എന്നു പറഞ്ഞ് നിങ്ങൾ എന്നെ എതിർത്തേക്കും. എന്നാൽ അതു തീർച്ചപ്പെടുത്തും മുമ്പ് ആ പേരിന്റെ പശ്ചാത്തലം നമുക്കൊന്നു പരിശോധിക്കാം.

ഒന്നാമത്, അവന്റെ പേര് യഥാർത്ഥത്തിൽ യേശു എന്നല്ല യോശുവ എന്നാണ്. അതൊരു നല്ല പേരാണ്; "യഹോവ ആകുന്ന രക്ഷ" എന്നാണതിന്റെ അർത്ഥം. എന്നാൽ അതൊരു സാധാരണ പേരാണ്; ഒരു രാജാവിന് അനുയോജ്യമായ പേരല്ല അത്.

യോശുവ എന്ന പേര് ഗ്രീക്കിൽ യേശു എന്നാണ്. അതു നാം ചോദ്യം ചെയ്യാതെ അംഗീകരിക്കുന്നു. ജെയിംസ് എന്ന പേര് സ്പാനീഷിലേക്ക് തർജ്ജമ ചെയ്യുമ്പോൾ ഇയാഗോ എന്നോ ജയ്മി എന്നോ മാറുന്നത് മനസ്സിലാക്കാൻ എളുപ്പമാണ്.

യോശുവ എന്ന സാധാരണ നാമം മറ്റുള്ളവയിൽ നിന്നും വേറിട്ടു നിൽക്കുന്നില്ല എന്നത് അവന്റെ സ്വഭാവത്തെ വെളിപ്പെടുത്തുന്നു. കാരണം, അവൻ "ദൈവം നമ്മോടുകൂടെ" എന്നർത്ഥമുള്ള ഇമ്മാനുവേൽ എന്നും വിളിക്കപ്പെട്ടിരിക്കുന്നു. അവൻ ജനത്തിൽ നിന്നും വേറിട്ടു നിൽക്കാനല്ല അവരോട് താദാത്മ്യപ്പെടാനാണ് ആഗ്രഹിച്ചത്.

ഒരു രാജാവിന് ഏറ്റവും അനുയോജ്യമായ പേരു നിർദ്ദേശിക്കാനാവശ്യപ്പെട്ടാൽ നാമെന്തു നിർദ്ദേശിക്കും? കേൾക്കാൻ ഇമ്പമുള്ള, ആകർഷകമായ, അതുല്യമായ, ഹോളിവുഡ് സ്റ്റേജുകളിൽ പ്രശോഭിക്കുന്ന പേരല്ലേ





നാം നിർദ്ദേശിക്കുക? എന്നാൽ യോശുവയോ? ഇപ്പോൾ തന്നെ അവന്റെ ഗണത്തിൽ മൂന്നു പേരുണ്ട്. തുടക്കത്തിൽ തന്നെ പിശകിയ ഒരു ജനനം പ്രഖ്യാപിക്കേണ്ട കാര്യം തന്നെയുണ്ടോ? സംഭവിച്ചതനുസരിച്ച്, ആ പ്രഖ്യാപനം ദുർബലമായ ഒന്നായിരുന്നു.

വീണ്ടും നിങ്ങൾ എതിർക്കും. "ഒന്നു നിൽക്കൂ. ഞാൻ ജനിച്ചപ്പോൾ ദൂതന്മാർ ഗാനമാലപിച്ചില്ല. അങ്ങനെയെങ്കിൽ അതൊരു ദുർബ്ബലമായ പ്രഖ്യാപനമാണെന്നെങ്ങനെ പറയും?" നമുക്കു നോക്കാം.

## അവൻ വന്ന വഴി

ഒന്ന്, ദൈവം എന്നോടാലോചിച്ചിരുന്നെങ്കിൽ, പ്രഖ്യാപനം കുറേക്കൂടി ആർഭാടപൂർണ്ണമാക്കാനുള്ള വഴി ഞാൻ നിർദ്ദേശിക്കുമായിരുന്നു. ഒരു വില കൂടിയ മൈക്രോഫോൺ പിടിച്ചു കൊണ്ട് അവൻ ചന്ദ്രനിൽ നിൽക്കണം. ഇരുനൂറുകോടി വാട്ട്സിന്റെ സ്പീക്കറുകൾ ആകാശത്തിൽ സ്ഥാപിച്ചിട്ട്, "ഹലോ ലോകമേ, ഇത് ഞാനാണ്... ദൈവം" എന്നു പ്രഖ്യാപിക്കണം.

അഥവാ ഒരു സംഗീത സംഘവുമായി പോകാനാണവന് ആഗ്രഹമെങ്കിൽ അവൻ ആദ്യം സൻഹദ്രീം സംഘത്തിൽ പോകുകയോ അല്ലെങ്കിൽ ചന്തസ്ഥലത്തു ചെന്ന് കുറഞ്ഞ സമയംകൊണ്ട് കൂടുതൽ പേരോട് വാർത്തയറിയിക്കുകയോ ചെയ്യണമെന്ന് ഞാനുപദേശിക്കുമായിരുന്നു.

പക്ഷേ അവൻ തിരഞ്ഞെടുത്തത് നിർജ്ജനമായ സ്ഥലമായിരുന്നു. ജനനം പ്രഘോഷിക്കാൻ തിരഞ്ഞെടുക്കപ്പെട്ട സ്വർഗ്ഗീയദൂത ഗാനസംഘത്തിലെ അംഗമായിരുന്നു നിങ്ങളെങ്കിൽ എന്തു ചെയ്യുമായിരുന്നു? 200 വർഷങ്ങളായി നിങ്ങൾ ഇത് പരിശീലിക്കുകയും അരങ്ങേറ്റത്തിനായി പ്രതീക്ഷയോടെ കാത്തിരിക്കയും ചെയ്യുമായിരുന്നു. യുഗങ്ങളുടെ സംഗീത വിരുന്നിന് സകലവും ഒരുക്കപ്പെടുകയും കൃത്യ സമയം വന്നെത്തുകയും ചെയ്യുന്നു. ആ വിലയേറിയ നിമിഷങ്ങൾക്കായി 100 വർഷങ്ങൾ കൊണ്ട് ആകാശത്ത് ഒരു സ്റ്റേജു പണിതുയർത്തി.

തുടർന്ന് ഗബ്രിയേൽ പറയുന്നു, "അവൻ ജനിച്ചു, നമുക്കു തുടങ്ങാം കൂട്ടരേ." കർട്ടനുകൾ ഉയരുമ്പോൾ സദസ്സിനെ നിങ്ങൾ കാണുന്നു – ആറ് ആട്ടിടയന്മാർ! എന്തൊരു ഇച്ഛാഭംഗം! "ശരി, ആരാണ് പരസ്യങ്ങൾ ചെയ്തത്?" ഒരാൾ ചോദിക്കുന്നു.

ഇടയന്മാരുടെയിടയിൽ ആശയവിനിമയത്തിനു വലിയ സ്ഥാനമില്ല. അവരുടെ സദസ്സിന് മറ്റ് ആടുകളോടു മാത്രമേ സംസാരിക്കാൻ കഴിയൂ. ഇത്തരത്തിലുള്ള പ്രധാനപ്പെട്ട വാർത്ത കൊണ്ടുപോകുവാൻ പറ്റിയ സന്ദേശവാഹകരല്ല ഇടയന്മാർ. ദാവീദിന്റെ കാലഘട്ടത്തിൽ അവർക്കുണ്ടായിരുന്ന മാന്യത യേശുവിന്റെ കാലത്ത് നഷ്ടപ്പെട്ടിരുന്നു. അവരുടെ മാന്യത ചോദ്യം ചെയ്യപ്പെട്ടിരുന്നു. പട്ടണങ്ങളിൽ അവർ സ്വാഗതം ചെയ്യപ്പെട്ടിരു

ന്നില്ല. അവരെക്കുറിച്ച് അധികമാരും സംസാരിച്ചിരുന്നുമില്ല.

ബേത്ലഹേമിലെ ഒരു വീട്ടിൽ നടന്ന സംഭാഷണം ശ്രദ്ധിക്കൂ. ഇടയന്മാർ യേശുവിനെ കണ്ടതിനുശേഷം പട്ടണം വിട്ട് ഓരോ വീട്ടിലും മുട്ടി വാർത്തയറിയിക്കാൻ തുടങ്ങി. "യോശുവ ജനിച്ചിരിക്കുന്നു! യോശുവ ജനിച്ചിരിക്കുന്നു!"

"അമ്പടാ, ഒരു യോശുവ കൂടി ഇവിടെ ജനിച്ചുവെന്നോ? അതു നന്നായി."

"ആരാണിതു പറഞ്ഞത്?"

"നമ്മുടെ സ്നേഹിതൻ, ആ കള്ളൻ."

"എന്താ പറഞ്ഞത്?"

ഈ പ്രാകൃതമായ ജനന വിളംബരം നാം വായിക്കുമ്പോൾ ദാസനായ യേശുവിന്റെ ജനനത്തിൽ ആരു സന്തോഷിക്കുമെന്ന് നാം അതിശയിച്ചു പോകും. എന്തായാലും അവനെ മുഖാമുഖം കാണുംവരെ കാത്തിരിക്കുക, അപ്പോൾ നാം ശരിക്കും അത്ഭുതപരതന്ത്രരാകും.

## അവന്റെ രൂപം

യേശു മനോഹരരൂപി ആയിരുന്നില്ല. ഒരുപക്ഷേ, ഇതംഗീകരിക്കാൻ നിങ്ങൾക്കു ബുദ്ധിമുട്ടുണ്ടാകും. നിങ്ങൾ പറഞ്ഞേക്കും: "ഇതു കുറച്ചധികമാണ്. എന്റെ ഭിത്തിയിൽ അവന്റെ ചിത്രമുണ്ട്, അതു മോശമല്ല. ഒരു സുന്ദരപുരുഷന്റെ ആകർഷക രൂപമാണവനുള്ളത്." ക്ഷമിക്കണം അവന്റെ രൂപമെന്തെന്ന് യെശയ്യാവ് വിവരിക്കുന്നുണ്ട്: "അവനു രൂപഗുണം ഇല്ല, കോമളത്വം ഇല്ല; കണ്ടാൽ ആഗ്രഹിക്കത്തക്ക സൗന്ദര്യവുമില്ല" (യെശയ്യാവ് 53:2).

യേശു സാധാരണ മനുഷ്യനായിരുന്നതിനാൽ അവൻ ജനക്കൂട്ടത്തിൽ പലപ്പോഴും മുങ്ങിപ്പോയിരുന്നു. മൂന്നു വർഷം അവൻ സമൂഹത്തിൽ ഇടപഴകിയിട്ടും യൂദായ്ക്ക് ചുംബനം കൊണ്ട് അവനെ കാണിച്ചു കൊടുക്കേണ്ടി വന്നു. ആർക്കറിയാം, ഒറ്റുകാരൻ ഒരു പക്ഷേ അവനേക്കാൾ സുന്ദരനായിരുന്നിരിക്കാം?

വ്യക്തികളോടുള്ള യേശുവിന്റെ സമീപനത്തിന്റെ നല്ലൊരു താക്കോലാണിത്. അസാധാരണ സൗന്ദര്യമുള്ള ആളുകളുടെ സാന്നിദ്ധ്യത്തിൽ എനിക്കു തോന്നുന്ന വികാരമെന്തെന്നെനിക്കറിയാം – അസൂയ!

എന്നാൽ മറ്റാർക്കും അസ്വസ്ഥത ഉളവാക്കാത്ത രൂപത്തിലാണ് യേശു ഭൂമിയിലവതരിച്ചത്. അവന്റെ സാന്നിദ്ധ്യത്തിൽ അവർ സന്തുഷ്ടരായിരുന്നു. അവന്റെ നോട്ടം അവനെ സാധാരണക്കാരിൽ നിന്നും തന്റെ പിതാവ് അവനെ ആരുടെ അടുക്കൽ അയച്ചോ ആ ദരിദ്രജനത്തിൽ നിന്നും അക





റ്റിനിർത്തുന്നതായിരുന്നില്ല. അവന്റെ മുഖം അവനെ അകറ്റി നിർത്തിയില്ലെങ്കിലും അവന്റെ ഭവനം അങ്ങനെ ആയിരുന്നില്ല.

നിങ്ങളുടെ കുടുംബത്തിൽ മശീഹാ ജനിച്ചാൽ നിങ്ങൾ എന്തുചെയ്യുമായിരുന്നു എന്ന് ചിന്തിച്ചിട്ടുണ്ടോ? ചരിത്രത്തിലെ ഏറ്റവും വിലയേറിയ രത്നമാണ് നിങ്ങളുടെ കൈയിലുള്ളത്. അവനെ നിങ്ങൾ എന്തുചെയ്യാൻ പോകുന്നു? എതു തരത്തിലുള്ള വീടാണ് നിങ്ങൾ തിരഞ്ഞെടുക്കുക? എതു തരത്തിലുള്ള പട്ടണമാണ് നിങ്ങൾ തിരഞ്ഞെടുക്കുക? എങ്ങനെയുള്ള അയൽപക്കമാണ് നിങ്ങൾ ആഗ്രഹിക്കുക? എങ്ങനെയുള്ള കൂട്ടുകാരെയാണ് നിങ്ങൾ അവന് അനുവദിക്കുക? ചില വസ്തുക്കൾ വളരെ വിലയേറിയതായതിനാൽ അവകൊണ്ട് എന്തു ചെയ്യണമെന്നുപോലും നിങ്ങൾ അറിയാതെപോകും. വിലയേറിയ വജ്രം നിങ്ങൾ പോക്കറ്റിൽ സൂക്ഷിക്കുകയോ പൊതുസ്ഥലങ്ങളിൽ നിങ്ങളുടെ കഴുത്തിലണിയുകയോ ചെയ്യുകയില്ല.

## നസറെത്തിൽ നിന്നു വല്ല നന്മയും വരുമോ?

യോസേഫിനും മറിയക്കും ഇപ്പോൾ ദൈവപുത്രൻ സ്വന്തമായി. അവർ എന്തുചെയ്യും? അവർ അവനെ നസറെത്തിലേക്കു കൊണ്ടുപോയി (ജീവരക്ഷയ്ക്കായി ഈജിപ്റ്റിലേക്കു പോയനന്തരം). തീർച്ചയായും ദൈവപുത്രനെ വളർത്തുവാൻ പറ്റിയ സ്ഥലമല്ല നസറെത്ത്. നസറെത്തിന്റെ സാന്മാർഗ്ഗികവും മതപരവുമായ അവസ്ഥ അധഃപതിച്ചതാണെന്ന് നഥനയേലിന്റെ ചോദ്യം വെളിവാക്കുന്നുണ്ട്: "നസറെത്തിൽ നിന്നു വല്ല നന്മയും വരുമോ?" (യോഹന്നാൻ 1:46).

ഏറ്റവും താഴേക്കിടയിൽ ജീവിതം നയിക്കുന്നവരുടെ ഇടയിലാണ് യേശു വളർന്നതും താദാത്മ്യപ്പെട്ടതും. അവന്റെ പിതാവ് പർവ്വതങ്ങളിലെ ആയിരമായിരം ആടുമാടുകളുടെ ഉടമസ്ഥനാണ്. ആ പണം അവൻ ചില വഴിക്കാനാരംഭിച്ചപ്പോൾ എന്തു സംഭവിച്ചുവെന്നു നമുക്കു നോക്കാം.

വസ്തുക്കളുടെ ഉടമസ്ഥാവകാശം പാശ്ചാത്യസമൂഹത്തിൽ കേന്ദ്രവിഷയമാണ്. കാലിഫോർണിയയിലെ ഹോളിവുഡിലുള്ള ബവർലി ഹിൽസ് പ്രദേശത്ത് സഞ്ചരിക്കുമ്പോൾ ധനത്തിന്റെ പ്രദർശനം കണ്ട് ഞാൻ അമ്പരന്നു പോകാറുണ്ട് – ബൃഹത്തായ വീടുകൾ, വാഹനങ്ങൾ, സെക്യൂരിറ്റി ഗാർഡുകൾ. ഉടമസ്ഥന്റെ പ്രാധാന്യം വ്യക്തമാണ്.

എന്നാൽ തനിക്കു കൊണ്ടുനടക്കാൻ കഴിയുന്നതിലപ്പുറമായിട്ടൊന്നും യേശുവിനില്ലായിരുന്നു. അതാരെയും അത്ഭുതപ്പെടുത്തുന്നതോ അസ്വസ്ഥരാക്കുന്നതോ അല്ലായിരുന്നു താനും. അവൻ തന്നെക്കുറിച്ചു പറഞ്ഞത്: "കുറുനരികൾക്കു കുഴികളും ആകാശത്തിലെ പറവകൾക്കു കൂടുകളും ഉണ്ട്; മനുഷ്യപുത്രനോ തല ചായിപ്പാൻ ഇടം ഇല്ല" (മത്തായി 8:20).

തല ചായിക്കാൻ സ്വന്തമായൊരു ഭവനമില്ലാത്തവന് സാമ്പത്തിക ലോകത്തെ സ്വാധീനിക്കാൻ കഴിയുമെന്ന് എങ്ങനെ പ്രതീക്ഷിക്കാം? നാം കാണുന്നതു പോലെയല്ല അവൻ ധനത്തെ കണ്ടിരുന്നത്. ഗിരിപ്രഭാഷണത്തിൽ അവന്റെ വാക്കുകൾ വളരെ വ്യക്തമായിരുന്നു:

> "പുഴുവും തുരുമ്പും കെടുക്കയും കള്ളന്മാർ തുരന്നു മോഷ്ടിക്കയും ചെയ്യുന്ന ഈ ഭൂമിയിൽ നിങ്ങൾ നിക്ഷേപം സ്വരൂപിക്കരുത്. പുഴുവും തുരുമ്പും കെടുക്കാതെയും കള്ളന്മാർ തുരന്നു മോഷ്ടിക്കാതെയുമിരിക്കുന്ന സ്വർഗ്ഗത്തിൽ നിക്ഷേപം സ്വരൂപിച്ചുകൊൾവിൻ. നിന്റെ നിക്ഷേപം ഉള്ളേടത്തു നിന്റെ ഹൃദയവും ഇരിക്കും" (മത്തായി 6:19–21).

പണത്തിന് യേശുവിനെ കബളിപ്പിക്കാൻ കഴിഞ്ഞില്ല. അതവന് പ്രാധാന്യമുള്ളതായിരുന്നില്ല. മത്സ്യത്തിന്റെ വായിലിരുന്ന നാണയംകൊണ്ട് നികുതി കൊടുക്കുവാനും കല്ലിനെ അപ്പമാക്കുവാനും കഴിവുള്ളവന് സകലകാലത്തെയും ധനത്തിന്റെ പ്രഭുവായിരിക്കാൻ നിഷ്പ്രയാസം കഴിയുമായിരുന്നു.

ആളുകളുമായുള്ള നമ്മുടെ ബന്ധത്തെ സ്വാധീനിക്കുന്നു എന്നതാണ് ധനത്തിന്റെ ഏറ്റവും വലിയ കുഴപ്പം. ആളുകൾ ധനാഢ്യരാണെന്നറിഞ്ഞാൽ അവരുടെ മുമ്പിൽ സ്വാഭാവികത പ്രകടിപ്പിക്കാൻ എനിക്കു കഴിയാതെ വരും. അവരുടെ മുമ്പിൽ വളരെ "നല്ലവനാകാൻ" നാം ശ്രമിക്കും.

ലോകത്തിന്റെ വസ്തുവകകളിൽ നിന്നും അകന്നു നിൽക്കാനുള്ള യേശുവിന്റെ തീരുമാനം, തന്നെക്കാൾ ധനാഢ്യരും ദരിദ്രരും ആയ ആളുകളുമായുള്ള സംഭാഷണത്തെ സ്വാധീനിക്കുമായിരുന്ന അസൂയയിൽ നിന്നും സ്വതന്ത്രനാകുവാൻ അവനെ സഹായിച്ചു. തൽഫലമായി, താൻ ശുശ്രൂഷിപ്പാൻ വന്ന വ്യക്തികളുടെ യഥാർത്ഥ ആവശ്യങ്ങൾക്ക് തന്റെ ഊർജ്ജവും ശ്രദ്ധയും തിരിച്ചു വിടാനും സ്നേഹത്താൽ മാത്രം പ്രവർത്തിക്കുവാനും അവനു കഴിഞ്ഞു.

2 കൊരിന്ത്യർ 8:9 ൽ പൗലൊസ് എഴുതി: "നമ്മുടെ കർത്താവായ യേശുക്രിസ്തു സമ്പന്നൻ ആയിരുന്നിട്ടും അവന്റെ ദാരിദ്ര്യത്താൽ നിങ്ങൾ സമ്പന്നർ ആകേണ്ടതിന് നിങ്ങൾ നിമിത്തം ദരിദ്രനായിത്തീർന്ന കൃപ നിങ്ങൾ അറിയുന്നുവല്ലോ." ധനത്തിന്റെ ഭാരമില്ലാതെ ഈ ഭൂമിയിൽ നടക്കുന്നത് യേശു തിരഞ്ഞെടുത്തപ്പോൾ, ജനത്തിനു തന്നെത്തന്നെ നൽകുന്നതിന് തടസ്സമായി ഒന്നും അനുവദിക്കാതിരിക്കയാണ് ചെയ്തത്. വസ്തുവകകളെ വീണ്ടെടുക്കാനല്ല, ജനത്തെ വീണ്ടെടുക്കാനാണ് അവൻ വന്നത്. അതുകൊണ്ട് അവൻ തന്നെത്തന്നെ പൂർണ്ണമായി നമുക്കു നൽകി.





## വിചിത്രമായൊരു മുന്നോടിയുമായി അവൻ വന്നു

എന്റെ ശുശ്രൂഷയോടു ബന്ധപ്പെട്ട് ഞാൻ ക്രൂസേഡുകൾ സംഘടിപ്പിക്കുന്നുവെന്നു കരുതുക. കാര്യങ്ങൾ ക്രമീകരിക്കുന്നതിന് ഒരാളെ അയക്കേണ്ടി വരുമ്പോൾ സുമുഖനും, നല്ല വസ്ത്രങ്ങൾ അണിഞ്ഞവനും ആകർഷകമായി സംസാരിക്കുന്നവനും ഒരു പ്രകോപനവും ഉണ്ടാക്കാത്തവനും ആയ ഒരുവനെ ആയിരിക്കും ഞാനയക്കുക. എന്നാൽ എന്റെ രീതിയിലല്ല യേശു കാര്യങ്ങൾ ചെയ്തത്. പകരം കർക്കശക്കാരനും ശരിയായി വസ്ത്രധാരണം ചെയ്യാത്തവനും വെട്ടുക്കിളിയെ ഭക്ഷണമാക്കുന്നവനുമായ ഒരുവനെയാണ് അവനയച്ചത്. അതിലെല്ലാമുപരി മാന്യമല്ലാത്ത ഒരു പ്രവൃത്തിയോടെയാണ് അവൻ യോഗങ്ങൾ അവസാനിപ്പിച്ചിരുന്നത്: പ്രതികരിക്കാൻ ധൈര്യം കാണിച്ചവരെ വെള്ളത്തിൽ മുക്കിക്കൊണ്ട്.

> "യോഹന്നാൻ വന്നു മരുഭൂമിയിൽ സ്നാനം കഴിപ്പിച്ചും പാപമോചനത്തിനായുള്ള മാനസാന്തര സ്നാനം പ്രസംഗിച്ചും കൊണ്ടിരുന്നു.... യോഹന്നാനോ ഒട്ടകരോമം കൊണ്ടുള്ള ഉടുപ്പും അരയിൽ തോൽവാറും ധരിച്ചും വെട്ടുക്കിളിയും കാട്ടുതേനും ഉപജീവിച്ചും പോന്നു" (മർക്കൊസ് 1:4,6).

> "അവനാൽ സ്നാനം ഏൽപ്പാൻ വന്ന പുരുഷാരത്തോടു അവൻ പറഞ്ഞതു: സർപ്പസന്തതികളേ, വരുവാനുള്ള കോപത്തെ ഒഴിഞ്ഞു ഓടിപ്പോകുവാൻ നിങ്ങൾക്കു ഉപദേശിച്ചുതന്നതു ആർ?" (ലൂക്കൊസ് 3:7).

ഇത്രയും നയചാതുര്യമില്ലായ്മ പ്രകടിപ്പിക്കാൻ നിങ്ങൾക്കു കഴിയുമോ? ഞാൻ യേശു ആയിരുന്നുവെങ്കിൽ എന്റെ സമയത്തിന്റെ നല്ലൊരു പങ്കും എന്റെ മുന്നോടിയുടെ പ്രവൃത്തികളെ വിശദീകരിക്കാൻ ചിലവഴിക്കുമായിരുന്നു. എന്നാൽ യേശുവിന്റെ ജീവിതകാലം മുഴുവനും അനുയോജ്യരല്ലാത്തവരെ ഉപയോഗിക്കുകയാണു ചെയ്തത്. ഞാൻ കാണുന്നതിലും വ്യത്യസ്തമായിട്ടാണവൻ ജനങ്ങളെ കണ്ടത്. അവന്റെ ചില തിരഞ്ഞെടുപ്പുകൾ പരിശോധിച്ചാൽ ജനത്തെക്കുറിച്ചുള്ള അവന്റെ കാഴ്ചപ്പാട് വ്യക്തമാകും.

## അവന്റെ സഹപ്രവർത്തകർ

നമുക്ക് ഒരു പുതിയ പ്രധാനമന്ത്രിയെ ലഭിച്ചു കഴിഞ്ഞാൽ അദ്ദേഹത്തിന്റെ കൂട്ടുപ്രവർത്തകർ ആരൊക്കെയാണെന്ന് നാം ശ്രദ്ധിക്കാറുണ്ട്. എങ്ങനെയുള്ള സ്റ്റാഫിനെയും ക്യാബിനറ്റംഗങ്ങളെയുമാണു തിരഞ്ഞെടുക്കുന്നതെന്ന് നാം വിലയിരുത്തും. അതുപോലെ, ദൈവപുത്രൻ വന്നപ്പോൾ തന്റെ സഹയാത്രികസംഘത്തെ തിരഞ്ഞെടുക്കുന്നതിലൂടെ എങ്ങനെയുള്ള ഭരണമാണ് താൻ നടത്താൻ പോകുന്നതെന്ന് വെളിപ്പെടുത്തി.

എന്നോടു ചോദിച്ചിരുന്നുവെങ്കിൽ ഏറ്റവും നല്ല സെമിനാരിയിൽ ചെന്ന് തിയോളജിയും അതിന്റെ വകഭേദങ്ങളും നന്നായി അറിയാവുന്ന മൂന്നു പ്രൊഫസർമാരെയെങ്കിലും തിരഞ്ഞെടുക്കണമെന്ന് ഞാൻ പറയുമായിരുന്നു. എന്നിട്ട് ഹോളിവുഡിൽ ചെന്ന് ജനങ്ങളുടെ ശ്രദ്ധ പിടിച്ചുപറ്റാൻ കഴിയുന്ന ചില ജനപ്രിയ നായകന്മാരെ കൊണ്ടുവരണം. അവൻ പറയുന്നത് അവർ ജനത്തിന് വിശദീകരിച്ചു കൊടുക്കണം. തുടർന്ന് വാൾസ്ട്രീറ്റിൽ ചെന്ന് ചില കോടീശ്വരന്മാരെ കണ്ടെത്തണം. (അങ്ങനെ ചിലർ ടീമിലുള്ളത് എപ്പോഴും നല്ലതാണ്). മസിൽബീച്ചിൽ നിന്നുള്ള ആറ് അംഗരക്ഷകർ ഏതായാലും വേണം. കാരണം മതനേതാക്കൾ അവനെ ക്രൂശിക്കാനും മടിക്കില്ല.

എന്നാൽ യേശു എന്നോട് ആലോചിച്ചതേയില്ല. പകരം അവൻ തെരുവുകളിലും കടൽത്തീരത്തും ചെന്ന്, ലോകത്തെ രൂപാന്തരപ്പെടുത്തുന്ന ദൗത്യത്തിന് ഒരിക്കലും അനുയോജ്യരല്ലാത്ത പ്രവർത്തകരെ തിരഞ്ഞെടുത്തു. അൻപതടി അവരോടുകൂടി നടന്നാൽ മതി, മീനിന്റെ ഗന്ധം അറിയും. അവന്റെ സംഘത്തിൽ ഒരു എരിവുകാരനും ചുങ്കക്കാരനും ഉണ്ടായിരുന്നു (രണ്ടു വ്യത്യസ്ത തീവ്രവാദികൾ ഒരുമിച്ചു ചേരുന്നതു പോലെയാണിത്). സംഘത്തിന് അനുയോജ്യമല്ലാത്ത നിലയിലുള്ള പരുക്കൻ നാടൻ ഉച്ചാരണ ശൈലിയാണ് ചിലരുടേത്. അവർ പരസ്പരം തർക്കിക്കുകയും വാദിക്കുകയും ചെയ്യുന്നത് യേശു പലപ്പോഴും കണ്ടിട്ടുള്ളതാണ്.

ഞാനായിരുന്നെങ്കിൽ ഒന്നു രണ്ടാഴ്ചക്കുള്ളിൽ പത്രൊസിനെ പിരിച്ചുവിടുമായിരുന്നു. അവന്റെ എടുത്തുചാട്ടം അവന്റെ കഴിവിന്റെ പകുതി നിഷ്പ്രയോജനമാക്കി. എന്നിട്ടും യേശു അവനെ തുടരാനനുവദിക്കുകയും പ്രഥമസ്ഥാനം നൽകുകയും ചെയ്തു. നമ്മെക്കാൾ വ്യത്യസ്തമായി യേശു ജനങ്ങളെ കാണുകയും ക്ഷമയോടെ അവരിലുള്ള നന്മ കണ്ടെത്തുകയും ചെയ്യുന്നതിനാലാണ് ഇങ്ങനെ സംഭവിച്ചത്.

അവന്റെ സംഘത്തിന്റെ വിശകലനം എനിക്കു വളരെ ധൈര്യം പകർന്നു. അവരുടെകൂടെ പ്രവർത്തിക്കാൻ അവനു കഴിഞ്ഞെങ്കിൽ എന്റെ കൂടെയും നിങ്ങളുടെ കൂടെയും പ്രവർത്തിക്കാൻ അവനു കഴിയും. നാം ഉപയോഗിക്കുന്ന സ്വാഭാവിക മാനദണ്ഡങ്ങൾ അല്ല അവൻ ഉപയോഗിക്കുന്നത്. ഏറ്റവും പ്രാപ്തിയുള്ള അനുയായികളെ ലഭിക്കുവാൻ അദ്ധ്വാനിക്കുന്നവരെയും ഭാരം ചുമക്കുന്നവരെയും ക്ഷണിച്ചുകൊണ്ടുള്ള പരസ്യം തീരെ അനുയോജ്യമല്ല. മാത്രമല്ല, അയോഗ്യരെയുള്ള വിളി അവൻ തുടരുകയും ചെയ്യുന്നു.

> "സഹോദരന്മാരേ, നിങ്ങളുടെ വിളിയെ നോക്കുവിൻ; ലോകാഭിപ്രായപ്രകാരം ജ്ഞാനികൾ ഏറെയില്ല, ബലവാന്മാർ ഏറെയില്ല, കുലീനന്മാരും ഏറെയില്ല. ജ്ഞാനികളെ ലജ്ജിപ്പിപ്പാൻ ദൈവം ലോകത്തിൽ ഭോഷത്വമായതു തിരഞ്ഞെടുത്തു; ബലമുള്ളതിനെ ലജ്ജിപ്പിപ്പാൻ ദൈവം ലോകത്തിൽ ബലഹീനമായതു തിരഞ്ഞെടുത്തു. ഉള്ളതിനെ ഇല്ലായ്മയാക്കുവാൻ ദൈവം ലോകത്തിൽ കുലഹീനമായതും നികൃഷ്ടവുമായതും ഏതുമില്ലാത്തതും തിരഞ്ഞെടുത്തു; ദൈവസന്നിധിയിൽ ഒരു ജഡവും പ്രശംസിക്കാതിരിക്കേണ്ടതിനു തന്നേ" (1 കൊരിന്ത്യർ 1:26–29).





ആളുകളെക്കുറിച്ചുള്ള അവന്റെ കാഴ്ചപ്പാടും അവരോടുള്ള അവന്റെ സ്നേഹവും എന്റെ യുക്തിക്കു നിരക്കുന്നതായിരുന്നില്ല. എന്നാൽ അവന്റെ സ്വഭാവത്തിന് തികച്ചും അനുയോജ്യമായിരുന്നു അത്.

അവനു തന്റെ മഹത്വം നിലനിർത്താൻ ചെയ്യാമായിരുന്ന അവസാന പ്രവൃത്തി മരണത്തിൽ നിന്നും പെട്ടെന്നുള്ള ഒരു രക്ഷപെടലായിരുന്നു. അവന്റെ ജനസ്വാധീനത്തിനേറ്റ കനത്ത ആഘാതമായിരുന്നു അവന്റെ മരണം.

എന്താണ് സംഭവിച്ചതെന്നു നമുക്കു നോക്കാം.

## അവന്റെ മരണവിധം

ഭീകരമായൊരു മരണമാണ് യേശു വരിച്ചതെന്നു നാമെല്ലാം സമ്മതിക്കും. പക്ഷേ അവൻ സഹിച്ച അപമാനത്തിന്റെ അളവ് എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ലെന്ന് ഞാൻ കണ്ടെത്തി. തിരുവചന വിശദീകരണത്തിന്റെ അർത്ഥം എനിക്കു മനസ്സിലായില്ല: "ക്രൂശിന്റെ വചനം നശിച്ചുപോകുന്നവർക്കു ഭോഷത്വം" (1 കൊരിന്ത്യർ 1:18). ക്രൂശ് എനിക്കൊരിക്കലും ഭോഷത്വമായിരുന്നില്ല. എല്ലായിടത്തും ഞാനതു കാണാറുണ്ട്. ദേവാലയ ഗോപുരങ്ങളെ ക്രൂശ് അലങ്കരിക്കുന്നു. മിനുസമുള്ള വെള്ളിയിലും തടിയിലും നിർമ്മിച്ച അവ പള്ളികളുടെയും മറ്റ് മതസ്ഥാപനങ്ങളുടെയും അന്തർഭാഗത്തിന് അലങ്കാരമാണ്. സുന്ദരമായ കഴുത്തുകളിൽ വിലയേറിയ ആഭരണത്തിലവ തൂങ്ങുന്നു. സ്യൂട്ടുകളുടെ ബട്ടണിലും വലിയ പള്ളികളുടെ അലങ്കാരപ്പണികളിലും ക്രൂശ് അലങ്കാരമാണ്. എല്ലായിടത്തും അതിനെക്കുറിച്ച് പാടുന്നു; പ്രഘോഷിക്കുന്നു. പാപക്ഷമയ്ക്കും പ്രസിദ്ധിക്കുമായി വലിയ ക്രൂശും വഹിച്ച് ആളുകൾ നടക്കുന്നു. എന്റെ ചുറ്റുപാടുകളിൽ ക്രൂശ് നിറഞ്ഞിരിക്കുന്നു. അതൊരിക്കലും ഭോഷത്വമല്ല. എങ്ങനെയത് ഭോഷത്വമാകും?

ക്രൂശിനെ ഞാൻ ശരിക്കും മനസ്സിലാക്കിയിട്ടില്ല. കാരണം ഇക്കാലങ്ങളിൽ ക്രൂശിൽ ആരും മരിക്കാറില്ല. ഈ കാലഘട്ടത്തിലാണ് യേശു വന്നിരുന്നതെങ്കിൽ കുറേക്കൂടി മാനുഷിക പരിഗണന അവനു കിട്ടുമായി

രുന്നു. നമ്മളവനെ വൈദ്യുതി കസേരയിലിരുത്തുകയോ, തൂക്കിക്കൊല്ലു കയോ, ഗ്യാസ് ചേമ്പറിലിടുകയോ, വെടിവെച്ചു കൊല്ലുകയോ അതുമ ല്ലെങ്കിൽ മരുന്നു കുത്തിവച്ച് കൊല്ലുകയോ ചെയ്യുമായിരുന്നു.

അത്തരമൊരു ആധുനിക വധശിക്ഷയുടെ ഫലത്തെക്കുറിച്ച് ചിന്തിച്ചു നോക്കൂ. റോഡിൽ നിന്ന് ആളുകൾ ഇങ്ങനെ സാക്ഷ്യം പറയും: "സുഹൃ ത്തേ, എന്റെ ഏറ്റവും നല്ല സുഹൃത്ത് നിങ്ങൾക്കുവേണ്ടി വൈദ്യുത കസേ രയിൽ മരിച്ചു. ഇതു നിങ്ങൾ വിശ്വസിക്കയും നിങ്ങളുടെ വൈദ്യുത കസേര എടുത്ത് അവനെ അനുഗമിക്കുകയും ചെയ്താൽ നിങ്ങൾ രക്ഷിക്കപ്പെ ടും." നമ്മുടെ നല്ല ഗാനങ്ങൾ എല്ലാം എത്ര വ്യത്യസ്തമാകുമായിരുന്നു: "വൈദ്യുത കസേരയിൽ.... വൈദ്യുത കസേരയിൽ കാണുന്നതാരിതാ?" എന്നു പാടുന്നത് സങ്കൽപ്പിക്കാൻ നിങ്ങൾക്കു കഴിയുമോ? അല്ലെങ്കിൽ, "ഗ്യാസ് ചേമ്പറിൽ തലചായ്ച്ചനുദിനം" എന്നോ "ഫയറിംഗ് സ്ക്വാഡി നെയും കൂട്ടി എന്നെ അനുഗമിക്ക" എന്നോ പാടിയാൽ എന്തു തോന്നും?

ലോകത്തിന്റെ പരിഹാസമായി നാം മാറുമായിരുന്നു. അവൻ ഉയിർ ത്തെഴുന്നേറ്റെങ്കിലും നമ്മുടെ "പ്രത്യാശ" വളരെ നിന്ദാപൂർവ്വം മരിച്ചത് നമ്മെ സ്തബ്ധരാക്കുമായിരുന്നു. ക്രൂശിനെക്കുറിച്ചുള്ള നമ്മുടെ സങ്കൽപ്പ ത്തിൽ അത്തരമൊരു മരണം ചിന്തിക്കുക പ്രയാസകരമാണ്. അതനുസ രിച്ച് ദൈവവചനം നമുക്കൊന്നു ചിന്തിച്ചു നോക്കാം.

> "യെഹൂദന്മാർ അടയാളം ചോദിക്കയും യവനന്മാർ ജ്ഞാനം അന്വേഷിക്കുകയും ചെയ്യുന്നു; ഞങ്ങളോ *വൈദ്യുതി കസേര യിൽ ഇരുത്തപ്പെട്ട* യോശുവയെ പ്രസംഗിക്കുന്നു" (1 കൊരി ന്ത്യർ 1:22,23 – ക്ഷമാപണപൂർവ്വം).
>
> *"വൈദ്യുതി കസേരയിൽ ഇരുത്തപ്പെട്ട* യോശുവ മശീഹായെ അല്ലാതെ മറ്റൊന്നും അറിയാത്തവനായി നിങ്ങളുടെ ഇടയിൽ ഇരിക്കേണം എന്നു ഞാൻ നിർണ്ണയിച്ചു" (1 കൊരിന്ത്യർ 2:2– ക്ഷമാപണപൂർവ്വം).

ആരുടെയെങ്കിലും മരണത്തോട് ഐക്യപ്പെടണമെന്ന് എനിക്കാഗ്ര ഹമുണ്ടെങ്കിൽ അത് ഒരു സാധാരണ ക്രിമിനലിന്റെ മരണത്തോടല്ല, ബഹു മാനിക്കപ്പെടുന്ന ഒരു വീരമൃത്യുവിനോടായിരിക്കും എന്നുറപ്പാണ്. അവന്റെ "പാനപാത്രം" കേവലം ഒരു കുറ്റവാളിയുടെ മരണത്തിനപ്പുറത്തുള്ളതാ യിരുന്നു. സകല സൃഷ്ടിയുടെയും പാപവും അകൃത്യവും ലംഘനങ്ങളും സ്വന്തം തോളിൽ വഹിച്ചതു മൂലമുള്ള അപമാനത്തിന്റെയും നിന്ദാർഹമാ യ ശിക്ഷാവിധിയുടെയും 'പാനപാത്ര'മായിരുന്നു അത്.

ഇതുവരെയുള്ള നമ്മുടെ കണ്ടെത്തലുകൾ നമുക്കൊന്നു നോക്കാം.





## തിരഞ്ഞെടുപ്പിനുള്ള അവസരം

യേശുവിന്റെ പ്രകൃതിയെക്കുറിച്ച് ഇതുവരെ നാം ചിന്തിച്ച കാര്യങ്ങൾ പുൽക്കൂട്ടിലെ ജനനം, സംശയാസ്പദമായ പിതൃത്വം, കറപുരണ്ട വംശ പാരമ്പര്യം, സാധാരണനാമം, വഴി തെറ്റിയ പ്രഖ്യാപനം, അനാകർഷക മായ രൂപം, മോശമായ ചുറ്റുപാടിൽ വളർത്തപ്പെട്ടത്, സ്വന്തമായി ഒന്നുമി ല്ലാത്തത്, അനാകർഷകമായ സഹപ്രവർത്തകരുടെ സാന്നിദ്ധ്യം, അപ മാനകരമായ മരണം – പരിഗണിക്കുമ്പോൾ, "ലോകത്തെ നേടുക" എന്ന പദ്ധതിക്ക് ഇതൊരിക്കലും അനുയോജ്യമായതല്ല എന്നു മനസ്സിലാകും.

അവന്റെ മുഴുവൻ സമീപനവും ആർക്കും ഭീഷണിയില്ലാത്തതും പ്രയോജനരഹിതവും എന്നു വിശേഷിപ്പിക്കാവുന്നതാണ്. അവന്റെ ജീവി തത്തിന്റെ ഓരോ ചുവടും ബലഹീനതയിലാണ് മുന്നേറിയതെന്ന് തോന്നി പ്പോകും. അവന് ലോകത്തിൽ ഒന്നുമില്ലായിരുന്നെങ്കിലും ദൈവത്തിലും ആത്മാവിലും സകലവും ഉണ്ടായിരുന്നു.

ഇത്തരത്തിലുള്ള സമീപനം മൂലം അതിനോടുള്ള നമ്മുടെ പ്രതിക രണം സത്യസന്ധമായ ഒന്നായിരിക്കുമെന്ന് അവന് ഉറപ്പായിരുന്നു. നമ്മെ ഭയപ്പെടുത്തുന്നതോ ആത്മാർത്ഥ വിശ്വാസത്തിൽ കുറഞ്ഞതെന്തെങ്കിലും ഉളവാക്കുന്നതോ ആയ യാതൊന്നും അവൻ ഉപയോഗിച്ചില്ല. യഥാർത്ഥ സ്നേഹത്തിന്റെ സ്വഭാവമാണിത്. മറ്റുള്ളവരുടെ താല്പര്യം സംരക്ഷിക്കു ന്നവനും അവരുടെ ദാസനും എന്ന നിലയിൽ, കഴിയുന്നിടത്തോളം അവരെ യഥാർത്ഥവും സത്യസന്ധവുമായ വ്യക്തികളായി വിടുവാൻ അവൻ താല് പര്യപ്പെട്ടു. ഹൃദയംഗമമായ തീരുമാനങ്ങൾ എടുക്കുവാൻ അവർ പ്രാപ്ത രാകണമെന്ന് അവനാഗ്രഹിച്ചു.

1956 ലെ സ്തോത്രദിനത്തിൽ കൈയിൽ മോതിരവുമായി ആദാ ഫെയ് ബ്രൗണിനോട് എന്റെ ഭാര്യയാകാൻ ഞാൻ ആവശ്യപ്പെട്ടപ്പോൾ മെംഫി സിലെ തണുപ്പിനേക്കാൾ ഭയവും ആവേശവും നിമിത്തം ഞാൻ വിറച്ചു പോയി. ഭാഗ്യവശാൽ അവൾ അതിനു സമ്മതിച്ചു.

മറ്റൊരു രീതിയിൽ എനിക്കതു ചെയ്യാൻ കഴിയുമായിരുന്നു. ഒരു കൈ യിൽ മോതിരവും മറുകൈയിൽ തോക്കും പിടിച്ച്, "നിന്റെ നന്മയ്ക്കുവേണ്ടി നീ എന്നെ വിവാഹം ചെയ്യാൻ പോകയാണ്" എന്നു പറയാമായിരുന്നു. അങ്ങനെയാണതു സംഭവിച്ചിരുന്നതെങ്കിൽ, അവൾ ഉണ്ടാക്കുന്ന ഓരോ ഭക്ഷണവും ആദ്യം നായക്കിട്ടു കൊടുത്ത് അത് ചത്തു വീഴുന്നുണ്ടോ എന്നെനിക്കു നോക്കേണ്ടിവരുമായിരുന്നു! സ്നേഹത്തിനു മാത്രമേ ആത്മാർത്ഥ പ്രതികരണം പ്രതീക്ഷിക്കാനാവൂ.

ജീവിതത്തിൽ വളരെക്കുറച്ച് ആത്മാർത്ഥ തീരുമാനങ്ങളേ നാം എടു ക്കാറുള്ളൂ. നാമെടുക്കുന്ന മിക്ക തിരഞ്ഞെടുപ്പുകളും ബാഹ്യപ്രേരണ

യാലും ആവശ്യങ്ങളുടെ സമ്മർദ്ദത്താലും നിർബന്ധിക്കപ്പെട്ട് എടുക്കുന്നതാണ്. എന്നാൽ ജീവിതത്തിലെ ഏറ്റവും സുപ്രധാന തീരുമാനത്തിലേക്കു വരുമ്പോൾ – ദൈവത്തെ സംബന്ധിച്ച നമ്മുടെ തീരുമാനത്തിൽ – ആത്മാർത്ഥമായ ഒന്നാണ് യേശു പ്രതീക്ഷിക്കുന്നത്. ആ തീരുമാനം ആത്മാർത്ഥമായി എടുക്കുവാൻ നമുക്ക് സ്നേഹപൂർവ്വം സ്വാതന്ത്ര്യം തരുന്ന രീതിയിലാണ് യേശു നമ്മെ സമീപിക്കുന്നത്. നമുക്കു സ്വീകരിക്കുകയോ തിരസ്കരിക്കയോ ചെയ്യാം, നമ്മുടെ വ്യക്തിത്വത്തിന്മേലോ, തിരഞ്ഞെടുപ്പിനുള്ള സ്വാതന്ത്ര്യത്തിന്മേലോ കടന്നു കയറാൻ ദൈവം താല്പര്യപ്പെടുന്നില്ല. അതാണ് സ്നേഹം.



# ശൈലി രൂപപ്പെടുത്തൽ

## ഒന്ന്

പ്രത്യേക ലക്ഷ്യത്തോടെ ബൈബിൾ പരിശോധിച്ച് ഒരു പ്രത്യേക മുൻഗണനാടിസ്ഥാനത്തിൽ സംഭവങ്ങളെയും വ്യക്തികളെയും ക്രമീകരിച്ചാൽ യേശുവായിരിക്കും സംശയലേശമെന്യേ കേന്ദ്രകഥാപാത്രം. യേശു തന്നെ പറഞ്ഞു: “ഞാൻ തന്നേ വഴിയും സത്യവും ജീവനും ആകുന്നു; ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല. നിങ്ങൾ എന്നെ അറിഞ്ഞു എങ്കിൽ എന്റെ പിതാവിനെയും അറിയുമായിരുന്നു; ഇന്നു മുതൽ നിങ്ങൾ അവനെ അറിയുന്നു; അവനെ കണ്ടുമിരിക്കുന്നു” (യോഹന്നാൻ 14:6,7).

കൊലൊസ്സ്യലേഖനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന രീതിയിൽ യേശുവിനെ മനസ്സിലാക്കാൻ പരിശുദ്ധാത്മാവ് പൗലൊസിനെ സഹായിച്ചു:

> “അവൻ അദൃശ്യനായ ദൈവത്തിന്റെ പ്രതിമയും സർവ്വസൃഷ്ടിക്കും ആദ്യജാതനും ആകുന്നു. സ്വർഗ്ഗത്തിലുള്ളതും ഭൂമിയിലുള്ളതും ദൃശ്യമായതും അദൃശ്യമായതും സിംഹാസനങ്ങൾ ആകട്ടെ കർത്തൃത്വങ്ങൾ ആകട്ടെ വാഴ്ചകൾ ആകട്ടെ അധികാരങ്ങൾ ആകട്ടെ സകലവും അവൻ മുഖാന്തരം സൃഷ്ടിക്കപ്പെട്ടു; അവൻ മുഖാന്തരവും അവനായിട്ടും സകലവും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അവൻ സർവ്വത്തിനും മുമ്പെയുള്ളവൻ; അവൻ സകലത്തിനും ആധാരമായിരിക്കുന്നു. അവൻ സഭ എന്ന ശരീരത്തിന്റെ തലയും ആകുന്നു; സകലത്തിലും താൻ മുമ്പനാ

കേണ്ടതിനു അവൻ ആരംഭവും മരിച്ചവരുടെ ഇടയിൽനിന്നു ആദ്യനായി എഴുന്നേറ്റവനും ആകുന്നു. അവനിൽ സർവ്വ സമ്പൂർണ്ണതയും വസിപ്പാനും അവൻ ക്രൂശിൽ ചൊരിഞ്ഞ രക്തം കൊണ്ടു അവൻ മുഖാന്തരം സമാധാനം ഉണ്ടാക്കി, ഭൂമിയിലുള്ളതോ സ്വർഗ്ഗത്തിലുള്ളതോ സകലത്തെയും അവനെക്കൊണ്ടു തന്നോടു നിരപ്പിപ്പാനും പിതാവിനു പ്രസാദം തോന്നി." (കൊലൊസ്സ്യർ 1:15-20)

ദൈവത്തിന്റെ സർവ്വ സമ്പൂർണ്ണതയും ദേഹരൂപമായി യേശുവിൽ വെളിപ്പെട്ടതിനാലും സകലജ്ഞാനത്തിന്റെയും വിവേകത്തിന്റെയും നിധികൾ അവനിൽ ഉള്ളതിനാലും നമുക്ക് പറയാൻ കഴിയും:

ഞാൻ ദൈവത്തെ അറിയണമെങ്കിൽ യേശുവിലൂടെ ഞാൻ അവനെ അറിയണം.

ഞാൻ ജ്ഞാനം നേടണമെങ്കിൽ അതു യേശുവിൽ ഉള്ളടങ്ങിയിരിക്കുന്നു.

ഞാൻ വിവേകം പ്രാപിക്കേണമെങ്കിൽ, അത് യേശുവിലാണ്.

എന്നിൽ ദൈവം വസിക്കുന്നുവെങ്കിൽ അതിനു കാരണം യേശു എന്നിൽ വസിക്കുന്നുവെന്നതാണ്.

ദൈവത്തെക്കുറിച്ച് പഠിക്കണമെങ്കിൽ ഞാൻ യേശുവിനെ പഠിക്കണം.

പരിശുദ്ധാത്മാവ് എന്റെ ജീവിതത്തിൽ പ്രവർത്തനനിരതനാണെങ്കിൽ അവൻ യേശുവിനെക്കുറിച്ച് സംസാരിക്കുന്നത് എനിക്ക് കേൾക്കാൻ കഴിയും.

അവന്റെ വ്യക്തിത്വവും ജീവിതവും വാക്കുകളും പൂർണ്ണശക്തിയോടെ നാം ഉൾക്കൊള്ളേണ്ടതാണ്. സകലത്തിനും അവൻ സർവ്വാധികാരിയാകണം. എന്നിരുന്നാലും മറ്റു പല കാര്യങ്ങൾക്കും നമ്മുടെ ജീവിതത്തിൽ കൂടുതൽ പ്രാധാന്യമുണ്ടെന്ന് നാം സമ്മതിച്ചേ മതിയാകൂ. ഉദാഹരണത്തിന് എനിക്കു സുരക്ഷിതത്വം തരുന്ന കാര്യങ്ങളിൽ – ധനവും പ്രശസ്തിയും ആർജ്ജിക്കൽ, ലക്ഷ്യങ്ങൾ നേടിയെടുക്കൽ – എന്റെ ചിന്താമണ്ഡലം കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നു. യേശുക്രിസ്തുവിനെക്കുറിച്ചുള്ള എന്റെ വികലമായ ധാരണയാകാം ഈ കാര്യങ്ങൾ എന്റെ ജീവിതത്തിൽ പ്രഥമ പരിഗണന നേടാൻ കാരണം. ആത്മീയ തിമിരം എന്റെ ദർശനത്തെ വികലമാക്കുന്നു. 'നടപ്പിലാകുന്നതും' 'അഭിവൃദ്ധി' തരുന്നതുമായ സകലത്തെയും അവന്റെ നാമവുമായി കൂട്ടിയിണക്കിയിട്ട്, യേശുവിന്റെ നാമത്തിൽ ഞാനതു ചെയ്യുന്നതിനാൽ അവൻ അതിനെ അനുഗ്രഹിക്കുമെന്നു ഞാൻ ചിന്തിക്കുന്നു. "വിജയകരമായി" നടപ്പിലാകുന്ന ലൗകിക പദ്ധതികൾ





എല്ലാം ദൈവപ്രചോദിതമാണെന്നു ഞാൻ ചിന്തിക്കുന്നു; കാരണം അവയെല്ലാം യേശുവിന്റെ നാമത്തിലോ സഭയുടെ രൂപത്തിലോ ആണ് പ്രവർത്തിക്കുന്നത്.

എന്റെ പരാജയം ഞാൻ അംഗീകരിക്കുന്നു എന്നതുകൊണ്ട് ശരിയായതിനെ മനസ്സിലാക്കി പിന്തുടരുന്നു എന്നർത്ഥമില്ല. പിന്നെ ഈ വികലമായ കാഴ്ചപ്പാടിനെ എനിക്കെങ്ങനെ തിരുത്താൻ കഴിയും? യേശുവിന്റെ സ്വഭാവം ഞാൻ ജീവിതത്തിൽ പകർത്തണമോ? ഇതിന് ഉത്തരം കണ്ടെത്തുവാൻ, യേശു ശിഷ്യന്മാർക്കു നൽകുകയും ഊന്നിപ്പറയുകയും അവർ അനുസരിക്കണമെന്നാവശ്യപ്പെടുകയും ചെയ്ത ഒരു കല്പന നമുക്കു പരിശോധിക്കാം.

# സകലർക്കും വേണ്ടി ഒന്ന്

യേശു തന്റെ ശിഷ്യന്മാർക്കും തന്നെ അനുഗമിച്ചവർക്കും ധാരാളം കല്പനകൾ നൽകിയിട്ടുണ്ടെങ്കിലും അവൻ നമുക്കു നൽകിയ ഏറ്റവും പ്രധാന കല്പനയുടെ ഉപവിഭാഗങ്ങൾ മാത്രമാണ് അവയെല്ലാം. "നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നു പുതിയോരു കല്പന ഞാൻ നിങ്ങൾക്കു തരുന്നു; ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നുതന്നേ. നിങ്ങൾക്കു തമ്മിൽ തമ്മിൽ സ്നേഹം ഉണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാർ എന്നു എല്ലാവരും അറിയും" (യോഹന്നാൻ 13:34,35).

ഇതു വായിച്ചപ്പോൾ രണ്ടു കാര്യങ്ങൾ എന്റെ ശ്രദ്ധയെ പെട്ടെന്നാകർഷിച്ചു. ഒന്ന്, തന്റെ അനുയായികളുടെ അടയാളമായി ഒരൊറ്റ കാര്യമാണ് യേശു നിഷ്കർഷിച്ചത്: പരസ്പരമുള്ള സ്നേഹം. തിരുവെഴുത്തുകളിലുള്ള എന്റെ ജ്ഞാനമല്ല. എന്റെ വേഷവിധാനമോ, ശരീരത്തിന്റെ എത്ര ഭാഗം മറയപ്പെട്ടിരിക്കുന്നു എന്നതോ അല്ല. ഓരോ ആഴ്ചയിലും ഞാൻ പാലിക്കുന്ന അനുഷ്ഠാനങ്ങളും ഒരു പ്രത്യേക സംഘടനയിലുള്ള എന്റെ അംഗത്വവുമല്ല. എന്റെ ആത്മീയ പഴക്കം പോലുമല്ല. മറ്റുള്ളവരോടുള്ള എന്റെ സ്നേഹമാണ് ഞാനാരാണെന്നു വെളിവാക്കുന്നത്.

ഇത് എന്റെ മനസ്സിൽ പെട്ടെന്ന് എതിർപ്പാണുളവാക്കിയത്. ജ്ഞാനത്തിന്റെയും വിശുദ്ധിയുടെയും ശരിയായ വേഷവിധാനത്തിന്റെയും ആവശ്യകതയെ കർത്താവ് കുറച്ചു കാണുന്നതായും സ്നേഹിക്കുന്നവർ മാത്രമാണ് തന്റേതെന്ന് പറയുന്നതായും തോന്നിപ്പോകും. ഈ സന്ദർഭത്തിൽ ശരിയായ ആത്മീയ അനുഭവത്തിന്റെയും പ്രയോഗത്തിന്റെയും കാര്യം കർത്താവ് ഇവിടെ പരാമർശിക്കുന്നുപോലുമില്ല. പാപബോധം, രക്ഷ, വിശുദ്ധീകരണം, സ്നാനം, വിശുദ്ധജീവിതം, ദശാംശം എന്നിവയുടെ കാര്യമോ? ഇവയൊക്കെ അടയാളങ്ങളല്ലേ? ഞാനാരാണെന്ന് എളുപ്പത്തിൽ വെളുപ്പെടുത്തുന്നവയല്ലേ ഇതൊക്കെ? നമ്മുടെ ചിന്തയിൽ അതായിരിക്കാം,

പക്ഷേ യേശുവിനെ സംബന്ധിച്ചിടത്തോളം അവയ്ക്കൊന്നും യാതൊരു പ്രാധാന്യവും ഇല്ല. അപ്പോൾ പിന്നെ അവൻ നമുക്കു തരുന്നത് വിലകുറഞ്ഞതും അനായാസവുമായ ഒരു സുവിശേഷമാണോ? ഒരിക്കലുമല്ല! എന്റെയുള്ളിൽ യേശുവിന്റെ സാന്നിദ്ധ്യവും ശക്തിയും ഇല്ലെങ്കിൽ ഞാൻ എത്രമാത്രം സ്വാർത്ഥനും സ്നേഹരഹിതനുമായ വ്യക്തിയാണെന്ന് കണ്ടെത്താൻ എനിക്കധികസമയം വേണ്ടിവന്നില്ല.

അവന്റെ കല്പനയിലെ രണ്ടാമത്തെ ശ്രദ്ധേയമായ കാര്യം, നമ്മുടെ പരസ്പര സ്നേഹം 'ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ' ആകണമെന്നതാണ്. ഇക്കാര്യത്തിലും അസാധാരണമായ എന്തോ ഒന്നു ഞാൻ കണ്ടു. നാമെല്ലാം അവനെപ്പോലെ ക്രൂശിക്കപ്പെടണമെന്നാണോ? എങ്കിലല്ലേ അതുപോലെ സ്നേഹിക്കാനാകൂ? അത് അനാകർഷകവും അപ്രായോഗികവുമാണെന്നതു തീർച്ച. എല്ലാ ക്രിസ്ത്യാനികളും ക്രൂശിൽ മരിച്ചാൽ പിന്നെ ആര് സുവിശേഷം അറിയിക്കും? മാത്രമല്ല ഇതു പുതിയൊരു അനുഷ്ഠാനമായി മാറുകയും ചെയ്യും. ശ്രദ്ധിക്കൂ. യേശു ഇതു പറഞ്ഞപ്പോൾ അവൻ ക്രൂശിക്കപ്പെട്ടിരുന്നില്ലെന്നു മാത്രമല്ല, അവൻ പറഞ്ഞത് ശിഷ്യന്മാർ ഗ്രഹിക്കുകയും ചെയ്തു. 'സ്നേഹം' എന്നതുകൊണ്ട് നീ എന്താണർത്ഥമാക്കുന്നത്? എന്ന് പത്രൊസുപോലും ചോദിച്ചില്ല. യേശുവിന്റെ ഇതുവരെയുള്ള പ്രവൃത്തികളും അവരോടുള്ള സമീപനവും അവരോടുള്ള അവന്റെ സ്നേഹത്തെ അവർക്കു ബോദ്ധ്യപ്പെടുത്തിയെന്നു മാത്രമല്ല, പ്രായോഗികവും അവർക്ക് അനുകരിക്കാവുന്നതുമായ ഒരു മാതൃക അവർക്കു നൽകുകയും ചെയ്തു.

നമ്മുടെ സംസ്കാരമനുസരിച്ച്, ഒരുവനെ നാം സ്നേഹിക്കുന്നു എന്നറിയാൻ "ഞാൻ നിന്നെ സ്നേഹിക്കുന്നു" എന്നു പറയുകയാണ് ചെയ്യുന്നത്. യേശു സ്നേഹിച്ചുവെങ്കിലും സ്നേഹം പ്രകടമാക്കാൻ അത്തരം മാർഗ്ഗങ്ങൾ അവൻ ഉപയോഗിച്ചതായി തിരുവെഴുത്തിൽ യാതൊരു തെളിവുമില്ല. ശിഷ്യന്മാരെ നിരത്തി നിർത്തി, "പത്രൊസേ, ഞാൻ നിന്നെ സ്നേഹിക്കുന്നു." "യോഹന്നാനേ, ഞാൻ നിന്നെ സ്നേഹിക്കുന്നു" എന്നവൻ പറഞ്ഞിരിക്കാൻ സാദ്ധ്യതയില്ല.

ശിഷ്യന്മാരെ ശുശ്രൂഷിച്ചതിലൂടെയാണ് യേശു തന്റെ സ്നേഹം വെളിപ്പെടുത്തിയത്. തികച്ചും നിസ്വാർത്ഥമായ ഈ രീതിയിൽ ആരും ഒരിക്കലും അവരെ സ്നേഹിച്ചിട്ടില്ല. ഈ കല്പന നിങ്ങൾ വ്യക്തമായി മനസ്സിലാക്കിക്കഴിഞ്ഞാൽ പുതിയനിയമത്തെ കോർത്തിണക്കുന്ന ചരടാണിതെന്ന് നിങ്ങൾക്ക് കണ്ടെത്താൻ പ്രയാസമില്ല. അത്രമാത്രം പ്രാധാന്യമുള്ള കല്പനയും മാതൃകയുമാണിത്.



# ഒന്നിനുവേണ്ടി സകലവും

സ്നേഹത്തോളം വ്യക്തതയുള്ള പുതിയനിയമ വിഷയങ്ങൾ വളരെ വിരളമാണ്. അതിന്റെ പ്രാധാന്യം യേശു തന്നെ അടിവരയിട്ടു പറയുന്നുണ്ട്.

> അവരിൽ ഒരു വൈദികൻ അവനെ പരീക്ഷിച്ചു: "ഗുരോ, ന്യായപ്രമാണത്തിൽ ഏതു കല്പന വലിയതു എന്നു ചോദിച്ചു." യേശു അവനോടു: "നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടും കൂടെ സ്നേഹിക്കണം. ഇതാകുന്നു വലിയതും ഒന്നാമത്തേതുമായ കല്പന. രണ്ടാമത്തേതു അതിനോടുസമം: കൂട്ടുകാരനെ നിന്നെപ്പോലെ തന്നേ സ്നേഹിക്കേണം. ഈ രണ്ടു കല്പനകളിൽ സകലന്യായപ്രമാണവും പ്രവാചകന്മാരും അടങ്ങിയിരിക്കുന്നു" എന്നു പറഞ്ഞു (മത്തായി 22:35–40).

മറ്റൊരു വാക്കിൽ പറഞ്ഞാൽ ഇതാണ് ബൈബിളിന്റെ ഉള്ളടക്കം! ദൈവത്തോടുള്ള സ്നേഹത്തിനും അയൽക്കാരനോടുള്ള സ്നേഹത്തിനും ഇത്രമാത്രം പ്രാധാന്യം ഉണ്ടായിരിക്കെ, സഭകളുടെ ഉപദേശസംഹിതകളിൽ ഇതു കാണാത്തതും, വേദശാസ്ത്രഗ്രന്ഥങ്ങളിൽ ഇതു പരാമർശിക്കാത്തതും നിർഭാഗ്യകരമാണ്. ഈ കല്പനകൾ നമ്മുടെ ദൈനംദിന ജീവിതത്തിൽ പ്രകടമാകാത്തതും എന്നെ ഞെട്ടിച്ചുകളഞ്ഞു.

യേശുവിന്റെ ദാസത്വ സ്വഭാവം സ്നേഹത്തിന്റെ എല്ലാ ഘടകങ്ങളെയും ഉൾക്കൊള്ളുന്നുണ്ടോ? സ്നേഹം ചെയ്യുന്ന കാര്യങ്ങൾ എന്തെല്ലാമാണ്? അപ്പൊസ്തലനായ പൗലൊസ് സ്നേഹത്തെക്കുറിച്ച് പ്രാമാണികമായ ഒരു വിവരണം 1 കൊരിന്ത്യർ 13-ൽ നൽകുന്നുണ്ട്. അന്യഭാഷയും വാക്വൈഭവവും പ്രവചനവും ജ്ഞാനവും വിശ്വാസവും ജീവകാരുണ്യ പ്രവൃത്തികളും സ്നേഹം കൂടാതെ നിഷ്പ്രയോജനമാണ് എന്നവൻ പറയുന്നു. നമ്മുടെ ചില ബലഹീനതകൾക്കെതിരെ വിരൽചൂണ്ടുന്നതാ

ണിത്. വാക്വൈഭവം കൊണ്ടു നമ്മെ ചലിപ്പിക്കുന്ന വാഗ്മികളും ദൂതന്മാരുടെ ഭാഷയിൽ സംസാരിച്ച് നമ്മെ ഹരം കൊള്ളിക്കുന്നവരും പ്രസംഗ പര്യടനങ്ങൾ സംഘടിപ്പിക്കുന്നുവെങ്കിലും അവരിൽ സ്നേഹമില്ലായെങ്കിൽ അവർ ഏതുമില്ല എന്നു പൗലൊസ് പറയുന്നു. സമയാസമയങ്ങളിൽ പ്രവാചകന്മാർ എഴുന്നേറ്റ് സമയങ്ങളും കാലങ്ങളും തീയതികളും അല്ലെങ്കിൽ ദൈവത്തിൽ നിന്നും നേരിട്ടു പ്രാപിച്ച ഏറ്റവും പുതിയ ആലോചനകളും നൽകാറുണ്ട്. അവരെ ഇരുകരങ്ങളും നീട്ടി സ്വീകരിപ്പാൻ നമ്മുടെ ആത്മിക വിശപ്പ് നമ്മെ പ്രേരിപ്പിക്കുമെങ്കിലും, സ്നേഹത്തിൽ നിന്നല്ലെങ്കിൽ ഇതും വെറും പൂഴിസമാനമാണെന്ന് പൗലൊസ് ഓർമ്മിപ്പിക്കുന്നു.

ഞാൻ കോളജിൽ പഠിപ്പിക്കുന്ന ആളാണ്. ജ്ഞാനമാണ് അവിടെ പ്രധാനം. ഒരുവന്റെ പഠന നിലവാരം അളക്കാനുള്ള ഏക വസ്തുത അതു മാത്രമാണ്. ഒരുവന് ആത്യന്തികമായി ബിരുദം നൽകാനുള്ള വസ്തുതയും അതു മാത്രമാണ്. ഉയർന്ന ജ്ഞാനവും ഡിഗ്രിയുമുള്ളവരെ മാതൃകാ വ്യക്തികളായി ഞങ്ങളുടെ സ്ഥാപനം ഉയർത്തിക്കാട്ടാറുണ്ട്. എന്നാൽ സ്നേഹമില്ലായെങ്കിൽ ഇത് വെറും നിഷ്പ്രയോജനമെന്ന് പൗലൊസ് പ്രസ്താവിക്കുന്നു.

വിശ്വാസവും വിശ്വാസത്തെപ്പറ്റിയുള്ള പഠിപ്പിക്കലും ക്രിസ്തീയ മണ്ഡലത്തിലെ വലിയ ബിസിനസ്സാണ്. ഒരുവൻ വന്നിട്ട് വിശ്വാസത്താൽ കോളറാഡോയിലെ പൈക്ക് പർവ്വതം നെബ്രാസ്കയിലേക്ക് മാറ്റി സ്ഥാപിക്കാൻ പോകയാണെന്ന് പറകയും അങ്ങനെ ചെയ്കയും ചെയ്താൽ രാജ്യത്തെ മുഴുവൻ വാർത്താ മാദ്ധ്യമങ്ങളും കണ്ണുമടച്ച് അയാളെ പിന്തുടരുകയും ഏറ്റവും വലിയ സ്റ്റേഡിയങ്ങൾ അയാളുടെ പ്രസംഗത്തിനായി ഒരുക്കുകയും ചെയ്യും. വിശ്വാസം പ്രവൃത്തിയിൽ കാണിക്കുന്നത് ഉന്നതമായ കാര്യമാണ്. എന്നാൽ ഇത് സ്നേഹത്താൽ പ്രേരിതമല്ലെങ്കിൽ അതിനെ കേവലം അർത്ഥശൂന്യമായേ വിലകല്പിക്കാനാവൂ എന്ന് പൗലൊസ് സമർത്ഥിക്കുന്നു.

ഒരു മനുഷ്യസ്നേഹിയുടെ പ്രവർത്തനങ്ങളെ ലോകം സന്തോഷത്തോടെ സ്വീകരിക്കും; മറ്റൊരുവന് അടിമയായിരിക്കാൻ, അവന്റെ അടയാളം ശരീരത്തിൽ വഹിക്കാൻ സന്മനസ്സ് കാണിക്കുന്നവനെ പ്രത്യേകിച്ചും. ആ പ്രവൃത്തിപോലും സ്നേഹത്താലല്ലാതെ മറ്റു കാരണങ്ങളാലാണെങ്കിൽ അർത്ഥശൂന്യമാണ്. ചില ദാനങ്ങൾ സ്വാധീനത്തിനും നികുതി ലാഭത്തിനും വേണ്ടി ചിലർ ചെയ്യാറുണ്ട്.

വാക്ചാതുര്യം, വിശ്വാസം, ജ്ഞാനം, ദാനം എന്നിവയെല്ലാം നമ്മുടെ ദൃഷ്ടിയിൽ നല്ലതും ലാഭകരവുമാണെങ്കിലും സ്നേഹമാണ് ഏറ്റവും ഉന്നതമായ നേട്ടം. സ്നേഹത്താൽ പ്രേരിപ്പിക്കപ്പെട്ടതല്ലെങ്കിൽ നല്ലതും ലാഭകരവുമായ കാര്യങ്ങൾപോലും മരണത്തെ ഉളവാക്കുന്നതായിരിക്കും.





സ്നേഹം എന്താണ്, എന്തു ചെയ്യുന്നു എന്നതിന് വലിയൊരു പട്ടിക പൗലൊസ് നൽകുന്നുണ്ട്.

സ്നേഹം ദീർഘമായി ക്ഷമിക്കുന്നു
സ്നേഹം ദയ കാണിക്കുന്നു
സ്നേഹം സ്പർദ്ധിക്കുന്നില്ല
സ്നേഹം നിഗളിക്കുന്നില്ല
സ്നേഹം അഹങ്കരിക്കുന്നില്ല
സ്നേഹം ദേഷ്യപ്പെടുന്നില്ല
സ്നേഹം സ്വാർത്ഥം അന്വേഷിക്കുന്നില്ല
സ്നേഹം അയോഗ്യമായി പെരുമാറുന്നില്ല
സ്നേഹം ദോഷം കണക്കിടുന്നില്ല
സ്നേഹം സത്യത്തിൽ സന്തോഷിക്കുന്നു
സ്നേഹം അനീതിയിൽ സന്തോഷിക്കുന്നില്ല
സ്നേഹം എപ്പോഴും സംരക്ഷിക്കുന്നു
സ്നേഹം എപ്പോഴും വിശ്വസിക്കുന്നു
സ്നേഹം എപ്പോഴും പ്രത്യാശിക്കുന്നു
സ്നേഹം എപ്പോഴും സഹിഷ്ണുത കാണിക്കുന്നു
സ്നേഹം ഒരുനാളും ഉതിർന്നു പോകയില്ല

ദാസത്വം സ്വാഭാവികമായിത്തന്നെ ഈ പ്രവൃത്തികൾ എല്ലാം നിവർത്തിക്കുന്നു.

സ്നേഹത്തെക്കുറിച്ച് യോഹന്നാൻ പറയുന്നതു ശ്രദ്ധിക്കുക.

> "അവൻ നമുക്കുവേണ്ടി തന്റെ പ്രാണനെ വെച്ചുകൊടുത്തതിനാൽ നാം സ്നേഹം എന്തു എന്നു അറിഞ്ഞിരിക്കുന്നു; നാമും സഹോദരന്മാർക്കുവേണ്ടി പ്രാണനെ വെച്ചുകൊടുക്കേണ്ടതാകുന്നു. എന്നാൽ ഈ ലോകത്തിലെ വസ്തുവകയുള്ളവൻ ആരെങ്കിലും തന്റെ സഹോദരനു മുട്ടുള്ളതു കണ്ടിട്ടു അവനോടു മനസ്സലിവു കാണിക്കാഞ്ഞാൽ ദൈവത്തിന്റെ സ്നേഹം അവനിൽ എങ്ങനെ വസിക്കും? കുഞ്ഞുങ്ങളേ, നാം വാക്കിനാലും നാവിനാലും അല്ല, പ്രവൃത്തിയിലും സത്യത്തിലും തന്നേ സ്നേഹിക്കുക" (1 യോഹന്നാൻ 3:16-18).

ദൈവവുമായുള്ള നമ്മുടെ ബന്ധവും ലോകത്തിലുള്ള നമ്മുടെ ഫലപ്രദമായ ജീവിതവും പരസ്പരം സ്നേഹിക്കാനുള്ള നമ്മുടെ കഴിവിന്റെ അടിസ്ഥാനത്തിലാണ് എന്ന ചിന്ത എന്നിലുണ്ടായപ്പോൾ, എങ്ങനെ നാം പരസ്പരം ഇടപെടണം എന്നതിനെക്കുറിച്ച് പുതിയനിയമം ധാരാളം

നിർദ്ദേശങ്ങൾ നൽകുന്നുണ്ട് എന്നു ഞാൻ കണ്ടെത്തി. ചില ഉദാഹരണ ങ്ങൾ ഇതാ:

തമ്മിൽ തമ്മിൽ ദയ കാണിക്കുക, മറ്റുള്ളവരെ ശ്രേഷ്ഠരായി എണ്ണുക

തമ്മിൽ തമ്മിൽ ഏകഭാവമുള്ളവരാകുക

തമ്മിൽ തമ്മിൽ ബഹുമാനം കൊടുക്ക

തമ്മിൽ തമ്മിൽ വിധിക്കരുത്

അന്യോന്യം ആത്മീയ വർദ്ധന വരുത്തുക

അന്യോന്യം സ്വീകരിക്കുക

അന്യോന്യം പ്രബോധിപ്പിക്കുക

വിശുദ്ധചുംബനത്താൽ അന്യോന്യം വന്ദനം ചെയ്യുക

അന്യോന്യം സേവിപ്പിൻ

അന്യോന്യം ക്ഷമിപ്പിൻ

അന്യോന്യം കീഴടങ്ങിയിരിപ്പിൻ

അന്യോന്യം ഭോഷ്കു പറയരുത്

അന്യോന്യം ആശ്വസിപ്പിച്ചുകൊൾവിൻ

അന്യോന്യം ബുദ്ധിയുപദേശിപ്പിൻ

അന്യോന്യം മുഖപക്ഷം അരുത്

അന്യോന്യം കാത്തിരിപ്പിൻ

അന്യോന്യം പ്രാർത്ഥിപ്പിൻ

അന്യോന്യം സ്നേഹിപ്പിൻ (അനേക പ്രാവശ്യം)

ഇവിടെ വീണ്ടും ദാസത്വം അതിന്റെ പ്രകൃതിയാൽ തന്നെ, നിർവ്വച നമനുസരിച്ച്, ഈ കല്പനകൾ നിവർത്തിക്കുകയാണ്. വർഷങ്ങൾക്കു മുമ്പ് ഒരു ഈസ്റ്റർ പ്രഭാതത്തിൽ ഒരാൾ പ്രസംഗിച്ചതു കേട്ടു, എന്തു വിശ്വ സിക്കണമെന്നതിനെക്കുറിച്ച് ബൈബിൾ ധാരാളം പറയുന്നുണ്ടെങ്കിലും മറ്റുള്ളവരോട് എങ്ങനെ പെരുമാറണമെന്നതിനെക്കുറിച്ച് ഒന്നും പറയു ന്നില്ല എന്ന്. സത്യവിരുദ്ധമായ പ്രസ്താവനയാണിത്. ഈ നിർദ്ദേശങ്ങൾ എല്ലാം ശേഖരിച്ച് പരസ്പര ബന്ധത്തിന്റെ ഒരു ദൈവശാസ്ത്രം തന്നെ നിർമ്മിക്കേണ്ട സമയമാണിത്. അങ്ങനെയായാൽ ദൈവരാജ്യത്തിലെ പൗര ന്മാരെന്ന നിലയിൽ നന്നായി ജീവിക്കാൻ നമുക്കു കഴിയും. ബന്ധങ്ങളെ ക്കുറിച്ച് ഈ തിരിച്ചറിവുണ്ടായാൽ ഈ വിഷയത്തെക്കുറിച്ചുള്ള തിരുവെ ഴുത്തിലെ തത്ത്വങ്ങൾ നമുക്കു നന്നായി പ്രസംഗിക്കാൻ കഴിയും. സ്വാർത്ഥ താൽപ്പര്യങ്ങൾക്കായി തിരുവെഴുത്തുകളെ ദുരുപയോഗം ചെയ്യുന്ന പ്രവ ണത നാം നിർത്തുകയും ചെയ്യും.





ഓരോ വർഷവും ക്രിസ്ത്യൻ എഡ്യൂക്കേഷന്റെ ക്ലാസ്സിലെ വിദ്യാർത്ഥി കളോട്, അവരെ ഏറ്റവും അധികം സ്വാധീനിച്ചതും പഠനത്തിനു പ്രേരണ നൽകിയിട്ടുള്ളതുമായ അദ്ധ്യാപകനെക്കുറിച്ച് ഒരു കടലാസിൽ എഴുതാൻ ഞാൻ ആവശ്യപ്പെടാറുണ്ട്. എല്ലാവരും എഴുതുന്നത് അവരെ സ്നേഹി ക്കുകയും സ്നേഹം പ്രകടിപ്പിക്കുകയും ചെയ്ത അദ്ധ്യാപകന്റെ പേരാ യിരിക്കും. എന്നാൽ എന്റെ അറിവിൽപെട്ടിടത്തോളം ഒരു വിദ്യാഭ്യാസ സ്ഥാപനവും വേദപഠനശാല ഉൾപ്പെടെ, സ്നേഹിക്കാനുള്ള കഴിവ് നോക്കി അദ്ധ്യാപകരെ നിയമിക്കാറില്ല.

സ്നേഹത്തിന്റെ അനിവാര്യതയും യേശു സ്നേഹിച്ചതുപോലെ സ്നേഹിക്കേണ്ടതിന്റെ അനിവാര്യതയും അവസാനിക്കാത്തതാണ്. സ്നേ ഹത്തെ സംബന്ധിച്ച് നമ്മുടെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരം നൽകു ന്നതാണ് യേശുവിന്റെ ദാസമനോഭാവം.

# പലതിൽ ഒന്ന്

യോഹന്നാന്റെ സുവിശേഷത്തിൽ രേഖപ്പെടുത്തിയിട്ടുള്ള (യോഹ.17–ാം അദ്ധ്യായം) യേശുക്രിസ്തുവിന്റെ മഹാപൗരോഹിത്യ പ്രാർത്ഥന, തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്ന കല്പനയുടെ അടിസ്ഥാനത്തിൽ മാത്രമേ വ്യക്തമായി മനസ്സിലാക്കാൻ കഴിയുകയുള്ളൂ. ദൈവവുമായി നമുക്കുള്ള ബന്ധത്തിന്റെ തെളിവ് പതിമൂന്നാം അദ്ധ്യായത്തിൽ നൽകിയ ശ്രേഷ്ഠമായ കല്പനയിലൂടെ അവൻ വ്യക്തമാക്കി. ഇവിടെ അവന്റെ പ്രാർത്ഥനയിലൂടെ അവൻ വ്യക്തമാക്കിയ മറ്റൊരു കാര്യം, ബന്ധത്തിന്റെ സുവിശേഷീകരണവശം എന്റെ സഹോദരനെ സ്നേഹിക്കാനുള്ള എന്റെ കഴിവിനോടു ബന്ധപ്പെട്ടിരിക്കുന്നു എന്നതാണ്.

ഈ മഹത്തായ പ്രാർത്ഥനയിൽ, യേശു ഒരേ വിഷയത്തിനുവേണ്ടി അഞ്ചു പ്രാവശ്യം പ്രാർത്ഥിക്കുന്നുണ്ട് — നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്ന തരത്തിലുള്ള ആവർത്തനം. പലരായ തന്റെ ശിഷ്യന്മാർ ഒന്നായി തീരേണ്ടതിനുവേണ്ടി അവൻ പ്രാർത്ഥിക്കുന്നു! അവന്റെ പ്രാർത്ഥന അതിശയകരമാംവിധം ലളിതമാണ്. അവനും പിതാവും ഒന്നായിരിക്കുന്നതുപോലെ നാമും ഒന്നായിരിക്കേണ്ടതിന് അവൻ പ്രാർത്ഥിക്കുന്നു. ഞാൻ ത്രിത്വത്തിൽ വിശ്വസിക്കുന്നവനാണെങ്കിലും ഇതെനിക്കു മനസ്സിലാകുന്നില്ല എന്നു ഞാൻ സമ്മതിക്കുന്നു. മൂന്നു വേറിട്ടവരും വ്യത്യസ്തരുമായ ആളുകൾ വേർപിരിയാത്ത വ്യക്തിത്വമായിരിക്കുന്നത് എങ്ങനെ എന്ന് മനസ്സിലാക്കാൻ ബുദ്ധിമുട്ടുണ്ട്. അതൊരു താദാത്മ്യമാണ്, കമ്മിറ്റിയല്ല. കമ്മിറ്റിയാണെങ്കിൽ യേശുവിനെ ഭൂമിയിലയക്കാൻ ഒരാൾക്കെതിരെ രണ്ടുപേർ വോട്ടു ചെയ്തേനെ, എന്നാൽ അവരുടെ കൂട്ടായ്മ, “എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു” എന്നു യേശുവിനു പറയുവാൻ കഴിയുമാറുള്ളതായിരുന്നു.

“ഞാൻ എങ്ങനെയുള്ള ക്രിസ്താനിയാണെന്നറിയണമെങ്കിൽ മറ്റൊരു

ക്രിസ്ത്യാനിയെ പരിശോധിക്കുക. ഞാൻ അവനെപ്പോലെയാണ്" എന്നു നമുക്കു പറയണമെങ്കിൽ നമുക്ക് എങ്ങനെയുള്ള കൂട്ടായ്മയാണ് ഉണ്ടായിരിക്കേണ്ടത്? ഇതു സംഭവിക്കണമെങ്കിൽ സഭയ്ക്കുള്ളിലും സഭക്കതീതമായും നാം പരസ്പരം പ്രകടിപ്പിക്കുന്ന സ്നേഹത്തിന് മാറ്റവും വളർച്ചയും സംഭവിച്ചേ തീരൂ.

ഐക്യത്തിനു വേണ്ടിയുള്ള പ്രാർത്ഥനയിൽ അവൻ പരാമർശിക്കുന്ന മറ്റൊരു സംഗതി, സുവിശേഷീകരണത്തിൽ ഗൗരവമായി പാലിക്കേണ്ട ഒന്നാണ്. അവൻ പ്രാർത്ഥിക്കുന്നത്, "നീ എന്നെ അയച്ചിരിക്കുന്നു എന്നും നീ എന്നെ സ്നേഹിക്കുന്നതുപോലെ *അവരെയും സ്നേഹിക്കുന്നു എന്നും ലോകം അറിവാൻ*, നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നാകേണ്ടതിനു ഞാൻ അവരിലും നീ എന്നിലുമായി അവർ ഐക്യത്തിൽ തികഞ്ഞവരായിരിക്കേണ്ടതിനു തന്നേ" (യോഹന്നാൻ 17:23) എന്നാണ്.

ലോകത്തിന്റെ പ്രതിരോധത്തെ തകർത്ത് സുവിശേഷം എത്തിക്കാൻ കൂടുതൽ ഫലപ്രദമായ പദ്ധതികൾ ഒരുക്കുന്നതിനെ ചുറ്റിപ്പറ്റിയാണ് എന്റെ സുവിശേഷീകരണ പദ്ധതികൾ അധികവും മുന്നേറുന്നത്. അതിനാൽ ആളാംപ്രതി സുവിശേഷ വേലയിൽ മുന്തിയ വിപണന തന്ത്രങ്ങൾ ഞാൻ കണ്ടെത്തുന്നു. ഉയർന്ന സ്റ്റേജ് പ്രോഗ്രാമുകൾ നടത്തുന്നു. ഏറ്റവും നന്നായി പ്രസംഗിക്കുന്നവരെ കൊണ്ടുവരുന്നു, മാദ്ധ്യമങ്ങളെ ഏറ്റവും നന്നായി ഉപയോഗിക്കുന്നു. എങ്കിലും ഏറ്റവും ഫലപ്രദമായി ലോകത്തെ നേരിടുന്നതിനുള്ള ശക്തി നിലകൊള്ളുന്നത് നാം എത്ര നന്നായി പരസ്പരം സ്നേഹിക്കുന്നു എന്നതിലും യേശു പ്രാർത്ഥിച്ച ഐക്യം സഫലീകരിക്കുന്നതിലുമാണ്.

ക്രിസ്തുവിൽ നാം വസിക്കുന്നു എന്നതിന്റെ ഏറ്റവും വ്യക്തമായ ആ ഫലം നമ്മിൽ ഇല്ലാത്തിടത്തോളം കാലം ലോകം എന്തിനു നമ്മെ ശ്രദ്ധിക്കണം? ഐക്യതയാകുന്ന സ്നേഹത്തിന്റെ ഫലം ഉളവാകാത്തിടത്തോളം ക്രിസ്ത്യാനിത്വം കേവലം സംവാദത്തിനുള്ള ഒരു തത്ത്വശാസ്ത്രം മാത്രമായിരിക്കും; ജീവിക്കാനുള്ള ഒന്നായിരിക്കയില്ല. ഭിന്നതയുടെ അടിസ്ഥാനം സ്വാർത്ഥതയും ഐക്യതയുടെ അടിസ്ഥാനം ദാസത്വവുമാണ്. നമ്മുടെയിടയിൽ യഥാർത്ഥസ്നേഹം വെളിപ്പെട്ടാൽ, ലോകം നമ്മുടെ വീട്ടുവാതിലിൽ മുട്ടി "സ്വർഗ്ഗരാജ്യം ബലാൽക്കാരേണ കൈവശമാക്കും."

യോഹന്നാൻ 13-ലെ കല്പനയിലും യോഹന്നാൻ 17-ലെ പ്രാർത്ഥനയിലും പറഞ്ഞിരിക്കുന്ന "നിങ്ങൾ എന്റെ ശിഷ്യൻമാരെന്ന് എല്ലാവരും അറിയും," "നീ എന്നെ അയച്ചു എന്നു ലോകം അറിയേണ്ടതിന്" എന്നീ പ്രസ്താവനകളാൽ തന്റെ ശിഷ്യന്മാരെ ന്യായംവിധിക്കുവാൻ യേശു ലോകത്തിന് അവസരം നൽകിയിരിക്കുകയാണ്. ഇവിടെ വീണ്ടും എന്റെ





മനസ്സ് എതിർക്കുന്നു. ഇത് അനീതിയാണ്! എന്റെ ജീവിതകാലം മുഴുവനും, "നിങ്ങൾക്കെന്നെ വിധിക്കാനാവില്ല; നിങ്ങൾ പുറമേ മാത്രമേ കാണുന്നുള്ളു; ദൈവം എന്റെ ഹൃദയവും കാണുന്നു" എന്ന നീതീകരണത്തിനു പിന്നിൽ ഞാൻ ഒളിച്ചിരിക്കയായിരുന്നു. അതു ശരിയായിരിക്കാം, എന്നാൽ ഇവിടെ നമ്മുടെ രക്ഷയുടെയും വളർച്ചയുടേയും ഫലം പരിശോധിക്കുവാൻ ദൈവം ലോകത്തിന് അധികാരം കൊടുത്തിരിക്കുന്നു.

എന്റെ മുറ്റത്തൊരു മരം നിൽപ്പുണ്ട്. ഞാൻ വീടു വാങ്ങുന്ന സമയം അതു പീച്ചു മരമാണെന്നായിരുന്നു പറഞ്ഞിരുന്നത്. അതിനു പീച്ച് മരത്തിന്റെ രൂപമാണെന്നതും ഇലകൾ പീച്ച് മരത്തിന്റെ ഇലകൾപോലെയാണെന്നതും ശരിയാണെങ്കിലും ഇക്കാലമത്രയും ഒരു കായ്പോലും അതിലുണ്ടായിട്ടില്ല. അതു വെട്ടിക്കളയാൻ ഒരു കോടാലിയുമായി ഞാൻ ചെല്ലുമ്പോൾ അതെന്നോട് യാചിക്കുന്നുവെന്ന് കരുതുക, "എന്നെ വെട്ടരുത്. പുറമേ നോക്കി നിനക്കെന്നെ വിധിക്കാൻ കഴികയില്ല. ഹൃദയത്തിൽ ഞാൻ ഒരു യഥാർത്ഥ പീച്ച് മരമാണ്." അത്തരം യാചനകൾ ഞാൻ ഒരിക്കലും ശ്രദ്ധിക്കുകയില്ല. അതിനെ സൃഷ്ടിച്ചതും നട്ടതും ഫലത്തിനുവേണ്ടിയാണ്; പീച്ച് ഹൃദയത്തിനുവേണ്ടിയല്ല!

ഞാൻ എന്നോടു തന്നെ ചോദിക്കേണ്ട ചോദ്യം, യേശുവിന്റെ പ്രാർത്ഥനയുടെ നിവൃത്തിയിൽ ഞാനും ഒരു ഭാഗമാണോ എന്നതാണ്. ഞാൻ സ്വർഗ്ഗരാജ്യത്തിലേക്കുള്ള ഒരു വാതിലാണോ അതോ, നമ്പർ അറിയില്ലെങ്കിൽ – എന്റെ ശരിക്കുള്ള സ്വഭാവം – മറ്റുള്ളവർക്കു തുറന്നുകൊടുക്കാത്ത വാതിലിലെ പൂട്ടാണോ?

ഇവിടെ വീണ്ടും മറ്റുള്ളവരെ സ്നേഹിക്കയും സേവിക്കയും ചെയ്യേണ്ടതിന്റെ ആവശ്യകതയിലേക്ക് ഞാൻ വരികയാണ്. ഒരു ക്രിസ്ത്യാനിയായി അംഗീകരിക്കപ്പെടാനും ലോകത്തെ നേടുന്നതിൽ ഫലപ്രദമാകുന്നതിനും ഇത് അനിവാര്യമാണ്. യേശു കല്പിച്ചതുപോലെ സ്നേഹിക്കാനും അവൻ ആഗ്രഹിച്ചതുപോലെ ശരീരത്തോട് ഐക്യപ്പെടുവാനും കഴിയണമെങ്കിൽ, അവൻ പിതാവിന്റെ സമ്പൂർണ്ണ വെളിപ്പാടും എന്റെ മാതൃകയുമാണെന്ന് ഞാൻ മനസ്സിലാക്കണം. പരിശുദ്ധാത്മാവിനാൽ ഞാൻ നിറയപ്പെട്ടവനെങ്കിൽ പരിശുദ്ധാത്മാവ് യേശുവിനെക്കുറിച്ച് പ്രസ്താവിക്കുന്നതു ഞാൻ കേൾക്കുകയും യേശുവിനെപ്പോലെ ആകുവാൻ ആത്മാവിന്റെ നടത്തിപ്പുകളെ പിന്തുടരുകയും ചെയ്യും.

# യേശുവിന്റെ ശൈലി

## നമ്മുടെ കൈയെത്തും ദൂരത്ത്

നമ്മുടെ ജീവിതത്തിൽ പ്രായോഗികമാക്കപ്പെടാത്ത വേദശാസ്ത്രമൊന്നുംതന്നെ നമ്മിൽ ഭീഷണിയോ, പ്രത്യാഘാതമോ സൃഷ്ടിക്കുന്നില്ല. യേശുവിനെക്കുറിച്ചുള്ള ഈ പഠനവും അങ്ങനെ തന്നെയാണ്. നമ്മുടെ കർത്താവിനെപ്പോലെ ജീവിക്കാൻ നാം ധൈര്യപ്പെടുംവരെ നമ്മുടെ ജീവിതം സുരക്ഷിതവും സാധാരണവുമായ ഒന്നായിരിക്കും. ആ സമയത്താണ് യേശുവിന്റെ ഈ വാഗ്ദത്തം സത്യമായിത്തീരുന്നത്: "എന്റെ നാമം നിമിത്തം എല്ലാവരും നിങ്ങളെ പകെക്കും" (മത്തായി 10:22). അനേക വാഗ്ദത്ത പേടകങ്ങളിലും കാണാത്ത ഒരു വാഗ്ദത്തമാണിത്.

ആദ്യഭാഗത്ത് നാം ശ്രദ്ധിച്ചതുപോലെ, യേശുവിന്റെ സ്വഭാവത്തിന്റെ മിക്ക സവിശേഷതകളും പിതാവിന്റെ സ്വഭാവത്തെയും ഉദ്ദേശത്തെയും വെളിപ്പെടുത്താൻ അതുല്യമായ നിലയിൽ രൂപപ്പെടുത്തിയതും നിവർത്തിക്കുവാൻ നമുക്കു കല്പന ഇല്ലാത്തതുമാണ്. ഉദാഹരണത്തിന്, ചോദ്യം ചെയ്യപ്പെടുന്ന പിതൃത്വത്തോടെ പുൽക്കൂട്ടിൽ ജനിക്കുവാനും ഒരു സാധാരണ പേരു സ്വീകരിക്കുവാനും ദൂതന്മാരുടെ പ്രഖ്യാപനം ഏറ്റുവാങ്ങാനും എനിക്കു സാധിക്കുകയില്ല. ദാരിദ്ര്യത്തിലും, മോശമായ സാഹചര്യത്തിലും എനിക്കു വളരാമെങ്കിലും നിങ്ങളുടെ വീണ്ടെടുപ്പിന് അതു ഉപയോഗപ്രദമല്ല. യേശുവിന്റെ മറ്റ് പ്രത്യേകതകളായ ശിഷ്യഗണങ്ങളോടും അപമാനകരമായ മരണത്തോടും ഉള്ള ബന്ധത്തിലും ഇതു ശരിയാണ്.

ഇവയെല്ലാം അവന്റെ പ്രകൃതിയുടെ കേവലം അടയാളങ്ങളും നമുക്കു പകർത്താൻ കഴിയാത്തവയും ആണെങ്കിലും സ്വർഗ്ഗരാജ്യത്തിന്റെ പഠിപ്പി

ക്കലുകളിലും ഫിലിപ്പിയർ 2:5-11-ലും വെളിപ്പെടുത്തപ്പെട്ട അവന്റെ പ്രകൃതി നമ്മുടെ കൈയെത്താവുന്ന ദൂരത്താണ്.

*സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും വലിയവൻ ആരാണ്?*

"ഒരുവൻ മുമ്പൻ ആകുവാൻ ഇച്ഛിച്ചാൽ അവൻ എല്ലാവരിലും ഒടുക്കത്തവനും എല്ലാവർക്കും ശുശ്രൂഷകനും ആകേണം."
(മർക്കൊസ് 9:35)

"ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ; അവരെ തടുക്കരുത്; സ്വർഗ്ഗരാജ്യം ഇങ്ങനെയുള്ളവരുടേതല്ലോ."
(മത്തായി 10:14)

"ദൈവരാജ്യത്തെ ശിശു എന്നപോലെ കൈക്കൊള്ളാത്തവൻ ആരും ഒരുനാളും അതിൽ കടക്കയില്ല" എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു.
(മർക്കൊസ് 10:15)

"ജാതികളിൽ അധിപതികളായവർ അവരിൽ കർത്തൃത്വം ചെയ്യുന്നു; അവരിൽ മഹത്തുക്കളായവർ അവരുടെമേൽ അധികാരം നടത്തുന്നു എന്നു നിങ്ങൾ അറിയുന്നു. നിങ്ങളുടെ ഇടയിൽ അങ്ങനെ അരുത്."
(മർക്കൊസ് 10:42,43)

"ആകയാൽ ഈ ശിശുവിനെപ്പോലെ തന്നെത്താൻ താഴ്ത്തുന്നവൻ സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും വലിയവൻ ആകുന്നു."
(മത്തായി 18:4)

"നിങ്ങളിൽ വലിയവൻ ഇളയവനെപ്പോലെയും നായകൻ ശുശ്രുഷിക്കുന്നവനെപ്പോലെയും ആകട്ടെ."
(ലൂക്കൊസ് 22:26)

"കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ കാൽ കഴുകി എങ്കിൽ
നിങ്ങളും തമ്മിൽ തമ്മിൽ കാൽ കഴുകേണ്ടതാകുന്നു.
ഞാൻ നിങ്ങൾക്കു ചെയ്തതുപോലെ നിങ്ങളും ചെയ്യേണ്ടതിനു
ഞാൻ നിങ്ങൾക്കു ദൃഷ്ടാന്തം തന്നിരിക്കുന്നു.
ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു:
ദാസൻ യജമാനനെക്കാൾ വലിയവൻ അല്ല."
(യോഹന്നാൻ 13:14-16)

"നിങ്ങളെല്ലാവരിലും ചെറിയവനായവൻ അത്രേ വലിയവൻ ആകും എന്നു അവരോടു പറഞ്ഞു."
(ലൂക്കൊസ് 9:48)



# നിങ്ങളുടെ ശുശ്രൂഷയ്ക്ക്

*"ഒന്നാമൻ ആകുവാൻ ഇച്ഛിക്കുന്നവൻ എല്ലാവർക്കും ദാസൻ ആകേണം"*

സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും വലിയവൻ എന്നാൽ എന്താണെന്ന് യേശു ശിഷ്യന്മാരെ പഠിപ്പിക്കാൻ ആരംഭിച്ചപ്പോൾ സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും വലിയവനായ തന്റെ സ്വന്തം പ്രകൃതിയെക്കുറിച്ചാണ് പഠിപ്പിച്ചത്. ആ സമയത്ത് യേശുവിന്റെ ദാസത്വത്തെ അടുത്തറിയാൻ ശിഷ്യന്മാർക്ക് അവസരം ലഭിക്കയും അവൻ പറഞ്ഞത് അവർക്കു മനസ്സിലാകുകയും ചെയ്തു.

ഏറ്റവും വലിയവൻ എല്ലാവർക്കും അടിമ അല്ലെങ്കിൽ ദാസനാകണം. എന്റെ സ്വാഭാവികമായ താല്പര്യങ്ങൾക്ക് എത്രയോ വിരുദ്ധമാണിത്. എന്റെ സംസ്കാരം എന്നെ പഠിപ്പിക്കുന്നത്, ക്രിസ്തീയ ആശയങ്ങളനുസരിച്ച് നന്നായി ജീവിച്ചാൽ ദൈവം എന്നെ നേട്ടങ്ങൾ കൊണ്ടനുഗ്രഹിക്കയും സ്ഥിരമായ മുന്നേറ്റങ്ങളിലൂടെ ഞാൻ ബോസ്സോ അല്ലെങ്കിൽ പ്രസിഡന്റോ ആയിത്തീരുമെന്നുമാണ്. യേശുവിന്റെ യഥാർത്ഥ സ്വഭാവം എന്റെ ഉൽക്കർഷേച്ഛയുള്ള കാഴ്ചപ്പാടിലും എത്രയോ വ്യത്യസ്തമാണ്!

ഞാൻ വീട്ടിൽ വന്നിട്ട്, ഞാൻ ഒരു അടിമയായിത്തീരാൻ തീരുമാനിച്ചു എന്നു പറഞ്ഞാൽ എന്റെ വീട്ടുകാരുടെ പ്രതികരണം എന്തായിരിക്കും? അത്ര സന്തോഷകരമായിരിക്കാൻ സാദ്ധ്യതയില്ല. വാസ്തവത്തിൽ അതെനിക്ക് അഭിമാനത്തോടെ പറയാൻ പറ്റിയ ഒന്നല്ല. യേശുവിന്റെ സ്വഭാവവും അതെന്റെ ജീവിതത്തിൽ പ്രാവർത്തികമാക്കുന്നതും മറ്റുള്ളവരെ ആകർഷിക്കാൻ പറ്റിയ ഒന്നല്ല.

എനിക്കിഷ്ടമുള്ള ഒരു കൂട്ടം ആളുകളുടെ ദാസനായിരിക്കാൻ എനിക്കു കഴിഞ്ഞേക്കും. പക്ഷേ അങ്ങനെ രക്ഷപ്പെടാൻ തിരുവെഴുത്ത് അനുവദിക്കുന്നില്ല. യേശു പറഞ്ഞു: "എല്ലാവർക്കും ദാസൻ ആകേണം."

ഒരു ദാസന്റെ ജോലി മറ്റുള്ളവരുടെ ജീവിതം സന്തോഷപ്രദമാകാൻ തനിക്കു കഴിയുന്നതെല്ലാം ചെയ്യുക എന്നതാണ്. ഒരു ദാസന്റെ പ്രഥമ താല്പര്യം അവനെ സംബന്ധിച്ചുള്ളതല്ല, മറ്റുള്ളവരെ സംബന്ധിച്ചുള്ള താണ്. അടിമത്തത്തെക്കുറിച്ചല്ല ഞാൻ സംസാരിക്കുന്നത്. മറ്റുള്ളവരെ ശുശ്രൂഷിക്കുവാൻ നമ്മുടെ ഇഷ്ടാനുസരണമുള്ള തിരഞ്ഞെടുപ്പാണ് ദാസ ത്വം. അതു ബലാൽക്കാരത്തിന്റെയോ, ചൂഷണത്തിന്റെയോ ഫലമായി ട്ടുള്ളതല്ല.

## ചവിട്ടുമെത്തയിൽ തട്ടി വീഴരുത്

ഒരു ചവിട്ടുമെത്തയാകുന്നത് സന്തോഷകരമായ കാര്യമല്ല; യേശു വിന്റെ ചവിട്ടുമെത്ത ആയാൽപ്പോലും. ചൂഷണത്തിൽ മറഞ്ഞിരിക്കുന്ന ശക്തിയും യേശുവിന്റെ സ്വഭാവം അതിനെ എങ്ങനെ തടയുന്നുവെന്നും നാം മനസ്സിലാക്കുന്നില്ലെങ്കിൽ നാം വളരെ വേഗം ചൂഷണത്തിനു വിധേ യരാകാനും കേവലം ചവിട്ടുമെത്തയായിത്തീരാനും സാദ്ധ്യതയുണ്ട്.

നമ്മുടെ പരസ്പരമുള്ള ബന്ധത്തിലേക്ക് മുതലെടുപ്പ് വ്യാപിക്കാ റുണ്ട്. കൗശലത്തിലൂടെയും വഞ്ചനയിലൂടെയും മറ്റുള്ളവരെക്കൊണ്ട് നമ്മുടെ കാര്യങ്ങൾ സാധിച്ചെടുക്കാറുണ്ട്. നമ്മുടെ കൗശലത്തിൽ അവർ വീഴുമ്പോൾ നാം അതിന് അവരെ ബഹുമാനിക്കയല്ല മറിച്ച് നിന്ദിക്കയാണ് ചെയ്യാറുള്ളത്. അവർ വഴിപ്പെടാതിരുന്നാലോ, ധാർമ്മികരോഷത്തോടെ നമ്മെ സേവിക്കാൻ അവർ തയ്യാറാകേണ്ടതാണെന്ന് ഉപദേശിക്കും.

എന്നോട് ചിലയാളുകൾ അവർക്കുവേണ്ടി ചിലതു ചെയ്യാൻ ആവ ശ്യപ്പെടാറുണ്ട്. അത് അവർക്ക് ഗുണം ചെയ്കയില്ല എന്നറിയാവുന്നതി നാൽ ഞാനതു നിരസിക്കുമ്പോൾ അവർ പറയും, "താങ്കൾ ഒരു വിശ്വാ സിയാണെന്നാണ് ഞാൻ കരുതിയത്. ഒരു വിശ്വാസി ഇത്തരം കാര്യങ്ങൾ ചെയ്യേണ്ടവനല്ലേ?" അതൊരു കുറ്റാരോപണമാണ്. എനിക്ക് ഒരു കാര്യം ചെയ്യാൻ ഇഷ്ടമില്ലാതിരിക്കയും അതിന്റെ പേരിൽ കുറ്റബോധം അനുഭ വിക്കേണ്ടിവരികയോ ചില വ്യക്തികളുമായി തെറ്റേണ്ടി വരികയോ, അവർ ക്കുവേണ്ടി അതു ചെയ്യാതിരിക്കാൻ ഭയപ്പെടുകയോ ചെയ്യുമ്പോൾ ഞാൻ മുതലെടുക്കപ്പെടുകയാണ്.

ഞാൻ ചൂഷണത്തിനു വിധേയനാകുമ്പോൾ എനിക്കു കൂടുതൽ വിഷ മമാകുന്നു. ഇനിയും എനിക്കതു സംഭവിക്കുമെന്നറിയുമ്പോൾ എന്റെ സ്വാഭിമാനം നഷ്ടപ്പെടുന്നു. ചൂഷണത്തിന്റെ ഏറ്റവും ശക്തമായ ഭാവം ഞാൻ അറിയുന്നത്, അവർക്കുവേണ്ടി ഈ കാര്യം ചെയ്താൽ അവരും വിശ്വാസി ആകുന്ന കാര്യം പരിഗണിക്കും എന്നു പറയുമ്പോഴാണ്. അങ്ങ നെ ചെയ്യുന്നതിലൂടെ ഞാനായിരിക്കുമോ അവരെ വിശ്വാസത്തിലേക്കു നയി ക്കുന്നത് എന്ന ചോദ്യം ഉയരുമ്പോഴാണ് എനിക്കതു പ്രശ്നമാകുന്നത്.





ചില സമയത്ത് ആളുകൾ നമ്മെക്കൊണ്ട് ചില കാര്യങ്ങൾ ചെയ്യി ക്കുന്നത്, അതു ചെയ്യുന്നതുവരെ സ്നേഹമോ പണമോ നമുക്കു നിഷേ ധിച്ചുകൊണ്ടാണ്. മാതാപിതാക്കൾ കുട്ടികളെ മുതലെടുക്കുന്നത് അനു സരിച്ചില്ലെങ്കിൽ രോഗം വരുമെന്ന് ഭീഷണിപ്പെടുത്തിക്കൊണ്ടാണ്. ഇങ്ങനെ ധാരാളം കാര്യങ്ങൾ പറയാനുണ്ടാകും.

ആളുകൾ യേശുവിനെ ചൂഷണം ചെയ്യാൻ ശ്രമിച്ച അവസരങ്ങൾ ധാരാളമുണ്ട്. അവനെ വാക്കിൽ കുടുക്കേണ്ടതിന് പരീശന്മാരെയും ഹെരോദ്യരെയും അവന്റെ അടുക്കൽ അയച്ചു.

> അവർ വന്നു: "ഗുരോ, നീ മനുഷ്യരുടെ മുഖം നോക്കാതെ ദൈവ ത്തിന്റെ വഴി നേരായി പഠിപ്പിക്കുന്നതുകൊണ്ടു നീ സത്യവാനും ആരേയും ഗണ്യമാക്കാത്തവനും എന്നു ഞങ്ങൾ അറിയുന്നു; കൈസർക്കു കരം കൊടുക്കുന്നതു വിഹിതമോ അല്ലയോ? ഞങ്ങൾ കൊടുക്കയോ കൊടുക്കാതിരിക്കയോ വേണ്ടതു എന്നു അവ നോടു ചോദിച്ചു. അവൻ അവരുടെ കപടം അറിഞ്ഞു..." നിങ്ങൾ എന്നെ പരീക്ഷിക്കുന്നതെന്ത്? എന്നു പറഞ്ഞു (മർക്കൊസ് 12:13-15).

ചൂഷണത്തെ പ്രതിരോധിക്കാനുള്ള പ്രധാന മാർഗ്ഗം താഴ്മയാണ്. നാം ആരാണെന്ന് മനസ്സിലാക്കുകയും അതിനെ നേരിടുകയും ചെയ്യു കയാണ് താഴ്മ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. യേശുവിന് താൻ ആരാണെന്നറിയാമായിരുന്നു, അതിനാൽ അവൻ സ്വസ്ഥനായിരുന്നു, അവൻ അവരുടെ മുഖസ്തുതിയിൽ മയങ്ങിപ്പോയില്ല. അവന്റെ സ്ഥാനത്തു ഞാനായിരുന്നെങ്കിൽ, ഞാൻ ചിന്തിക്കുന്നത്, ഒടുവിൽ എന്റെ വില എന്താ ണെന്ന് ഈ ആളുകൾ മനസ്സിലാക്കിയെന്നും എന്റെ കഴിവു പ്രകടിപ്പി ക്കാൻ പറ്റിയ അവസരമാണിതെന്നും ആയിരിക്കും. ശരിയായ അംഗീകാരം സ്വീകരിക്കുന്നതിൽ തെറ്റൊന്നുമില്ല, എന്നാൽ താഴ്മയെന്നത് മുഖസ്തുതി തിരിച്ചറിയുന്നതും എപ്പോഴാണത് സംഭവിക്കുന്നതെന്നറിയുന്നതുമാണ്.

യേശു ചൂഷണത്തെ മുൻപ് ചെയ്തതുപോലെ ശക്തമായി എതി ർത്തു:

> "അനന്തരം പരീശന്മാർ വന്നു അവനെ പരീക്ഷിച്ചുകൊണ്ട് ആകാശത്തുനിന്നു ഒരു അടയാളം അന്വേഷിച്ചു അവനുമായി തർക്കിച്ചു തുടങ്ങി. അവൻ ആത്മാവിൽ ഞരങ്ങി: ഈ തലമുറ അടയാളം അന്വേഷിക്കുന്നത് എന്തു? ഈ തലമുറെക്കു അട യാളം ലഭിക്കയില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറ യുന്നു എന്നു പറഞ്ഞു. അവരെ വിട്ടു പിന്നെയും പടകു കയറി അക്കരെക്കു കടന്നു" (മർക്കൊസ് 8:11-13).

പരീശന്മാർ തന്നെ സമീപിച്ചത് ശത്രുതയോടെയാണെന്നും സഹായം ചോദിക്കാനല്ലെന്നും യേശു അറിഞ്ഞിരുന്നു. താഴ്മയിലൂടെ (തന്റെ യഥാർത്ഥ അവസ്ഥയിൽ, ഒട്ടും ഉയർന്നല്ല, ഒട്ടും താണുമല്ല) തനിക്കു അനുഭവപ്പെട്ട കോപം പ്രകടിപ്പിക്കാൻ യേശുവിനു കഴിഞ്ഞു. കൂടുതൽ സംസാരിക്കുന്നതുകൊണ്ട് പ്രയോജനമില്ലെന്നു മനസ്സിലാക്കിയ യേശു അവരെ വിട്ടുപോയി.

ചൂഷണത്തെ എതിർക്കുന്നതിനുള്ള രണ്ടാമത്തെ മാർഗ്ഗം മാറിപ്പോകുക എന്നതാണ്. ഒന്നിലധികം പ്രാവശ്യം യേശു അതു ചെയ്തിട്ടുണ്ട്.

യോഹന്നാൻ രേഖപ്പെടുത്തുന്നത്, “അവർ വന്നു തന്നെ പിടിച്ചു രാജാവാക്കുവാൻ ഭാവിക്കുന്നു എന്നു യേശു അറിഞ്ഞിട്ടു പിന്നെയും തനിച്ചു മലയിലേക്കു വാങ്ങിപ്പോയി” (യോഹന്നാൻ 6:15) എന്നാണ്.

ചൂഷണത്തിന്റെ ഒരു പ്രത്യേകത, അതു തിരഞ്ഞെടുപ്പിനുള്ള നമ്മുടെ സ്വാതന്ത്ര്യത്തെ ഹനിക്കുന്നു എന്നതാണ്. ഒന്നുകിൽ പ്രതിരോധത്തോടെ നാം അതിനെ സമീപിക്കും. അല്ലെങ്കിൽ മറ്റുള്ളവരുടെ തിരഞ്ഞെടുപ്പനുസരിച്ച് നാം പ്രവർത്തിക്കും. യേശുവിനെ ചൂഷണം ചെയ്യാൻ വന്ന ഒരാൾക്കുപോലും പ്രതീക്ഷിച്ച ഉത്തരം ലഭിച്ചില്ല. യേശുവിന്റെ യഥാർത്ഥ ചിന്തയുടെ പ്രകടനമാണ് അവർക്കു ലഭിച്ചത്. ചിലരിൽ നിന്നും അവൻ മാറിപ്പോകുകയും ചെയ്തു. ഓരോ സംഭവത്തിലും തിരഞ്ഞെടുക്കാനുള്ള തന്റെ കഴിവ് അവൻ സംരക്ഷിക്കുകയുണ്ടായി.

അടിച്ചേൽപ്പിക്കുന്ന അടിമത്തവും തിരഞ്ഞെടുക്കുന്ന ദാസത്വവും തമ്മിൽ പ്രകടമായ വ്യത്യാസമുണ്ട്. യേശു തന്റെ ജീവനെ വെച്ചുകൊടുക്കുകയാണെന്നും അത് അവനിൽ നിന്നും ആരും എടുക്കുകയില്ലെന്നും പറഞ്ഞപ്പോൾ, സ്നേഹത്തിന്റെ അടിസ്ഥാന പ്രമാണത്തെ വിവരിക്കയാണവൻ ചെയ്തത്. മറ്റുള്ളവർക്ക് പ്രയോജനകരവും അവരെ സേവിക്കുന്നതുമായ കാര്യങ്ങളാണ് സ്നേഹം എപ്പോഴും തിരഞ്ഞെടുക്കുന്നത്; എങ്കിലും അതൊരു തിരഞ്ഞെടുപ്പാണ്; സ്വയം തിരഞ്ഞെടുക്കുന്നതിലൂടെ മാത്രമേ നിങ്ങൾക്കു സ്നേഹിക്കാനാവൂ. നിയമം മൂലമോ, ശക്തി പ്രയോഗിച്ചോ, മുതലെടുപ്പിലൂടെയോ യഥാർത്ഥ സ്നേഹം ഉളവാക്കാൻ കഴികയില്ല. തിരഞ്ഞെടുക്കാനുള്ള അവന്റെ അവകാശത്തെ ഹനിക്കുന്ന എന്റെ എന്തു പ്രവൃത്തിയും അവന്റെ വ്യക്തിത്വത്തിന്മേലുള്ള കടന്നുകയറ്റമായിരിക്കും. തിരഞ്ഞെടുപ്പിനുള്ള എന്റെ അവകാശത്തിന്മേൽ ഭീഷണി ഉയരുമ്പോൾ, ഞാൻ സ്നേഹിക്കപ്പെടുന്നില്ലെന്നും, ശുശ്രൂഷയ്ക്ക് വാതിൽ തുറക്കുന്നില്ലെന്നും എനിക്കു മനസ്സിലാകും.

താഴ്മയോടെ എനിക്ക് ഇങ്ങനെ പറയാനാകും: “ഒരു പക്ഷേ, അത് ശരിയല്ലായിരിക്കാം, എന്റെ മേൽ സമ്മർദ്ദമുണ്ടെന്നും ഞാൻ മുതലെടുപ്പിനു വിധേയനാകുന്നുവെന്നും എനിക്കു തോന്നുന്നു. ഇങ്ങനെയുള്ള സമയത്ത് സ്നേഹത്തിൽ പ്രവർത്തിക്കാൻ എനിക്കു ബുദ്ധിമുട്ടാകയാൽ, എനിക്കു ശരിയെന്നു തോന്നുന്നത് തിരഞ്ഞെടുക്കാൻ സ്വാതന്ത്ര്യം ഉണ്ടാകുന്നതുവരെ ഞാൻ മാറി നിൽക്കുകയാണ്.”





ചില സമയങ്ങളിൽ, അപേക്ഷയിലാണ് മുതലെടുപ്പ് നിങ്ങൾ തിരിച്ചറിയുന്നതെങ്കിൽ ‘ഇല്ല’ എന്ന ഒറ്റ മറുപടി മതിയാകുന്നതാണ്. കാരണം വിശദീകരിക്കാൻ ആവശ്യപ്പെടുന്നത് മുതലെടുപ്പു പ്രക്രിയയുടെ ഭാഗമാണ്. ശരിയായി എതിർത്തു നിൽക്കുന്നതിന് ഉത്തരം പറയേണ്ട കാര്യമില്ലെന്ന് നാം അറിഞ്ഞിരിക്കണം. എങ്കിലും മറ്റുള്ളവർക്ക് പ്രയോജനകരവും സ്നേഹപൂർവ്വവുമായ തിരഞ്ഞെടുപ്പ് നടത്താൻ കഴിയേണ്ടതിന് നാം സത്യസന്ധരായി ജീവിക്കേണ്ടതാവശ്യമാണ്.

പലപ്പോഴും നാം ‘ഇല്ല’ എന്നു പറയുമ്പോൾ മുതലെടുപ്പിനു ശ്രമിക്കുന്ന വ്യക്തി ഒരു രംഗം സൃഷ്ടിക്കാറുണ്ട്. അതും മുതലെടുപ്പു പ്രക്രിയയുടെ ഭാഗമാണ്. നമ്മുടെ ആർജവത്വം സൂക്ഷിക്കുന്നതിന് നാം കൊടുക്കേണ്ട വിലയാണ് അതും. ആ രംഗം മൂലം നിങ്ങൾ വിഡ്ഢിയാകരുത്. ആ വ്യക്തിയുടെ സൗഖ്യത്തിന്റെ പ്രക്രിയയുടെ ഭാഗമായി അതു മാറാൻ സാദ്ധ്യതയുണ്ട്.

ഇത്തരത്തിലുള്ള മുതലെടുപ്പുകാരൻ രോഗിയാണ്. നമ്മെ മുതലെടുക്കാൻ നാം ഒരുവനെ അനുവദിച്ചാൽ ആ മനുഷ്യന്റെ രോഗത്തിനു നാം വളംവെച്ചുകൊടുക്കുകയാണ്. എന്നാൽ മുതലെടുപ്പിനെ നാം എതിർത്തു നിന്നാൽ, അതു പ്രയാസകരവും രംഗങ്ങൾ സൃഷ്ടിക്കുന്നതാണെങ്കിലും അയാളുടെ സൗഖ്യത്തിനും നമ്മുടെ തന്നെ ആരോഗ്യത്തിനും കാരണമായിത്തീരും.

യേശുവിന്റെ ജീവിതശൈലി അനുവർത്തിക്കാനാഗ്രഹിക്കുന്ന വ്യക്തികളെ തളർത്തുന്ന മറ്റൊരു മുതലെടുപ്പാണ് സ്വയകേന്ദ്രീകൃതത്വം. ലോകത്തിന്റെ ആവശ്യം നാം മനസ്സിലാക്കുകയും ലോകത്തിനു നമ്മെ ആവശ്യമുണ്ടെന്നറിയുകയും ചെയ്തശേഷം പ്രശ്നപരിഹാരത്തിന് നമ്മുടെ പക്കൽ വളരെയൊന്നും ഇല്ലെന്നറിഞ്ഞ് സ്വസ്ഥത നഷ്ടപ്പെടുന്നതാണിത്. നമ്മുടെ മുമ്പിൽ വരുന്ന സകല ആവശ്യങ്ങൾക്കും പ്രതികരിക്കാൻ ശ്രമിച്ച് ഒടുവിൽ ഉറവകൾ വറ്റിവരണ്ട് തളർന്നു വീഴുകയും യേശുവിനെപ്പോലെ ഒരിക്കലും ജീവിക്കാൻ നമുക്കു കഴികയില്ലെന്ന് പറഞ്ഞ് അവസാനിക്കയും ചെയ്യുന്നു.

ഇവിടെയും താഴ്മയാണ് നമുക്കുള്ള ഉത്തരം. നാം ദൈവമല്ല. അതുകൊണ്ട് ദൈവമാകാൻ ശ്രമിക്കുന്നതും നമ്മുടെ പരിമിതിയിൽ നിന്നുകൊണ്ട് ലോകത്തിന്റെ സകലപ്രശ്നങ്ങളും പരിഹരിക്കാൻ ശ്രമിക്കുന്നതും നിർത്താം. നാം നമ്മോടു തന്നെ സത്യസന്ധത പുലർത്തുകയും ഊർജ്ജം തീർന്നിരിക്കുന്നു എന്നു മനസ്സിലാക്കുകയും ചെയ്യുമ്പോൾ ഏകാന്തതയിൽ

അൽപ്പസമയം വിശ്രമിക്കുന്നതാണ് ഉത്തമം. യേശു പലപ്പോഴും ശിഷ്യന്മാരെ ഏകാന്ത സ്ഥലത്തേക്ക് വിശ്രമത്തിനായി കൂട്ടിക്കൊണ്ടു പോകുമായിരുന്നു. അവൻ ദൈവമായിരുന്നിട്ടും സ്വന്തജീവിതത്തിൽ മുതലെടുപ്പ് അവൻ അനുവദിച്ചില്ല. സ്നേഹപൂർവ്വമുള്ള തീരുമാനമെടുക്കാനുള്ള തന്റെ ശക്തി അവനെപ്പോഴും നിലനിർത്തി. സകലർക്കും ദാസനായിരിക്കുന്നതിന് ആവശ്യമായിരിക്കുന്ന സ്നേഹപൂർവ്വമായ തീരുമാനങ്ങൾ എടുക്കുവാൻ അവൻ നമ്മെ ആഹ്വാനം ചെയ്യുന്നു.

"സ്വർഗ്ഗരാജ്യത്തിലെ ഏറ്റവും വലിയവൻ" എന്ന പഠിപ്പിക്കലിൽ അവൻ വെളിപ്പെടുത്തിയ തന്റെ സ്വഭാവങ്ങളുടെ ഒരു പട്ടിക ഇവിടെ ആരംഭിക്കുകയാണ്. ഈ പട്ടിക, ഈ പുസ്തകത്തിന്റെ ഏറ്റവും പ്രധാന സന്ദേശം ഉൾക്കൊള്ളുന്നതാകയാൽ, ഓരോ ഭാഗത്തിനുമൊടുവിൽ ആ ഭാഗത്തിന്റെയും മുമ്പിലത്തെ ഭാഗത്തിന്റെയും പ്രധാനം ഉള്ളടക്കം ചേർക്കുന്നുണ്ട്. പതിന്നാലെണ്ണമാണ് പട്ടികയിലുള്ളത്. ഈ ഭാഗത്തിന്റെ പ്രധാന ചിന്ത **ദാസൻ** എന്നതാണ്.

**സംക്ഷേപം:**

1. **ദാസൻ**



# അധികാര സ്തൂപം

*"ജാതികളിൽ അധിപതികളായവർ അവരിൽ കർത്തൃത്വം ചെയ്യുന്നു... നിങ്ങളുടെ ഇടയിൽ അങ്ങനെ അരുത്"*

ഈ കല്പനയുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്താൽ നമ്മുടെ സഭകളും ആത്മീയ സംവിധാനങ്ങളും തകർന്നുപോകുമെന്ന് ഞാൻ അത്ഭുതപ്പെടുന്നു. എന്നിട്ടും നമ്മുടെ സംവിധാനങ്ങൾ വചനാനുസരണമുള്ളതാണെന്നും ദൈവനിയോഗപ്രകാരമുള്ളതാണെന്നും നാം അവകാശപ്പെടുന്നു.

എല്ലാവർക്കും ദാസനാകുക എന്ന തത്ത്വം, അധികാര ശൃംഖലകളിലും സംവിധാനങ്ങളിലും തട്ടിത്തകരുന്നു. ഈ സംവിധാനത്തിൽ കീഴ്പ്പെടൽ ഉത്തരോന്മുഖമാണ്. അനേക ആത്മീയ പ്രസ്ഥാനങ്ങളും ഭീമൻ കോർപ്പറേഷനുകളുടെ പിരമിഡ് രൂപത്തിലുള്ള ഭരണ സംവിധാനത്തിന്റെ കാർബൺ കോപ്പികൾ മാത്രമാണ്. ദൈവരാജ്യത്തിൽ അധികാരസ്തൂപം തലതിരിഞ്ഞതാണ്; അവിടെ അധികാരം മുകളിലല്ല, അടിയിലാണ്.

യേശുക്രിസ്തു കീഴ്പ്പെടുന്നതിനെക്കുറിച്ച് സൂചിപ്പിച്ചപ്പോഴെല്ലാം അതു നേതാക്കന്മാരോടും ദൈവരാജ്യത്തിൽ വലിയവരാകാൻ ആഗ്രഹിച്ചവരോടുമായിരുന്നു. അവർ താഴേക്കു വരാനാണവൻ കല്പിച്ചത്, മുകളിലേക്കുയരാനല്ല. ഉദാഹരണത്തിന്, മത്തായി 20:26-ൽ അവൻ വ്യക്തമാക്കിയത്, "നിങ്ങളിൽ ഒന്നാമൻ ആകുവാൻ ഇച്ഛിക്കുന്നവനെല്ലാം നിങ്ങളുടെ ദാസൻ ആകേണം" എന്നാണ്.

ഈ ദക്ഷിണോന്മുഖമായ കീഴ്പ്പെടൽ, ആളുകളെക്കുറിച്ചുള്ള യേശുവിന്റെ വീക്ഷണ രീതിയിൽനിന്നും ഉരുത്തിരിഞ്ഞതാണ്. അവൻ അവരെ സേവിച്ചത് അവരുടെ വില അവൻ അറിഞ്ഞതുകൊണ്ടാണ്. നാം അവരെ ഭരിക്കുന്നത്, അവരുടെ വില നാം മനസ്സിലാക്കാത്തതുകൊണ്ടും യേശു വീക്ഷിച്ച രീതിയിൽ അവരെ വീക്ഷിക്കാത്തതുകൊണ്ടുമാണ്.

ഓരോ വിശ്വാസിക്കും സഭയുടെ തലയായ ക്രിസ്തുവിനോട് അതുല്യവും നേരിട്ടുള്ളതുമായ ഒരു ബന്ധമുണ്ടെന്ന് ദൈവരാജ്യത്തിലെ നേതാക്കന്മാർ അംഗീകരിക്കേണ്ടതാണ്. നിയന്ത്രണം ലക്ഷ്യം വെയ്ക്കുന്ന ലോക സംവിധാനത്തെക്കാൾ വ്യത്യസ്തമായി സ്വർഗ്ഗരാജ്യത്തിലെ നേതാവ്, ജനത്തെ ശുശ്രൂഷയ്ക്ക് സജ്ജരാക്കാനും വിശ്വാസത്തിലും പരിജ്ഞാനത്തിലും ഐക്യത വളർത്തുവാനും സ്ഥിരത നിലനിർത്തുന്നതിനായി ജനത്തെ പക്വതയിലേക്കു നയിക്കുവാനും തിരഞ്ഞെടുക്കപ്പെട്ടവനാണ് (എഫെസ്യർ 4:11-16 കാണുക).

യേശു ഏറ്റവും ശക്തമായ ഭാഷ ഉപയോഗിച്ചത് അന്നത്തെ ആത്മീയ നേതാക്കൾക്കെതിരെയാണ്. പുരുഷാരത്തെ ഇടയനില്ലാത്ത ആടുകളെപ്പോലെ കണ്ടിട്ട് അവരെക്കുറിച്ച് അവൻ മനസ്സലിഞ്ഞു. നേതാക്കൾക്കു കീഴടങ്ങുവാൻ അവൻ ജനത്തിന്മേൽ യാതൊരു സമ്മർദ്ദവും ചെലുത്തിയില്ല. പകരം ജനങ്ങളുടെ അടിമയായിത്തീരുവാൻ നേതാക്കന്മാരുടെമേൽ അവൻ സമ്മർദ്ദം ചെലുത്തി.

## ഇവിടെ ഞാനാണ് അധികാരി

ഇന്നത്തെ നേതാക്കന്മാർ, അവരുടെ അനുയായികളും പൊതുജനവും എങ്ങനെ അവരോടു സത്യസന്ധത പുലർത്തണമെന്നും എങ്ങനെ അവരെ അനുസരിക്കണമെന്നും എങ്ങനെ പിന്തുണ നൽകണമെന്നും എങ്ങനെ അവർക്കു കീഴടങ്ങണമെന്നും ഉള്ള പ്രഖ്യാപനങ്ങൾ നടത്തുന്നത് ഞാൻ സ്ഥിരമായി കേൾക്കാറുണ്ട്. എന്നിരുന്നാലും അനുയായികൾക്ക് ആത്മാർത്ഥമായും ബാഹ്യ ഇടപെടൽ കൂടാതെയും പ്രതികരിക്കാനുള്ള സ്വാതന്ത്ര്യം നൽകേണ്ടത് നേതാവിന്റെ മാത്രം ഉത്തരവാദിത്തമാണ്.

ഒന്നാമതായി, യേശു ചെയ്തതുപോലെ, നേതാക്കന്മാർ തങ്ങളുടെ ജീവിതം വെളിപ്പെടുത്തുവാൻ ദാസവേഷം ധരിക്കണം. നിർഭാഗ്യവശാൽ, വളരെക്കുറച്ച് പ്രസംഗകരും മതനേതാക്കളും മാത്രമേ അവർ ശുശ്രൂഷിക്കുന്ന ആളുകളുമായി ആത്മാർത്ഥമായി അടുത്തിടപഴകാറുള്ളൂ. തങ്ങൾക്കു ലഭിച്ച പരിശീലനം മൂലമോ, വായിച്ച പുസ്തകങ്ങളിൽ നിന്നുള്ള അറിവു നിമിത്തമോ, അനേക നേതാക്കന്മാരും ജനത്തിൽ നിന്നും പദവിക്കനുസരണമായ അകലം സൂക്ഷിക്കണമെന്ന് ധരിക്കുകയും അങ്ങനെ തങ്ങളെ മറ്റുള്ളവരുടെ മീതെ നിർത്തുകയും ചെയ്യുന്നു.

ഇത്തരത്തിലുള്ള നിലപാടിന് സ്വതസിദ്ധമായ നശീകരണ പ്രശ്നങ്ങളുണ്ട്. അധികാരസ്തൂപത്തിന്റെ മുകളിലുള്ള വ്യക്തി യാഥാർത്ഥ്യത്തിൽ നിന്നും വളരെ അകലെയാണ്. അയാൾക്കു താഴെയുള്ളവർ പൂർണ്ണ സത്യസന്ധത പുലർത്തുകയില്ല. ഏറ്റവും മുകളിലുള്ള വ്യക്തിയോട്, തങ്ങളുടെ ജോലി സംരക്ഷിക്കുവാൻ ആവശ്യമായ കാര്യങ്ങൾ മാത്രമേ താഴെയു





ള്ളവർ പറയുകയുള്ളൂ. മുകളിലുള്ള വ്യക്തിക്ക് താഴെയുള്ളവരുടെ സത്യസന്ധതയും വിശ്വസ്തതയും ഉറപ്പാക്കാനുള്ള ഏക വഴി തന്നെത്തന്നെ 'ബഹുമാനമില്ലാത്തവൻ' ആക്കുകയാണ് – തന്റെ ശക്തിയും അധികാരവും മാറ്റിവച്ച് ഒരു ദാസനെപ്പോലെ അവരെ സമീപിക്കുക. ആദ്യം മുൻകൈയെടുക്കേണ്ടത് മുകളിലുള്ള ആളാണ്. അതു താഴെയുള്ളവരിൽ നിന്നുമല്ല വരേണ്ടത് – വിപ്ലവം മാത്രമേ ആ ഭാഗത്തു നിന്നുണ്ടാകയുള്ളൂ. യേശുവിന്റെ സ്വഭാവത്തിൽ, മാനുഷിക തലത്തിൽ താഴേക്കുള്ള കീഴ്പ്പെടൽ മാത്രമേ സാദ്ധ്യമാകയുള്ളൂ.

ഒരു നേതാവിന് തന്നെത്തന്നെ സമ്പൂർണ്ണമായി സമർപ്പിച്ച ഒരു മനുഷ്യനെപ്പറ്റിയുള്ള ഒരു ലേഖനം ഞാൻ ഒരിക്കൽ വായിക്കുകയുണ്ടായി. നേതാവ്, തനിക്കു കീഴ്പ്പെട്ട ആ മനുഷ്യനെ ദാസത്വം പഠിപ്പിക്കുന്നതിനു വേണ്ടി തന്റെ പുൽത്തകിടിയിലെ പുല്ലു ചെത്താനാവശ്യപ്പെട്ടു. യേശുവിന്റെ ശൈലിയുടെ വിപരീതമാണിത്. മറിച്ച് നേതാവ് ദാസത്വം പഠിപ്പിക്കേണ്ടത് ദാസനായവന്റെ പുൽത്തകിടിയിലെ പുല്ലറുത്തുകൊണ്ടാകണം.

യേശുവിന്റെ ശൈലിയിലുള്ള നേതൃത്വം വഹിക്കുന്നവർ ഒരു തരത്തിലുമുള്ള കടന്നുകയറ്റം ഉപയോഗിക്കുകയോ അധികാരത്തിന്റെ ഏതെങ്കിലും പദവിയിൽ ആശ്രയിക്കുകയോ ചെയ്യുന്നില്ല. പകരം ആളുകളെ സേവിക്കുന്നതിലൂടെ അവരെ നയിക്കുകയും അവർ അവന്റെ കഴിവുകൾ അംഗീകരിച്ച് സ്വമേധയാ അവരെ പിന്തുടരുകയും ചെയ്യുന്നു. ഏതുവിധത്തിലായാലും അവനെ അനുഗമിക്കുന്നവർ, നല്ലതിനായാലും അല്ലെങ്കിലും, നേതാവിനെപ്പോലെ ആയിത്തീരുകയും ചെയ്യുന്നു.

ദൈവത്തിനു വേണ്ടി അതിശക്തമായി ഉപയോഗിക്കപ്പെട്ട ഒരു നേതാവ്, വ്യക്തിപരമായ നേട്ടത്തിനായി തന്റെ പദവി ദുരുപയോഗം ചെയ്ത് പിടിക്കപ്പെട്ടപ്പോൾ അനുയായികളോടു പറഞ്ഞത്, അവർ ആ സ്ഥാനത്തു വന്നാൽ ചെയ്യാത്തതൊന്നും താനും ചെയ്തിട്ടില്ല എന്നാണ്. മറ്റു വാക്കിൽ പറഞ്ഞാൽ, അവസരം ലഭിച്ചാൽ അവർക്കും അതു ചെയ്യുവാൻ കഴിയുമായിരുന്നു എന്നാണതിനർത്ഥം. അവരുടെ സംവിധാനത്തിന്റെയും പരിശീലനത്തിന്റെയും നേരെ ചുമത്താവുന്ന ഏറ്റവും വലിയ കുറ്റപത്രമാണ് ഈ പ്രസ്താവന.

നേതൃത്വത്തിന്റെ കുരുക്കുകളെ അതിജീവിക്കുവാൻ ഏറ്റവും നല്ല മാർഗ്ഗം നമ്മുടെ സുന്ദരമായ ഓഫീസിനു മുമ്പിൽ **"അടിമ"** എന്ന ബോർഡു തൂക്കുകയും അതിനു യോജിക്കാത്ത സാഹചര്യങ്ങൾ എല്ലാം ഒഴിവാക്കുകയുമാണ്. ഓർക്കുക, അധികാരം ദുഷിപ്പിക്കുകയും പരമാധികാരം പരമമായി ദുഷിപ്പിക്കുകയും ചെയ്യും.

ഒരു അടിമക്ക് ആ താണ നിലവാരത്തിനു മുകളിലേക്ക് തന്നെ ഉയർത്തുന്നതോ മറ്റുള്ളവരുടെ മീതെ തന്നെ ഉയർത്തുന്നതോ ആയ മറ്റു

യാതൊരു പദവിയുമില്ല. ഒരു അടിമക്ക് കഠിനാദ്ധ്വാനത്താലുള്ള തഴമ്പ ല്ലാതെ മറ്റൊരു ബഹുമതി മുദ്രകളുമില്ല. തന്റെ യജമാനനേക്കാൾ സൗക ര്യപ്രദമായ ഒരു പാർക്കിംഗ് ഏരിയ അടിമയ്ക്ക് ഉണ്ടായിരിക്കുമെന്ന് പ്രതീ ക്ഷിക്കരുത്. ഒരു അടിമയ്ക്ക് മറ്റുള്ളവർക്കുള്ളതിനെക്കാൾ വലിയതോ, തന്റെ സ്ഥാനമഹിമക്കനുസരിച്ച് അലങ്കരിച്ചതോ ആയ ഒരു ഓഫീസ് ഉണ്ടായി രിക്കില്ല. ഒരു ദാസന്റെ വേഷത്തിനപ്പുറമായി മറ്റുള്ളവരെ അസ്വസ്ഥരാ ക്കുന്നതോ, സ്വാധീനിക്കുന്നതോ ആയ ഒരു വേഷം അടിമക്ക് ഉണ്ടായിരി ക്കയില്ല. തന്റെ യജമാനന്റെ കഴിവുകളുടെ പ്രകടനത്തെ മിതപ്പെടുത്തുവാൻ തന്റെ സ്ഥാനം അടിമ ഉപയോഗിക്കുകയില്ല. തന്റെ 'ഒന്നാം സ്ഥാനം' നില നിർത്തുവാൻ തന്റെ 'അധികാരം' ഒരിക്കലും അടിമ ഉപയോഗിക്കുകയില്ല.

ഒട്ടനവധി കാര്യങ്ങളിൽ യേശുവിന്റെ സ്വഭാവം ലോകത്തിന്റെ നേതൃത്വ മാതൃകക്ക് എതിരായിരിക്കുന്നു. സഭ അവയെല്ലാം ചോദ്യം ചെ യ്യാതെ സ്വീകരിച്ചിരിക്കുന്നതിനാൽ ഈ പട്ടിക ഇങ്ങനെ മുന്നോട്ടു പോകും. ഇതു വളരെ നിർഭാഗ്യകരമാണ്. കാരണം, ഉപദേശ വിഷയങ്ങ ളെക്കാൾ ഈ ദൃശ്യമായ മാതൃകക്ക് വളരെ സ്വാധീന ശക്തിയുണ്ട്. ഉപ ദേശപരമായ തെറ്റുകൾ തിരിച്ചറിയുന്നതിൽ നാം വളരെ ശ്രദ്ധാലുക്കളാണ്; ഒരു പക്ഷേ, പ്രയോഗത്തിലെ തെറ്റ് തിരിച്ചറിയേണ്ട സമയമാണിത്.

"ആളുകൾ പൊട്ട ആടുകളാണ്; അവയെ എപ്പോഴും ഉത്സാഹിപ്പി ച്ചുകൊണ്ടിരിക്കണം." ലോകസംവിധാനത്തെ പിന്തുണയ്ക്കുന്നവർ പല പ്പോഴും പറയുന്നതു ഞാൻ കേട്ടിട്ടുണ്ട്. നാം സഭ അല്ലെന്നും യേശുവിന്റെ ഭാഗമല്ലെന്നും സമ്മതിക്കുകയാണെങ്കിൽ, നമ്മുടെ ചൊൽപ്പടിക്ക് ജനത്തെ നിർത്തുവാൻ നമുക്ക് ഇഷ്ടമുള്ള രീതിയിൽ അവരെ ഉത്സാഹിപ്പിക്കാൻ കഴിയും. എന്നാൽ യേശുവിന്റെ അനുയായികളായിരിക്കാൻ നാം ആഗ്രഹി ക്കുന്നുവെങ്കിൽ, നാം ജനത്തെ സ്നേഹിക്കുന്നവരായിരിക്കണം, ഏതൊരു ഉത്തേജനവും സ്നേഹത്തോടുള്ള അവരുടെ സ്വാഭാവിക പ്രതികരണമാ വണം – അതു വളരെ വേഗത്തിലോ വിദഗ്ധർ നമ്മോടു പറയുന്നത്ര ഫല പ്രദമോ അല്ലെങ്കിൽ പോലും. പരിശുദ്ധാത്മാവിലൂടെ യേശു നമ്മിൽ ആരം ഭിച്ച പ്രവൃത്തി ലോകസംവിധാനത്തിനനുസരിച്ച് അവസാനിപ്പിക്കാൻ നമുക്കു കഴികയില്ല.

യേശുവിന്റെ സ്വഭാവത്തിനനുസരിച്ച് നാമെല്ലാം തമ്മിൽ തമ്മിൽ ഇട പെടുകയും നേതാക്കൾ നമുക്കുവേണ്ടി ജീവിക്കാനാരംഭിക്കുകയും ചെയ് താൽ ക്രിസ്തുവിന്റെ ശരീരത്തിന് എന്തു സംഭവിക്കും? ആ സാദ്ധ്യതയിൽ എന്റെ മനസ്സ് ഇളകിമറിയുന്നു. ഇപ്പോഴുള്ള രീതി നമ്മെ പഠിപ്പിച്ചതാണ്, അതിനാൽ തീർച്ചയായും വ്യത്യസ്തമായ മറ്റൊന്ന് നമ്മെ പഠിപ്പിക്കാനാ കും. അങ്ങനെയായാൽ ലോകം നമ്മുടെ സഭയുടെ അംഗമാകാൻ നമ്മുടെ വീട്ടുവാതിൽക്കൽ കാത്തുകിടക്കും.





## നാണയത്തിന്റെ ഇരുവശങ്ങൾ

അധികാരസ്തൂപം കീഴ്മേൽ തിരിക്കുന്നത് ആരംഭിക്കുവാൻ പറ്റിയ ഏറ്റവും പ്രധാന സ്ഥലം കുടുംബമാണ്. എന്നാൽ ലോകത്തിലെ ആദ്യ സ്ഥാപനം ഇന്നു വല്ലാത്ത പ്രതിസന്ധിയെ അഭിമുഖീകരിക്കുകയാണ്. വിവാഹ വഴിയിലെ ചില ദുർഘടമായ കുഴികൾ, വ്യത്യസ്ത മതസംവി ധാനങ്ങളുടെ പഠിപ്പിക്കലുകളുടെ പരിണതഫലമാണ്. യേശുവിന്റെ സ്വഭാവം എങ്ങനെ വിവാഹജീവിതത്തെ രൂപാന്തരപ്പെടുത്തുമെന്നറിയു ന്നതിന് ആദ്യം ചില ആനുകാലിക പഠിപ്പിക്കലുകൾ നമുക്കു നോക്കാം.

"ഏതൊരു അധികാര ശൃംഖലയുടെയും മുകളിൽ പുരുഷനാണു ള്ളത്." സ്ത്രീകൾ അധികാര ശൃംഖലയിലെ താഴത്തെ കണ്ണികളാണ്. പുരു ഷന്റെ അധികാരപത്രമില്ലാതെ ദൈവത്തെ സമീപിക്കുവാൻ പാടില്ല. ആനു കാലിക പഠിപ്പിക്കലുകൾ വിവാഹബന്ധത്തിൽ ഈ വിഷയം ഊന്നിപ്പറ യുന്നു. ഈ പഠിപ്പിക്കലിന്റെ അടിസ്ഥാനം, എഫെസ്യലേഖനത്തിൽ, ഭാര്യ മാർ ഭർത്താക്കന്മാർക്ക് കർത്താവിനു എന്നപോലെ കീഴടങ്ങുവിൻ എന്നു പൗലൊസ് പറയുന്ന പ്രസ്താവനയാണ്.

സ്ത്രീകൾക്കുവേണ്ടി സ്ത്രീകൾ എഴുതുന്ന പുസ്തകങ്ങളും കീഴ്പ്പെ ടലിനെക്കുറിച്ചുള്ള ഈ അറിവിന്റെ ആനുകൂല്യം ഉപയോഗിക്കുകയും രസ കരമായ വളച്ചൊടിക്കലിലൂടെ അതിനെ പിന്തുണയ്ക്കുകയും ചെയ്യുന്നു. ലൈംഗികതയുടെ ശക്തിയും കീഴ്പ്പെടലെന്ന കൗശലവും ഉപയോഗിച്ച് അവരാഗ്രഹിക്കുന്ന കാര്യം പുരുഷനെക്കൊണ്ട് ചെയ്യിക്കാൻ സ്ത്രീകളെ അവർ പഠിപ്പിക്കുന്നു. അത് തരംതാഴലാണെങ്കിലും സ്ത്രീകൾ അതിൽ വിജയിക്കുന്നു. തൽഫലമായി പുരുഷൻ തനിക്കു ചെയ്യാൻ ബുദ്ധിമുട്ടുള്ള ദൈവത്തിന്റെ റോളിലേക്കു മാറ്റപ്പെടുന്നു. കീഴ്പ്പെടൽ കൈപ്പുള്ള അവ സ്ഥയായി മാറുന്നത് യേശുവിന്റെ സ്വഭാവം മനസ്സിലാക്കാത്തതിനാ ലാണ്. എഫെസ്യലേഖനത്തിലെ ഭാഗം നമുക്ക് ആഴമായൊന്നു ചിന്തി ക്കാം. കുറച്ചു കൂടി മുമ്പുള്ള ഭാഗത്തു നിന്നും നമുക്കു തുടങ്ങാം.

> "ക്രിസ്തുവിന്റെ ഭയത്തിൽ, അന്യോന്യം കീഴ്പ്പെട്ടിരിപ്പിൻ. ഭാര്യ മാരേ, കർത്താവിനു എന്നപോലെ സ്വന്ത ഭർത്താക്കന്മാർക്കു കീഴടങ്ങുവിൻ. ക്രിസ്തു ശരീരത്തിന്റെ രക്ഷിതാവായി സഭക്കു തലയാകുന്നതുപോലെ ഭർത്താവു ഭാര്യയ്ക്കു തലയാകുന്നു. എന്നാൽ സഭ ക്രിസ്തുവിനു കീഴടങ്ങിയിരിക്കുന്നതുപോലെ ഭാര്യമാരും ഭർത്താക്കന്മാർക്കു സകലത്തിലും കീഴടങ്ങിയിരി ക്കേണം. ഭർത്താക്കന്മാരേ, ക്രിസ്തുവും സഭയെ സ്നേഹിച്ചതു പോലെ നിങ്ങളുടെ ഭാര്യമാരെ സ്നേഹിപ്പിൻ" (എഫെസ്യർ 5:21-25).

ഒന്നാമത്തെ കല്പന അന്യോന്യം കീഴ്പ്പെട്ടിരിക്കാനാണ്. അങ്ങനെയാണ് ഒരു ശരീരം പ്രവർത്തിക്കുന്നത്. അടുത്ത കല്പനകൾ ആദ്യത്തേത് വിപുലപ്പെടുത്തിയതാണ്. വിവാഹബന്ധത്തിൽ കീഴ്പ്പെടൽ എങ്ങനെ പ്രാവർത്തികമാകുന്നുവെന്നാണ് അവ പറയുന്നത്; ഭാര്യമാർ ഭർത്താക്കന്മാർക്ക് കർത്താവിനു എന്നപോലെ കീഴടങ്ങുക; ക്രിസ്തു സഭയെ സ്നേഹിച്ചതുപോലെ ഭർത്താക്കന്മാർ ഭാര്യമാരെ സ്നേഹിക്കുക.

ഭാര്യയുടെ സ്ഥാനം ഏറെക്കുറെ വ്യക്തമാണ്. എന്നാൽ അവൾ കീഴടങ്ങേണ്ട ഭർത്താവിന്റെ സവിശേഷതകൾ എന്താണ്? ക്രിസ്തു സഭയെ സ്നേഹിച്ചതെങ്ങനെയാണ്? അവൻ സഭയിലേക്ക് വന്നത് അടിമയായിട്ടാണ്, ഭരിക്കാനല്ല. ഒരു മാതൃകയായി, താഴ്മയോടെ, ഒരു ശിശുവായി, ഏറ്റവും ഹീനനായി, ഒരു ബാലകനായി, ഒടുക്കത്തവനായി, ബലം പ്രയോഗിക്കാതെ, ബഹുമാനിതനല്ലാതെ, മരണത്തോളം അനുസരണമുള്ളവനായിട്ടാണ്. ഈ വിധത്തിൽ ഞാൻ എപ്പോൾ എന്റെ ഭാര്യയോട് ഇടപെട്ടിട്ടുണ്ടോ അപ്പോഴൊക്കെ കീഴ്പ്പെടൽ കേവലം സംതൃപ്തിക്കുവേണ്ടിയായിരുന്നില്ല. നിർബന്ധത്താലുള്ള കീഴ്പ്പെടൽ ഒരിക്കലും കീഴ്പ്പെടലല്ല. ഓർക്കുക, അടിമയായിത്തീരാൻ മുൻകൈ എടുക്കേണ്ടത് നേതാവോ ഗൃഹനാഥനോ ആണ്.

പരസ്പരം അതിലംഘിക്കാതെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഭാര്യയെയും ഭർത്താവിനെയും താഴ്മ സഹായിക്കും. തർക്കങ്ങൾ ഉണ്ടാകുമ്പോൾ പരസ്പരം ആക്രമിക്കുകയും പഴിചാരുകയും ചെയ്യുന്നതിനു പകരം അവരവരുടെ വികാരങ്ങളോടു സത്യസന്ധത പുലർത്തുവാൻ അവർക്ക് കഴിയും.

ദൈവത്തിന്റെ പുതിയ വ്യവസ്ഥയനുസരിച്ച് ഭൗതിക കുടുംബത്തിൽ അംഗമാകുന്നതിനു മുമ്പ് നാമെല്ലാം ദൈവിക കുടുംബത്തിലെ അംഗങ്ങളാണെന്ന കാര്യം ശ്രദ്ധിക്കേണ്ട സുപ്രധാന വസ്തുതയാണ്. അതുകൊണ്ട് എന്റെ ഭാര്യ എന്റെ ഭാര്യയാകുന്നതിനുമുമ്പ് ക്രിസ്തുവിൽ എന്റെ സഹോദരിയാണ്. അതിനാൽ ഞാൻ അവളോട് ഒരു ദൈവപൈതൽ എന്ന നിലയിൽ പെരുമാറുകയും എന്റെ കുഞ്ഞുങ്ങളോട് മറ്റൊരാൾ എങ്ങനെ പെരുമാറണമെന്ന് ഞാൻ ആഗ്രഹിക്കുന്നുവോ അതിലും കരുതലോടെ പെരുമാറുകയും വേണം. ഒരു ദൈവപൈതലിന്റെ മേൽ അധികാരം കൈയാളാനോ അവന്റെമേൽ മുതലെടുപ്പ് നടത്താനോ ഞാൻ ധൈര്യപ്പെടുകയില്ല.

## മുറിവേൽക്കാതിരിക്കുക

നമ്മുടെ കുട്ടികളെ ചീത്തയാക്കാതെ എങ്ങനെ നമുക്ക് അവരുടെ ദാസനായിരിക്കാൻ കഴിയും? വാസ്തവത്തിൽ അവരുടെ ആത്മീയ ആരോ





ഗ്യം ഉറപ്പാക്കാൻ കഴിയുന്ന ഏറ്റവും നല്ല മാർഗ്ഗം ദാസത്വമാണ്. നമ്മുടെ മക്കൾ ഒന്നാമത് ദൈവത്തിന്റെ മക്കളാണെന്ന് നാം മനസ്സിലാക്കുമ്പോൾ, അവന്റെയും അവരുടെയും ദാസനായി അവനുവേണ്ടി അവരെ നാം വളർത്തുകയാണെന്നു നമുക്കു ബോധ്യപ്പെടും. തൽഫലമായി നമ്മുടെ ദാസത്വത്തിലൂടെ അവർക്കു പരിശീലനവും ശിക്ഷണവും നൽകി അവരുടെ പിതാവിന്റെ ആത്മാവിനെ അവരിൽ പുനരുത്പാദിപ്പിക്കുവാൻ നാം തയ്യാറാവും.

നമ്മുടെ മക്കളുടെ കൂടെ സമയം ചെലവഴിക്കാനും അവരുടെ അടുത്തിരുന്ന് അവരുടെ ആവശ്യങ്ങൾ നിർവഹിക്കാനും പിതാവിന്റെ സ്വഭാവത്തിൽ നിന്നകന്നു പോകാനുള്ള അവരുടെ പ്രവണതയ്ക്കെതിരെ ജാഗ്രത പുലർത്താനും അതിനെതിരെ പ്രതികരിക്കാനും ദാസത്വം നമ്മെ പ്രേരിപ്പിക്കും. കുട്ടികൾക്കുവേണ്ടി ശരിയായ തീരുമാനങ്ങളെടുക്കുന്നതും അതിലുറച്ചു നിൽക്കുന്നതുമാണ് ദാസത്വം കൊണ്ടർത്ഥമാക്കുന്നത്. ഇല്ല എന്നു പറയുന്നതാണ് അവർക്കു നല്ലതെന്നറിയുമ്പോൾ ഇല്ല എന്നു പറയുന്നതാണ് ദാസത്വം. പൗലൊസിന്റെ ആഹ്വാനവും അതിലുൾപ്പെടുന്നു. "പിതാക്കന്മാരേ, നിങ്ങളുടെ മക്കളെ കോപിപ്പിക്കാതെ കർത്താവിന്റെ ബാലശിക്ഷയിലും പത്ഥ്യോപദേശത്തിലും പോറ്റി വളർത്തുവിൻ" (എഫെസ്യർ 6:4). യേശുവിന്റെ ശൈലിയിൽ ജീവിക്കുന്നവർ മക്കളെ കോപിപ്പിക്കുകയില്ല പകരം, അവർ സ്നേഹിക്കപ്പെടുന്നുവെന്ന് അവരെ ബോധ്യപ്പെടുത്തും.

ദാസത്വമെന്നത് മക്കളെ സ്വതന്ത്രരായി മുതിർന്നവരാകാൻ സജ്ജരാക്കുകയും അവരെ പിതാവിന്റെ പക്കൽ മടക്കി നൽകുകയും ചെയ്യുന്നതാണ്. അത് കർക്കശവുമല്ല അയച്ചു വിടലുമല്ല; അത് അനുയോജ്യമായത് ചെയ്യലാണ്.

ദൈവത്തിന്റെ മക്കളെ സംരക്ഷിക്കാൻ ഒരു അടിമയായി അവനാൽ നിയോഗിക്കപ്പെടുന്നത് കഠിനമായ ഉത്തരവാദിത്തമാണ്. എങ്കിലും ഏത് സാഹചര്യത്തിലും മാതാപിതാക്കളുടെ ദാസസ്നേഹം ദൈവം മാനിക്കുകതന്നെ ചെയ്യും.

എനിക്ക് ആറു വയസ്സുള്ളപ്പോൾ വിമാനാപകടത്തിൽ എന്റെ പിതാവിന്റെ ശരീരം ഭാഗികമായി തളരുകയും തലച്ചോറിന് ക്ഷതം സംഭവിക്കുകയും ചെയ്തു. പിന്നീട് അമ്മയാണ് ജോലി ചെയ്ത് ഞങ്ങളെ വളർത്തിയത്.

ജോലിക്കുവേണ്ടി അമ്മ പോയിരുന്നതിനാലും പിതാവ് ശാരീരികമായും മാനസികമായും തളർന്നതിനാലും അവരുടെ അസാന്നിദ്ധ്യം പല കുടുംബ പ്രശ്നങ്ങൾക്കും കാരണമായി. എങ്കിലും ഞങ്ങളുടെ കുടുംബം തകർന്നു പോയില്ല. പ്രശ്നങ്ങളുടെ നടുവിലും ഞങ്ങളുടെ മാതാപിതാ

ക്കൾ ദൈവത്തോടും ഞങ്ങളോടും വിശ്വസ്തത പുലർത്തി. പണവും നല്ല വീടും ഇല്ലായിരുന്നെങ്കിലും പ്രാർത്ഥനയും വിശ്വാസവും സ്ഥിരതയും സ്നേഹവും ഞങ്ങളെ പൊതിഞ്ഞിരുന്നു.

എന്റെ പിതാവ് മരിച്ചപ്പോൾ, ഞാനും എന്റെ രണ്ടു സഹോദരന്മാരും പിതാവിന്റെ ശവശരീരത്തിനു മുൻപിൽ നിന്നുകൊണ്ട് കൂടിവന്ന സ്നേഹിതരോട് ഇപ്രകാരം പറഞ്ഞു: "ഞങ്ങളുടെ പിതാവ് വലിയൊരു ബിസിനസ്സ് സാമ്രാജ്യം ഞങ്ങൾക്കു തന്നിട്ടല്ല പോയത്. സാധാരണ പിതാക്കന്മാർ മക്കൾക്കു ചെയ്യുന്ന പല കാര്യങ്ങളും ഞങ്ങൾക്കു ചെയ്യുവാൻ പിതാവിനു കഴിഞ്ഞിട്ടില്ല. ഒരു പിതാവ് മക്കളെ പഠിപ്പിക്കുന്ന കാര്യങ്ങളൊക്കെ പഠിപ്പിക്കാൻ ഞങ്ങളുടെ പിതാവ് അശക്തനായിരുന്നു. എന്നാൽ തനിക്കുണ്ടായിരുന്ന ചിലത് അദ്ദേഹം ഞങ്ങൾക്ക് നൽകി. ദൈവത്തോടുള്ള സ്നേഹം, ബൈബിളിനോടുള്ള സ്നേഹം, മനുഷ്യരോടുള്ള സ്നേഹം, ആരാധനയെക്കുറിച്ചുള്ള അറിവ്, വെറുക്കുവാനുള്ള കഴിവില്ലായ്മ എന്നിവ അദ്ദേഹം ഞങ്ങൾക്ക് നൽകി. നിലനിൽക്കുന്ന വസ്തുക്കൾ മാത്രമാണ് അദ്ദേഹം ഞങ്ങൾക്ക് വെച്ചിട്ടു പോയതെന്ന് ഞങ്ങളറിയുന്നു. അതിനാൽ അദ്ദേഹത്തിന്റെ മക്കളെന്ന നിലയിൽ ഞങ്ങൾ അദ്ദേഹത്തിന്റെ ദൈവത്തെ പിൻപറ്റുമെന്ന് ഞങ്ങൾ നിങ്ങളുടെ മുമ്പിൽ പരസ്യമായി പ്രഖ്യാപിക്കുന്നു."

തങ്ങളുടെ ഭവനത്തിൽ ദൈവികമായ ദാനങ്ങൾ വിലമതിക്കുന്ന ദാസ-മാതാപിതാക്കൾ, ദൈവത്തിന്റെ ജീവിത ഉദ്യാനത്തെ പരിപാലിക്കാൻ തങ്ങൾക്കു ലഭിച്ച പദവിയെയും ഉത്തരവാദിത്തത്തെയും തിരിച്ചറിയുന്നവരാണ്. അതിനാൽ അവരുടെ മക്കൾ കുറച്ചു മുറിവുകളും ശക്തമായ ആത്മാവും ആരോഗ്യമുള്ള വ്യക്തിത്വവും ഉള്ള വ്യക്തികളായി വളർന്നുവരും. യേശു മോശമായ അയൽപക്കങ്ങളുള്ളിടത്താണ് വളർന്നുവെന്നത്, ദാസത്വത്തിന് വിജയിക്കാൻ മാതൃകാകുടുംബമോ ഭൗതിക സാഹചര്യങ്ങളോ ആവശ്യമില്ല എന്നതിന്റെ തെളിവാണ്. സാമ്പത്തിക ഭദ്രതയും അതിനാവശ്യമില്ല. യേശുവിന്റെ ദാസസ്വഭാവത്തോടുള്ള നമ്മുടെ അനുസരണം മാത്രമേ അതിനാവശ്യമുള്ളു.

**സംക്ഷേപം:**

1. ദാസൻ
2. **അധികാരം കൈയാളരുത്**



# എനിക്കു പ്രസംഗം കാണാനാണിഷ്ടം

*"ഞാൻ നിങ്ങൾക്കു ചെയ്തതുപോലെ നിങ്ങളും ചെയ്യേണ്ടതിന്*
*ഞാൻ നിങ്ങൾക്കു ദൃഷ്ടാന്തം തന്നിരിക്കുന്നു"*

ഒരിക്കൽ ഞാൻ പ്രസംഗിക്കുന്ന ഒരു ക്യാമ്പിൽ സംബന്ധിക്കുവാൻ എന്റെ ഭാര്യയും കുടുംബവും നാനൂറു മൈൽ യാത്ര ചെയ്തു വന്നു. ആ യാത്രയിൽ അവർക്ക് കുഴയ്ക്കുന്ന ഗതാഗത സംവിധാനങ്ങളുള്ള ഒരു വലിയ നഗരത്തിലൂടെ കടന്നുപോകേണ്ടിവന്നു. രണ്ടു മണിക്കൂർ ആ നഗരത്തിലൂടെ അവർ ചുറ്റിത്തിരിഞ്ഞു. പോലീസുകാരോടും യാത്രക്കാരോടും അവർ വഴി ചോദിച്ചു. ഓരോ തവണയും അവർക്കു കൂടുതൽ വഴിതെറ്റുകയാണുണ്ടായത്.

ഒടുവിൽ നിരാശരായി ഒരു സർവ്വീസ് സ്റ്റേഷനിൽ കാർ നിർത്തി അവസാന ശ്രമം കൂടി നടത്താൻ തീരുമാനിച്ചു. ഓരോ വഴിയും പറയുമ്പോൾ ഭാര്യ പറയും, "അതുവഴി പോയതാണ്. അതു പ്രയോജനമില്ല." അവരുടെ സംഭാഷണം കേട്ടുകൊണ്ടിരുന്ന ഒരു മനുഷ്യൻ മുമ്പോട്ടു വന്നിട്ടു പറഞ്ഞു: "ഇതാ ഈ ചുവന്ന കാർ എന്റെയാണ്. നിങ്ങൾ എന്റെ പിന്നാലെ വരിക. ഞാൻ വഴികാണിച്ചു തരാം."

തിരക്കേറിയ വഴികളിലൂടെ അദ്ദേഹം അവരെ നയിച്ചു. അനേക ജംഗ്ഷനുകൾ പിന്നിട്ട് നഗരത്തിൽ നിന്നും മൈലുകൾ അപ്പുറത്ത് അവരെ എത്തിച്ചു. പ്രധാന ഹൈവേ മാത്രമുള്ളിടത്ത് നിർത്തിയിട്ട് ആ മനുഷ്യൻ പറഞ്ഞു, "ഇനി നിങ്ങൾക്കു വഴി തെറ്റുകയില്ല. ഈ റോഡിലൂടെ തന്നെ പോകുക." എന്റെ കുടുംബത്തിന് ആ മനുഷ്യൻ യേശുവിനെപ്പോലെ ആയിരുന്നു. അയാൾ യേശുവിനെ അനുഗമിക്കുന്ന വ്യക്തിയാണോയെന്ന് എനിക്കറിയില്ല. പക്ഷേ, യേശുവിനെ അനുഗമിക്കുന്ന നമ്മിൽ പലരെക്കാളും യേശുവിന്റെ നേതൃത്വ ശൈലിയെക്കുറിച്ച് അറിയാവുന്നവനായിരുന്നു ആ മനുഷ്യൻ.

ക്രിസ്തീയ നേതൃത്വത്തിന്റെ ഏറ്റവും ഫലപ്രദമായ രീതി മാതൃക കാണിക്കുന്നതിലൂടെയുള്ള നേതൃത്വമാണ്. "ഞാൻ ചെയ്യുന്നതുപോലെ യല്ല, ഞാൻ പറയുന്നതുപോലെ ചെയ്യുക" എന്ന് യേശു പറഞ്ഞില്ല. മറിച്ച് അവന്റെ രീതി മത്തായി രേഖപ്പെടുത്തുന്നതുപോലെ ആയിരുന്നു:

> "അനന്തരം യേശു പുരുഷാരത്തോടും തന്റെ ശിഷ്യന്മാരോടും പറഞ്ഞത്: ശാസ്ത്രിമാരും പരീശന്മാരും മോശെയുടെ പീഠത്തിൽ ഇരിക്കുന്നു. ആകയാൽ അവർ നിങ്ങളോടു പറയുന്നതു ഒക്കെയും പ്രമാണിച്ചു ചെയ്വിൻ; അവരുടെ പ്രവൃത്തികൾ പോലെ ചെയ്യരുതുതാനും. അവർ പറയുന്നതല്ലാതെ ചെയ്യുന്നില്ലല്ലോ. അവർ ഘനമുള്ള ചുമടുകളെ കെട്ടി മനുഷ്യരുടെ തോളിൽ വെക്കുന്നു; ഒരു വിരൽ കൊണ്ടുപോലും അവയെ തൊടുവാൻ അവർക്കു മനസ്സില്ല. അവർ തങ്ങളുടെ പ്രവൃത്തികൾ എല്ലാം മനുഷ്യർ കാണേണ്ടതിന്നത്രേ ചെയ്യുന്നതു; തങ്ങളുടെ മന്ത്രപ്പട്ട വീതിയാക്കി തൊങ്ങൽ വലുതാക്കുന്നു. അത്താഴത്തിൽ പ്രധാനസ്ഥലവും പള്ളിയിൽ മുഖ്യാസനവും അങ്ങാടിയിൽ വന്ദനവും മനുഷ്യൻ റബ്ബീ എന്നു വിളിക്കുന്നതും അവർക്കു പ്രിയമാകുന്നു. നിങ്ങളോ റബ്ബീ എന്ന പേർ എടുക്കരുത്, ഒരുത്തൻ അത്രേ നിങ്ങളുടെ ഗുരു. നിങ്ങളോ എല്ലാവരും സഹോദരന്മാർ. ഭൂമിയിൽ ആരെയും പിതാവ് എന്നു വിളിക്കരുത്; ഒരുത്തൻ അത്രേ നിങ്ങളുടെ പിതാവ്, സ്വർഗ്ഗസ്ഥൻ തന്നേ. നിങ്ങൾ നായകന്മാർ എന്നും പേർ എടുക്കരുത്; ഒരുത്തൻ അത്രേ നിങ്ങളുടെ നായകൻ ക്രിസ്തു തന്നേ. നിങ്ങളിൽ ഏറ്റവും വലിയവൻ നിങ്ങളുടെ ശുശ്രൂഷക്കാരൻ ആകേണം" (മത്തായി 23:1-11).

ദൈവത്തിന്റെ സൈന്യത്തിൽ ജനറൽമാർ യുദ്ധമുന്നണിയുടെ പിന്നിൽ സുരക്ഷിതസ്ഥലങ്ങളിലല്ല നിലയുറപ്പിക്കുന്നത്. അവരുടെ സ്ഥാനം മുന്നണിപ്പോരാളികൾക്കൊപ്പം ശത്രുവിന്റെ വെടിയുണ്ടകൾക്ക് തങ്ങളെത്തന്നേ ആദ്യം ഏൽപ്പിച്ചുകൊടുത്തുകൊണ്ട് എങ്ങനെ യുദ്ധം ജയിക്കാമെന്ന് മാതൃക കാട്ടിക്കൊടുക്കലാണ്.

ഒരിക്കൽ ഒരു വേദശാസ്ത്ര വിദ്യാർത്ഥിയുടെ പരാതി കേട്ടപ്പോൾ വിശ്വസിക്കാനായില്ല. തന്നെപ്പോലെയുള്ള വിദ്യാർത്ഥികൾക്ക് "ശുശ്രൂഷ" യിൽ താൽപ്പര്യമില്ലാത്തവരെക്കൊണ്ട് ശല്യമുണ്ടാവാതെയും അവർമൂലം ദുഷിച്ചു പോകാതെയും പ്രത്യേകം പാർക്കാൻ ഹോസ്റ്റൽ ലഭ്യമല്ല എന്നതായിരുന്നു അയാളുടെ പരാതി.

യേശുവിന്റെ കാലത്തെപ്പോലെ തന്നെ ഇക്കാലത്തും വിശ്വാസികൾ അവിശ്വാസികളുടെ സ്വാധീനമുണ്ടാകാതെ തങ്ങളെ സംരക്ഷിച്ചുകൊണ്ടിരിക്കുകയാണ്. എല്ലായിടത്തും ക്രിസ്തീയ കോളനികൾ ഉയർന്നു വരുന്നു. വെളിച്ചം പുറത്തു പ്രകാശിക്കുന്നതിനു പകരം സഭയുടെ അൾത്താരയിൽ മറച്ചുവെച്ചിരിക്കുന്നു. പാപി നിസ്സഹായനായി നാശത്തിലേക്കു പോകുമ്പോൾ നാം അകന്നുമാറി നിന്ന് നാശത്തിലേക്ക് നിസ്സഹായനായി പോകരുതെന്ന് അവനെ ഉപദേശിക്കുന്നു.





എന്നാൽ യേശു ഇമ്മാനുവേൽ ആയിരുന്നു – ദൈവം നമ്മോടു കൂടെ. തന്നെ അനുഗമിക്കാൻ അവൻ നമ്മെ വിളിക്കുന്നു. തന്റെ ശിഷ്യന്മാരുടെ മേൽ അവൻ കർത്തൃത്വം നടത്തിയില്ല. താൻ ചെയ്യാതിരുന്നതും എങ്ങനെ ചെയ്യണമെന്ന് കാണിച്ചുകൊടുക്കാത്തതുമായ ഒരു കാര്യവും അവരോട് ചെയ്യാനവൻ ആവശ്യപ്പെട്ടില്ല. യേശുവിനെപ്പോലെ നാമും ജനത്തെ യഥാർത്ഥമായി സ്നേഹിക്കുന്നുവെങ്കിൽ അവരുമായി ചേർന്നു നടന്ന് അവർക്ക് മാതൃക കാണിച്ചു കൊടുക്കണം.

## നാലു ഭിത്തിക്കുള്ളിലൊതുങ്ങാത്ത അദ്ധ്യാപനം

ഞാൻ ക്രിസ്തീയ കോളേജിൽ പഠിപ്പിച്ചുകൊണ്ടിരുന്നപ്പോൾ, പ്രാർത്ഥനയെക്കുറിച്ചുള്ള എന്റെ ക്ലാസ്സുകളും പരീക്ഷയിൽ നല്ല ചോദ്യങ്ങൾ ചോദിക്കുന്നതുംകൊണ്ട് വിദ്യാർത്ഥികളെ എങ്ങനെ നന്നായി പ്രാർത്ഥിക്കാമെന്ന് പഠിപ്പിക്കാനാവില്ലെന്ന് ഞാൻ മനസ്സിലാക്കി. എങ്ങനെ നോട്ട് എഴുതിയെടുക്കാമെന്നും പരീക്ഷയിൽ ഉത്തരമെഴുതാമെന്നും മാത്രമേ അതുകൊണ്ട് അവർ പഠിച്ചുള്ളു. ചുരുക്കത്തിൽ അവരോടൊപ്പം പ്രാർത്ഥിക്കുന്നതിലൂടെ മാത്രമേ അവരെ പ്രാർത്ഥന പഠിപ്പിക്കുവാൻ എനിക്കു കഴിയുകയുള്ളൂ.

സുപ്രസിദ്ധമായ ഒരു സെമിനാരിയിലെ മുഖ്യ പ്രൊഫസറന്മാരിലൊരാൾ, തന്റെ സെമിനാരി "പാസ്റ്റർമാരെ പരിശീലിപ്പിച്ചിട്ടില്ല, സെമിനാരിയിൽ പഠിപ്പിക്കാൻ മാത്രമേ പരിശീലിപ്പിച്ചിട്ടുള്ളു" എന്നു സമ്മതിക്കുകയുണ്ടായി. കാരണം ക്ലാസ്സ് മുറികളിൽ അവർക്ക് ലഭിച്ച മാതൃക അതാണ്. തന്റെ അദ്ധ്യാപന രീതിയായി യേശു തിരഞ്ഞെടുത്തത് ക്ലാസ്സ് മുറിയിലെ പഠിപ്പിക്കലല്ല, മാതൃക കാണിക്കുകയായിരുന്നു. പ്രദർശിപ്പിച്ചു കാണിക്കാത്ത ഒരു മനോഭാവമോ തൊഴിലോ പഠിക്കുകയെന്നത് വളരെ പ്രയാസകരമാണ്. ഒരു ഡ്രൈവർ ഡ്രൈവിംഗ് പഠിപ്പിച്ചതിൽ ഞാൻ നന്ദിയുള്ളവനാണ്. എന്റെ ഷൂ ലെയ്സ് കെട്ടാൻ എന്നെ പരിശീലിപ്പിച്ചത് എന്റെ പിതാവ് എന്റെ കരങ്ങളിൽ പിടിച്ചാണ്.

"കഴിവുള്ളവർ പ്രവർത്തിക്കും, കഴിവില്ലാത്തവർ പഠിപ്പിക്കും" എന്ന പഴഞ്ചൊല്ല് സത്യമായിരുന്നെങ്കിൽ പഠിപ്പിക്കൽ ഉണ്ടാകുമായിരുന്നില്ല കാരണം, പഠിപ്പിക്കലെന്നത് നിർദ്ദേശപ്രകാരമുള്ള പ്രവൃത്തിയാണ്. ഒരുവൻ മുൻപിൽ നടന്നുകൊണ്ട് ഒടുവിലത്തെ ആളാകുന്നത് മാതൃക കാട്ടലാണ്. ചില പ്രവർത്തനങ്ങളിൽ മുൻപേ പോകുവാൻ വിദ്യാർത്ഥികൾ ഉത്കണ്ഠപ്പെടുമ്പോൾ അദ്ധ്യാപകർ ആ റോൾ ഏറ്റെടുത്ത് രാജാവി

നുവേണ്ടി പാചകം ചെയ്ത ഭക്ഷണം ആദ്യം രുചിനോക്കുന്നതുപോലെയുള്ള ദാസത്വത്തിന്റെ വക്താവായി മാറണം.

അറിവും മൂല്യങ്ങളും കൈമാറ്റം ചെയ്യുകയും സ്വഭാവരൂപീകരണം വരുത്തുകയും ചെയ്യുന്ന പ്രക്രിയയാണ് വിദ്യാഭ്യാസം. ക്രിസ്തു വിശ്വാസിയെ സംബന്ധിച്ചിടത്തോളം അതിനപ്പുറമായ ഒരു തലം കൂടിയുണ്ട്- ജീവൻ കൈമാറ്റം ചെയ്യുക. ജീവൻ മാത്രമേ ജീവൻ ഉത്പ്പാദിപ്പിക്കുന്നുള്ളൂ.

വർഷങ്ങളായി സഭ അതിന്റെ വിദ്യാഭ്യാസ രീതികൾ, “ശിഷ്യൻ ഗുരുവിനു മീതെയല്ല, അഭ്യാസം തികഞ്ഞവൻ എല്ലാം ഗുരുവിനെപ്പോലെയാകും” (ലൂക്കൊസ് 6:40) എന്നു പറഞ്ഞ യേശുവിൽ നിന്നു സ്വീകരിക്കുന്നതിനു പകരം ലോകത്തിൽ നിന്നാണ് സ്വീകരിക്കുന്നത്. വിദ്യാർത്ഥികളെ നാം ജീവിതത്തിൽ നിന്നകറ്റി ക്ലാസ്സ് മുറിയിൽ ഒതുക്കിയിരിക്കുന്നു. യേശുവാകട്ടെ വിദ്യാർത്ഥികളെ ജീവിതത്തിന്റെ മദ്ധ്യത്തിലേക്കടുപ്പിക്കുന്നു. വിദ്യാഭ്യാസത്തിന്റെ സമയം നാം ഒന്നോ രണ്ടോ മണിക്കൂറായി പരിമിതപ്പെടുത്തിയിരിക്കുന്നു. യേശു തന്റെ സമയം മുഴുവൻ ശിഷ്യന്മാരെ അഭ്യസിപ്പിക്കാനായി ഉപയോഗിച്ചു. നാം നമ്മുടെ തിങ്ങിനിറഞ്ഞ ക്ലാസ്സുകളിൽ അഭിമാനം കൊള്ളുന്നു. യേശു പന്ത്രണ്ടു പേരെ “തന്നോടു കൂടെ ഇരിക്കാൻ” തിരഞ്ഞെടുത്തു. അദ്ധ്യാപകരെ നാം ഒറ്റപ്പെട്ട, മറ്റുള്ളവർക്കു വെളിപ്പെടുത്താത്ത ലക്ചറന്മാരായി നിലനിർത്തുന്നു. യേശു തന്റെ ജീവിതം ശിഷ്യന്മാർക്കു വെളിപ്പെടുത്തി. നാം നമ്മുടെ കുട്ടികളെ ശരീര സംഭരണികളിലേക്ക് എറിഞ്ഞിട്ട് അവരുടെ പരിശീലനം അപരിചിതരെ ഏൽപ്പിക്കുന്നു. ബൈബിൾ പ്രഥമ ഉത്തരവാദിത്തം മാതാപിതാക്കളെ ഏൽപ്പിക്കുന്നു.

ഒരു ക്ലാസ്സ് മുറിയിലെ സംവിധാനത്തിലോ മറ്റേതെങ്കിലും പരിമിതികളിലോ ബുദ്ധിമുട്ടുന്ന ഒരു അദ്ധ്യാപകനാണ് നിങ്ങളെങ്കിൽ താഴെപ്പറയുന്ന തത്ത്വങ്ങൾ നിങ്ങളെ അസ്വസ്ഥനാക്കുന്ന കുറവായിട്ടല്ല, ധൈര്യത്തിനുള്ള ആഹ്വാനമായി നിങ്ങൾക്കു ബോധ്യപ്പെടും.

യേശുവിന്റെ ശൈലിയിലുള്ള വിദ്യാഭ്യാസത്തിൽ അദ്ധ്യാപകർ വിദ്യാർത്ഥികൾക്കൊപ്പം നടക്കുകയും തങ്ങളുടെ ജീവിതവും പ്രശ്നങ്ങളും വെളിപ്പെടുത്തുകയും ചെയ്യും. യേശുവിന്റെ ദാസസ്വഭാവം നിവർത്തിക്കുന്നവരായിരിക്കും അദ്ധ്യാപകർ. യേശു ശൈലിയിലുള്ള വിദ്യാഭ്യാസത്തിൽ, വിദ്യാഭ്യാസം അദ്ധ്യാപകനോ അഡ്മിനിസ്ട്രേറ്റർക്കോ വേണ്ടിയല്ല, വിദ്യാർത്ഥിക്കുവേണ്ടിയാണെന്ന് അംഗീകരിക്കുകയും അതനുസരിച്ച് വിദ്യാഭ്യാസ സമ്പ്രദായം രൂപപ്പെടുത്തുകയും ചെയ്യും.

യേശു ശൈലിയിൽ ഉള്ള വിദ്യാഭ്യാസം ജനങ്ങളെ ഒന്നാമത് ഇന്ത്യയുടേയോ മറ്റേതെങ്കിലും രാജ്യത്തിന്റെയോ പൗരന്മാരായിരിക്കാനല്ല, ഒന്നാമത് ദൈവരാജ്യത്തിലെ പൗരന്മാരായിരിക്കാനാണ് പരിശീലിപ്പിക്കുന്നത്.





അദ്ധ്യാപകരും ഇതര പ്രവർത്തകരും തിരഞ്ഞെടുക്കപ്പെട്ട ഘടനയനുസരിച്ച് വിദ്യാർത്ഥികൾക്ക് ദൈവരാജ്യത്തിന്റെ മാതൃകയായിത്തീരുന്നു.

യേശു ശൈലിയിൽ ഉള്ള വിദ്യാഭ്യാസം ഭവനത്തെ ആത്മീയ പരിശീലനത്തിനുള്ള പ്രധാന ശക്തിയായി ഒരുക്കിയെടുക്കുന്നു. യേശു ശൈലിയിൽ ഉള്ള വിദ്യാഭ്യാസം ദൈവരാജ്യത്തിന്റെ സ്നേഹപ്രമാണവും സംസ്കാരത്തിന്റെയും പാരമ്പര്യത്തിന്റെയും ശക്തികളും തമ്മിലുള്ള വ്യത്യാസം തിരിച്ചറിയുന്നു. സംസ്കാരവും പാരമ്പര്യവും ദൈവരാജ്യത്തിന്റെ മാർഗ്ഗമായി അതു പഠിപ്പിക്കുന്നില്ല.

യേശു ശൈലിയിലുള്ള വിദ്യാഭ്യാസത്തിൽ വിദ്യാർത്ഥികളുടെ എണ്ണം അദ്ധ്യാപകനു സ്നേഹിക്കാനും ഇടപെടാനും കഴിയുന്നിടത്തോളമായി പരിമിതപ്പെടുത്തുന്നു. യേശു ശൈലിയിലുള്ള വിദ്യാഭ്യാസത്തിൽ വ്യക്തിക്കു തന്നെക്കുറിച്ചു തന്നെയുള്ള കാഴ്ചപ്പാടിനെ കുറച്ചു കാണിക്കുന്ന യാതൊരു വിലയിരുത്തൽ രീതിയും ഉപയോഗിക്കുന്നില്ല.

യേശു ശൈലിയിലുള്ള വിദ്യാഭ്യാസം, അദ്ധ്യാപകനും വിദ്യാർത്ഥിയും തമ്മിലുള്ള ആത്മാർത്ഥ ബന്ധത്തിൽ നിന്നും ഉടലെടുക്കാത്ത യാതൊരു അച്ചടക്ക നടപടിയും അവലംബിക്കുന്നില്ല.

യേശു ശൈലിയിലുള്ള വിദ്യാഭ്യാസത്തിന്റെ മാനദണ്ഡം ദൈവം വിദ്യാർത്ഥികൾക്കു നൽകിയിട്ടുള്ള സകല കഴിവുകളും വികസിപ്പിക്കുകയെന്നതാണ്. വിദ്യാർത്ഥികളെ രൂപപ്പെടുത്തുന്നതിനു മറ്റു പ്രതീക്ഷകളുടെ മാനദണ്ഡങ്ങളൊന്നും അതുപയോഗിക്കുന്നില്ല.

യേശു ശൈലിയിലുള്ള വിദ്യാഭ്യാസം ദീർഘകാലസ്വാധീനം ലക്ഷ്യമിടുകയും സമ്പൂർണ്ണ ജീവിതത്തിനായി ഒരുക്കുകയും ചെയ്യുന്നു. വിദ്യാഭ്യാസ സമ്പ്രദായം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികളായി തരംതാഴാതെ വിദ്യാർത്ഥിയുടെ പ്രയോജനത്തിനായി അതു പ്രവർത്തിക്കുന്നു.

യേശു ശൈലിയിലുള്ള വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം ജ്ഞാനമല്ല സ്നേഹമാണ്. ശരിയായി അഭ്യസിപ്പിക്കപ്പെട്ട ദൈവിക ജ്ഞാനം, യേശു സ്നേഹിച്ചതുപോലെ സ്നേഹിക്കുകയും യേശു ജീവിച്ചതുപോലെ ജീവിക്കുകയും ചെയ്യുന്ന ജീവിതങ്ങളെ വാർത്തെടുക്കുന്നു എന്ന കാര്യം തിരിച്ചറിയുന്നു.

**സംക്ഷേപം:**

1. ദാസൻ
2. അധികാരം കൈയാളരുത്
3. **മാതൃക**

# കൂടുതലില്ല, കുറവുമില്ല

*"ഈ ശിശുവിനെപ്പോലെ തന്നെത്താൻ താഴ്ത്തുന്നവൻ സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും വലിയവൻ ആകുന്നു"*

ദീർഘനാളുകൾ ഞാൻ താഴ്മയെക്കുറിച്ച് തെറ്റിദ്ധാരണ പുലർത്തിയിരുന്നു. അപകർഷ ബോധത്തിനു തുല്യമാണതെന്നു ചിന്തിച്ച ഞാൻ പരാജിതന്റെ നോട്ടത്തോടെ ഞാൻ ഒന്നുമല്ലെന്നു ചിന്തിച്ചു. എനിക്കു പാടാൻ കഴിവില്ല, പ്രസംഗിക്കാൻ കഴിവില്ല, പിയാനയോ മറ്റു സംഗീതോപകരണങ്ങളോ വായിക്കാൻ കഴിവില്ല, നടക്കാൻപോലും കഴിയാത്ത അവസ്ഥയിലായിരുന്നു. ഞാൻ പ്രതീക്ഷിച്ചതുപോലെ തന്നെ ആളുകൾ പ്രതികരിച്ചു, "നീ വളരെ താഴ്മയുള്ളവനാണ്." അവർ ശ്രദ്ധിച്ചതിന് ഞാൻ താഴ്മയോടെ നന്ദി പറഞ്ഞു.

ഈ മനോഭാവം താഴ്മയല്ല രോഗമാണെന്ന് ഇപ്പോൾ ഞാൻ തിരിച്ചറിയുന്നു. ജീവിതത്തോടുള്ള നിസ്സംഗമായ സമീപനമല്ല താഴ്മ. താഴ്മയെന്നത് നമ്മെ യഥാർത്ഥ അവസ്ഥയിൽ, ഒട്ടും കൂടുതലോ ഒട്ടും കുറച്ചോ അല്ലാതെ കാണുന്നതാണ്. നാം ആരാണെന്നും നമ്മുടെ വികാരങ്ങളെന്താണെന്നും തിരിച്ചറിയുന്നതാണത്. കാപട്യങ്ങളില്ലാതെ ജീവിക്കുന്നതാണത്.

മരുഭൂമിയിൽ കത്തുന്ന മുൾപടർപ്പിലൂടെ ദൈവവുമായി ഒരു അഭിമുഖം മോശെക്കുണ്ടായി. യിസ്രായേൽ മക്കളെ മിസ്രയീമിൽ നിന്നും പുറപ്പെടുവിക്കുന്നതിന് മിസ്രയീമിലേക്കു പോകാൻ സമ്മതിച്ച ശേഷം, ആരും തന്റെ ആധികാരികതയെ ചോദ്യം ചെയ്യരുതെന്നാഗ്രഹിച്ച മോശെ, തന്നോടു സംസാരിച്ചതാരെന്നറിയണമെന്നാവശ്യപ്പെട്ടു. ഏതു കമ്പനിക്കു വേണ്ടിയാണ് താൻ പ്രവർത്തിക്കാൻ പോകുന്നത്? ദൈവം പറഞ്ഞു "ഞാനാകുന്നവൻ ഞാനാകുന്നു." ദൈവം സംഗതമാണ്. അവൻ ആകുന്നവൻ അവനാകുന്നു. യേശു പറഞ്ഞു: "ഞാൻ തന്നെ വഴിയും സത്യവും

ജീവനും ആകുന്നു. അബ്രഹാം ജനിച്ചതിനുമുമ്പെ ഞാൻ ഉണ്ട്." ഞാൻ ആകുന്നു എന്ന അവസ്ഥയാണ് താഴ്മ.

മറ്റുള്ളവർക്കുവേണ്ടി എനിക്കു ചെയ്യാൻ കഴിയുന്ന ഏറ്റവും നല്ല കാര്യം എന്നെക്കുറിച്ചു തന്നെ സത്യസന്ധത (താഴ്മ) പുലർത്തുകയെന്നതാണ്. അങ്ങനെയായാൽ എന്റെ വഞ്ചനയിൽ അവർ കുടുങ്ങിപ്പോകുകയില്ല. യേശു രാവിലെ ശിഷ്യന്മാരെ അഭിവാദനം ചെയ്യുമ്പോൾ അവൻ എന്താണ് അർത്ഥമാക്കുന്നതെന്ന് അവർ അത്ഭുതപ്പെടുമായിരുന്നു എന്നു പറഞ്ഞാൽ എനിക്കു സംശയമാണ്. ഇന്നലെയും ഇന്നും എന്നെന്നേക്കും അനന്യൻ ആണ് അവൻ എന്നു പറഞ്ഞാൽ അവന് വികാരങ്ങളോ ഭാവവ്യത്യാസങ്ങളോ ഇല്ല എന്നർത്ഥമില്ല. അതിനർത്ഥം അവൻ എല്ലായ്പ്പോഴും അവരോടു സത്യസന്ധത പുലർത്തുന്നു എന്നാണ്; എല്ലായ്പ്പോഴും "ഞാൻ ആകുന്നു" എന്നാണ്.

തന്നെ അടുപ്പമുള്ളവനായി ജനം കാണുവാൻ ദാസൻ സന്നദ്ധനായിരുന്നു.

> "അവർ: റബ്ബീ (എന്നു വെച്ചാൽ ഗുരോ) നീ എവിടെ പാർക്കുന്നു എന്നു ചോദിച്ചു. അവൻ അവരോടു: വന്നു കാണ്മിൻ എന്നു പറഞ്ഞു" (യോഹന്നാൻ 1:38,39).

യേശുവിന്റെ തുറന്ന മനസ്ഥിതി നിരീക്ഷണത്തിന്റെയോ സാമൂഹിക അന്വേഷണത്തിന്റെയോ ഫലമായുണ്ടായതല്ല എന്നത് പ്രത്യേകം ശ്രദ്ധിക്കുക. സ്വന്തതീരുമാനത്തിൽ നിന്നും ഉളവായതാണ് ആ മനോഭാവം. "അവർക്ക് അറിഞ്ഞുകൂടാത്തത് അവരെ വേദനിപ്പിക്കുന്നില്ല" എന്ന സിദ്ധാന്തം അവനില്ലായിരുന്നു.

അവൻ ശിഷ്യന്മാരെ തിരഞ്ഞെടുത്തത് "തന്നോടുകൂടെ ഇരിക്കാൻ" ആണ്. സ്വയം വെളിപ്പെടുത്തുന്ന ഒരു ബന്ധമാണത്. കൂടെയിരിക്കുമ്പോൾ സാമൂഹ്യതലത്തിനപ്പുറം ദൈനംദിന ജീവിതത്തിലെ യാഥാർത്ഥ്യങ്ങൾ നാം കാണുന്നു. ഞാനും എന്റെ ഭാര്യയും ആദ്യം പരിചയപ്പെടുമ്പോൾ ഞങ്ങൾ നന്നായി വസ്ത്രം ധരിച്ചും മുടി ചീകിയും വാസനദ്രവ്യങ്ങൾ ഉപയോഗിച്ചുമാണ് കണ്ടുമുട്ടിയത്. വിവാഹ ബന്ധത്തിൽ ഞങ്ങൾ ഒന്നാകുന്നതു വരെ എന്റെ അലോസരപ്പെടുത്തുന്ന പ്രവൃത്തികളോ ശാരീരികാവസ്ഥകളോ ഒന്നും അവൾ മനസ്സിലാക്കിയില്ല. അതിനുശേഷം എന്റെ താല്പര്യങ്ങളുടെ ശരിയായ സ്ഥിതി അവൾ അറിയുവാൻ തുടങ്ങി. സമയവും കൂടെയിരിക്കലും വെളിപ്പാട് ഉളവാക്കുന്നു.

ശിഷ്യന്മാരോടുള്ള ബന്ധത്തിൽ തന്റെ വെളിപ്പാടിൽ യേശു വിശ്വസ്തത പുലർത്തി. തന്റെ 'ബിരുദദാന' പ്രസംഗത്തിൽ അവൻ അവരോടു പറഞ്ഞു, "ഞാൻ എന്റെ പിതാവിനോടു കേട്ടതു എല്ലാം നിങ്ങളോടു അറിയിച്ചതുകൊണ്ടു നിങ്ങളെ സ്നേഹിതന്മാർ എന്നു പറഞ്ഞിരിക്കുന്നു" (യോഹന്നാൻ 15:15). സഖിത്വത്തിന് വെളിപ്പാട് അനിവാര്യമാണ്.





തുറന്ന മനസ്ഥിതിയെപ്പറ്റിയും വെളിപ്പാടിനെപ്പറ്റിയുമുള്ള യേശുവിന്റെ പഠിപ്പിക്കൽ വലിയ ജനക്കൂട്ടത്തിന് ലഭിച്ചുവെങ്കിലും ആത്മാർത്ഥമായ അടുപ്പം ശിഷ്യന്മാർക്കുവേണ്ടി അവൻ മാറ്റിവച്ചു. പിതാവിനെപ്പറ്റിയുള്ള പഠിപ്പിക്കൽ യേശുവിന് ഏറ്റവും പ്രധാനപ്പെട്ടതായിരുന്നു. അതവൻ വിശാലമായ വേദികളിൽ ചെയ്തു. എന്നാൽ പിതാവിനെ വെളിപ്പെടുത്തിയത് കൂടുതൽ അടുപ്പമുള്ള ബന്ധങ്ങളിലായിരുന്നു. മറിച്ച് മുത്തുകളെ പന്നികളുടെ മുമ്പിൽ എറിയുക ആയിരുന്നില്ല. ജിജ്ഞാസുക്കളായ അന്വേഷകരെ അവൻ തൃപ്തിപ്പെടുത്തിയില്ല. പക്ഷേ തന്റെ സാന്നിദ്ധ്യം ആത്മാർത്ഥമായി ആഗ്രഹിച്ചവർ അതു നേടിയെടുത്തു.

നമ്മുടെ സമൂഹത്തിൽ (സഭയിലും ഇതരസമൂഹത്തിലും) എത്ര ഉയരത്തിലേക്കു നിങ്ങൾ വളരുമോ അത്രയും നിങ്ങൾ ജനങ്ങൾക്ക് അപ്രാപ്യനാകും – നിങ്ങളുടെ വ്യക്തിപരമായ ജീവിതം കൂടുതൽ രഹസ്യമുള്ളതാകും. യേശു തന്റെ മശീഹൈക ശുശ്രൂഷയിൽ എത്രമാത്രം മുന്നേറിയോ അത്രമാത്രം അവന്റെ ശിഷ്യന്മാർക്ക് അവന്റെ ആന്തരീക ജീവിതത്തിന്റെയും വികാരങ്ങളുടെയും ആഴം കാണാൻ കഴിഞ്ഞു.

## പകൽ വെളിച്ചത്തിൽ

തുറന്ന ജീവിതം പരിചിതമല്ലാത്ത നമുക്ക് ഈ വാക്യങ്ങൾ തിരുവെഴുത്തിലെ ഏറ്റവും ഭയപ്പെടുത്തുന്ന വാക്യങ്ങളായി തോന്നാം.

> "പരീശന്മാരുടെ പുളിച്ചമാവായ കപടഭക്തി സൂക്ഷിച്ചുകൊൾവിൻ. മൂടിവെച്ചതു ഒന്നും വെളിച്ചത്തു വരാതെയും ഗൂഢമായതു ഒന്നും അറിയാതെയും ഇരിക്കയില്ല. ആകയാൽ നിങ്ങൾ ഇരുട്ടത്തു പറഞ്ഞതു എല്ലാം വെളിച്ചത്തു കേൾക്കും; അറകളിൽ വെച്ചു ചെവിയിൽ മന്ത്രിച്ചതു പുരമുകളിൽ ഘോഷിക്കും" (ലൂക്കൊസ് 12:1–3).

താഴ്മയുടെ ഏറ്റവും നല്ല വിശദീകരണം "വെളിച്ചത്തിൽ നടക്കുക" എന്നതാണ്. താഴ്മ യഥാർത്ഥമായിരിക്കാനാഗ്രഹിക്കുകയും ഒന്നും ഒളിക്കാതിരിക്കയും തുറന്ന മനഃസ്ഥിതി കാണിക്കയും ചെയ്യുന്നു. ഇതു തീർച്ചയായും ജനത്തോടുള്ള സ്നേഹപൂർവ്വമായ ഒരു സമീപനരീതിയാണ്. ഇതിന്റെ യുക്തിസഹമായ മുന്നേറ്റം 1 യോഹന്നാൻ 1:7–ൽ കാണാം:

> "അവൻ വെളിച്ചത്തിൽ ഇരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ നമുക്കു തമ്മിൽ കൂട്ടായ്മയുണ്ടു; അവന്റെ പുത്രനായ യേശുവിന്റെ രക്തം സകലപാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു."

നമ്മുടെ മനോഭാവങ്ങളും മൂല്യങ്ങളും തിരുവചന സത്യങ്ങളിൽ നിന്നും ഉരുത്തിരിയാത്തതുകൊണ്ട് വെളിച്ചത്തിൽ ജീവിക്കുന്നതു മുഖാന്തരം ലഭ്യമാകുന്ന ശക്തി പ്രാപിക്കാൻ നമുക്കു കഴിയുന്നില്ല. അതിന്റെ സുതാര്യതയെ നാം ഭയപ്പെടുന്നു. അതു മുഖാന്തരം നമുക്കു സംഭവിക്കുന്ന മാറ്റങ്ങളെക്കുറിച്ചുള്ള അറിവ് നമ്മെ ഉത്ക്കണ്ഠാകുലരാക്കുന്നു.

എങ്കിലും നമ്മുടെ അപൂർണ്ണതകൾ ആളുകൾ കാണുമെന്ന് നാം ഭയപ്പെടേണ്ടതില്ല. അവയുള്ള മനുഷ്യരാശിയോടു നാം ചേർന്നിരിക്കുന്നു. നമുക്കു പാപക്ഷമ ലഭിച്ചുവെന്നും നാം വളർന്നുകൊണ്ടിരിക്കുന്നുവെന്നുമുള്ള വസ്തുതയിലാണ് നാം സന്തോഷിക്കുന്നത്

നാം എല്ലാവരും പാപികളാണ്. ചില പാപികൾ മറ്റുള്ളവരെക്കാൾ വലിയ പാപികൾ ആണോ എന്ന കാര്യത്തിൽ എനിക്കു സംശയമുണ്ട്. ചില പാപങ്ങൾ മറ്റുള്ളവയേക്കാൾ ദൃശ്യമാണെന്നതാണ് വാസ്തവം. പുറമെ എത്ര മറച്ചാലും 'ഹൃദയത്തിൽ അകൃത്യം കരുതാൻ' എനിക്കു കഴിയും. അധികം ക്ഷമിച്ചു കിട്ടിയവൻ അധികം സ്നേഹിക്കുന്നുവെന്ന് യേശു പറഞ്ഞു. ആന്തരികവും ബാഹ്യവുമായ പാപങ്ങൾ ഏറ്റു പറഞ്ഞു മാനസാന്തരപ്പെട്ടവർ ഇപ്പോൾ മുഴുവനായും ദൃശ്യവും തുറന്നതുമാണെന്ന് ഇതിനർത്ഥമാക്കാം. ദൈവത്തിന്റെ സമ്പൂർണ്ണ വീണ്ടെടുപ്പ് അവർ അനുഭവിക്കുന്നതിനാൽ തങ്ങളുടെ ഊർജ്ജം മുഴുവനും കൂടുതൽ സ്നേഹിക്കുന്നതിനുപയോഗിക്കുന്നു. എന്നാൽ പരീശന്മാർ പുറമെ വെള്ളപൂശിയവരെങ്കിലും അകമെ മറഞ്ഞിരിക്കുന്ന പാപങ്ങളിൽ നിന്നും മാനസാന്തരപ്പെട്ടിട്ടില്ലാത്തതിനാൽ, സ്നേഹിക്കാനുള്ള അവരുടെ കഴിവ് ബലഹീനമാക്കപ്പെട്ടിരിക്കുന്നു.

## മറച്ചുവെക്കുന്നതിനു കൊടുക്കേണ്ട വില

മനഃശാസ്ത്രജ്ഞരുടെ അഭിപ്രായത്തിൽ ഏതു രഹസ്യവും നല്ലതായാലും ചീത്തയായാലും പാപം ഉളവാക്കുന്ന അതേ കുറ്റബോധം നമ്മിലുളവാക്കും. വെളിപ്പെടുത്താതെ നാം ഉൾക്കൊള്ളുകയും സൂക്ഷിക്കുകയും ചെയ്യുന്ന ഏതു ശക്തമായ വികാരവും, സാധകാത്മകമായവ ഉൾപ്പെടെ, അനാരോഗ്യകരമായ രീതിയിൽ നമ്മെയും നമ്മുടെ ചുറ്റുപാടുകളെയും സ്വാധീനിക്കും.

നമ്മുടെ യഥാർത്ഥ പ്രകൃതി, നമ്മുടെ സ്വത്വത്തെ മറച്ചുവെക്കത്തക്ക വണ്ണമല്ല സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. മനുഷ്യന്റെ വീഴ്ചയിൽ ആരംഭിച്ച മറക്കാനുള്ള ശ്രമം, മുഴുലോകത്തിന്റെയും ജീവിതരീതിയിൽ പ്രകടമാക്കുവാൻ ചെലവഴിക്കുന്ന ഊർജ്ജത്തിന് വ്യക്തികളെന്ന നിലയിൽ കൊടുക്കേണ്ട വില വലിയതാണ്. നാം മറയ്ക്കുന്ന ഏതു കാര്യവും സുരക്ഷിതമായി മറയപ്പെട്ടുതന്നെ ഇരിക്കേണ്ടതിന് നമ്മുടെ ജീവിതരീതി അതനുസരിച്ച് ക്രമീകരിക്കാൻ നാം നിർബന്ധിക്കപ്പെടുന്നു. മറ്റു വാക്കിൽ പറഞ്ഞാൽ നാം അയഥാർത്ഥമായി — നമ്മോടു തന്നെ അസത്യമായി, പൊരുത്തപ്പെടാത്തതായി — തീരുന്നു. യാഥാർത്ഥ്യത്തിന്റെ ദൈവമായ യേശുവിന്റെ സ്വഭാവത്തിന് ഘടകവിരുദ്ധമാണ് ഈ അയഥാർത്ഥ്യം. ഒരു മുഖംമൂടികൊണ്ട് തന്റെ ജീവിതത്തെ മൂടുന്നതിന് ഒട്ടും ഊർജ്ജം അവനു ചെലവാക്കേണ്ടിവന്നില്ല. അവനിൽ ഇരുട്ട് ഒട്ടുമേ ഇല്ല.





"യേശു കണ്ണുനീർ വാർത്തു" എന്നു യോഹന്നാൻ രേഖപ്പെടുത്തിയ തീവ്രമായ പ്രസ്താവന, പരസ്യസ്ഥലത്തുപോലും തന്റെ ആന്തരിക ഭാവങ്ങളോട് യാഥാർത്ഥ്യം പുലർത്തുവാൻ തക്കവണ്ണം യേശു സ്വതന്ത്രനായിരുന്നുവെന്നതിന്റെ തെളിവാണ്. അവന്റെ രോഷവും അവൻ പരസ്യമായി വെളിപ്പെടുത്തി. അവനെ ചലിപ്പിച്ച മനസ്സലിവ്, അവന്റെ ആനന്ദം, അവന്റെ ദുഃഖങ്ങൾ എല്ലാം, സുവിശേഷ രചയിതാക്കൾക്ക് അവ കാണുവാനും രേഖപ്പെടുത്താനും കഴിഞ്ഞു എന്നതിന്റെ തെളിവാണ്.

താഴ്മയിലൂടെ മാത്രമേ ശക്തമായ വികാരങ്ങളെ ശരിയായി കൈകാര്യം ചെയ്യാൻ നമുക്കു കഴിയുകയുള്ളൂ. കോപിച്ചാൽ പാപം ചെയ്യാതിരിപ്പാനും സൂര്യൻ അസ്തമിക്കുവോളം കോപം വെച്ചുകൊണ്ടിരിക്കരുതെന്നും ബൈബിൾ നമ്മോടു പറയുന്നു. അതിനർത്ഥം നാം വായ് പൂട്ടിയിരിക്കണമെന്നാണെന്ന് നാം വ്യാഖ്യാനിക്കുന്നു: നിങ്ങളുടെ കോപം പ്രകടിപ്പിക്കരുത്. പല്ലു കടിക്കുക. പല്ലിറുമ്മി അതു സഹിക്കുക.

നമുക്കു സാധിക്കുന്നത്രയും പല്ലു കടിക്കുന്നതുമൂലം ഇടക്കിടെ പുറത്തു ചാടുന്ന വിരുദ്ധപ്രതികരണം അക്രമമോ കടുത്ത പ്രതികാരമോ ആയിരിക്കും. അക്രമവും വിശുദ്ധിചമയലും കോപത്തെ കൈകാര്യം ചെയ്യുന്ന ആരോഗ്യകരമായ രീതിയല്ല. താഴ്മയാകട്ടെ എന്റെ വികാരങ്ങൾ ഉൾക്കൊള്ളാനും അതു സമ്മതിക്കാനും എന്നെ പ്രാപ്തനാക്കുന്നു. ഇപ്പോൾ എനിക്കു സ്വാതന്ത്ര്യത്തോടെ "എനിക്കു കോപം വരുന്നു" എന്നു പറയാം. എന്റെ പ്രതികരണങ്ങൾ സമ്മതിക്കാനും എനിക്കു കഴിയും. എന്നിൽ കോപമുളവാക്കാനാണോ അയാൾ ആഗ്രഹിക്കുന്നതെന്നു ചോദിക്കുവാനും ആവശ്യമെങ്കിൽ എന്റെ പ്രതികരണത്തിൽ വ്യത്യാസം വരുത്താൻ സഹായം ആവശ്യപ്പെടാനും ഞാൻ സ്വാതന്ത്ര്യമുള്ളവനായിത്തീരുന്നു.

നമ്മുടെ യഥാർത്ഥ വികാരങ്ങൾ വെളിപ്പെടുത്തുവാൻ താഴ്മ മുഖാന്തരം ലഭിക്കുന്ന ഈ കഴിവ് ദൈവത്തോടുള്ള ബന്ധത്തിലും നമുക്കുപയോഗിക്കാൻ കഴിയും. പ്രകൃതിയിലുണ്ടാകുന്ന സംഭവവികാസങ്ങൾ നമ്മെ അസ്വസ്ഥരും കോപിഷ്ടരുമാക്കുമ്പോൾ നമ്മുടെ വികാരം വെളിപ്പെടുത്തുവാൻ നാം അവയെ സൂക്ഷ്മതയോടെ "ദൈവത്തിന്റെ പ്രവൃത്തികളായി" മുദ്രകുത്തുന്നു. ദൈവത്തിന്റെ നേരെ നമ്മുടെ കോപം പ്രകടിപ്പിക്കുന്നത് അപകടകരമല്ലേ? നയം കൊണ്ടും മുഖസ്തുതി കൊണ്ടും ദൈവത്തെ സ്വാധീനിക്കാമെന്ന് നിങ്ങൾ കരുതുന്നുണ്ടോ?

നമ്മുടെ പ്രാർത്ഥനകളുടെ നല്ലൊരു ഭാഗവും അടിസ്ഥാനപരമായി, ദൈവം ലോകത്തെ നടത്തുന്ന വിധത്തെക്കുറിച്ചുള്ള പരാതികളാകയാൽ, ദൈവത്തോടുള്ള നമ്മുടെ വികാരങ്ങളുടെ സത്യസന്ധമായ വെളിപ്പെടുത്തലുകളും അവനുമായുള്ള ബന്ധത്തിൽ നാമനുഭവിക്കുന്ന നിരാശകളും അസ്ഥാനത്തുള്ളതാണോ? ആത്മാർത്ഥമായ ബന്ധത്തിന്റെ സൗന്ദര്യമെന്നു പറയുന്നത്, അവ വികാരപ്രകടനങ്ങളെ അതിജീവിക്കുന്നു എന്നതല്ല, അവയാൽ സമ്പുഷ്ടമാക്കപ്പെടുന്നു എന്നതാണ്. ദൈവവുമായുള്ള 'അബ്ബാ' ബന്ധം പെട്ടെന്നു തകരുന്നതാണെന്നും കരുണയുടെ ഉറവിടമായവൻ നമ്മോടു പ്രതികാരം ചെയ്യുന്നവനാണെന്നുമാണോ നാം വിചാരിക്കുന്നത്? യേശുക്രിസ്തുപോലും ആ നിർണ്ണായക ഘട്ടത്തിൽ നിലവിളിച്ചതാണല്ലോ, "നീ എന്നെ കൈവിട്ടതെന്ത്?" എന്ന്.

നമ്മുടെ സംസ്കാരത്തിന്റെ സ്വാധീനം നിമിത്തം നമ്മുടെ വികാരങ്ങൾ മായ്ക്കുവാൻ നാം പഠിച്ചുകഴിഞ്ഞുവെന്നത് ചിന്തനീയമാണ്. ദുഃഖകരമെന്നു പറയട്ടെ, ചില ക്രിസ്ത്യാനികൾ പഠിപ്പിക്കുന്നത് നാം ആഴമേറിയ മുറിവുകളുടെ മദ്ധ്യത്തിലും പുഞ്ചിരിക്കണമെന്നാണ്. ഇത്തരം മുറിവുകൾ ഉണ്ടെന്നുള്ള കാര്യം പോലും അവർ നിഷേധിക്കുന്നു; അവർ ചിന്തിക്കുന്നത്, ക്രിസ്ത്യാനികൾ എല്ലായ്പ്പോഴും സാധകാത്മകമായി ചിന്തിക്കുന്നവരും സന്തോഷിക്കുന്നവരും ചിരിക്കുന്നവരും ആയിരിക്കണമെന്നാണ്. പ്രശ്നങ്ങളിലൂടെ കടന്നുപോകുന്ന ദമ്പതികൾ ചിരിക്കാതെയും സംസാരിക്കാതെയും പള്ളിയിലേക്കു പോയിട്ട്, വാതിൽക്കലെത്തുമ്പോൾ പെട്ടെന്ന് ചിരിവരുത്താറുമുണ്ട്. എന്തുണ്ട് വിശേഷം എന്ന് പാസ്റ്റർ ചോദിക്കുമ്പോൾ, "നന്ദി, സന്തോഷമായിരിക്കുന്നു" എന്ന മറുപടി വരികയും ചെയ്യും.

നമ്മുടെ പാപങ്ങളും പ്രകടിപ്പിക്കപ്പെട്ട വികാരങ്ങളുമായി കടന്നുവരാനും സഹായവും സൗഖ്യവും ലഭിക്കാനും കഴിയുന്ന ഒരിടമുണ്ടെങ്കിൽ അതു സഭയാണ്. പക്ഷേ ഇന്നത്തെ സ്ഥിതി അതല്ല; നമ്മുടെ വികാരങ്ങളെ ഏറ്റവുമധികം നാം ഒളിപ്പിക്കുന്നതും സന്തോഷകരമായ വിജയത്തിന്റെ ഭാവം പ്രകടിപ്പിക്കുന്നതുമായ സ്ഥലമായിത്തീർന്നിരിക്കുന്നു ഇന്നു സഭ.

നന്നായി പ്രവർത്തിക്കുന്നതും ചെറുതും ആത്മാർത്ഥതയുള്ളതുമായ ക്രിസ്തുവിന്റെ ശരീരം ആണ് സൗഖ്യം പ്രദാനം ചെയ്യുന്ന ലോകത്തിലെ ഏറ്റവും നല്ല സമൂഹം; പക്ഷേ നാം അതനുസരിച്ചല്ല പലപ്പോഴും പ്രവർത്തിക്കുന്നത്. ക്രിസ്തുവിന്റെ സൗഖ്യമാക്കുന്ന ശരീരത്തോടു നാം കാണിക്കുന്ന അകൽച്ച ഒരു മെഡിക്കൽ ഡോക്ടറോടു കാണിക്കാൻ നാം തയ്യാറാകുകയില്ല. "എനിക്ക് പറയാൻ പറ്റാത്ത" ഒരു രോഗമുണ്ട് എന്നു നാം ഡോക്ടറോടു പറയുമോ? ഒരിക്കലുമില്ല! പക്ഷേ ക്രിസ്തുവിന്റെ ശരീരത്തോടു നാം നമ്മുടെ ആവശ്യങ്ങൾ പങ്കുവെയ്ക്കുമ്പോൾ നാം പലപ്പോഴും





"പറയാൻ പറ്റാത്ത വിഷയം" എന്ന പദം ഉപയോഗിക്കുന്നു. നമുക്കു രോഗമില്ലെന്നോ, രോഗം ശരീരത്തിന്റെ മറ്റൊരു സ്ഥലത്താണെന്നോ ഡോക്ടറെ തെറ്റിദ്ധരിപ്പിച്ച് ചതിക്കാൻ നാം ഒരുമ്പെടുമോ? ഒരിക്കലുമില്ല! "ഒരു സ്നേഹിതനു വേണ്ടിയാണ് ഞാൻ വന്നത്, എന്നെ പരിശോധിച്ച് അവന്റെ രോഗം കണ്ടുപിടിക്കണം" എന്നു നാം പറയുമോ? തീർച്ചയായും ഇല്ല. പക്ഷേ നാം അവിശ്വാസവും ഭയവും വെച്ചുകൊണ്ട് സഭയിൽ ഇടപെടുന്നു. നാം അവരുടെ മുമ്പിൽ കാര്യങ്ങൾ മറയ്ക്കുവാനാണ് ശ്രമിക്കുന്നത്. സഭ പാപക്ഷമ പ്രാപിച്ചവരുടെ സമൂഹമല്ല, പൂർണ്ണത പ്രാപിച്ചവരുടെ കൂട്ടമാണ് എന്ന് എങ്ങനെയോ നാം തീരുമാനിച്ചിരിക്കുന്നു. ഇങ്ങനെ ബാഹ്യമോടികൾ ഉയർത്തിപ്പിടിക്കാനുള്ള ശ്രമം സഭയെ സത്യസന്ധതയുടെ ഒരു പ്രതിസന്ധിയിൽ എത്തിച്ചിരിക്കുന്നു. ആദർശങ്ങളുടെ പകർപ്പ് സകലരെയും കാണിക്കാനുള്ള തത്രപ്പാടിനിടയിൽ യാഥാർത്ഥ്യങ്ങൾ തകർന്നടിയുന്നു. അതേസമയം, കപടഭാവം അംഗീകരിക്കപ്പെടുന്നുവെന്നും കണ്ടുപിടിക്കപ്പെടുകയില്ല എന്നും നാം പ്രത്യാശിക്കുന്നു. യേശുവിന്റെ നാമത്തിൽ നാം നമ്മുടെ പാപങ്ങളെയും പരാജയങ്ങളെയും മറയ്ക്കുകയും നമ്മുടെ തെറ്റുകൾ വെളിച്ചത്തു കൊണ്ടുവരാൻ ധൈര്യപ്പെടുന്നവരെ ക്രൂശിക്കുകയും ചെയ്യുന്നു.

സർ വാൾട്ടർ സ്കോട്ട് താഴ്മയുടെ സ്വഭാവത്തെപ്പറ്റി ഇപ്രകാരം പറഞ്ഞിട്ടുണ്ട്: "വഞ്ചിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുവാൻ എത്രമാത്രം കുരുക്കുന്ന വലയാണ് നാം നെയ്യുന്നത്." എന്റെ പൊരുത്തമില്ലായ്മയിൽ ഞാൻ തെറ്റായ അടയാളങ്ങൾ ജനത്തിനു നൽകുമ്പോൾ അവർ അതനുസരിച്ച് തെറ്റായി പ്രതികരിക്കുന്നു. അപ്പോൾ അവരുടെ തെറ്റായ പ്രതികരണത്തിന് ഞാനും തെറ്റായി പ്രതികരിക്കുന്നു. ഈ ചക്രം ആവർത്തിച്ചു തുടരുകയും ഒരു യുദ്ധം ആരംഭിക്കുകയും ചെയ്യും. പക്ഷേ എങ്ങനെ അതാരംഭിച്ചുവെന്ന് ആരും ഓർക്കുകയില്ല. പൗലൊസ് ഫിലിപ്പിയർക്ക് എഴുതുമ്പോൾ സഭയിൽ പുലർത്തേണ്ട തുറന്ന മനോഭാവത്തെ അടിവരയിട്ടു പറയുന്നുണ്ട്: "എന്നോടു പഠിച്ചും ഗ്രഹിച്ചും കേട്ടും കണ്ടുമുള്ളതു പ്രവർത്തിപ്പിൻ" (ഫിലി. 4:9). തെസ്സലൊനീക്യർക്ക് അവനെഴുതി: "ഇങ്ങനെ ഞങ്ങൾ നിങ്ങളെ ഓമനിച്ചു കൊണ്ടു നിങ്ങൾക്കു ദൈവത്തിന്റെ സുവിശേഷം പ്രസംഗിപ്പാൻ മാത്രമല്ല, നിങ്ങൾ ഞങ്ങൾക്കു പ്രിയരാകയാൽ ഞങ്ങളുടെ പ്രാണനും കൂടെ വെച്ചുതരുവാൻ ഒരുക്കമായിരുന്നു." (1 തെസ്സലൊ. 2:8).

കൊരിന്തിലുള്ള വിശ്വാസികൾക്ക് എഴുതുമ്പോൾ ആ ആശയം അവൻ ഒന്നുകൂടി വിപുലമാക്കി.

> "നീങ്ങിപ്പോകുന്നതിന്റെ അന്തം യിസ്രായേൽമക്കൾ കാണാതവണ്ണം മോശെ തന്റെ മുഖത്തു മൂടുപടം ഇട്ടതുപോലെ അല്ല....

കർത്താവ് ആത്മാവാകുന്നു; കർത്താവിന്റെ ആത്മാവുള്ളേടത്തു സ്വാതന്ത്ര്യം ഉണ്ടു. എന്നാൽ മൂടുപടം നീങ്ങിയ മുഖത്തു കർത്താവിന്റെ തേജസ്സിനെ കണ്ണാടിപോലെ പ്രതിബിംബിക്കുന്നവരായി നാം എല്ലാവരും ആത്മാവാകുന്ന കർത്താവിന്റെ ദാനമായി തേജസ്സിന്മേൽ തേജസ്സു പ്രാപിച്ചു അതേ പ്രതിമയായി രൂപാന്തരപ്പെടുന്നു" (2 കൊരിന്ത്യർ 3:13,17,18).

സജീവമായ സഭാജീവിതത്തിലെ ചില വൈചിത്ര്യങ്ങളെ പരിശുദ്ധാത്മാവ് നീതീകരിക്കുന്നു എന്ന സ്വാതന്ത്ര്യം പ്രഖ്യാപിക്കുന്നതിനായി ഈ വാക്യങ്ങൾ ഞാൻ എപ്പോഴും ഉപയോഗിക്കാറുണ്ട്. എന്റെ മൂടുപടം വലിച്ചുമാറ്റിയിട്ട് സ്വാതന്ത്ര്യത്തോടെ നടക്കുവാനുള്ള സ്വാതന്ത്ര്യം പരിശുദ്ധാത്മാവ് എനിക്കു നൽകുന്നു. ഇത് ഞാൻ പൂർണ്ണനായതുകൊണ്ടല്ല, ഞാൻ കർത്താവിന്റെ തേജസ്സിനെ പ്രതിബിംബിക്കുന്നതുകൊണ്ടും, രൂപാന്തരപ്പെട്ടുകൊണ്ടിരിക്കുന്നതുകൊണ്ടും സ്ഥിരമായി മുന്നേറ്റവും വളർച്ചയും പ്രാപിക്കുന്നതുകൊണ്ടുമാണ്.

മോശെ മുഖത്തു മൂടുപടമിട്ടത് തന്റെ ബലഹീനത മറയ്ക്കാനാണ്. അതവൻ തിരഞ്ഞെടുത്തതാണ്. അങ്ങനെ ചെയ്യുന്നതിന് പ്രത്യക്ഷമായ യാതൊരു ആവശ്യവുമുണ്ടായിരുന്നില്ല; എന്നാൽ ന്യായപ്രമാണത്തിനു കീഴിൽ നാം പ്രവർത്തിക്കുമ്പോൾ (ചിലപ്പോൾ ഉന്നതമായ, ആത്മീകമായ അനുഭവങ്ങളുടെ മുമ്പിലും), മറ്റുള്ളവർ നമ്മുടെ നല്ലവശം മാത്രം കാണത്തക്കവണ്ണം നടിക്കുവാനും മറയ്ക്കുവാനും മൂടിവെയ്ക്കുവാനും മാനുഷിക ചാപല്യം നമ്മെ നിർബന്ധിക്കും.

എന്നാൽ ന്യായപ്രമാണത്തെ നിവർത്തിക്കുന്ന കാര്യത്തിൽ കൃപ വളരെ വ്യത്യസ്തമാണ്. "ന്യായപ്രമാണം മോശെ മുഖാന്തരം ലഭിച്ചു; കൃപയും സത്യവും യേശുക്രിസ്തു മുഖാന്തരം വന്നു" (യോഹന്നാൻ 1:17) എന്നു യോഹന്നാൻ പറയുന്നു. ന്യായപ്രമാണം നീതി ആവശ്യപ്പെടുന്നു, കൃപ നീതി പ്രദാനം ചെയ്യുന്നു. ന്യായപ്രമാണം ആവശ്യപ്പെടുന്നു, കൃപ പ്രദാനം ചെയ്യുന്നു. ന്യായപ്രമാണം സമ്മർദ്ദമാണ്, കൃപ ആശ്വാസമാണ്. ന്യായപ്രമാണം ബന്ധനമാണ്, കൃപ സ്വാതന്ത്ര്യമാണ്. കൃപയും സത്യവും വെളിച്ചത്തിൽ, കാണപ്പെടുന്ന അവസ്ഥയിൽ, മാത്രമേ മാതൃകയാക്കാൻ കഴിയൂ. കൃപയുടെ പ്രത്യേക സ്വഭാവം നിമിത്തം നമുക്കു മറയ്ക്കേണ്ട ഒരു കാരണവുമില്ല: "സത്യം പ്രവർത്തിക്കുന്നവനോ, തന്റെ പ്രവൃത്തി ദൈവത്തിൽ ചെയ്തിരിക്കയാൽ അതു വെളിപ്പെടേണ്ടതിനു വെളിച്ചത്തിങ്കലേക്കു വരുന്നു" (യോഹന്നാൻ 3:21).

മുഖംമൂടിയുമായി ജീവിക്കുകയെന്നത്, നമുക്ക് പാപക്ഷമയും മൂടുപടം വലിച്ചുമാറ്റി ദൈവതേജസ്സ് പ്രതിബിംബിക്കുന്നതിന് ധൈര്യവും നൽകുന്ന ആത്മാവിന്റെ സ്വാതന്ത്ര്യത്തെ അനുഭവിക്കാതിരിക്കലാണ്. നമുക്കതിനു സ്വാതന്ത്ര്യം ലഭിക്കുന്നത് ലോകത്തിന്റെ അസ്വസ്ഥപ്പെടുത്തുന്ന നോട്ടത്തിൽ നിന്നും നമ്മെ സൂക്ഷിക്കുന്ന പൂർണ്ണതയിൽ നാം എത്തിയതുകൊണ്ടല്ല മറിച്ച്, "മോശെയെപ്പോലെ മങ്ങിപ്പോകാതെ" ദൈവാനുരൂപം നമ്മിൽ വളരുകയും വർദ്ധിക്കുകയും ചെയ്യുന്നതുകൊണ്ടാണ്.





ദൈവിക പദ്ധതിയിൽ, നാം പറഞ്ഞതും ചെയ്തതും ചിന്തിച്ചതുമെല്ലാം വെളിപ്പെടുന്ന ഒരു ദിവസമുണ്ട്. മറച്ചുവെച്ചവർക്ക് അത് കഷ്ടതയുടെ ദിവസമായിരിക്കും. തുറന്ന മനഃസ്ഥിതിക്കാർക്കും വളർച്ച പ്രാപിക്കുന്നവർക്കും അതു വീണ്ടെടുപ്പിന്റെ ചരിത്രം തന്നെ ആയിരിക്കും.

**സംക്ഷേപം:**

1. ദാസൻ
2. അധികാരം കൈയാളരുത്
3. മാതൃക
4. **താഴ്മയുള്ളവൻ**

# ഒരു ശിശു എന്നാൽ...

*"ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ;*
*അവരെ തടുക്കരുത്; ദൈവരാജ്യം ഇങ്ങനെയുള്ളവരുടേതല്ലോ"*

യേശുവിന്റെ ഹൃദയത്തിൽ കുട്ടികൾക്ക് ഒരു പ്രത്യേക സ്ഥാനം തന്നെയുണ്ടായിരുന്നു. അവരിലൂടെ ശിഷ്യന്മാർക്ക് ആവശ്യമായ പാഠം അവൻ നൽകി.

> "അവൻ തൊടേണ്ടതിനു ചിലർ ശിശുക്കളെ അവന്റെ അടുക്കൽ കൊണ്ടുവന്നു; ശിഷ്യന്മാരോ അവരെ ശാസിച്ചു. യേശു അതു കണ്ടാറെ മുഷിഞ്ഞു അവരോടു: ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ; അവരെ തടുക്കരുത്; ദൈവരാജ്യം ഇങ്ങനെയുള്ളവരുടേതല്ലോ. ദൈവരാജ്യത്തെ ശിശു എന്നപോലെ കൈക്കൊള്ളാത്തവൻ ആരും ഒരുനാളും അതിൽ കടക്കയില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു പറഞ്ഞു. പിന്നെ അവൻ അവരെ അണെച്ചു അവരുടെ മേൽ കൈവെച്ചു, അവരെ അനുഗ്രഹിച്ചു" (മർക്കൊസ് 10:13-16).

ഒരു ശിശു ആർക്കുമൊരു ഭീഷണിയല്ല. ഒരു ഇരുണ്ട ഇടവഴിയിൽവെച്ച് ഒരു ശിശുവിനെ കണ്ടുമുട്ടാൻ എനിക്കൊരു പ്രയാസവുമില്ല. അതുപോലെ യേശുവിന്റെ കാലടികളെ നാം പിൻപറ്റുകയും അവനെ ശരിയായി പ്രതിനിധീകരിക്കുകയും ചെയ്താൽ ഒരു ശിശുവിനെപ്പോലെ ലോകത്തിന് നാമൊരിക്കലും ഭീഷണിയായിരിക്കുകയില്ല. യേശു പറഞ്ഞു: "ചെന്നായ്ക്കളുടെ നടുവിൽ ആടിനെപ്പോലെ ഞാൻ നിങ്ങളെ അയയ്ക്കുന്നു. ആകയാൽ പാമ്പിനെപ്പോലെ ബുദ്ധിയുള്ളവരും പ്രാവിനെപ്പോലെ കളങ്കമില്ലാത്തവരും ആയിരിപ്പിൻ" (മത്തായി 10:16).

ചില വർഷങ്ങൾക്കു മുമ്പ് ഇല്ലിനോയിയിൽ ഞാൻ അസിസ്റ്റന്റ് പാസ്റ്റ

റായിരിക്കുന്ന സമയം സഭയിലെ സ്ത്രീകൾ വ്യാഴാഴ്ച രാവിലെ പ്രാർത്ഥ നയ്ക്കായി കൂടിവരുമായിരുന്നു. അതു സ്ത്രീകളുടെ മീറ്റിംഗാകയാലും എന്നെ ക്ഷണിക്കാത്തതിനാലും ആ സമയം ഞാൻ നേഴ്സറിയിൽ പോയി കുട്ടികളോടൊത്ത് കളിക്കുമായിരുന്നു. അവിടത്തെ കുട്ടികളോടൊപ്പം ചെലവഴിച്ച ആദ്യ ദിവസം എനിക്കൊരിക്കലും മറക്കാൻ കഴിയില്ല. നേഴ്സ റിയുടെ വാതിലിന്റെ മുകൾ പാളി തുറന്ന് അകത്തേക്ക് തലയിട്ട് ഞാൻ പറഞ്ഞു: ''ഹായ് കുട്ടികളേ, ഞാൻ പാസ്റ്റർ എർവിനാണ്. നമുക്കു കളിക്കാം!" ഒരു കുട്ടി പേടിച്ച് അടുത്ത മുറിയിലേക്ക് ഓടി. മറ്റുള്ളവർ അവരുടെ കാര്യങ്ങളിൽ മുഴുകിയിരുന്നു. ഞാനാരാണെന്ന് അവർക്ക് മന സ്സിലായില്ലായിരിക്കാം, അതുകൊണ്ട് ഞാൻ മുറിയിൽ കയറി അവരുടെ യിടയിൽ നിന്നുകൊണ്ട് വീണ്ടും പറഞ്ഞു: "ഹായ് കുട്ടികളെ, നമുക്കു കളിക്കാം." ആ സമയം മറ്റൊരു കുട്ടി കൂടി പേടിച്ച് അടുത്ത മുറിയിലേക്കോടി. ബാക്കിയു ള്ളവർ, ഒരു ശബ്ദം കേട്ടോ? എന്ന മട്ടിൽ ചുറ്റും നോക്കിയിട്ട് അവരുടെ കളികളിൽ വ്യാപൃതരായി.

ഇത്രയുമായപ്പോൾ എന്റെ അഭിമാനം തലയുയർത്തി. ഈ രംഗം കണ്ട് നേഴ്സറിയുടെ നടത്തിപ്പുകാരി പരിഹാസച്ചുവയോടെ ചിരിക്കാനാരം ഭിച്ചു. ഒരുത്തനെ പിടിച്ചു നിർത്തി, "നീയെന്റെ കൂടെ കളിക്കാൻ തുടങ്ങു കയാണ്. അതു നിനക്കിഷ്ടപ്പെടും, കേട്ടോ?" എന്നു പറയാനെനിക്കു തോ ന്നി. പക്ഷേ ഞാൻ അവരുടെ പ്രായത്തിലായിരുന്നപ്പോൾ മുതിർന്നവരെ എങ്ങനെയാണ് കണ്ടിരുന്നതെന്ന് പരിശുദ്ധാത്മാവ് എന്നെ ഓർമ്മിപ്പിച്ചു. അവർ ഭയപ്പെടുത്തുന്ന ഭീമാകാരന്മാരായിരുന്നു. എന്റെ ലോകത്തിന് മുട്ടോളം ഉയരമേ ഉണ്ടായിരുന്നുള്ളു. ഞാനൊരിക്കലും മുതിർന്നവരുമായി സംസാരിച്ചിരുന്നില്ല. അല്ലെങ്കിൽ എന്തിനെക്കുറിച്ചു സംസാരിക്കും? രാഷ്ട്രീയത്തെക്കുറിച്ച് എനിക്കൊന്നും അറിയില്ലായിരുന്നു. സാമ്പത്തിക ശാസ്ത്രത്തിന്റെ കാര്യം പറയുകയും വേണ്ട. വലിപ്പമുള്ള രണ്ടു രൂപ നാ ണയം ചെറിയ നാണയമായ അഞ്ചിനെക്കാൾ വലിയതായിരിക്കുമെന്നു ഞാൻ കരുതി. കാരണം അതിന്റെ വലിപ്പത്തിനാണ് വിലകല്പിച്ചത്, മൂല്യ ത്തിനു വില കല്പിച്ചില്ല. അതുപോലെ എന്നെ കാണാനുള്ളതായിരുന്നു, കേൾക്കാനുള്ളതായിരുന്നില്ല.

ഈ ചിന്തകൾ എന്നെ ഭരിച്ചപ്പോൾ ഞാൻ തറയിൽ കിടന്നിട്ട് പറ ഞ്ഞു: "ഹായ് കുട്ടികളേ, നമുക്കു കളിക്കാം!" മുപ്പതു സെക്കന്റിനുള്ളിൽ എല്ലാവരും എന്റെ മുകളിലേക്കു വീണു. എന്റെ ടൈ പിടിച്ചു വലിക്കാനും, മുടി പിടിച്ചു വലിക്കുവാനും, എന്റെ മാന്യത ഇല്ലാതാക്കാനും തുടങ്ങി. അതിനു ശേഷം ഞാൻ ആരാണെന്ന ഭാവം നടിച്ചിട്ടില്ല. മുറിയിൽ പ്രവേ ശിച്ചാൽ ഞാൻ തറയിലിരിക്കും, ഞാനൊരു അടുത്ത സ്നേഹിതനാണെ ന്നവരറിയും — ഞാനൊരു ഭീഷണിയല്ല.





യേശുവിന്റെ ഭീഷണിയില്ലാത്ത ശിശുസഹജഭാവം ആരെയും അസ്വ സ്ഥമാക്കിയില്ല. ശത്രുവും മിത്രവും ഒരുപോലെ സ്വാതന്ത്ര്യത്തോടെ അവ നെ സമീപിച്ചു. പരീശന്മാരും സദൂക്യരും തീക്ഷ്ണതയോടെ അവനെ ആക്രമിച്ചു. യേശു സ്വർഗ്ഗീയ തേജസ്സോടെ നടക്കുകയും രാജകീയഭാവ ത്തിൽ സംസാരിക്കുകയും ചെയ്തുകൊണ്ട് ഭൂമിയിൽ സഞ്ചരിച്ചിരുന്നു വെങ്കിൽ അവരതിന് ധൈര്യപ്പെടുമായിരുന്നില്ല. കുട്ടികൾക്ക് അവനു ചുറ്റും കൂടാൻ സന്തോഷമായിരുന്നു. ബാഹ്യവീക്ഷണത്തിൽ തന്നെ, അതവന്റെ ശിശുസഹജഭാവം കൊണ്ടാണെന്ന് മനസ്സിലാക്കാൻ പ്രയാസമില്ല. യേശു വിനെ പിടിക്കാൻ സൻഹദ്രീം സംഘം കൂടിയാലോചിച്ചെങ്കിലും അവര തിനു തുനിയാതിരുന്നത് യേശുവിനെ ഭയന്നിട്ടായിരുന്നില്ല, പുരുഷാരത്തെ ഭയന്നിട്ടായിരുന്നു.

*ശിശു വഞ്ചിക്കുകയില്ല.* ശിശുവായിരിക്കുക എന്നതിന്റെ ഭാഗമാണ് താഴ്മയുള്ളവനായിരിക്കുക അഥവാ യഥാർത്ഥ അവസ്ഥയിലായിരിക്കു കയെന്നത്. കുട്ടികൾ എപ്പോഴാണ് സന്തോഷത്തിലായിരിക്കുന്നത്, എപ്പോ ഴാണ് ദുഃഖത്തിലായിരിക്കുന്നത് എന്നു നിങ്ങൾക്കു പറയാൻ കഴിയും. അവർ ഭയപ്പെടുമ്പോൾ അതനുസരിച്ച് പ്രവർത്തിക്കും. രണ്ടു കുട്ടികൾ ഒന്നിച്ചു കളിച്ചാൽ അവിടെ മാറി മാറി ചിരിയും നിലവിളിയും ഓട്ടവും ദേഷ്യവും കരച്ചിലും ഉയരുമെന്ന കാര്യം എല്ലാവർക്കും അറിയാവുന്ന താണ്. അവർക്കു നാം സ്വാതന്ത്ര്യം കൊടുത്താൽ അവർ കൂട്ടുകാരനോട് കോപിക്കുകയും അഞ്ചു മിനിട്ടിനുശേഷം യാതൊന്നും സംഭവിക്കാത്ത മട്ടിൽ വീണ്ടും കളി ആരംഭിക്കുകയും ചെയ്യും.

എന്റെ മകന് അഞ്ചു വയസ്സുള്ളപ്പോൾ, പുറത്തു കൊണ്ടുപോകരു തെന്ന് ഞങ്ങൾ നിർദ്ദേശിച്ചിട്ടുള്ള ഒരു കളിപ്പാട്ടം, മുറിക്കു പുറത്തു കൊണ്ടുപോകണമെന്ന് അവൻ ആഗ്രഹിച്ചു. അവൻ അതിനു ശ്രമിക്കുക തന്നെ ചെയ്തു. കൈ പുറകിൽ വെച്ച്, ശരീരം വളച്ച്, കള്ളനോട്ടത്തോ ടെ, എല്ലാവരുടെയും മുമ്പിലൂടെ വശം ചരിഞ്ഞ് അവൻ നടന്നു. അവൻ എന്താണുചെയ്യുന്നതെന്ന് അവനിൽ പ്രകടമായിരുന്നു. ഒളിച്ചു കടത്താൻ അവനറിയില്ലായിരുന്നു. എന്നാൽ എനിക്കൽപ്പം സമയം തന്നു നോക്കൂ. മുതിർന്നവരുടെ ഒളിച്ചു കടത്തുന്ന കല ഞാനവനു പഠിപ്പിച്ചു കൊടുക്കാം.

ഒരു സമയത്ത് മാജിക് അവനിഷ്ടമായിരുന്നു, പക്ഷേ അതു ശരി യായി ചെയ്യാൻ അവനു കഴിഞ്ഞിരുന്നില്ല. മറച്ചുവെച്ച വസ്തുക്കൾ എവി ടെയാണെന്ന് നിങ്ങൾക്കറിയാം. "മടക്കിയ" കൈയിലാണത്. ആളുകളെ വഞ്ചിക്കേണ്ടതെങ്ങനെയെന്ന് അവനറിഞ്ഞുകൂടായിരുന്നു.

നമ്മുടെ മക്കളെ മരുന്നു കുടിപ്പിക്കുന്ന സന്ദർഭത്തെക്കുറിച്ച് മിക്ക വർക്കും അനുഭവമുണ്ട്. വായ് തുറക്കാനുള്ള നമ്മുടെ അപേക്ഷയുടെ മുമ്പിൽ അവൻ ഒന്നുകൂടി വായ് മുറുക്കിയടയ്ക്കും. തുടർന്ന് മാതാപി

താക്കളുടെ കാപട്യത്തോടെ നാം പറയും, "നോക്ക് ഇതു നല്ലതാണ്. ഞാൻ കുടിച്ചു കാണിക്കാം" എന്നു പറഞ്ഞിട്ട് കൈപ്പുള്ള ആ മരുന്ന് അൽപ്പം കുടിച്ചിട്ട്, പായസം കുടിച്ച മട്ടിൽ നാം പുഞ്ചിരിക്കും. നാം പറഞ്ഞത് നേരാണ് എന്ന് ധരിച്ച കുട്ടി വായ് തുറന്നു മരുന്നു കുടിച്ചു കഴിയുമ്പോൾ വഞ്ചിക്കപ്പെടുന്നു. തന്മൂലം പ്രായമുള്ളവർ വഞ്ചനയും ചതിവും കാണിക്കുന്നവരാണെന്ന് കുട്ടി വേഗം മനസ്സിലാക്കുന്നു.

ഞാൻ സ്നേഹിച്ച ഒരാൾ എന്നെ വഞ്ചിച്ചുവെന്നോ എന്നെ കബളിപ്പിക്കാൻ ശ്രമിക്കുന്നുവെന്നോ ഞാൻ അറിഞ്ഞാൽ അതെന്നെ എങ്ങനെയായിരിക്കും ബാധിക്കുക? അവർ എന്നെ വഞ്ചിച്ചുവെന്നറിയുമ്പോൾ അവരുമായുള്ള എന്റെ ബന്ധത്തിനുണ്ടാകുന്ന മാറ്റം എന്തായിരിക്കും? ശിശു സഹജ സ്വഭാവത്തോടും സ്നേഹത്തോടും അഥവാ യേശുവിനോടും ചേർന്നുപോകുന്നതല്ല വഞ്ചന.

കുട്ടികൾക്ക് കഥ പറഞ്ഞു കൊടുക്കാൻ എനിക്കു വലിയ ഇഷ്ടമാണ്. സത്യമെന്നോണം ഒരു കാര്യം ഞാനവരോടു പറഞ്ഞാൽ അവരതു അതുപോലെ വിശ്വസിക്കും. വസ്തുതകൾ മുഖവിലക്കെടുക്കുവാൻ കഴിവുള്ളവരാണവർ. ഈ രീതിയിൽ നാം ദൈവരാജ്യത്തെ കൈക്കൊള്ളണമെന്നാണ് യേശു ആവശ്യപ്പെട്ടത്. അതു നമ്മുടെ യുക്തിയുടെ ഭാഗം ആകുന്നതിനു മുമ്പ് പ്രഥമവും പ്രധാനവുമായി നമ്മുടെ വിശ്വാസത്തോടു ബന്ധപ്പെട്ട – അംഗീകരിക്കാൻ നാം തീരുമാനിക്കുന്ന – കാര്യമാണ്.

*ശിശു നിഷ്കളങ്കനാണ്.* സ്വർഗ്ഗരാജ്യത്തെ ശിശു എന്നപോലെ കൈക്കൊള്ളണമെന്ന് യേശു നമ്മോടു പറഞ്ഞപ്പോൾ, ന്യായപ്രമാണത്തിന്റെ നിബന്ധനകൾക്കുള്ളിൽ വന്നിട്ടില്ലാത്ത ഒരുവന്റെ ഉദാഹരണമാണ് ഉപയോഗിച്ചത്. ഒരു പ്രത്യേക പ്രായപരിധിക്കു ശേഷമായിരുന്നു ഒരു ശിശു ന്യായപ്രമാണത്തിന്റെ വ്യവസ്ഥകൾക്കു കീഴിൽ വന്നിരുന്നത്. അതുവരെയും അവൻ നിഷ്കളങ്കനായിരുന്നു. ഒരു ശിശുവെന്നപോലെ ദൈവത്തിന്റെ കൃപയും പാപക്ഷമയും പ്രാപിക്കുകയെന്നു പറഞ്ഞാൽ നാം ഇപ്പോൾ നിഷ്കളങ്ക ഘട്ടത്തിലാണെന്നാണർത്ഥം. ആ വിധത്തിൽ ദൈവത്തിന്റെ ക്ഷമ പ്രാപിക്കുകയെന്നത് എന്നെ സംബന്ധിച്ചിടത്തോളം എത്രയോ ബുദ്ധിമുട്ടാണ്. ഞാൻ എന്നിലും മറ്റുള്ളവരിലും പലവിധത്തിലുള്ള പ്രമാണങ്ങളും നിബന്ധനകളും അടിച്ചേൽപ്പിച്ചുകൊണ്ടേയിരിക്കുന്നു. "ഞാൻ ഒരിക്കലും പാപം ചെയ്തിട്ടില്ല" എന്ന അവസ്ഥയെ അംഗീകരിക്കുന്നത് എനിക്ക് ബുദ്ധിമുട്ടായി തോന്നുന്നു. ദൈവത്തിന്റെ അംഗീകാരവും ക്ഷമയും പ്രാപിക്കാൻ ഞാൻ ശ്രമിച്ചുകൊണ്ടേയിരിക്കുന്നു. ഈ ക്ഷമയും നിഷ്കളങ്കതയും പ്രാപിച്ച് മറ്റുള്ളവരോടു സമഭാവപ്പെടുന്നതിനും അവരുടെ ആവശ്യങ്ങളറിയുന്നതിനും അവരെ സേവിക്കുന്നതിനും സമ്പൂർണ്ണ സ്വാതന്ത്ര്യമുള്ളവനായിത്തീരുന്നതുവരെ ഞാൻ എന്നെയും





മറ്റുള്ളവരെയും കുറ്റബോധത്തിൽനിന്നു സ്വതന്ത്രരാക്കുന്നതിനുള്ള ശുശ്രൂഷ ചെയ്തുകൊണ്ടേയിരിക്കും.

**സംക്ഷേപം:**

1. ദാസൻ
2. അധികാരം കൈയാളരുത്
3. മാതൃക
4. താഴ്മയുള്ളവൻ
5. **ശിശു എന്നപോലെ**

# ഇളയവനെപ്പോലെ

*“നിങ്ങളിൽ വലിയവൻ ഇളയവനെപ്പോലെ ആകേണം”*

ആദ്യജാതന്മാർ എല്ലായ്പ്പോഴും ഭാഗ്യശാലികളാണ്. അവർ കൂടുതൽ ഉയർന്ന നിലകളിൽ എത്തുകയും ബുദ്ധിപരീക്ഷകളിൽ കൂടുതൽ മാർക്ക് കരസ്ഥമാക്കുകയും ചെയ്യുന്നുവെന്ന് കണക്കുകൾ ചൂണ്ടിക്കാട്ടുന്നു. തുടർന്നുള്ള കുട്ടികൾക്ക് ലഭിക്കുന്നതിനേക്കാൾ കൂടുതൽ ശ്രദ്ധ അവർക്ക് മാതാപിതാക്കളിൽനിന്നും ലഭിക്കുന്നു. നേരത്തെ ഉത്തരവാദിത്തങ്ങൾ ലഭിക്കുന്നത് വേഗത്തിൽ പക്വതയിലെത്താൻ അവസരമൊരുക്കുന്നു. യഥാർത്ഥത്തിൽ മൂത്തയാൾക്ക് ബാഹ്യസഹായത്തിന്റെ ആവശ്യം വരുന്നില്ല. അവനതു ലഭിച്ചുകഴിഞ്ഞു.

എന്നാൽ ഇളയവൻ അങ്ങനെയല്ല. ഒന്നാമതായി, മൂത്ത സഹോദരന്റെ ധാർഷ്ട്യം സൃഷ്ടിക്കുന്ന പ്രശ്നത്തെ അവൻ നേരിടണം. അത് ജീവിതകാലം മുഴുവനും അവനെ വേട്ടയാടിക്കൊണ്ടിരിക്കും. സഹോദരന്മാർ ഉപയോഗിച്ചു കഴിഞ്ഞ സാധനങ്ങളായിരിക്കും അവന്റെ സമ്പാദ്യം. അവനെ അളക്കുന്ന മാനദണ്ഡം മിക്കപ്പോഴും മൂത്ത സഹോദരനായിരിക്കും. സ്കൂളിൽ അവനെ അറിയുന്നത് മൂത്ത സഹോദരന്റെ പേരിലായിരിക്കും. “ഓ ശരി, നീ ഇന്ന ആളുടെ അനുജനാണല്ലേ?” സഹോദരൻ മികവു തെളിയിച്ച രംഗങ്ങളിലെല്ലാം അവനും മികവു തെളിയിക്കണമെന്ന് പ്രതീക്ഷിക്കുന്നു. പിന്നീടുള്ള അവന്റെ ജീവിതം മുഴുവൻ താൻ ആരാണെന്നു കണ്ടെത്തുന്നതിനുള്ള ഒരു സാഹസിക പര്യടനം ആയിരിക്കും.

ഇളയവനായിരിക്കുകയെന്നത്, പ്രകൃത്യാതീത ശക്തിയുടെയോ അധികാരത്തിന്റെയോ സ്ഥാനമല്ല. ഉന്നത സ്ഥാനത്തെക്കുറിച്ച് അതു സംസാരിക്കുന്നതേ ഇല്ല. മറ്റുള്ളവരുടെ തിരഞ്ഞെടുപ്പു കഴിഞ്ഞതിനുശേഷം ലഭിക്കുന്നതിനുവേണ്ടി കാത്തിരിക്കുവാനും അതു സ്വീകരിക്കുവാനും ഉള്ള അവസ്ഥയാണത്.

'ഇളയവൻ' എന്ന വാക്കിന് ഇന്നുള്ളതിനേക്കാൾ കൂടുതൽ അർത്ഥ വ്യാപ്തി യേശുവിന്റെ കാലത്തുണ്ടായിരുന്നു. ഇളയ സഹോദരൻ മത്സരി യായിരുന്നു — സമൂഹത്തിൽ ഉന്നതസ്ഥാനമില്ലാത്ത വ്യക്തി. അവൻ ജീവിച്ച സാമൂഹിക സംവിധാനം അവനെതിരായിരുന്നു. അവന്റെ സ്വന്ത കഴിവുകളെയും മറ്റുള്ളവരുടെ കരുണയെയും ആശ്രയിച്ചായിരുന്നു അവന്റെ ജീവിതവിജയം നിലകൊണ്ടിരുന്നത്. ജീവിതം പൊതുവെയും പാരമ്പര്യം പ്രത്യേകമായും അവന്റെ ഗുണകാംക്ഷിയായിരുന്നില്ല. മൂത്ത വന് ജന്മാവകാശവും ചിലപ്പോൾ പൈതൃക സ്വത്ത് മുഴുവനും ലഭിച്ചി രുന്നു. ഈ അവസ്ഥയിൽ ഇളയവൻ എങ്ങനെ മത്സരിക്കാതെയിരിക്കും? അധികാരം മറ്റെ ഭാഗത്ത് നിർബന്ധമായും കേന്ദ്രീകരിക്കപ്പെട്ടിരുന്നു. സ്വന്തവ്യക്തിത്വത്തിലൂന്നിയുള്ള ഏറ്റവും ചെറിയ പ്രവൃത്തിപോലും അവനെ മത്സരിയെന്നു മുദ്രകുത്താനുള്ള കാരണമായി അധികാരികളായ മൂത്തവർ വ്യാഖ്യാനിച്ചിരുന്നു.

നേരെ മറിച്ച് മൂത്ത സഹോദരന്മാർക്ക് നിലവിലുള്ള സംവിധാനത്തിൽ സ്ഥാപിത താല്പര്യങ്ങളുണ്ടായിരുന്നു. ജനനത്തിലെ സ്ഥാനം ഒന്നു കൊണ്ടു മാത്രം അവർ ഭാവി സ്ഥാനങ്ങൾ ഉറപ്പാക്കിക്കഴിഞ്ഞിരുന്നു. അവരെ സംബന്ധിച്ചിടത്തോളമുള്ള മുദ്രാവാക്യം: "പൂർവ്വസ്ഥിതി നില നിർത്തുക" എന്നതായിരുന്നു (കാര്യങ്ങൾ ഇപ്പോൾ നന്നായി പോകുന്നു ണ്ട്, നമുക്കത് ആ നിലയിൽ തന്നെ നിലനിർത്തണം). മൂത്തവരാണ് ഭര ണാധികാരികൾ. അധികാരത്തിന്റെ പദവി അവരിലേക്കാണ് ചെല്ലുന്നത്. ഭൗതിക ലോകത്തെ സംബന്ധിച്ചിടത്തോളം അതായിരുന്നു ഏറ്റവും പ്രയോജനപ്രദമായ സ്ഥാനം.

എന്നാൽ യേശു പറഞ്ഞത് നാം ഇളയവരെപ്പോലെ ആകണമെ ന്നാണ് — നാം മൂത്തവരാണെങ്കിൽ പോലും. ഏതു അധികാരവും സൗക ര്യങ്ങളും ഇളയവരാണെന്ന നിലയിൽ കൈകാര്യം ചെയ്യുന്നില്ലെങ്കിൽ അതു യേശുവിന്റെ സ്വഭാവത്തെ അതിലംഘിക്കുന്നതായിരിക്കും. ലോക ത്തിന്റെയും സഭയുടെയും മാറ്റിക്കൂടാത്ത അധികാര സംവിധാനത്തോട് യുദ്ധം പ്രഖ്യാപിക്കലായിരിക്കും ഇത്.

യെഹൂദപാരമ്പര്യവും ന്യായപ്രമാണവുമനുസരിച്ച് മൂത്ത സഹോദ രൻ അവകാശത്തിന്റെ അധിക ഓഹരിക്ക് അവകാശി ആയതിനാൽ ഇള യവനെന്ന നിലയിൽ ഭൗതിക വസ്തുക്കൾ നിസ്സാരമായി പരിഗണിക്കണ മെന്ന് ഈ പ്രസ്താവനയിലൂടെ യേശു നമ്മെ ഉദ്ബോധിപ്പിക്കുന്നു. ഒരർത്ഥത്തിൽ, യേശു ഈ കല്പനയിലൂടെ അധികാരമോഹവും ദ്രവ്യാ ഗ്രഹവും ഇല്ലാതാക്കുകയാണ്.

എന്റെ ജീവിതത്തിൽ ഈ ഭാഗം നിയന്ത്രണവിധേയമാണെന്നാണ് ഞാൻ കരുതിയിരുന്നത്. എന്നാൽ ഒരു വർഷത്തിൽ രണ്ടു പ്രാവശ്യം വീടു





മാറേണ്ടിവന്നപ്പോഴാണ് അതു തെറ്റാണെന്നെനിക്കു മനസ്സിലായത്. ഇത്ര യധികം പെട്ടികൾ ഉണ്ടെന്നു ഞാൻ കരുതിയിരുന്നില്ല. അവയിൽ പലതും 'സാധനങ്ങൾ' എന്നേ പറയാനാവുമായിരുന്നുള്ളൂ. സാധനങ്ങൾ ശേഖ രിക്കുന്ന ഒരുവനാണ് ഞാനെന്ന് എനിക്കു മനസ്സിലായി. മുപ്പതുവർഷം മുമ്പു മുതലുള്ള സാധനങ്ങൾ എന്റെ സമ്പാദ്യത്തിലുണ്ടായിരുന്നു. പ്ലാസ്റ്റിക് ഷെൽഫുകളുള്ള മൂന്ന് അലമാര നിറയെ സാധനങ്ങളുണ്ടായി രുന്നുവെങ്കിലും അവയിലെന്താണെന്നുപോലും എനിക്കറിവില്ലായിരുന്നു. പക്ഷേ അവ എനിക്കു വളരെ ഇഷ്ടപ്പെട്ടവയായിരുന്നതിനാൽ മുപ്പതു വർഷം അവ ഉപേക്ഷിക്കുവാൻ മനസ്സില്ലായിരുന്നു.

നാമെന്തുകൊണ്ടാണ് ഭാരം ഇറക്കിവെച്ച് യാത്ര ചെയ്യണമെന്ന് യേശു ആവശ്യപ്പെടുന്നത്? നാം അത്യാഗ്രഹമില്ലാത്തവരായിരിക്കാനും അവനു നമ്മെ ഉപയോഗിക്കാനുള്ള ഏതു സ്ഥലത്തേക്കും പോകാൻ തക്ക വഴക്ക മുള്ളവരായി മാറേണ്ടതിനുമാണ്. ഓരോ വർഷവും വളരെയധികം മൈലു കൾ ഞാൻ യാത്ര ചെയ്യാറുണ്ട്. എത്രമാത്രം ഭാരം ഞാൻ കൊണ്ടുനട ക്കുന്നു എന്നതിനോടു ബന്ധപ്പെട്ടാണ് യാത്രയുടെ സന്തോഷം നിലകൊ ള്ളുന്നത് എന്നു ഞാൻ മനസ്സിലാക്കി. കൂടുതൽ ഭാരം, കുറച്ചു സന്തോഷം; കുറച്ചു ഭാരം, കൂടുതൽ സന്തോഷം!

അതുകൊണ്ട് ഇളയവനായിരിക്കുക എന്നതിന് അതിന്റെ സന്തോഷ ങ്ങളുമുണ്ട്. അസൗകര്യങ്ങൾ നമുക്കുണ്ടെങ്കിലും, ഒരു പക്ഷേ നാം പരമ ദരിദ്രരാണെങ്കിലും, നാം സ്വാതന്ത്ര്യമുള്ളവരാണ്. മാത്രമല്ല, ലോകത്തെ ജയിച്ചവൻ നമ്മുടെ പക്ഷത്താണ്.

**സംക്ഷേപം:**

1. ദാസൻ
2. അധികാരം കൈയാളരുത്
3. മാതൃക
4. താഴ്മയുള്ളവൻ
5. ശിശു എന്നപോലെ
6. **ഇളയവനെപ്പോലെ**

# പിൻനിരയെ വളർത്തുക

*"ഒരുവൻ മുമ്പൻ ആകുവാൻ ഇച്ഛിച്ചാൽ അവൻ എല്ലാവരിലും ഒടുക്കത്തവൻ ആകേണം"*

ഒടുക്കത്തവൻ – ദാസനാകാനുള്ളവന്റെ മുഴുജീവിത ശൈലിയുടെ ആകെത്തുകയാണെന്നു പറഞ്ഞാൽ എങ്ങനെയിരിക്കും? പക്ഷേ നമ്മുടെ മാനുഷിക പ്രകൃതിയിൽനിന്നും എത്രയോ വ്യത്യസ്തമാണിത്.

ഞങ്ങളുടെ കുടുംബത്തിന്റെ ആദ്യനാളുകളിൽ വേനൽക്കാലത്തെ എന്റെ പ്രസംഗ പര്യടനങ്ങൾക്ക് ഞങ്ങളൊരുമിച്ച് ഞങ്ങളുടെ വാനിൽ യാത്ര ചെയ്തിരുന്നു. റോഡരുകിൽ ടെന്റ് കെട്ടി ക്യാമ്പടിച്ചായിരുന്നു യാത്ര. ഇരുനൂറ് മൈൽ വാഹനമോടിച്ചു കഴിയുമ്പോൾ ഞങ്ങൾ ക്ഷീണിക്കും. അപ്പോൾ പറ്റിയ ഒരു സ്ഥലത്ത് വണ്ടി നിർത്തി വിശ്രമിക്കുമായിരുന്നു. പലപ്പോഴും ഏതെങ്കിലും പാർക്കിനടുത്തായിരുന്നു നിർത്താറുള്ളത്. ഞങ്ങളുടെ മക്കൾ കാറിൽ നിന്നിറങ്ങി പാർക്കിലെ ഒരേയൊരു ഊഞ്ഞാൽ ലക്ഷ്യംവെച്ച്, "എനിക്കവസാനം, എനിക്കവസാനം, എനിക്കവസാനം" എന്നു പറഞ്ഞ് ഓടുന്നത് നിങ്ങൾക്ക് സങ്കൽപ്പിക്കാൻ കഴിയുമോ? അതാലോചിച്ച് നിങ്ങൾ തല പുകക്കേണ്ട, കാരണം അതൊരിക്കലും സംഭവിക്കില്ല. നമ്മുടെ മാനുഷിക സ്വഭാവം ഒന്നാമനാകുവാനാണ് നമ്മെ പ്രേരിപ്പിക്കുന്നത്.

ഇതു മത്സരത്തിന്റെ കാലഘട്ടമാണ്. എന്നാൽ നേടാൻ ഒരു ഒന്നാം സ്ഥാനവും തോൽപ്പിക്കാൻ ഒരു എതിരാളിയും ഇല്ലെങ്കിൽ മത്സരം വെറും അർത്ഥശൂന്യമാണ്. ഒടുക്കത്തെ സ്ഥാനം തിരഞ്ഞെടുക്കുകയും ഒന്നാമനാണെന്നു തെളിയിക്കുന്നതിനുള്ള ഓട്ടത്തിൽ ചേരാൻ വിസമ്മതിക്കുകയും ചെയ്യുന്ന ഒരുവനോടു മത്സരിക്കുക പ്രയാസമാണ്.

അങ്ങനെ ചെയ്യാൻ എനിക്ക് ആഗ്രഹമില്ലെങ്കിൽ പോലും, ഒന്നാമനാ

കുമ്പോൾ ഞാൻ മറ്റുള്ളവരെ കുറഞ്ഞ സ്ഥാനങ്ങളിലേക്കു തള്ളുകയാണ്. എന്റെ ഉന്നതസ്ഥാനം എപ്പോഴും മറ്റൊരുവന്റെ ചെലവിലാണ്. അതിനാൽ എനിക്കൊരു തിരഞ്ഞെടുപ്പുണ്ട്. ഞാൻ സ്വയത്തെ ഉയർത്തുന്നുവോ അതോ മറ്റുള്ളവരെ സ്നേഹിക്കുകയും സേവിക്കുകയും ചെയ്യുന്നുവോ? എന്റെ സ്വാർത്ഥത വളരെ ശക്തമാകയാൽ, ഞാൻ ഈ സ്ഥാനത്തിരിക്കാൻ തിരുവചനം അനുവദിക്കുന്നുവെന്ന് തെളിയിക്കുന്നതിനുള്ള ബൈബിൾ വാക്യങ്ങൾ ഞാൻ കണ്ടുപിടിക്കും. മാത്രമല്ല, ചിലർക്കു വെങ്കലം ലഭിക്കുകയെന്നത് ദൈവത്തിന്റെ “ഹിത”വുമാണ്. അതുകൊണ്ട് ഞാനെന്തിനു ദൈവവുമായി വാദിക്കണം? (നീതീകരിക്കുന്ന കാര്യത്തിൽ ഞാനെപ്പോഴും ഒന്നാമതായിരിക്കും).

### സഹോദര മത്സരം

ലോകസമൂഹത്തിൽ നന്നായി തോന്നുന്ന പല ആചാരങ്ങളും ചോദ്യം ചെയ്യപ്പെടാതെ സഭയിലേക്ക് കൊണ്ടുവന്നിട്ടുണ്ട്. അവയിലൊന്നാണ് മത്സരം. ജീവിതാരംഭത്തിൽത്തന്നെ ജയിക്കുന്നതിനെക്കുറിച്ചും ഒന്നാമതാകുന്നതിനെക്കുറിച്ചും കൂടുതൽ നേടുന്നതിനെക്കുറിച്ചും ഉന്നത പദവികൾ കരസ്ഥമാക്കുന്നതിനെക്കുറിച്ചുമുള്ള ചിന്തകൾ നമ്മിലേക്ക് പകരപ്പെടുന്നു. മത്സര മനോഭാവത്തെ ദിനംതോറും വളർത്തുന്നതിൽ മുഖ്യപങ്കു വഹിക്കുന്നത് സ്കൂൾ ആണ്. അസഹനീയമായിത്തോന്നുന്ന ദീർഘസമയങ്ങളെ സന്തോഷപ്രദമാക്കുന്നതിൽ മത്സരത്തിന് മുഖ്യപങ്കുണ്ട്. നിശ്ചയമായും അതൊരു നല്ല പ്രേരകശക്തിയാണ്. നല്ല മത്സരമുണ്ടെങ്കിൽ നാം കഠിനാദ്ധ്വാനം ചെയ്യും. എന്നാൽ ക്രിസ്തുവിന്റെ ശരീരത്തിൽ മത്സരത്തിന് എന്തു പങ്കാണുള്ളത്?

പരസ്പരം മത്സരിക്കുന്ന ഭാഗങ്ങളുമായി ഒരു ശരീരത്തിനും നിലനിൽക്കാനാവില്ല. ഓരോ അവയവവും അവയുടെ ദൗത്യം പരസ്പരം സഹകരണത്തോടെ പ്രവർത്തിക്കുന്നതിനുവേണ്ടി ആരോഗ്യകരമായ രീതിയിലാണ് ശരീരം രൂപകൽപ്പന ചെയ്തിരിക്കുന്നത്. മത്സരം, പ്രകൃത്യാ തന്നെ സ്വയം സേവിക്കുന്നതാണ്. അത് സ്വയത്തെ ഏൽപ്പിച്ചു കൊടുക്കുന്ന യേശുവിന്റെ സ്വഭാവമായ ദാസത്വത്തിന് എതിരാണ്. മത്സരത്തിന്റെ ചില പ്രത്യേക സ്വഭാവങ്ങൾ ഇതിനു തെളിവാണ്.

മത്സരം പ്രാവർത്തികമാകണമെങ്കിൽ ഒരു സമ്മാനം ഉണ്ടായിരിക്കണം – ഇത് വിലയുള്ള എന്തെങ്കിലും വസ്തുവോ അല്ലെങ്കിൽ മറ്റുള്ളവരുടെമേൽ അധീശത്വം പുലർത്തുന്നതും ഒന്നാമനാകുന്നതുമായ ഒരു സ്ഥാനമോ ആകാം.

ഒന്നാമത്, ദൈവവേല ചെയ്യുന്നതിന് പ്രതിഫലമായി ഭൗതിക സമ്മാനം പ്രതീക്ഷിക്കുന്നത്, ദൈവവചനത്തെ തെറ്റിദ്ധരിക്കുകയും ദൈവ





വചനത്തോട് അനുസരണക്കേട് കാണിക്കുകയുമാണ്. “ദൈവരാജ്യം ഭക്ഷണവും പാനീയവുമല്ല, നീതിയും സമാധാനവും പരിശുദ്ധാത്മാവിൽ സന്തോഷവും അത്രേ” (റോമർ 14:17).

രണ്ടാമത്, മറ്റുള്ളവരുടെമേൽ കർത്തൃത്വം നടത്താനാഗ്രഹിക്കുന്നത് മറ്റുള്ളവരുടെ നന്മക്കായി ഒടുക്കത്തവൻ ആയിരിക്കേണം എന്ന കല്പന ലംഘിക്കലാണ്. മറ്റുള്ളവരുടെമേൽ ഒരു സ്ഥാനം ആഗ്രഹിക്കുന്നതും ആർജ്ജിക്കുന്നതും അഹന്തയെ പോഷിപ്പിക്കലാണ്. അഹന്തയില്ലാതെ മറ്റുള്ളവരേക്കാൾ ഉന്നതനിലയിൽ ആയിരിക്കുന്ന സ്ഥാനലബ്ധിയും അർത്ഥശൂന്യമാണ്.

സമ്മാനത്തിന്റെ വിലയും അതിനുള്ള നമ്മുടെ ത്വരയും നിമിത്തം മത്സരം ചതിവിനു കാരണമാകാൻ സാദ്ധ്യതയുണ്ട്. ഉത്തമ സ്വഭാവഗുണങ്ങളെ പരിപോഷിപ്പിക്കുന്നതിനുപകരം അത് ഭൗതികതയുടെ ആത്മാവിനോടും അഹന്തയോടും ഒത്തു പോകുന്നവയെ ഉൽപ്പാദിപ്പിക്കും.

ജയിക്കുന്ന കാര്യത്തിൽ ഞാനെപ്പോഴും പുറകോട്ടായിരുന്നു. ഞാൻ ആരേക്കാളെങ്കിലും മികവു കാണിച്ചാൽ ഞാൻ അഹങ്കരിക്കുമായിരുന്നു. എനിക്കതു ഒഴിവാക്കാൻ കഴിയുമായിരുന്നില്ല. അതെന്റെ പ്രകൃതമായിരുന്നു. ചിലപ്പോൾ സൗഹൃദ തമാശയോടെ, ഞാനവനെ തോല്പിച്ചു എന്ന വസ്തുത കൂടെക്കൂടെ അവനെ ഓർപ്പിക്കുമായിരുന്നു. ചിലപ്പോൾ നിന്ദ്യമായ രീതിയിൽ ഇത് ആയിത്തീരുമായിരുന്നു.

എന്നാൽ ഞാൻ മോശമായ വിജയിയായിരുന്നെങ്കിൽ, അതിനേക്കാൾ മോശമായ പരാജിതനുമായിരുന്നു. തോറ്റു കഴിഞ്ഞാൽ നീതീകരണത്തിന്റെ കെട്ടു ഞാൻ അഴിച്ചിടുമായിരുന്നു. എന്നെ തോൽപ്പിക്കാൻ തക്ക പരുക്കനായവന്റെ നേരെയുള്ള എന്റെ അസൂയയും നീരസവും അതിരു കടക്കുമായിരുന്നു. നഷ്ടം സംഭവിച്ച നിമിഷം മുതൽ ഞാൻ തന്ത്രങ്ങൾ മെനയുവാൻ തുടങ്ങും – എനിക്കു ജയിക്കാൻ കഴിയുന്ന സമയത്തിനുവേണ്ടിയുള്ള തന്ത്രങ്ങൾ. എന്നാൽ ജയത്തോടും തോൽവിയോടുമുള്ള എന്റെ മനോഭാവത്തിന് ക്രിസ്തുതുല്യമായ സ്വഭാവത്തോട് യാതൊരു ബന്ധവുമില്ലെന്ന് ഒരു ദിവസം ഞാൻ മനസ്സിലാക്കി.

മത്സരത്തിന്റെ മറ്റൊരു പ്രശ്നം, നമ്മുടെ പ്രവൃത്തികളെ മാത്രമേ അതുകൊണ്ട് അളക്കാനാവൂ എന്നതാണ്. ആത്മീയതയ്ക്കോ, വിശ്വാസത്തിനോ, സ്നേഹത്തിനോ, ഒരിക്കലും സമ്മാനം നൽകാൻ കഴികയില്ല, കാരണം അവ അളക്കാനാവില്ല. പകരം സൺഡേസ്കൂളിലേക്ക് എത്ര പേരെ കൊണ്ടുവന്നു, മിഷനുവേണ്ടി ഏറ്റവും കൂടുതൽ പണം ശേഖരിച്ചത് തുടങ്ങിയ പ്രത്യേക പ്രവർത്തനങ്ങളെയാണ് നാം വിലയിരുത്തുന്നത്. അത്തരം പ്രവർത്തനങ്ങൾക്ക് കൊടുക്കുന്ന സമ്മാനം, യഥാർത്ഥ ലക്ഷ്യമെന്തായിരുന്നുവെന്ന് വെളിപ്പെടുത്തുന്നു.

എല്ലാ മത്സരങ്ങൾക്കും നിയമങ്ങളുണ്ട്. ആരാണ് നിയമങ്ങൾ നിശ്ച യിക്കുന്നത്? ഒരാളിരുന്ന് അയാൾ ആഗ്രഹിക്കുന്ന പ്രവർത്തനങ്ങൾക്കനു സരിച്ച് ചില നിയമങ്ങൾ നിശ്ചയിക്കുന്നു. നമ്മുടെ ജീവിതത്തെ നിയന്ത്രി ക്കുന്നതിന് ഒരാൾക്കു ബോധിച്ചതുപോലെയുള്ള ഒരു വഴിയാണിത്. ഒരു പക്ഷേ, ക്രിസ്തുവിന്റെ ശരീരം നേരിടുന്ന ഏറ്റവും വലിയ ആരോഗ്യപ്ര ശ്നം, മത്സരം മുഖാന്തരം ധാരാളം പരാജിതരെയും കുറച്ചു മാത്രം വിജ യികളേയും സൃഷ്ടിക്കുന്നുവെന്നതാണ്. നിത്യതയോടുള്ള ബന്ധത്തിൽ, ക്രിസ്തുവിൽ ആയിരിക്കുന്നവൻ വിജയിയാണ്. ആ യാഥാർത്ഥ്യത്തെ പരി പോഷിപ്പിക്കാത്തതും പകരം ഒരു പരാജിതനെന്ന സാധാരണ മാനുഷിക ചിന്തയെ പ്രോത്സാഹിപ്പിക്കുന്നതുമായ ഏതു പ്രവർത്തനവും യേശുവിന്റെ സ്വഭാവത്തിന്റെ മാതൃകയ്ക്ക് യോജിച്ചതല്ല.

ശരീരത്തിനുള്ളിലെ മത്സരം നല്ലതാണെന്നും അതുളവാക്കുന്ന വിനോദവും ഉത്തേജനവും അതിനെ വിലയുള്ളതാക്കുന്നുവെന്നും ആളു കൾ എന്നോട് ഉഗ്രമായി വാദിക്കാറുണ്ട്. ഞാൻ മനസ്സിലാക്കിയ ഒരു വസ് തുത, അവർ ജയിച്ചു ശീലിച്ച ആളുകൾ മാത്രമാണ് – അവർ തിരഞ്ഞെ ടുത്തതല്ല, ജന്മനാ ശക്തമായ ശരീരത്തിനും മനസ്സിനും ഉടമകളായവർ മാത്രമാണ് – മത്സരത്തിനുവേണ്ടി ഉഗ്രമായി വാദിക്കാറുള്ളത്. അതു മാത്രം മതി സകലവും എനിക്കു വ്യക്തമാകാൻ.

മത്സരത്തെ വീണ്ടെടുക്കാൻ കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നു. സമ്മാനം വിലയില്ലാത്തതാക്കുകയോ അല്ലെങ്കിൽ പ്രവർത്തനത്തിൽ അന്തർലീനമായിരിക്കുന്ന മൂല്യം – പ്രവർത്തനത്തിന്റെ സന്തോഷം അല്ലെ ങ്കിൽ കൂട്ടുകാർക്കൊപ്പം ആയിരിക്കുന്നതിന്റെ സന്തോഷം – വിലയായി നൽകുകയോ ആണ് ആദ്യപടി. കായിക ബലത്തിന് പ്രാധാന്യം കൊടു ക്കാതെ, കഴിവ് കണക്കാക്കാതെ തന്നെ എല്ലാവർക്കും പങ്കെടുക്കാവുന്ന കളികൾ രൂപപ്പെടുത്തുകയാണ് രണ്ടാമത്തെ പടി. മത്സരത്തിന്റെ ആത്മാ വിനുപകരം കൂട്ടായ്മയുടെ ആത്മാവിനെ വളർത്തിയെടുക്കാൻ കഴിയുന്ന സാഹചര്യം ഒരുക്കുകയാണ് മൂന്നാമത്തെ പടി. 1 കൊരിന്ത്യർ 12:25–25 ൽ പൗലൊസ് പറയുന്ന, “മാനം കുറഞ്ഞവ എന്നു തോന്നുന്നവയ്ക്കു അധികം മാനം അണിയിക്കുന്ന” മാർഗ്ഗങ്ങൾ കണ്ടെത്തുകയാണ് നാലാ മത്തെ പടി.

നാം മനസ്സിലാക്കുകയും എതിർത്തു നിൽക്കുകയും ചെയ്യേണ്ടതായ ഒരു ഗഹനമായ പ്രശ്നം ഇവിടെ ഉയരാൻ സാദ്ധ്യതയുണ്ട്. “ഞാൻ വലി യവനായതുകൊണ്ട് നീ ഒന്നാമതായിക്കോ, ഞാൻ ഒടുക്കത്തവനായിക്കൊ ള്ളാം” എന്നു നാം പറയരുത്. ഇത് എത്രയോ അസ്വസ്ഥജനകമാണ്! യേശു സ്നേഹിച്ചതുപോലെ നാം മറ്റുള്ളവരെ സ്നേഹിക്കുന്നുവെങ്കിൽ, അവൻ നേട്ടം കൊയ്യുകയും ഒന്നാമതാകയും ചെയ്യുന്നതുകണ്ട് അത്യ





ധികം സന്തോഷിക്കുന്നതിനാൽ, അവരെ സഹായിക്കാനുള്ള ശ്രമത്തിൽ ഒടുക്കത്തവരായിപ്പോയത് നാം ശ്രദ്ധിക്കുകയേ ഇല്ല. പൂർണ്ണമായും മറ്റുള്ള വർക്കുവേണ്ടി സമർപ്പിതനായ ഒരു ദാസന്റെ മനോഭാവമാണിത്.

നാമെല്ലാവരും പരസ്പരം ഈ രീതിയിൽ ഇടപെട്ടാൽ സഭയ്ക്ക് എന്തു സംഭവിക്കും എന്നത് ആവേശഭരിതമായ ഒരു ചോദ്യമാണ്. ക്രിസ്തുവിന്റെ ശരീരത്തിലെ ഈ സ്നേഹപൂർവ്വമായ ദാസത്വം അംഗങ്ങളെ ഉത്തേജി പ്പിക്കുകയും സത്യാന്വേഷികളുടെ ഹൃദയത്തെ കീഴടക്കുകയും നിരവധി ആളുകൾ നമ്മെത്തേടിയെത്തുകയും ചെയ്യുമെന്ന് ഞാൻ വിശ്വസിക്കുന്നു. പ്രതിരോധിക്കാനാവാത്തതാണ് സ്നേഹം. “ആ ക്രിസ്ത്യാനികൾ എങ്ങ നെ പരസ്പരം സ്നേഹിക്കുന്നു” എന്ന് ലോകം ഒരിക്കൽകൂടി പറയുന്നതു കേൾക്കാൻ ഞാൻ ദാഹിക്കുന്നു.

ശിഷ്യന്മാരുടെ ഇടയിലുണ്ടായിരുന്ന മത്സര സ്വഭാവം (മറ്റുള്ളവരെ ക്കാൾ വലിയവനാകുവാനുള്ള ആഗ്രഹം) നിമിത്തമാണ് ദൈവരാജ്യ ത്തിലെ വലിയവൻ ആരെന്ന വിഷയം ശിഷ്യന്മാരെ പഠിപ്പിക്കുവാൻ യേശു വിനെ പ്രേരിപ്പിച്ചത്. ഞാൻ യേശുവിന്റെ മാതൃകയിൽ ജീവിക്കാനാരംഭി ച്ചാൽ അതെന്റെ ജീവിതത്തിന്റെ സമസ്ത മേഖലകളെയും, എന്റെ സഹോ ദരന്മാരെ തോൽപ്പിക്കാൻ എന്നെ പ്രേരിപ്പിക്കുന്ന എന്നിൽ വസിക്കുന്ന അഹന്തയെയും സ്പർശിക്കുക തന്നെ ചെയ്യും.

**സംക്ഷേപം:**

1. ദാസൻ
2. അധികാരം കൈയാളരുത്
3. മാതൃക
4. താഴ്മയുള്ളവൻ
5. ശിശു എന്നപോലെ
6. ഇളയവനെപ്പോലെ
7. **ഒടുക്കത്തവനെപ്പോലെ**

# പുൽക്കൂട്ടിലെ മുറി

*"നിങ്ങളിലെല്ലാവരിലും ചെറിയവനായവൻ അത്രേ വലിയവൻ ആകും"*

എന്റെ അറിവിൽ എറ്റവും ചെറിയവന് ലഭിക്കുന്ന ഒരു സമ്മാനവുമില്ല. മഹത്വം ലഭിക്കുന്നവരുടെ കൂട്ടത്തിൽ ചെറിയവരാരും ഉണ്ടാകയില്ല. നമ്മൾ ആയിരിക്കുന്ന അവസ്ഥയിൽ സംതൃപ്തരാകുമ്പോൾ മാത്രമേ ചെറിയവരായിരിക്കാനുള്ള മനസ്സുണ്ടാകയുള്ളൂ. സ്ഥാനം നഷ്ടപ്പെടുന്നത് നമ്മെ മുറിപ്പെടുത്തുമെങ്കിൽ നമുക്ക് ചെറിയവരായിരിക്കാൻ കഴിയുകയില്ല. അംഗീകാരത്തിനുവേണ്ടിയുള്ള അനാരോഗ്യകരമായ ആഗ്രഹം നമുക്കുണ്ടെങ്കിൽ, നേട്ടങ്ങൾക്ക് പ്രശംസ നാം പ്രതീക്ഷിക്കുന്നുണ്ടെങ്കിൽ, ഏറ്റവും ചെറിയവന്റെ മാർഗ്ഗത്തിൽ സഞ്ചരിക്കാൻ നമുക്കാവില്ല.

വിജയത്തിനുവേണ്ടി അത്യധികം താൽപ്പര്യപ്പെടുന്ന നേതാക്കൾ അവാർഡുകളെയും ബഹുമതികളെയും അണികളെ കൂടെനിർത്തുന്നതിനുള്ള മാർഗ്ഗമായി കാണാറുണ്ട്. സഭയിലെ പ്രമാണിത്തമുള്ള നേതാക്കൾ പോലും അംഗീകാരത്തിനുവേണ്ടി ലജ്ജയില്ലാതെ അനുരഞ്ജനത്തിനു മുതിരാറുണ്ട്.

സ്വയപുകഴ്ചക്കുവേണ്ടിയുള്ള ദാഹം മത്സരത്തെ വളർത്തുന്നതുപോലെ ബഹുമാനത്തിനു വേണ്ടിയുള്ള നമ്മുടെ ആഗ്രഹത്തെ ആളിക്കത്തിക്കുന്നത് യേശുവിന്റെ പ്രേരണകളിൽനിന്നും വ്യത്യസ്തമായ പ്രേരണകളാണ്. അവൻ തനിക്കു തന്നെ ഒരു ബഹുമാനവും കൊടുത്തില്ല. ഞാൻ ചുരുക്കം ചിലരുടെ മാത്രം ശ്രദ്ധ ക്ഷണിക്കാനാഗ്രഹിക്കുന്നതിൽ നിന്നും ബഹുമാനത്തിന്റെയും അംഗീകാരത്തിന്റെയും മേഖലകളിൽ അവന്റെ സ്വഭാവത്തോടുള്ള നമ്മുടെ ലംഘനം വ്യക്തമാണ്.

ഞാൻ ജീവിക്കുന്ന സമൂഹം പരസ്യത്തിനും പൊതുജനസമ്പർക്ക

ത്തിനും മുൻതൂക്കം നൽകുന്ന സമൂഹമാണ്. പ്രാദേശിക പത്രത്തിൽ, സഭാ വാർത്തകൾ പ്രസിദ്ധീകരിക്കുന്ന പേജിൽ ഉപയോഗിക്കുന്ന സ്വയം തിരഞ്ഞെടുത്ത വിശേഷണങ്ങൾ, തങ്ങളുടെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുവാൻ ഹോളിവുഡ് ഉപയോഗിക്കുന്ന വിശേഷണങ്ങളാണ്. പത്രത്തിന്റെ ഒടുവിലത്തെ പേജ് വായിക്കുന്നത് എന്തൊരു ശിക്ഷയാണ്! ലോകത്തിന്റെ നിലവാരത്തിനനുസരിച്ച് വ്യക്തികളുടെയും സമൂഹത്തിന്റെയും നേട്ടങ്ങളും ബഹുമതികളും അവിടെ നിരത്തിയിരിക്കുന്നു. ക്രിസ്തീയ കൺവൻഷനുകളിലെ സ്വാഗത പ്രസംഗം കേൾക്കുന്നത് ഏറ്റവും വേദനാജനകമായ അനുഭവമാണ്. സംഭാവനയ്ക്കുവേണ്ടിയോ മറ്റേതെങ്കിലും ലാഭത്തിനുവേണ്ടിയോ ഹോണററി ഡിഗ്രികൾ നൽകുന്നത് ക്രിസ്തീയ സ്ഥാപനങ്ങൾക്ക് അപമാനകരമാണ്. ചില കോളജുകളിലെ ബഹുമതി നൽകുന്ന പദ്ധതി രൂപപ്പെടുത്തിയിരിക്കുന്നതു തന്നെ ആഡംബരങ്ങൾക്കു ചെലവഴിക്കാൻ പണം കണ്ടെത്തുന്നതിനും ബഹുമാന്യരായ അഭ്യുദയകാംക്ഷികൾക്ക് തങ്ങളുടെ പുസ്തകങ്ങൾ വിറ്റഴിക്കുന്നതിനും വേണ്ടിയാണ്.

ചില സഭകളുടെ പൊതുജന സമ്പർക്ക ഏജന്റുമാരുടെ ജോലികളിലൊന്ന്, സഭയുടെ അധീശത്വം നിലനിർത്തുന്നതിന് പരസ്യമായി ബഹുമതികൾ നേടിയെടുക്കുക എന്നതാണ്. ഈ മാനുഷിക ബലഹീനത മുതലെടുത്ത് തങ്ങളുടെ ലക്ഷ്യം നേടുന്നതിനുള്ള ഇത്തരം ബഹുമതി വിതരണ പദ്ധതികളിൽ ഞാനും പങ്കാളിയായിട്ടുണ്ട് എന്നത് എന്നെ ലജ്ജിപ്പിക്കുന്നു.

തിരുവെഴുത്തിന്റെ മുന്നറിയിപ്പിനെ അവഗണിച്ച് ബഹുമതികളെ മുതലെടുപ്പിന് ഉപയോഗിക്കുന്നതും അവയ്ക്കുവേണ്ടി മുറവിളി കൂട്ടുന്നതും തുടരാൻ നമുക്കെങ്ങനെ കഴിയും എന്നത് അപകടകരമാംവിധം മറുപടിയില്ലാത്ത ചോദ്യമാണ്.

മനുഷ്യൻ കാണത്തക്കവണ്ണം നാം ചെയ്യുന്ന കാര്യങ്ങളെക്കുറിച്ച് യേശുവിന്റെ പഠിപ്പിക്കൽ വളരെ വ്യക്തതയുള്ളതാണ്.

> "മനുഷ്യർ കാണേണ്ടതിന് നിങ്ങളുടെ നീതിയെ അവരുടെ മുമ്പിൽ ചെയ്യാതിരിപ്പാൻ സൂക്ഷിപ്പിൻ; അല്ലാഞ്ഞാൽ സ്വർഗ്ഗത്തിലുള്ള നിങ്ങളുടെ പിതാവിന്റെ പക്കൽ നിങ്ങൾക്കു പ്രതിഫലമില്ല. ആകയാൽ ഭിക്ഷകൊടുക്കുമ്പോൾ മനുഷ്യരാൽ മാനം ലഭിപ്പാൻ പള്ളികളിലും വീഥികളിലും കപടഭക്തിക്കാർ ചെയ്യുന്നതു പോലെ നിന്റെ മുമ്പിൽ കാഹളം ഊതിക്കരുത്; അവർക്കു പ്രതിഫലം കിട്ടിപ്പോയി എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു" (മത്തായി 6:1–2).

പിതാവിൽ നിന്നും പരസ്യമായി പ്രതിഫലം ലഭിക്കേണ്ടതിന് രഹസ്യത്തിൽ ദാനം ചെയ്യുവാനും രഹസ്യത്തിൽ പ്രാർത്ഥിക്കുവാനും യേശു നമ്മെ ആഹ്വാനം ചെയ്യുന്നു. പ്രതിഫലം കൈകാര്യം ചെയ്യേണ്ട ഉത്തരവാദിത്തം മനുഷ്യരുടെ കരങ്ങളിലല്ല, ദൈവത്തിന്റെ കരങ്ങളിലാണ് ഏൽപ്പിക്കേണ്ടത്. സ്വയം മഹത്വമെടുക്കുന്ന സംവിധാനത്തിന്റെ കീഴിലായിക്കഴിയുമ്പോൾ, നാം നമ്മെത്തന്നെയല്ല, സംവിധാനമാണ് നമ്മെ ബഹുമാനിക്കുന്നത് എന്ന കാരണത്താൽ അതു പിതാവിൽ നിന്നുള്ളതാണ് എന്ന് സമർത്ഥിക്കാൻ നമുക്കു കഴികയില്ല. 2 കൊരിന്ത്യർ 10:17-ൽ പൗലൊസ് വളരെ വ്യക്തമായ അതിർവരമ്പ് നിശ്ചയിച്ചിരിക്കുന്നു: "പ്രശംസിക്കുന്നവൻ കർത്താവിൽ പ്രശംസിക്കട്ടെ. തന്നെത്താൻ പുകഴ്ത്തുന്നവനല്ല കർത്താവ് പുകഴ്ത്തുന്നവനത്രേ കൊള്ളാവുന്നവൻ."

യേശുവിനു പുകഴ്ച ലഭിച്ചതായി സൂചിപ്പിക്കുന്ന രണ്ടു സംഭവങ്ങൾ പുതിയനിയമത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മാനുഷിക മാനത്തിനു വേണ്ടിയുള്ള നമ്മുടെ സ്വന്തം സംവിധാനത്തെ പക്ഷേ, ഇതു സാധൂകരിക്കുന്നില്ല. ലൂക്കൊസ് 2:52 പറയുന്നു: "യേശുവോ ജ്ഞാനത്തിലും വളർച്ചയിലും ദൈവത്തിന്റെയും മനുഷ്യരുടേയും കൃപയിലും മുതിർന്നുവന്നു." എന്നാൽ അവൻ ആരുടെ കൃപയിൽ മുതിർന്നു വന്നോ അവർ തന്നെ പിൽക്കാലത്ത് അവനെ പരിഹസിക്കുകയും നിരസിക്കുകയും, "ഒരു പ്രവാചകൻ തന്റെ പിതൃനഗരത്തിലും ചർച്ചക്കാരുടെ ഇടയിലും സ്വന്ത ഭവനത്തിലും അല്ലാതെ ബഹുമാനമില്ലാത്തവൻ അല്ല" എന്നു പറയുവാൻ അവനെ പ്രേരിപ്പിക്കുമാറ് അവനോടിടപെടുകയും ചെയ്തു.

മത്തായി 21 -ൽ കാണുന്ന യേശുവിന്റെ യെരൂശലേമിലേക്കുള്ള രാജകീയ പ്രവേശനത്തിൽ, ഒലിവിലയുമേന്തി അവന് ഹോശന്ന പാടിയ ജനങ്ങൾ തന്നെ പിന്നീട് അവനെ ക്രൂശിക്കണമെന്ന് ആർത്തുവിളിച്ചു. മനുഷ്യരുടെ പുകഴ്ച, അതെങ്ങനെ ലഭിച്ചാലും അർത്ഥശൂന്യവും ചാഞ്ചല്യമുള്ളതുമാണ്. നാം അന്വേഷിക്കേണ്ട ന്യായമായ പുകഴ്ച, ഒരിക്കലും വില കുറഞ്ഞു പോകാത്ത പുകഴ്ച, "ക്രിസ്തുവേശുവിലുള്ള ദൈവത്തിന്റെ പരമവിളിയുടെ വിരുതെന്ന പുകഴ്ചയാണ്" (ഫിലിപ്പിയർ 3:14). "പരമവിളി" ദാസത്വത്തിനായുള്ള വിളിയാണ്.

## സത്രം നിറയുമ്പോൾ

മടിയരും കഴിവുകെട്ടവരും നിർവ്വികാരികളുമായ അധമരെ ഉദ്ദേശിച്ചല്ല 'ചെറിയവൻ' എന്നു പറഞ്ഞിരിക്കുന്നത്. യേശുവിന്റെ സ്വഭാവത്തിൽ, നിങ്ങൾ തിരഞ്ഞെടുക്കുന്ന ഒന്നാണത്. നിങ്ങൾക്ക് മറ്റുള്ളവരെക്കുറിച്ച് ഉന്നതമായ ഒരു കാഴ്ചപ്പാട് ഉണ്ടാകുകയും അവരെ ഉയർത്തുവാനായി നിങ്ങൾക്കു കഴിവുള്ളതെല്ലാം ചെയ്യുകയും ചെയ്യുമ്പോൾ അവർക്കു വേണ്ടിയുള്ള നിങ്ങളുടെ ശ്രമം മൂലം നിങ്ങൾ ഏറ്റവും ചെറിയവനായി തീരുന്നതാണത്... പക്ഷേ നിങ്ങളതു ശ്രദ്ധിക്കപോലുമില്ല.

ഈ ലോകത്തിൽ വളരെ കുറച്ചുപേർക്കു മാത്രമേ ഉന്നത സ്ഥാനങ്ങളിൽ എത്താൻ കഴിയൂ. ഈ യത്നത്തിൽ ചിലർക്കു മുറിവേൽക്കുന്നു, ചിലർ നിരാശപ്പെടുന്നു. എല്ലാവരും പ്രാപ്തരാണെങ്കിൽപോലും മുകളിൽ കുറച്ചു സ്ഥലമേ ഉള്ളൂ എന്നതിനാൽ കഴിവുള്ളവർപോലും തഴയപ്പെടും. പ്രശസ്തിയും സൗഭാഗ്യവും എന്നറിയപ്പെടുന്ന സത്രത്തിൽ ഒരു പക്ഷേ, നിങ്ങൾക്കു പ്രവേശിക്കാനാകും. പക്ഷേ ആ സമയം സത്രം ആൾക്കാരെക്കൊണ്ട് നിറഞ്ഞിരിക്കുന്നതുകാണാം. ഏറ്റവും നല്ല ജോലിക്ക് ധാരാളം അപേക്ഷകൾ; ഏറ്റവും നല്ല താമസത്തിന് ഉയർന്ന വില – എന്നിട്ടും അവിടെ ഇടമില്ല.

എന്നാൽ ഇഷ്ടംപോലെ ഇടമുള്ള ഒരു സ്ഥലമുണ്ട്. അതിന്റെ പേരാണ് പുൽത്തൊട്ടി. അതു ചെറുതും വൃത്തിഹീനവും മൃഗങ്ങളുടെ വാസസ്ഥലവും ആണെങ്കിലും സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും വലിയവനും ദാസനും ദൈവപുത്രനുമായവൻ അവിടെയാണ് ജനിച്ചത്. ദാസത്വത്തിന്റെ കാര്യത്തിൽ എല്ലാവർക്കും ധാരാളം സ്ഥലമുണ്ട്. പുൽക്കൂട്ടിലേക്ക് വരുവാൻ അധികം പേർ മത്സരിക്കാറില്ല. നിങ്ങൾ യഥാർത്ഥമായി മറ്റുള്ളവരെ സ്നേഹിക്കുകയും അവരെ സേവിക്കാനാഗ്രഹിക്കുകയും ചെയ്യുന്നുവെങ്കിൽ അതിനു അവസരങ്ങളുണ്ട്. ഒരു പക്ഷേ മാനുഷിക പുകഴ്ചയും സമ്മാനങ്ങളും ലഭിച്ചില്ലെങ്കിലും ധാരാളം ഇടം ലഭിക്കും.

മറിയ, താൻ മശീഹായെ ഗർഭം ധരിക്കുമെന്ന് ദൂതനിൽനിന്നു കേട്ടപ്പോൾ, അഹങ്കാരികളെയും താഴ്മയുള്ളവരെയും കുറിച്ച് മനസ്സിലാക്കി; മാത്രമല്ല പുൽത്തൊട്ടിയെക്കുറിച്ചും അവൾ ഗ്രഹിച്ചു. അപ്പോൾ മറിയ പറഞ്ഞത്:

"എന്റെ ഉള്ളം കർത്താവിനെ മഹിമപ്പെടുത്തുന്നു;
എന്റെ ആത്മാവ് എന്റെ രക്ഷിതാവായ
ദൈവത്തിൽ ഉല്ലസിക്കുന്നു.
അവൻ തന്റെ ദാസിയുടെ താഴ്ച കടാക്ഷിച്ചിരിക്കുന്നുവല്ലോ;
ഇന്നു മുതൽ എല്ലാ തലമുറകളും
എന്നെ ഭാഗ്യവതി എന്നു വാഴ്ത്തും
ശക്തനായവൻ എനിക്കു വലിയവ ചെയ്തിരിക്കുന്നു;
അവന്റെ നാമം പരിശുദ്ധം തന്നേ.
അവനെ ഭയപ്പെടുന്നവർക്കു അവന്റെ കരുണ
തലമുറ തലമുറയോളം ഇരിക്കുന്നു.
തന്റെ ഭുജംകൊണ്ടു അവൻ ബലം പ്രവർത്തിച്ചു,
ഹൃദയവിചാരത്തിൽ അഹങ്കരിക്കുന്നവരെ ചിതറിച്ചിരിക്കുന്നു.
പ്രഭുക്കന്മാരെ സിംഹാസനങ്ങളിൽ നിന്നു ഇറക്കി
താണവരെ ഉയർത്തിയിരിക്കുന്നു.





വിശന്നിരിക്കുന്നവരെ നന്മകളാൽ നിറച്ചു,
സമ്പന്നന്മാരെ വെറുതെ അയച്ചുകളഞ്ഞിരിക്കുന്നു.
നമ്മുടെ പിതാക്കന്മാരോടു അരുളിച്ചെയ്തിരിക്കുന്നതുപോലെ
അബ്രാഹാമിനും അവന്റെ സന്തതിക്കും
എന്നേക്കും കരുണ ഓർക്കേണ്ടതിന്
തന്റെ ദാസനായ യിസ്രായേലിനെ തുണച്ചിരിക്കുന്നു."
(ലൂക്കൊസ് 1:46–55)

യേശുവിനെ നാം കാണുന്നത് താഴ്മയുള്ളിടത്താണ് – പുൽത്തൊട്ടികളിൽ, ദരിദ്രരുടെ ഇടയിൽ, ഒരു ദാസനായി, താഴ്മയുള്ളവനായി, ഒരു മാതൃകയായി, ശിശുവിനെപ്പോലെ, ഇളയവനായി, ഒടുക്കത്തവനായി, ഏറ്റവും ചെറിയവനായി. അവൻ എന്തെല്ലാം ആയിരുന്നുവോ, അവന്റെ ദാസനും അതുപോലെയാകണം.

**സംക്ഷേപം:**

1. ദാസൻ
2. അധികാരം കൈയാളരുത്
3. മാതൃക
4. താഴ്മയുള്ളവൻ
5. ശിശു എന്നപോലെ
6. ഇളയവനെപ്പോലെ
7. ഒടുക്കത്തവൻ
8. **ഏറ്റവും ചെറിയവൻ**

**നിങ്ങളുടെ മനോഭാവം യേശുക്രിസ്തുവിന്റെ മനോഭാവം തന്നെയായിരിക്കണം:**

ക്രിസ്തുയേശുവിലുള്ള ഭാവം തന്നേ നിങ്ങളിലും ഉണ്ടായിരിക്കട്ടെ:
"അവൻ ദൈവരൂപത്തിൽ ഇരിക്കെ
ദൈവത്തോടുള്ള സമത്വം മുറുകെ
പിടിച്ചുകൊള്ളേണം എന്നു വിചാരിക്കാതെ
ദാസരൂപം എടുത്തു മനുഷ്യസാദൃശ്യത്തിലായി
തന്നെത്താൻ ഒഴിച്ചു വേഷത്തിൽ മനുഷ്യനായി വിളങ്ങി
തന്നെത്താൻ താഴ്ത്തി മരണത്തോളം
ക്രൂശിലെ മരണത്തോളം തന്നേ,
അനുസരണമുള്ളവനായിത്തീർന്നു.
അതുകൊണ്ടു ദൈവവും അവനെ ഏറ്റവും ഉയർത്തി
സകലനാമത്തിനും മേലായ നാമം നൽകി;
അങ്ങനെ യേശുവിന്റെ നാമത്തിങ്കൽ
സ്വർല്ലോകരുടെയും ഭൂലോകരുടെയും അധോലോകരുടെയും
മുഴങ്കാൽ ഒക്കെയും മടങ്ങുകയും
എല്ലാനാവും "യേശുക്രിസ്തു കർത്താവ്" എന്നു
പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി
ഏറ്റുപറകയും ചെയ്യേണ്ടിവരും"

ഫിലിപ്പിയർ 2:5-11



# കൈക്കരുത്തിന്റെ തന്ത്രങ്ങൾക്കു വിട

*"ക്രിസ്തു യേശു... ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചു കൊള്ളേണം എന്നു വിചാരിക്കാതെ..."*

ഫിലിപ്പിയയിലെ സഭയ്ക്ക് എഴുതുന്ന ലേഖനത്തിൽ യേശുക്രിസ്തുവിന്റെ ആളത്വവും പ്രകൃതിയും എന്ന വിഷയം പൗലൊസ് ആഴത്തിൽ വിചിന്തനം ചെയ്യുന്നു. സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും വലിയവനെക്കുറിച്ചുള്ള പഠിപ്പിക്കലിൽ യേശു തന്നെക്കുറിച്ചു നൽകിയ വിശദീകരണങ്ങൾ പൗലൊസ് ഉപയോഗിക്കുന്നു. മാത്രമല്ല ചില പുതിയ ഉൾക്കാഴ്ചകൾ കൂടി അവൻ കൂട്ടിച്ചേർക്കുന്നു: "ക്രിസ്തുയേശുവിലുള്ള ഭാവം തന്നെ നിങ്ങളിലും ഉണ്ടായിരിക്കട്ടെ. അവൻ ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെപ്പിടിച്ചു കൊള്ളേണം എന്നു വിചാരിക്കാതെ" (ഫിലിപ്പിയർ 2:5-6). ഈ ഭാഗത്തിന്റെ ഏറ്റവും ലളിതമായ വ്യാഖ്യാനം, യേശു ദൈവത്തോടു സമനായിരുന്നതിനാൽ രാജ്യം അവന് അവകാശമായിരുന്നിട്ടും ബലപ്രയോഗത്തിലൂടെ അതു കരസ്ഥമാക്കുവാൻ അവൻ ശ്രമിച്ചില്ല എന്നാണ്.

ആയുധങ്ങൾക്കുവേണ്ടി വലിയൊരു തുക ഇന്നു ലോകത്തിൽ ചെലവഴിക്കുന്നുണ്ട്, എന്നാൽ യേശുക്രിസ്തു മനുഷ്യരെ വിലയേറിയവരായി കണക്കാക്കിയതിനാൽ ബലം പ്രയോഗിച്ച് ജനത്തെ കീഴടക്കുവാൻ തയ്യാറായില്ല. യേശു അവരെ ഉന്നത നിലയിലാണ് വീക്ഷിച്ചിരുന്നത്. തന്നെ ക്രൂശിൽനിന്ന് രക്ഷിക്കുവാനും ക്രൂശിക്കാൻ തയ്യാറായവരോടു പ്രതികാരം ചെയ്യുവാനും ദൂതസഞ്ചയത്തെ വിളിക്കാനുമുള്ള അധികാരം യേശുവിനുണ്ടെന്നുള്ളത് സത്യമാണ്; പക്ഷേ അവനതു ചെയ്തില്ല.

തീർച്ചയായും അവനു രാജ്യത്തുടനീളം സഞ്ചരിച്ച് ജനത്തെ കഴു

ത്തിനു കുത്തിപ്പിടിച്ച് തന്നെ അനുഗമിക്കാനാവശ്യപ്പെടുകയും ഇല്ലെങ്കിൽ ലോകത്തെ നശിപ്പിക്കുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്യാമായിരുന്നു. പക്ഷേ അവൻ ചെയ്തില്ല. തിരഞ്ഞെടുപ്പിനുള്ള നമ്മുടെ കഴിവിനെ നശിപ്പിക്കുന്ന എന്തെങ്കിലും ചെയ്യാൻ അവൻ തയ്യാറല്ലായിരുന്നു. ആ നിലയിലാണ് സ്നേഹം പ്രവർത്തിക്കുന്നത്.

യേശുവിന്റെ സൗമ്യതയെ സൂചിപ്പിക്കുവാൻ മത്തായി യെശയ്യാവിന്റെ പ്രവചനം ഉദ്ധരിക്കുന്നു:

> "ഇതാ ഞാൻ തിരഞ്ഞെടുത്ത എന്റെ ദാസൻ, എന്റെ ഉള്ളം പ്രസാദിക്കുന്ന എന്റെ പ്രിയൻ; ഞാൻ എന്റെ ആത്മാവിനെ അവന്റെ മേൽ വെക്കും; അവൻ ജാതികൾക്ക് ന്യായവിധി അറിയിക്കും. അവൻ കലഹിക്കയില്ല, നിലവിളിക്കയില്ല; ആരും തെരുക്കളിൽ അവന്റെ ശബ്ദം കേൾക്കയുമില്ല. ചതഞ്ഞ ഓട അവൻ ഒടിച്ചുകളകയില്ല; പുകയുന്ന തിരി കെടുത്തുകളകയില്ല; അവൻ ന്യായവിധി ജയത്തോളം നടത്തും. അവന്റെ നാമത്തിൽ ജാതികൾ പ്രത്യാശവെക്കും" (മത്തായി 12:17–21).

"ചതഞ്ഞ ഓടയും പുകയുന്ന തിരിയും" എന്നതിനോടു താരതമ്യപ്പെടുത്താവുന്ന മറ്റൊരു ശൈലി നമുക്കില്ല. അവൻ പറഞ്ഞതിൽ നിന്നും നമുക്കു മനസ്സിലാക്കാവുന്ന അർത്ഥം, "വീണുകിടക്കുന്ന ഒരു മനുഷ്യനെ അവൻ തൊഴിക്കുകയില്ല എന്നു മാത്രമല്ല, ആളുകളിൽ പ്രത്യാശയുടെ ഒരു കിരണമെങ്കിലും ഉണ്ടോ എന്നു നോക്കി അത് ഊതിക്കത്തിക്കുകയും ചെയ്യും."

ഞാൻ സ്കൗട്ട് സംഘത്തിൽ അംഗമായിരുന്ന കാലത്ത് ഞങ്ങൾ കല്ലുകളോ കമ്പുകളോ കൂട്ടി ഉരസി തീ ഉണ്ടാക്കിയിരുന്നു. പെട്ടെന്ന് തീ പിടിക്കുന്ന ഉണക്കപ്പുല്ല് ശേഖരിച്ചിട്ട് അതിനു മുകളിൽ കല്ലിൽ നിന്നുള്ള തീപ്പൊരിയോ കമ്പിൽ നിന്നുള്ള ചൂടോ ഏൽക്കത്തക്കവണ്ണം വെയ്ക്കും. കല്ല് പെട്ടെന്നുരയ്ക്കുമ്പോൾ ഉണക്കപ്പുല്ലിൽ തീപ്പൊരി വീഴും. ഒരു തീപ്പൊരി കാണുമ്പോൾ ഇതൊരു ചെറിയ തീപ്പൊരിയെ ഉള്ളൂ എന്നു പിറുപിറുത്ത് കെടുത്തിക്കളയുന്ന ആരെയും ഞാൻ കണ്ടിട്ടില്ല. പകരം അവർ ഉണക്കപ്പുല്ല് കൈയിലെടുത്ത് അതിൽ വീണ തീപ്പൊരി കത്തുവാനാവശ്യമായ അധിക ഓക്സിജൻ കൊടുക്കുന്നതിന് ഊതുകയാണു ചെയ്യുന്നത്. നമ്മുടെ പരസ്പരമുള്ള പെരുമാറ്റത്തിൽ നിന്നു എത്ര വ്യത്യസ്തമായാണ് യേശു ഇടപെടുന്നതെന്നെനിക്ക് മനസ്സിലാക്കുവാൻ ഈ ഉദാഹരണം പര്യാപ്തമാണ്.

ഒരു കോളേജ് അദ്ധ്യാപകനെന്ന നിലയിൽ, ആളുകൾക്ക് ഗ്രേഡ് അടിസ്ഥാനത്തിൽ മാർക്കിടേണ്ട ആവശ്യം എനിക്കു വരാറുണ്ട്. എന്റെ അദ്ധ്യാപനത്തിൽ എനിക്ക് ഏറ്റവും ഇഷ്ടമില്ലാത്ത കാര്യമാണത്. ഗ്രേഡിംഗ്





സമ്പ്രദായപ്രകാരം എന്റെ നിലവാരത്തിന്റെ അറുപത്തഞ്ചു ശതമാനമെങ്കിലും വരാത്തവർക്ക് തുടർന്ന് എന്റെ മുമ്പിൽ നിൽക്കാനവസരമില്ല. അവർക്ക് മറ്റെവിടെയെങ്കിലും പോകാം.

നിർഭാഗ്യവശാൽ, ജനങ്ങളെ പൊതുവായി വിലയിരുത്തുന്നതിലും അറിഞ്ഞോ അറിയാതെയോ ഗ്രേഡിംഗ് സമ്പ്രദായം കടന്നുവരാറുണ്ട്. ശ്രേഷ്ഠതക്ക് നാം കല്പിക്കുന്ന മാനദണ്ഡത്തിന്റെ ഒരു അളവിലെങ്കിലും എത്തുവാൻ അവർക്കു കഴിയുന്നില്ലെങ്കിൽ, നമ്മുടെ സ്നേഹിതരായിരിക്കുവാൻ പിന്നൊരവസരം നാമവർക്കു നൽകുകയില്ല. സഭയിൽ നാം വെച്ചിരിക്കുന്ന പ്രമാണങ്ങളുടെ ഏറ്റവും താണനിലവാരത്തിൽ എൺപതു ശതമാനം സമയമെങ്കിലും അവർ ജീവിക്കുന്നില്ലെങ്കിൽ പിന്നെ അവർക്കു വേണ്ടി നാം സമയം ചെലവഴിക്കുകയില്ല.

ഭാരപ്പെടുന്നവരും അസ്വസ്ഥരുമായ ആളുകളെ ശപിക്കുന്ന എന്റെ സ്വഭാവത്തിൽ നിന്നും വ്യത്യസ്തമായി യേശു അവരെ ക്ഷണിക്കുന്നത് ശ്രദ്ധിക്കുക: "അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും. ഞാൻ സൗമ്യതയും താഴ്മയും ഉള്ളവൻ ആകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോടും പഠിപ്പിൻ; എന്നാൽ നിങ്ങളുടെ ആത്മാക്കൾക്കു ആശ്വാസം കണ്ടെത്തും. എന്റെ നുകം മൃദുവും എന്റെ ചുമടു ലഘുവും ആകുന്നു." നമ്മിൽ പ്രതീക്ഷയുടെ ഒരു പൊരി മാത്രമേ ഉള്ളൂ എന്ന കാരണത്താൽ അവൻ നമ്മെ അവഗണിക്കുകയില്ല. പകരം, നമ്മെ കരുണയോടെ എടുത്തുയർത്തി അവന്റെ അഗ്നിയാൽ നാം സ്നാനമേൽക്കും വരെ ദൈവത്തിന്റെ വലിയ കാറ്റ് നമ്മുടെ മേൽ ഊതും.

## ലക്ഷ്യം മാർഗ്ഗത്തെ സാധൂകരിക്കുന്നുവോ?

ഫിലിപ്പിയർ 2:5–6–ൽ യേശു ദൈവരാജ്യത്തെ മുറുകെപ്പിടിച്ചില്ല എന്നതിന്റെ മറ്റൊരർത്ഥം (അതോടു ചേർന്നതോ പകരമായിട്ടുള്ളതോ ആയ), യേശു സ്വാർത്ഥതയാലോ അന്ധമായ മോഹത്താലോ, അല്ല പ്രവർത്തിച്ചിരുന്നത് എന്നാണ്. ലക്ഷ്യം ഉന്നതവും നിത്യമായി വിലമതിക്കുന്നതും ആകുമ്പോൾ ശരിയായ മാർഗ്ഗത്തിൽ അതു കൈവരിക്കുകയെന്നത് വളരെ പ്രയാസകരമാണ്. "ലക്ഷ്യം മാർഗ്ഗത്തെ സാധൂകരിക്കുമോ?" എന്ന ചോദ്യം നാമെല്ലാം കേട്ടിട്ടുണ്ട്.

നിശ്ചയമായും ഉന്നതമായ ലക്ഷ്യങ്ങളുള്ള യേശുവിന് തന്റെ ലക്ഷ്യം സാധൂകരിക്കുന്നതിനായി തനിക്കാവശ്യമുള്ള ഏതു മാർഗ്ഗവും സ്വീകരിക്കാമായിരുന്നു, എന്നിട്ടും അന്ധമായി മുന്നോട്ടു പോകാൻ അവൻ തയ്യാറല്ലായിരുന്നു. വ്യവസായത്തിലോ മാനുഷിക സാമ്പത്തിക സംവിധാനത്തിലോ പ്രവർത്തിക്കുന്നവർക്ക്, ഉന്നതലക്ഷ്യത്തിലെത്താൻ ആഗ്രഹിക്കു

ന്നവരും വരുമാനം വർദ്ധിക്കാനാഗ്രഹിക്കുന്നവരും ഉപയോഗിക്കുന്ന കഴുത്തറപ്പൻ രീതികൾ പരിചിതമായിരിക്കും. ഇത്തരം ഉയർച്ചക്കുള്ള ചവിട്ടുപടികളായി മറ്റുള്ളവർ തീരാറുണ്ട്; അതും സുവിശേഷീകരണംപോലെയുള്ള സർവ്വസമ്മതമായ ലക്ഷ്യങ്ങളിൽ പോലും.

## വിജയത്തിന്റെ വഴി

നല്ല പങ്കു സുവിശേഷീകരണവും വിശന്നുവലഞ്ഞ സ്രാവിന്റെ ഇരപിടുത്തം പോലെയാണ്. നാം ചുറ്റും നിന്നാക്രമിച്ച് ധാരാളം രക്തം ചൊരിയിച്ചിട്ട് സ്ഥിതിവിവരക്കണക്കുകൾക്കു വേണ്ടിയുള്ള വിശപ്പ് ശമിപ്പിക്കുന്നു. നമ്മുടെ ചിന്താഗതി ഇങ്ങനെയാണ്: "അവർ പാപിയുടെ പ്രാർത്ഥന പ്രാർത്ഥിക്കുന്നതാണ് പരമപ്രധാനം. അതെങ്ങനെ സാധിക്കുന്നു എന്നതല്ല, അവരതു ചെയ്യുന്നുണ്ടോ എന്നതാണ് പ്രധാനം. അവർക്കതു മനസ്സിലായിട്ടുണ്ടോ എന്നതല്ല പ്രധാനം, അവരതു ചെയ്യണമെന്നതാണ് പ്രധാനം."

തൽഫലമായി, അവരെ സ്നേഹിക്കുകയോ അവരോടു ഇടപഴകുകയോ ചെയ്യാതെ തന്നെ അവരെ നേടുവാനുള്ള എല്ലാ വഴികളും നാം ഉപയോഗിക്കുന്നു. നമ്മുടെ ഉദ്ദേശ്യം വെളിപ്പെടുത്താതെ ഒരു കച്ചവടക്കാരനെപ്പോലെ അവരെ സമീപിക്കാനും മാനസികമായ ഒരുക്കം സംഭവിച്ചു കഴിയുമ്പോൾ അവർ ആവശ്യപ്പെട്ടാലും ഇല്ലെങ്കിലും കാര്യം പറയുവാനും ആണ് നമ്മെ പഠിപ്പിച്ചിരിക്കുന്നത്. തുടർന്ന് ചടങ്ങ് അവസാനിപ്പിച്ച് അനുയോജ്യമായ സാഹിത്യപ്രതികളും നൽകി ആ വ്യക്തിയുടെ ജീവിതത്തോട് നാം എന്നെന്നേക്കുമായി വിടപറയുന്നു. നമ്മുടെ പുതിയ ശിശു ആരുടെയെങ്കിലും വാതിൽക്കൽ എത്തിക്കൊള്ളുമെന്നും അല്ലെങ്കിൽ മറ്റാരെങ്കിലും അവനെ സന്ദർശിച്ചുകൊള്ളുമെന്നും ഉള്ള പ്രതീക്ഷയിൽ നാം കടന്നു പോകുന്നു.

ആധുനിക രക്ഷാ ആഹ്വാനത്തിന് സമാനമായി പുതിയനിയമത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ഏക സംഭവം നടന്നത്, പെന്തെക്കൊസ്തു നാളിലെ പത്രൊസിന്റെ പ്രസംഗത്തിലാണ്. അന്നു മൂവായിരം പേർ ക്രിസ്തുവിനെ സ്വീകരിച്ചു. ഈ സംഭവത്തിലെ അതിപ്രധാനമായ വ്യത്യാസം, ആഹ്വാനം നടത്തിയത് പത്രൊസല്ല ജനങ്ങളാണെന്നതാണ്. ഇന്നത്തേതിൽ നിന്ന് എത്ര വ്യത്യസ്തം! പരിശുദ്ധാത്മാവ് ജനത്തെ നയിക്കുന്നുണ്ടോ എന്നതൊന്നും ഇന്ന് വിഷയമല്ല. നാം സ്വന്തനിലയിൽ അതു ചെയ്യുകയാണ്. സുവിശേഷകരുടെ വിപണന രഹസ്യം ഏറ്റവുമധികം പേരെ സ്റ്റേജിലേക്കു നയിക്കുക എന്നതാണ്. എന്റെ ജീവിതകാലം മുഴുവൻ സഭയിലായിരുന്നതിനാൽ, എല്ലാവിധത്തിലുള്ള ദുരുപയോഗങ്ങൾക്കും ഞാൻ വിധേയനായിട്ടുണ്ട്. അവയെ തിരിഞ്ഞു ചിന്തിക്കുന്നത് വേദനാജനകമാണെങ്കിലും ചിലത് നമുക്ക് ചിന്തിക്കേണ്ടിയിരിക്കുന്നു.





ലഭിച്ച സന്ദേശത്തോടു യാതൊരു ബന്ധവും പുലർത്താതെയുള്ള ഉപസംഹാരം നൽകപ്പെടുന്നത് ഞാൻ മിക്കപ്പോഴും കേൾക്കാറുണ്ട്. ആളുകളെ വികാരവിവശരാക്കി മുമ്പിലേക്കു നയിക്കുന്നതിനും ക്രിസ്തുവിനെ സ്വീകരിക്കുന്നതിനും ആഹ്വാനം ചെയ്യുന്നതിനായി പ്രത്യേകമായി രൂപപ്പെടുത്തിയ ഒരു മരണക്കിടക്കയിലെ കഥയാവാം വിവരിക്കുക.

എല്ലാ തലകളും വണക്കി, കണ്ണുകൾ അടച്ച്, സംഗീത ഉപകരണങ്ങളുടെ ഉച്ചത്തിലുള്ള ശബ്ദം അസ്വഭാവിക അന്തരീക്ഷം സൃഷ്ടിക്കുമ്പോൾ, ഒരു വ്യക്തിയുടെ സ്വാഭാവിക തിരഞ്ഞെടുപ്പിനുള്ള കഴിവിനെ നശിപ്പിക്കുന്ന അന്തരീക്ഷം സംജാതമാകുന്നു. മനോനിലയെ സ്വാധീനിക്കുന്ന ഈ അന്തരീക്ഷത്തിൽ, മനഃശാസ്ത്രപരമായ ശക്തികൾ ഉണർന്ന് പ്രവർത്തിക്കുകയും ആശയക്കുഴപ്പം സൃഷ്ടിക്കുകയും ചെയ്യുന്നു.

ഒരിക്കൽ ഞാൻ ഒരു വ്യക്തിയോടു സുവിശേഷം പറയുകയായിരുന്നു. ഒടുവിൽ കർത്താവിനെ സംബന്ധിച്ച് ഒരു തീരുമാനത്തിനായി ഞാനയാളെ ക്ഷണിച്ചപ്പോൾ, അദ്ദേഹം എന്നോടു ചോദിച്ച ചോദ്യം, അതുവരെ അദ്ദേഹം കടന്നുപോയ മാനസിക അവസ്ഥയെ വെളിപ്പെടുത്തുന്നതായിരുന്നു. അദ്ദേഹം ചോദിച്ചു, "ഞാൻ 'ഇല്ല' എന്നു പറഞ്ഞാൽ നിങ്ങൾ തുടർന്നും എന്റെ സ്നേഹിതനായിരിക്കുമോ?"

യേശുവിന്റെ ശൈലിയിലുള്ള സുവിശേഷീകരണം ആരുടെയും സ്വാതന്ത്ര്യത്തെ ലംഘിക്കുന്നതോ, ബഹുമാനിക്കാതിരിക്കുന്നതോ അല്ല. അതവരുടെ തീരുമാനിക്കാനുള്ള കഴിവിനെ എടുത്തുകളയുകയല്ല, ശക്തിപ്പെടുത്തുകയാണ് ചെയ്യുന്നത്.

യേശുവിന്റെ ശൈലിയിലുള്ള സുവിശേഷീകരണം, ആളുകളെ മാനസാന്തരപ്പെടുത്താൻ വഞ്ചനാപരമായ മാർഗ്ഗങ്ങളോ, സത്യസന്ധമല്ലാത്ത കാര്യങ്ങളോ ഉപയോഗിക്കുന്നില്ല. ദൈവം സത്യവും യാഥാർത്ഥ്യവുമാണ്. ഒരു വ്യക്തിയെ കബളിപ്പിക്കുന്നതിനോ, വിഡ്ഢിയാക്കുന്നതിനോ ഉള്ള ഏതു മാർഗ്ഗവും രഹസ്യ മേലാപ്പണിഞ്ഞ ഏതൊരു പ്രവൃത്തിയും യേശുവിന്റെ ശൈലിയുടെ ലംഘനമാണ്.

യേശുവിന്റെ ശൈലിയിലുള്ള സുവിശേഷീകരണം യേശു എന്ന വ്യക്തിയെ ഉയർത്തിക്കാണിക്കുന്നതാണ്, ഏതെങ്കിലും സഭയുടെ ഉപദേശത്തെയോ ശൈലിയെയോ ഉയർത്തുന്നില്ല.

യേശുവിന്റെ ശൈലിയിലുള്ള സുവിശേഷീകരണം നമ്മുടെ ജീവിതത്തിന്റെ ഫലത്തിൽ നിന്നും വളർച്ച പ്രാപിക്കുന്നതും പാപികൾക്കു പോലും നമ്മുടെ ആളത്വത്തെ വെളിപ്പെടുത്താനുള്ള ഒരുക്കം ആവശ്യപ്പെടുന്നതുമാണ്.

ജനത്തെ വീണ്ടെടുക്കാൻ വന്ന യേശു, അവരെ ഉപയോഗിച്ചില്ലെന്നു

മാത്രമല്ല ക്രൂശിലേക്കുള്ള തന്റെ യാത്രയിൽ മറ്റുള്ളവരെ മുതലെടുക്കുന്നത് നിരസിക്കുകയും ചെയ്തു. മാനസാന്തരപ്പെട്ട സക്കായിയെയോ, സത്യാന്വേഷിയായി വന്ന ധനവായ യൗവനക്കാരനെയോ, അവനെ രാജാവാക്കാൻ തുനിഞ്ഞ അവൻ പോഷിപ്പിച്ച ജനത്തെയോ, തന്റെ ആവശ്യങ്ങൾക്കായി ഉപയോഗിക്കുവാൻ അവന് എളുപ്പത്തിൽ സാധിക്കുമായിരുന്നു. എന്നാൽ ഉന്നതമായ ലക്ഷ്യത്തിനുവേണ്ടി സമർപ്പിതനായ യേശു, ഉന്നതമായ മാർഗ്ഗത്തിനും തുല്യനിലയിൽ സമർപ്പണമുള്ളവനായിരുന്നു. അവൻ അന്ധമായ ലക്ഷ്യബോധത്താലല്ല, സ്നേഹത്താലും അനുസരണത്താലും പ്രേരിപ്പിക്കപ്പെട്ടവനായിരുന്നു.

**സംക്ഷേപം:**

1. ദാസൻ
2. അധികാരം കൈയാളരുത്
3. മാതൃക
4. താഴ്മയുള്ളവൻ
5. ശിശു എന്നപോലെ
6. ഇളയവനെപ്പോലെ
7. ഒടുക്കത്തവൻ
8. ഏറ്റവും ചെറിയവൻ
9. ബലം പ്രയോഗിക്കാതെ
10. **അന്ധമായ അതിമോഹമില്ലാതെ**



# ഹലോ, ഞാൻ റവറന്റ്...

*"ക്രിസ്തു യേശു... തന്നെത്താൻ ഒഴിച്ചു"*

അവൻ തന്നെത്താൻ ഒന്നുമല്ലാതാക്കി, തന്നെത്താൻ ഒഴിച്ചു – മഹാതാണിറങ്ങൽ (The great kenosis). അവൻ തനിക്കു തന്നെ ഒരു മാന്യതയും കല്പിച്ചില്ല, വലിയ ആളാക്കിയില്ല.

എന്റെ പിതാവ് ഈ വേദഭാഗം വായിച്ചിട്ട് തലയാട്ടിക്കൊണ്ട് തന്നോടു തന്നെ ഇങ്ങനെ പറയുന്നതു ഞാൻ കേട്ടിട്ടുണ്ട്: "ഇതിന്റെ അർത്ഥം എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞിരുന്നെങ്കിൽ. അതിശക്തമായ ഒന്ന് ഇതിനകത്തുണ്ട്. എനിക്കത് മനസ്സിലാക്കാൻ കഴിഞ്ഞെങ്കിൽ." ചിലപ്പോൾ അതുകൊണ്ടാകാം ഈ വേദഭാഗം എന്റെ മനസ്സിലും ആഴത്തിൽ പതിയുകയും എന്നെയും അലട്ടുകയും ചെയ്തുകൊണ്ടിരിക്കുന്നത്. ബഹുമാനം എന്നെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനമാണ്. ശരിയായ ആളുകളോടൊപ്പം കാണപ്പെടുവാനും ശരിയായ നിലയിൽ സ്മരിക്കപ്പെടുവാനും ശരിയായ അയൽപക്കത്ത് താമസിക്കുവാനും യോജിച്ച തരത്തിലുള്ള കാറിൽ സഞ്ചരിക്കുവാനും യോജിച്ച വസ്ത്രം ധരിക്കുവാനും ഞാനാഗ്രഹിക്കുന്നു. പക്ഷേ യേശു തനിക്കു തന്നെ ഒരു ബഹുമാനവും കൊടുത്തില്ല.

അമേരിക്കയിലെ പ്രധാനപ്പെട്ട വ്യവസായങ്ങളിലൊന്നാണ് പ്രതിച്ഛായ നിർമ്മാണം. പ്രസിഡന്റ് സ്ഥാനത്തേക്ക് മത്സരിക്കുന്ന സ്ഥാനാർത്ഥികളും മറ്റും ജനത്തിന്റെ അംഗീകാരം നേടുന്നതിനുവേണ്ടി തങ്ങളുടെ പ്രതിച്ഛായ മെച്ചപ്പെടുത്തുന്നതിനായി ദശലക്ഷക്കണക്കിനു ഡോളറാണ് ചെലവഴിക്കുന്നത്. പരസ്യ ഏജൻസികൾ തങ്ങളുടെ കക്ഷികളെക്കുറിച്ച് ജനങ്ങളെ അറിയിക്കുന്നതിനും ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം നോക്കാതെ തന്നെ അവരെ വിശ്വസിക്കുവാൻ തക്ക പ്രതിച്ഛായ കെട്ടിപ്പടുക്കുവാനുമായി കോടികൾ ചെലവഴിക്കുന്നു. അമേരിക്കക്കാരനെ സംബന്ധിച്ചിടത്തോളം ഏറ്റവും നല്ല പ്രതിച്ഛായയാണ് പരമപ്രധാനം.

പ്രതിച്ഛായ അഥവാ ബഹുമാനം, മറ്റുള്ളവരുടെമേൽ നിയന്ത്രണം സ്ഥാപിക്കുന്നതിനും നമ്മുടെ താൽപ്പര്യങ്ങൾക്കായി അവരെ ഉപയോഗ പ്പെടുത്തുന്നതിനുമുള്ള ഒരു തന്ത്രം മാത്രമാണ്. ഭൂരിപക്ഷം പേരും ഇക്കാ ര്യത്തിൽ കുറ്റക്കാരാണ്, പ്രത്യേകിച്ചു ശുശ്രൂഷകന്മാർ. "ഹലോ, ഞാൻ റവറന്റ് മിസ്റ്റർ ഗെയ്ൽ ഡീൻ എർവിൻ" എന്നു ഞാൻ സ്വയം പരിചയ പ്പെടുത്തുകയാണെങ്കിൽ പെട്ടെന്നു തന്നെ നിങ്ങൾ അസ്വസ്ഥരാകും. നിങ്ങൾ നിങ്ങളുടെ പ്രവൃത്തികൾ ശുദ്ധമാക്കും – ചീത്ത പറച്ചിൽ നിർത്തും, വായിച്ചു കൊണ്ടിരുന്ന പുസ്തകം ഒളിച്ചു വെക്കും, ചുരുക്കത്തിൽ അസ്വാ ഭാവികതയുള്ളവരാകും.

പകരം ഞാനൊരു കറുത്ത സ്യൂട്ടും വെളുത്ത ഷർട്ടും ധരിച്ചു വരി കയും പരിചയപ്പെടുത്താതിരിക്കുകയും ചെയ്താൽ ഞാനൊരു അമ്പ യറോ, ശവദാഹം നടത്തുന്നവനോ, പ്രസംഗകനോ ആണെന്നു നിങ്ങൾ കരുതും. അപ്പോഴും ഫലം ഒന്നുതന്നെ. അല്ലെങ്കിൽ ഒരു പ്രസംഗകന്റെ ശൈലിയിൽ, വിറയലോടുകൂടെയുള്ള അൾത്താര ശബ്ദത്തിൽ സംസാ രിച്ചാൽ, പെട്ടെന്ന് നിങ്ങൾക്ക് മനസ്സിലാകും. പ്രസംഗകർ മാത്രമേ അങ്ങനെ സംസാരിക്കുകയുള്ളുവെന്ന് നിങ്ങൾക്കറിയാം. വീണ്ടും ഞാൻ നിങ്ങളെ അസ്വസ്ഥരാക്കുന്നു.

ഒരിക്കൽ ലോസ് ആഞ്ചലസിൽ നിന്നും ഡാളസിനുള്ള വിമാനത്തിൽ വെച്ച് ഒരു ഇലക്ട്രോണിക്സ് നിർമ്മാണ കമ്പനി ഉടമയോടു സുവിശേഷം പങ്കുവെയ്ക്കാൻ എനിക്കവസരം ലഭിച്ചു. യേശുവിനെ സ്വീകരിക്കുന്ന ഘട്ടം വരെ എത്തിയപ്പോൾ പെട്ടെന്നയാൾ എന്റെ ജോലി എന്താണെന്നന്വേഷി ച്ചു. ഞാനൊരു ശുശ്രൂഷകനാണെന്നു ഞാൻ പറഞ്ഞു. പെട്ടെന്ന് താനൊരു പാസ്റ്ററോടാണല്ലോ സംസാരിക്കുന്നത് എന്ന ചിന്ത അയാളുടെ തലയി ലെത്തി. ഞാൻ പാസ്റ്ററാണെന്ന് പറയുന്നത് എതിർവശത്തിരുന്ന ഒരു സ്ത്രീ കേട്ടു. അവൾ വളരെ സന്തോഷത്തോടെ താനൊരു പാസ്റ്ററെ അന്വേഷിക്കുകയായിരുന്നുവെന്നും ചില ചോദ്യങ്ങൾ ചോദിക്കാനു ണ്ടെന്നും പറഞ്ഞു. തുടർന്ന് അവൾ ചോദിച്ച ചോദ്യം, ഒരു മൊട്ടുസൂചി യുടെ മൊട്ടിൽ എത്ര മാലാഖമാർക്കിരിക്കാം എന്നായിരുന്നു. കമ്പനിയുട മയുമായുള്ള എന്റെ സംഭാഷണം അവതാളത്തിലായി. നാം സൃഷ്ടിച്ചെ ടുത്ത അസ്വാഭാവികമായ പ്രതിച്ഛായകൾ എന്റെമേൽ തകർന്നു വീണു.

ഒരു ശുശ്രൂഷകൻ എന്ന നിലയിലുള്ള പ്രതിച്ഛായ സൂക്ഷിക്കണമെന്ന് നിർബന്ധിക്കുന്ന, ഉന്നതരായ എഴുത്തുകാരുടെ ഗ്രന്ഥങ്ങൾ എന്നെ അത്ഭു തപ്പെടുത്തുന്നു. ആളുകൾ എന്റെ അടുത്തേക്കു വരാനോ, മുടി വളർന്നി രിക്കുന്നതു കാണാനോ, ഓമനപ്പേരിട്ടു വിളിക്കാനോ അനുവദിക്കരുതെന്ന് ആ പുസ്തകങ്ങൾ ആഹ്വാനം ചെയ്യുന്നു. പാസ്റ്റർ ശുശ്രൂഷയെ ഒരു ഉദ്യോ ഗമായി മനസ്സിലാക്കി ബഹുമാനിപ്പാൻ ജനത്തെ പഠിപ്പിക്കണമെന്നും





അവർ ആഹ്വാനം ചെയ്യുന്നു. അതുകൊണ്ടാകാം ഞാനെന്റെ യാത്രയിൽ ഏകാന്തരും അസ്വസ്ഥരുമായ അനേകം പാസ്റ്റർമാരെ കണ്ടുമുട്ടുന്നത്. എന്നാൽ അങ്ങനെ ജീവിക്കാനല്ല ദൈവം നമ്മെക്കുറിച്ചാഗ്രഹിക്കുന്നത്. ലൂക്കൊസിന്റെ സുവിശേഷമനുസരിച്ച് യേശു അങ്ങനെയല്ല ജീവിച്ചത്: "ചുങ്കക്കാരും പാപികളും എല്ലാം അവന്റെ വചനം കേൾപ്പാൻ അവന്റെ അടുക്കൽ വന്നു. ഇവൻ പാപികളെ കൈക്കൊണ്ടു അവരോടുകൂടി ഭക്ഷി ക്കുന്നു എന്നു പരീശന്മാരും ശാസ്ത്രിമാരും പറഞ്ഞു പിറുപിറുത്തു" (ലൂക്കൊസ് 15:1–2).

യേശു തന്റെ മാന്യതയ്ക്കു കളങ്കം ചാർത്തുന്ന ഇത്തരം കാര്യങ്ങൾ ചെയ്തുകൊണ്ടിരുന്നു. ആരുടെ കൂടെയാണ് നടക്കുന്നതെന്ന കാര്യം അവനു വിഷയമായിരുന്നില്ല. ഒരു മുൻവേശ്യ അവന്റെ സംഘത്തിലെ സ്ഥിരം അംഗമായിരുന്നു. ഒരു വ്യക്തിയുടെ താല്പര്യം സംരക്ഷിക്കുവാൻ ഉതകുന്നതെന്തും, അതിനുവേണ്ടി തനിക്ക് എന്തു നഷ്ടം വരുമെന്നു ചിന്തി ക്കാതെ തന്നെ അവൻ ചെയ്യുമായിരുന്നു.

> പരീശന്മാരിൽ ഒരുത്തൻ തന്നോടുകൂടെ ഭക്ഷണം കഴിപ്പാൻ അവനെ ക്ഷണിച്ചു; അവൻ പരീശന്റെ വീട്ടിൽ ചെന്നു ഭക്ഷണ ത്തിനിരുന്നു. ആ പട്ടണത്തിൽ പാപിയായ ഒരു സ്ത്രീ അവൻ പരീശന്റെ വീട്ടിൽ ഭക്ഷണത്തിനിരിക്കുന്നതു അറിഞ്ഞു ഒരു വെൺകൽ ഭരണി പരിമള തൈലം കൊണ്ടുവന്നു, പുറകിൽ അവന്റെ കാല്ക്കൽ കരഞ്ഞുകൊണ്ടു നിന്നു കണ്ണുനീർ കൊണ്ടു അവന്റെ കാൽ നനച്ചുതുടങ്ങി; തലമുടി കൊണ്ടു തുടച്ചു കാൽ ചുംബിച്ചു തൈലം പൂശി. അവനെ ക്ഷണിച്ച പരീശൻ അതു കണ്ടിട്ടു: "ഇവൻ പ്രവാചകൻ ആയിരുന്നു എങ്കിൽ, തന്നെ തൊ ടുന്ന സ്ത്രീ ആരെന്നും എങ്ങനെയുള്ളവൾ എന്നും അറിയു മായിരുന്നു; അവൾ പാപിയല്ലോ" എന്നു ഉള്ളിൽ പറഞ്ഞു (ലൂക്കൊസ് 7:36–39).

ഒരു നല്ല പരീശൻ ഒരിക്കലും ഒരു സ്ത്രീ പരസ്യമായി തന്നെ തൊടു വാൻ അനുവദിക്കുകയില്ല; പ്രത്യേകിച്ചും ഇതുപോലെയുള്ള ഒരു സ്ത്രീ. എന്നാൽ ഈ സംഭവത്തിൽ മോശം സ്വഭാവക്കാരിയായ ഒരു സ്ത്രീ തനി ക്കറിയാവുന്ന ഏക രീതിയിൽ യേശുവിന്റെ പാദം പരിചരിക്കാൻ തുടങ്ങി. യേശുവാകട്ടെ, അതിനവളെ ശാസിക്കുന്നതിനു പകരം വിമർശിച്ച പരീശ നെ ശാസിക്കുകയും താൻ വന്ന സമയം മുതൽ ഇടവിടാതെ തന്റെ പാദം ചുംബിച്ച് മാനസാന്തരം വെളിപ്പെടുത്തിയ സ്ത്രീയെ അഭിനന്ദിക്കയും ചെയ്തു.

വേശ്യാവൃത്തി നിയമാനുസൃതമാക്കിയിട്ടുള്ള ഒരു വിദേശ നഗരത്തിൽ എനിക്കൊരു സുഹൃത്തുണ്ട്. അവിടെ ഒരു വലിയ മുറിയിൽ സ്ത്രീകൾ

നിരന്നിരിക്കും, ആളുകൾക്ക് ഇഷ്ടമുള്ളവരെ തിരഞ്ഞെടുക്കുന്നതിനുള്ള സ്വാതന്ത്ര്യമുണ്ട്. വളരെ ബഹുമാനിതനായ ആ പാസ്റ്റർക്ക് ഈ സ്ത്രീകളെക്കുറിച്ച് ഒരു ഭാരം ദൈവം നൽകി. അവരെ ആരും കരുതുന്നില്ല എന്ന ദ്ദേഹം മനസ്സിലാക്കി. അവരെ സഹായിക്കാൻ കഴിയുന്നവരാകട്ടെ മാന്യത നഷ്ടപ്പെടുമെന്നതിനാൽ ആ വഴിക്കു പോകുവാൻ ഭയപ്പെട്ടു. ആ പാസ്റ്റർ അവരുടെ വീടുകൾ സന്ദർശിച്ചു ആ സ്ത്രീകളോടു സംസാരിക്കുവാൻ തുടങ്ങി. ആദ്യമൊക്കെ അവർ അദ്ദേഹത്തോട് ഒരു കക്ഷിയോടെന്ന പോലെ പെരുമാറിയെങ്കിലും തങ്ങളുടെ ശരീരങ്ങളാൽ ആകർഷിക്കപ്പെട്ടതുകൊണ്ടല്ല അദ്ദേഹമവിടെ എത്തിയതെന്ന് വളരെ വേഗം അവർക്കു ബോദ്ധ്യപ്പെടുകയും ക്രിസ്തുവിനെയും യാഥാർത്ഥ്യങ്ങളെയും കുറിച്ച് അദ്ദേഹവുമായി അവർ സംസാരിക്കാനാരംഭിക്കുകയും ചെയ്തു. സ്നേഹത്താൽ ഭാരമേറ്റെടുത്തതിനാൽ തന്റെ മാന്യതയും പ്രതിച്ഛായയും വേണ്ടെന്നുവെക്കാൻ ആ പാസ്റ്റർ തയ്യാറായി. ഇതുപോലെ യേശുവും ഇതു തന്നെയാണ് ചെയ്തതെന്ന് ഞാൻ കരുതുന്നു.

ഞാൻ ഈ ലോകത്തിൽ ഒരു അന്യനും പരദേശിയുമാണെങ്കിൽ എന്റെ വിജയം ഉറപ്പാക്കുന്ന ഏതെങ്കിലും കാര്യത്തിലോ എന്റെ മാന്യതയിലോ, എന്റെ സമ്പാദ്യത്തിലോ എനിക്ക് ആശ്രയിക്കേണ്ട ആവശ്യം വരികയില്ല.

## സമ്പാദ്യം പത്തിലൊൻപതാണ്...

തന്നെത്തന്നെ വെറുമയായി എണ്ണിയത് യേശുവിനെ സംബന്ധിച്ചിടത്തോളം എന്തായിരുന്നുവെന്ന് 2 കൊരിന്ത്യർ 8:9–ൽ പൗലൊസ് കുറെക്കൂടി വ്യക്തമാക്കുന്നുണ്ട്: "നമ്മുടെ കർത്താവായ യേശുക്രിസ്തു സമ്പന്നൻ ആയിരുന്നിട്ടും അവന്റെ ദാരിദ്ര്യത്താൽ നിങ്ങൾ സമ്പന്നർ ആകേണ്ടതിന് നിങ്ങൾ നിമിത്തം ദരിദ്രനായിത്തീർന്ന കൃപ നിങ്ങൾ അറിയുന്നുവല്ലോ."

ഇതിനെ ആത്മാവിലുള്ള ദരിദ്രാവസ്ഥയെന്നോ സാമ്പത്തികമായ ദരിദ്രാവസ്ഥയെന്നോ എങ്ങനെ നാം വ്യാഖ്യാനിച്ചാലും, ഫലം നമ്മുടെ സ്വന്ത പ്രകൃതിയെ ശക്തമായി ഉലയ്ക്കുന്നതാണ്. യേശുവിന്റെ സ്വഭാവത്തെപ്പറ്റിയുള്ള പുതിയ ഉൾക്കാഴ്ച ലഭിച്ചതിനുശേഷം, യേശുവിന്റെ "ധനവാൻ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നതിനെക്കാൾ ഒട്ടകം സൂചിക്കുഴയൂടെ കടക്കുന്നത് എളുപ്പം" എന്ന പ്രസ്താവനയുടെ അർത്ഥം എനിക്കു വ്യക്തമാകാൻ തുടങ്ങി. യേശുവിന്റെ ജീവിത ശൈലിയിലേക്കും സ്വഭാവത്തിലേക്കുമുള്ള വളർച്ചക്ക് ഒരു പ്രധാന തടസ്സമാണ് ധനം. ഒരു ധനവാൻ വളരെയധികം ത്യജിക്കേണ്ടിയിരിക്കുന്നു.

നീതിയോടെ ജീവിക്കാനും ചിന്തിക്കാനും ആത്മാർത്ഥമായി ആഗ്രഹിച്ച് യേശുവിന്റെ അടുക്കൽ വന്ന ധനിക യുവാവിന്റെ ഹൃദയം കണ്ട യേശു, അവൻ ധനത്തിന്റെ പിടിയിലാണെന്നു അറിഞ്ഞ് അവനോടു പറഞ്ഞത്, "പോയി നിനക്കുള്ളതു വിറ്റ് ദരിദ്രർക്കുകൊടുക്ക" എന്നാണ്.





മറ്റുള്ളവരെ സഹായിക്കുന്നതിനുവേണ്ടിയാണ് കൂടുതൽ പണം ആഗ്രഹിക്കുന്നതെന്ന് പറഞ്ഞ് ധനമോഹത്തെ ന്യായീകരിക്കുന്ന ആളുകളുടെ (ഞാനുൾപ്പെടെ) വാക്കുകളിൽ ഞാൻ മയങ്ങിപ്പോകാറുണ്ട്. അതേസമയം ജനങ്ങളെ സേവിക്കാനാഗ്രഹിക്കുന്ന ഏതെങ്കിലും ഒരു ശുശ്രൂഷയെ അവർ സഹായിക്കാറില്ല.

അതേ, യേശു മനുഷ്യന്റെ ഹൃദയത്തെ നന്നായി അറിഞ്ഞിരുന്നു എന്നു മാത്രമല്ല തനിക്കെതിരെയും വരുന്ന പരീക്ഷകളോട് എതിർത്തു നിൽക്കേണ്ടതെങ്ങനെയെന്നും അവൻ അറിഞ്ഞിരുന്നു. അവന്റെ കല്പന "പോയി നിനക്കുള്ളതു വിറ്റ് എന്റെ സംഘടന വഴി ദൈവത്തിനു കൊടുക്കുക" എന്നായിരുന്നില്ല. "നിനക്കുള്ളതു വിറ്റ് കർത്താവായ എനിക്കു തന്ന് നിന്റെ സ്നേഹം പ്രദർശിപ്പിക്കുക" എന്നുമായിരുന്നില്ല.

ധനിക യുവാവ് മറ്റുള്ള കാര്യങ്ങളെല്ലാം നന്നായി ചെയ്തിരുന്നു. ഒരു പക്ഷേ, ജനങ്ങളെ സ്നേഹിക്കുന്ന കാര്യത്തിൽ അവൻ വെക്കാതിരുന്ന ഒരേയൊരു ചുവട് യേശുവിന്റെ ഈ കല്പനയുടെ അനുസരണമാകാം. എങ്കിലും ധനികയുവാവിനോടു പറഞ്ഞതു പോലെ തന്റെ സകല ധനിക സ്നേഹിതരും തങ്ങൾക്കുള്ളതു വിറ്റ് ദരിദ്രർക്കു കൊടുക്കണമെന്ന് യേശു പറഞ്ഞു എന്നു കരുതേണ്ടതില്ല. നമ്മുടെ നിക്ഷേപവും ഹൃദയവും എവിടെ ഇരിക്കുന്നു എന്നവന് ബോധ്യമുണ്ട്.

ധനത്തെക്കുറിച്ചുള്ള യേശുവിന്റെ പ്രസ്താവനകൾ ശിഷ്യന്മാർക്കു എല്ലായ്പ്പോഴും മനസ്സിലായില്ലെങ്കിലും പരീശന്മാർ സ്വീകരിച്ചില്ലെങ്കിലും അവയുടെ പ്രാധാന്യത്തിൽ നിന്നും അവൻ പിന്നോട്ടുപോയില്ല. ദൈവം തങ്ങളിൽ പ്രസാദിക്കുന്നു എന്നതിന്റെ അടയാളമാണ് തങ്ങളുടെ വസ്തുവകകൾ എന്നും ജനങ്ങൾ ദരിദ്രരായിരിക്കുന്നത് ദൈവത്തിന്റെ അപ്രീതിയുടെ തെളിവാണെന്നും പരീശന്മാർ വിശ്വസിച്ചു. എന്നാൽ യേശു ലോകത്തിന്റെ മൂല്യങ്ങളെ കീഴ്മേൽ മറിച്ചു:

> "ഇതൊക്കെയും ദ്രവ്യാഗ്രഹികളായ പരീശന്മാർ കേട്ടു അവനെ പരിഹസിച്ചു. അവൻ അവരോടു പറഞ്ഞത്: "നിങ്ങൾ നിങ്ങളെ തന്നേ മനുഷ്യരുടെ മുമ്പാകെ നീതീകരിക്കുന്നവർ ആകുന്നു; ദൈവമോ നിങ്ങളുടെ ഹൃദയം അറിയുന്നു, മനുഷ്യരുടെ ഇടയിൽ ഉന്നതമായതു ദൈവത്തിന്റെ മുമ്പാകെ അറെപ്പത്രേ" (ലൂക്കൊസ് 16:14,15).

മനുഷ്യന്റെ മൂല്യം: ദൈവത്തിന്റെ അറെപ്പ്. നമ്മുടെ സംവിധാനങ്ങൾക്കെതിരെയുള്ള എത്ര വലിയ കുറ്റപത്രം!

എന്നാൽ യേശുവിന്റെ പ്രകൃതി, മനുഷ്യന്റെ വീഴ്ച സംഭവിച്ച പ്രകൃതിക്കും വീണ്ടെടുക്കപ്പെട്ട പ്രകൃതിക്കും തികച്ചും വിപരീതമാണ്; മൂല്യങ്ങളുടെ ശരിയായ മുൻഗണനനയെക്കുറിച്ചുള്ള ഉൾക്കാഴ്ച താഴെക്കാണുന്ന സംഭാഷണത്തിൽ യേശു നൽകുന്നു:

> "ഗുരോ, നീ നേർ പറഞ്ഞു ഉപദേശിക്കുകയും മുഖപക്ഷം നോക്കാതെ ദൈവത്തിന്റെ വഴി യഥാർത്ഥമായി പഠിപ്പിക്കുകയും ചെയ്യുന്നു എന്നു ഞങ്ങൾ അറിയുന്നു. നാം കൈസർക്കു കരം കൊടുക്കുന്നതു വിഹിതമോ അല്ലയോ എന്നു ചോദിച്ചു. അവരുടെ ഉപായം ഗ്രഹിച്ചിട്ടു അവൻ അവരോടു: ഒരു വെള്ളിക്കാശ് കാണിപ്പിൻ; അതിനുള്ള സ്വരൂപവും മേലെഴുത്തും ആരുടേതു എന്നു ചോദിച്ചതിന്നു: കൈസരുടേത് എന്നു അവർ പറഞ്ഞു. എന്നാൽ കൈസർക്കുള്ളതു കൈസർക്കും ദൈവത്തിനുള്ളതു ദൈവത്തിനും കൊടുപ്പിൻ എന്നു അവൻ അവരോടു പറഞ്ഞു" (ലൂക്കൊസ് 20:21–25).

കറൻസിയിൽ (ഡോളറിൽ) "ദൈവത്തിൽ ഞങ്ങൾ ആശ്രയിക്കുന്നു" എന്നു രേഖപ്പെടുത്തിയിരുന്നാലും ഇല്ലെങ്കിലും അതു കൈസർക്കുള്ളതിൽപെടും. അതു ലോകത്തിന്റെ വസ്തുവാണ്. ആ പ്രതീകത്തിനു ചുറ്റുമാണ് അത്യാഗ്രഹം പ്രദക്ഷിണം വെക്കുന്നത്.

ഇന്നത്തെ കാലഘട്ടത്തിൽ "കൂടുതൽ" എന്ന അഭിനിവേശം, കുടുംബത്തിന് ഉയർന്ന ജീവിതസാഹചര്യം ലഭ്യമാക്കാൻ വേണ്ടി ഒന്നിലധികം ജോലികൾ ചെയ്യാൻ മാതാപിതാക്കളെ പ്രേരിപ്പിക്കുന്നു. മികച്ചതിനുവേണ്ടിയുള്ള ഈ പരക്കം പാച്ചിലിൽ അവർ തങ്ങളുടെ കുഞ്ഞുങ്ങൾക്ക് ഏറ്റവും വിലപ്പെട്ട – തങ്ങളെത്തന്നെ – നിഷേധിക്കുന്നു. കുടുബത്തിനും മറ്റുള്ളവർക്കും തങ്ങളെത്തന്നെ ലഭ്യമാക്കാൻ സഹായകരമായ കുറഞ്ഞ ജീവിതസാഹചര്യം സ്വീകരിക്കാൻ തയ്യാറാകുന്ന ഒരു തലമുറയ്ക്കുവേണ്ടി ഞാൻ പ്രാർത്ഥിക്കുകയാണ്.

ആളുകളാണ് ദൈവത്തിന്റെ പ്രവർത്തന മേഖല. അവന്റെ എഴുത്ത് നമ്മുടെ മേലാണ്. തന്റെ സ്വന്ത സാദൃശ്യത്തിൽ അവൻ നമ്മെ സൃഷ്ടിച്ചു; അവന് ഏൽപ്പിക്കപ്പെടേണ്ടവരാണ് നാം. അവൻ തന്നെത്തന്നെ ദരിദ്രനാക്കിത്തീർത്തത് ലോകത്തിന്റെ മുമ്പിൽ പ്രദർശിപ്പിച്ച് അതിനെ ഭ്രമിപ്പിക്കാനോ, തനിക്കതിനു കഴിയുമെന്നു തെളിയിക്കാനോ ആയിരുന്നില്ല. അവൻ തന്നെത്തന്നെ ദരിദ്രനാക്കി തീർത്തത് നമ്മുടെ നന്മയ്ക്കു വേണ്ടിയായിരുന്നു; അവന്റെ ദാരിദ്ര്യത്താൽ നാം സമ്പന്നരായിത്തീരേണ്ടതിനായിരുന്നു.





## വലിയ പണ്ടികശാലകൾ പണിയുക

ജീവിതത്തിലെ പ്രായോഗിക തീരുമാനങ്ങളിൽ ശരിയായ മുൻഗണനകളെപ്പറ്റിയുള്ള കാഴ്ചപ്പാട് നഷ്ടപ്പെട്ടുപോകുന്നത് സാധാരണയാണ്. ഉദാഹരണമായി, ആരാധനാലയങ്ങളുടെ നിർമ്മിതി സംബന്ധിച്ചുള്ള നമ്മുടെ തിരഞ്ഞെടുപ്പ് തന്നെ എടുക്കുക. നാം മനസ്സിലാക്കുന്നതുപോലെയുള്ള സഭാസംവിധാനങ്ങൾ ആദിമസഭയുടെ ഭാഗമോ യേശുവിന്റെ കല്പനയോ ആയിരുന്നില്ല. ജാഗ്രതാപൂർവ്വമായ ബോധ്യത്തിന്റെയും ശ്രമത്തിന്റെയും ഫലമായി മാത്രമേ അവ യേശുവിന്റെ സ്വഭാവത്തോടു ചേർന്നുപോകുകയുള്ളൂ.

കെട്ടിടത്തിന്റെ സ്ഥാനം നാം തീരുമാനിക്കുമ്പോൾ, അവിടെ വരുന്ന ആളുകളുടെ സൗകര്യം അടിസ്ഥാനമാക്കി സാമൂഹികപരമായ പരിഗണന നാം നൽകുന്നു. തുടർന്ന് കെട്ടിടത്തിന്റെ രൂപകൽപ്പനയിൽ, അവിടെ ഇരിക്കാൻ സാധ്യതയുള്ളവരുടെ സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ മറ്റൊരു സാമൂഹികപരമായ തീരുമാനമെടുക്കുന്നു. ഓരോ തീരുമാനവും ആളുകളുടെ എണ്ണം കുറയ്ക്കുന്നു. സഭയിൽ ഉപയോഗിക്കുന്ന ആരാധനാക്രമം തിരഞ്ഞെടുക്കുമ്പോൾ, ആരാണ് നമ്മോടൊപ്പം ആരാധിക്കുന്നത് എന്നതിന്റെ അടിസ്ഥാനത്തിൽ മറ്റൊരു സാമൂഹ്യശാസ്ത്രപരമായ തീരുമാനം കൈക്കൊള്ളുന്നു. വേഷവിധാനങ്ങൾ, വായനാഭാഗം, നിയമങ്ങളും നിബന്ധനകളും എന്നിവയെല്ലാം സംബന്ധിക്കുന്നവരുടെ എണ്ണം പിന്നെയും കുറയ്ക്കുന്നു. എന്നാൽ യേശുവിന്റെ സമീപനരീതി ഈ പരിധികളെയെല്ലാം അതിജീവിക്കുന്നു. അദ്ധ്വാനിക്കുന്നവർക്കും ഭാരം ചുമക്കുന്നവർക്കുംവേണ്ടി അവൻ തന്റെ കരവലയം വിശാലമാക്കുന്നു. ആ സമൂഹത്തിനെതിരെ വാതിലടയ്ക്കുന്ന നമ്മുടെ ഏതൊരു പ്രവൃത്തിയും യേശുവിന്റെ പ്രകൃതിയിൽ നിന്നുമുള്ള അകൽച്ചയാണ്.

സഭാ സംവിധാനം സംബന്ധിച്ചുള്ള നമ്മുടെ തീരുമാന പ്രക്രിയയിൽ കടന്നുകൂടിയിട്ടുള്ള ഏറ്റവും ശക്തിയേറിയ മ്ലേച്ഛതകളിലൊന്ന് "യേശു ഏറ്റവും നല്ലത് അർഹിക്കുന്നു" എന്ന പ്രസ്താവനയാണ്. അവനത് അർഹിക്കുന്നു എന്നു ഞാൻ സമ്മതിക്കുന്നു, എന്നാൽ യേശുവിന്റെ സ്വഭാവത്തെ നാം വ്യക്തമായി മനസ്സിലാക്കുകയും അതിനെ പിന്തുടരുകയും ചെയ്യുന്നതുവരെ ഏറ്റവും നല്ലത് എന്താണ് എന്നതിനെപ്പറ്റി ഒരു മങ്ങിയ ആശയംപോലും നമുക്കു ലഭ്യമല്ല എന്നതാണു പ്രശ്നം. അല്ലാത്തപക്ഷം സ്വയമഹത്വീകരണം പൂർണ്ണമായും ഒഴിവാക്കിയ അവനിൽ ഭൗതിക ഐശ്വര്യങ്ങൾ വെച്ചു കൊടുക്കാൻ നാം ശ്രമിക്കും. "നാം ഏറ്റവും നല്ലത് അർഹിക്കുന്നു" എന്നു പറയുന്നതാണുത്തമമെന്നാണ് ഞാൻ ചിന്തിക്കുന്നത്.

സഭയുടെ വരുമാനം ജനങ്ങൾക്കുവേണ്ടി ചെലവഴിക്കുന്നതിനു പകരം സംവിധാനങ്ങൾക്കുവേണ്ടി ചെലവഴിക്കത്തക്കവിധം സുവിശേഷത്തെ നാം

എത്രമാത്രം വളച്ചൊടിച്ചിരിക്കുന്നു? ലോകം നമുക്കെതിരെ നിന്നു വിളിച്ചു പറയും "സ്വാർത്ഥതയുള്ളവർ!" നാം യഥാർത്ഥത്തിൽ ലോകത്തിലൂടെ കടന്നുപോകുന്ന വെറും തീർത്ഥാടകർ മാത്രമാണെങ്കിൽ, ജനത്തിന്റെ ആവശ്യങ്ങൾക്കുനേരെ മുഖം തിരിച്ച് നമ്മുടെ സമയത്തിന്റെയും ഊർജ്ജത്തിന്റെയും പണത്തിന്റെയും ഭൂരിഭാഗവും കെട്ടിടങ്ങൾക്കുവേണ്ടി വിനിയോഗിക്കുന്നത് എന്തു ലക്ഷ്യത്തോടെയാണ്?

ഒരു കെട്ടിടത്തിലോ കെട്ടിടം പണിയിലോ നിങ്ങൾ കുടുങ്ങിയിരിക്കുന്നുവെങ്കിൽ നിങ്ങൾ നിങ്ങളോടു തന്നെ ചില ചോദ്യങ്ങൾ ചോദിക്കേണ്ടിയിരിക്കുന്നു. നല്ല അടിമകളായിരിക്കാൻ അതു സഹായിക്കുമോ? മറ്റുള്ളവരുടെ മേൽ കർത്തൃത്വം നടത്താൻ അതു കാരണമാകുന്നുണ്ടോ? ഈ പണിയിലൂടെ എന്തു മാതൃകയാണ് നാം കാണിക്കുന്നത്? ഇവിടെ താഴ്മയുള്ളവരാകാൻ നമുക്കു കഴിയുന്നുണ്ടോ? ഈ പണിയിൽ ശിശുക്കളെ പോലെയാകാൻ നമുക്കു കഴിയുന്നുണ്ടോ? ഈ കെട്ടിടം നമ്മുടെ അഭിലാഷത്തിന്റെ സൃഷ്ടിയാണോ? സ്വന്തകൈയിൽ നിന്നും പണം ചെലവാക്കേണ്ട പണിയാണതെങ്കിൽ നാമതു ചെയ്യുമോ? നമുക്ക് ഒരു പേരുണ്ടാക്കുന്നതിനല്ല ഈ കെട്ടിടം എന്ന് ആളുകൾ ചിന്തിക്കുമോ? ഈ കെട്ടിടത്തിനുവേണ്ടി നാം മരിച്ചുകളയുമോ അതോ അതു മറ്റുള്ളവർക്ക് ഉപയോഗപ്പെടുന്നതിനുള്ളതാണോ? ആളുകൾ കെട്ടിടം കേടുവരുത്താതിരിക്കാൻ നാമെന്താണു ചെയ്യുന്നത്? അവർ പരവതാനി ചീത്തയാക്കുവാൻ സമ്മതിക്കുമോ? നഗ്നപാദരെ അകത്തുവരുവാൻ നാം അനുവദിക്കുമോ? ക്രിസ്തുവിനേക്കാൾ വ്യക്തികളുടെ സ്മരണ നിലനിർത്തുന്ന ഉപകരണങ്ങൾ അതിനകത്തുണ്ടോ? പ്രത്യേക വ്യക്തികൾക്കുവേണ്ടി വേർതിരിക്കപ്പെട്ട സ്ഥലം അതിനകത്തുണ്ടോ? ഈ കെട്ടിടത്തിൽ ധനികരും ദരിദ്രരും തമ്മിലുള്ള വ്യത്യാസം നിലനിർത്തുന്നത് ഏതെല്ലാം വിധത്തിലാണ്?

കെട്ടിടം അനിവാര്യമാണെന്നുണ്ടെങ്കിൽ കഴിഞ്ഞ നൂറ്റാണ്ടിലെ തിയേറ്ററുകളുടെ രീതിയിലുള്ള രൂപകല്പന ഒഴിവാക്കുക. അവ നിർമ്മിക്കപ്പെട്ടത് സ്റ്റേജിലെ പരിപാടികൾക്ക് പ്രാധാന്യം കൊടുത്ത് സദസ്സ് ആകമാനം അതു ശ്രദ്ധിക്കത്തക്ക നിലയിൽ ഇരിപ്പിടം ക്രമീകരിച്ചായിരുന്നു. ശരീരത്തിന്റെ പരസ്പര ബന്ധത്തെ ഊട്ടിയുറപ്പിക്കുന്നതിനും അന്യോന്യം സ്നേഹിപ്പാനുള്ള വിളിയെ പൂർത്തീകരിക്കുന്നതിനും സഹായകരമായ രീതിയിലുള്ള കെട്ടിടം ആണു നാം പണിയേണ്ടത്. നമ്മുടെ സഭ പ്രവർത്തനനിരതമാണെന്നും കെട്ടിടമല്ല, ദൈവമാണ് ആരാധനാകേന്ദ്രമെന്നും അറിയപ്പെടട്ടെ. മറ്റൊരുവന്റെ പൂണിയിൽ നിന്നും മീൻപിടിക്കുന്ന നമ്മുടെ പ്രവർത്തന പദ്ധതികളെ വിശദീകരിക്കുന്ന ശനിയാഴ്ച പത്രത്തിലെ പരസ്യ പേജ് നമുക്ക് നിർത്തലാക്കാം.

നമുക്കുള്ള കെട്ടിടങ്ങൾ ഏതുതരത്തിലുള്ളവയായിരുന്നാലും





വിശ്വസ്ത ഗൃഹവിചാരകന്മാരായി ആഴ്ചയിൽ ഏഴു ദിവസവും അതു നമുക്കു പ്രയോജനപ്പെടുത്താം. നാം എന്തു പണിതാലും സ്ഥിരമായതു മാത്രമേ നിലനില്ക്കുകയുള്ളുവെന്നും നിർമ്മിതമായ ഇളക്കത്തിനു മാറ്റം വരുമെന്നും മനസ്സിലാക്കി അതിനെ ലഘുവായി കാണാം.

**സംക്ഷേപം:**

1. ദാസൻ
2. അധികാരം കൈയാളരുത്
3. മാതൃക
4. താഴ്മയുള്ളവരാകുക
5. ശിശു എന്നപോലെ
6. ഇളയവനെപ്പോലെ
7. ഒടുക്കത്തവൻ
8. ഏറ്റവും ചെറിയവൻ
9. ശക്തി പ്രയോഗിക്കാതെ
10. അന്ധമായ അതിമോഹമില്ലാതെ
11. **ബഹുമാനമില്ലാതെ**

# ഭൂമിയോളം താണ്

*"ദാസരൂപം എടുത്ത് മനുഷ്യ സാദൃശ്യത്തിലായി*
*വേഷത്തിൽ മനുഷ്യനായി വിളങ്ങി"*

ഒരിക്കൽ ഉന്നതസ്ഥാനീയനായ ഒരു സഭാനേതാവ്, ഞാൻ യേശുവിനെ തനി മാനുഷിക ഭാഷയിൽ വിവരിക്കുന്നതിനെക്കുറിച്ചുള്ള തന്റെ ഉത്ക്കണ്ഠ എന്നെ അറിയിച്ചു. അത് അപകടകരമാം വിധം മനുഷ്യനോട് അടുത്തിരിക്കുന്നതായി അദ്ദേഹത്തിനുതോന്നി. ഒരിക്കലുമില്ല. മനുഷ്യത്വത്തിൽ മനുഷ്യനല്ലാതെ ദൈവമില്ല. എന്നാൽ യേശു പൂർണ്ണദൈവവും പൂർണ്ണമനുഷ്യനുമായിരുന്നു. അവൻ പൂർണ്ണമനുഷ്യനായിരുന്നെങ്കിൽ അവൻ എന്നെപ്പോലെ തന്നെയുള്ള, എനിക്കുള്ള അതേ അഭിനിവേശങ്ങളും പരീക്ഷകളും ഉള്ള മനുഷ്യനായിരുന്നു.

എബ്രായലേഖന കർത്താവ് അക്കാര്യം വെളിപ്പെടുത്തുന്നുണ്ട്: "നമുക്കുള്ള മഹാപുരോഹിതൻ നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ കഴിയാത്തവനല്ല; പാപം ഒഴികെ സർവ്വത്തിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെട്ടവനത്രേ നമുക്കുള്ളത്" (എബ്രായർ 4:15).

എന്നെപ്പോലെ സകലത്തിലും പരീക്ഷിക്കപ്പെട്ടവനോ? ദൈവപുത്രനോ? അതു വിശ്വസിക്കാൻ അൽപ്പം പ്രയാസമാണ്, പക്ഷേ അതങ്ങനെയാണ്. ശരിയായ പാപങ്ങൾ എനിക്കു പലപ്പോഴും ഉണ്ടാകാറുണ്ട് എന്ന് ഞാൻ ചിന്തിക്കുന്നു – യേശു ഒരിക്കലും നേരിടാൻ സാദ്ധ്യതയില്ലാത്തവ. എന്നാൽ അവൻ അവ നേരിട്ടിട്ടുണ്ട്.

യാക്കോബ് എഴുതുന്നു: "ഓരോരുത്തൻ പരീക്ഷിക്കപ്പെടുന്നത് സ്വന്ത മോഹത്താൽ ആകർഷിച്ച് വശീകരിക്കപ്പെടുകയാൽ ആകുന്നു" (യാക്കോബ് 1:14).

അതിന്റെ അർത്ഥം യേശുവിന്റെ മോഹത്തിന്റെ ഘടന എന്റേതുപോ

ലെയാണ് എന്നാണോ? അങ്ങനെ തോന്നാം, കാരണം, സ്വന്തമോഹത്താൽ വശീകരിക്കപ്പെട്ടു പോകുന്നു എന്നതാണ് പരീക്ഷയുടെ ഉറവിടം. എങ്കിലും അവൻ പാപം കൂടാതെയുള്ളവനായിരുന്നു. അവൻ എന്നെപ്പോലെയുള്ള വൻ ആയിരുന്നിട്ടും പിതാവിനെ പൂർണ്ണമായി അനുസരിപ്പാൻ അവനു കഴിഞ്ഞു എന്നതും അതിനുള്ള കഴിവും അവന്റെ പാപരഹിത അവ സ്ഥയും എന്നിലേക്കും അവൻ പകരുന്നു എന്നതും എന്നെ ധൈര്യപ്പെടു ത്തുന്നു.

ഇത് എന്റെ സ്വന്തം മാനുഷിക അവസ്ഥ നിലനിർത്താനുള്ള താഴ്മ എനിക്കു നൽകുന്നു. എന്റെ സ്നേഹിതരുടെ മുമ്പിൽ അതു മറയ്ക്കാതി രിക്കാനും ഇല്ലാത്ത ആത്മീയതയുടെ മുഖംമൂടി അണിയാതിരിക്കാനും എന്നെക്കുറിച്ചു തന്നെ സത്യസന്ധത പുലർത്തുവാൻ പഠിക്കുന്നതിനും ക്ഷമിക്കുന്നതിനും ഉള്ള സ്വാതന്ത്ര്യം അതെനിക്കു തരുന്നു.

## ചുമടുകളില്ലാതെ ജീവിക്കുക

ബിൽ അടയ്ക്കുന്നതുപോലെ സ്ഥിരമായി സംഭവിക്കുന്ന മറ്റൊരു കാര്യവുമില്ല. സ്വതന്ത്രരായിരിക്കാൻ നമുക്കാഗ്രഹമുണ്ടെങ്കിലും നമ്മിൽ പലരും കടഭാരത്തിൽ നിന്നും ഒരിക്കലും വിമുക്തരാകുന്നില്ല. അതുപോലെ തന്നെ, മുപ്പത് വയസ്സ് ആകുമ്പോഴേക്കും, നാം പറയുകയോ ചെയ്യുകയോ ചെയ്യാതിരുന്നെങ്കിൽ എന്നു ആഗ്രഹിച്ചു പോകുന്ന ഒട്ടു വളരെ കാര്യങ്ങ ളുടെ പട്ടിക ഉണ്ടാക്കുവാൻ നമുക്കു കഴിയും – മറ്റുള്ളവരോടുള്ള ഈ അതിക്രമങ്ങളുടെ കുറ്റബോധവും വഹിച്ചാണ് നാം നടക്കുന്നത്. കൂടാതെ മുപ്പതു വയസ്സാകുമ്പോഴേക്കും നാം അനുഭവിച്ചിട്ടുള്ള അനീതികളുടെ – അവയുടെ ഓർമ്മപോലും നമ്മെ കോപാക്രാന്തരാക്കും – അനീതികളുടെ പട്ടിക നമ്മുടെ ഭാരത്തോടൊപ്പം കൈപ്പും വർദ്ധിപ്പിക്കും.

കടഭാരവും അതിക്രമങ്ങളും കൈപ്പും എല്ലാം നമ്മുടെ സമാധാന ത്തെയും മറ്റുള്ളവരുമായുള്ള നമ്മുടെബന്ധത്തെയും നശിപ്പിക്കുന്ന ഭാര ച്ചുമടുകളാണ്. ക്ഷമിക്കുന്നതിലൂടെ മാത്രമേ ഈ ഭാരങ്ങൾ നീക്കാനാവൂ. കൈപ്പ് ദാസനെ മുടന്തനാക്കുന്നുവെന്നും ഉപയോഗശൂന്യനാക്കുന്നുവെ ന്നും ദാസത്വത്തിനറിയാം. ക്ഷമിക്കുന്നതിലൂടെ ലഭ്യമാകുന്ന സ്വാതന്ത്ര്യം മറ്റുള്ളവർക്കുണ്ടാകണമെന്നും ദാസത്വം ആഗ്രഹിക്കുന്നു. തന്നെ അനു ഗമിക്കുന്നവർക്കുണ്ടായിരിക്കേണ്ട ഏറ്റവും പ്രധാന സ്വഭാവം ക്ഷമയായി രിക്കണമെന്ന് യേശു ആഗ്രഹിച്ചു:

> “അപ്പോൾ പത്രൊസ് അവന്റെ അടുക്കൽ വന്നു: കർത്താവേ, സഹോദരൻ എത്രവട്ടം എന്നോടു പിഴച്ചാൽ ഞാൻ ക്ഷമിക്കേ ണം? ഏഴുവട്ടം മതിയോ എന്നു ചോദിച്ചു. യേശു അവനോടു: ഏഴു വട്ടമല്ല, ഏഴു എഴുപതു വട്ടം എന്നു ഞാൻ നിന്നോടു പറ യുന്നു എന്നു പറഞ്ഞു” (മത്തായി 18:21–22).





ഒരു പ്രാവശ്യം കഴിഞ്ഞാൽ വളരെ ശ്രദ്ധയോടെ ഇടപെടുമെങ്കിൽ പോലും മൂന്നു തവണയൊക്കെ ഞാൻ ക്ഷമിക്കാറുണ്ട്. എന്നാൽ മാറ്റം ആഗ്രഹിച്ചിട്ടും അതിനു കഴിയാതെ വിഷമിക്കുന്ന സഹോദരനോട് എന്നെ ഞാൻ അനുരൂപപ്പെടുത്തണമെന്ന് യേശു ആഗ്രഹിക്കുന്നു. “പിതാവേ, ഇവർ ചെയ്യുന്നത് ഇന്നതെന്നറിയായ്കയാൽ ഇവരോടു ക്ഷമിക്കേണമേ” എന്നു പറഞ്ഞ് ശിഷ്യന്മാർക്ക് ക്ഷമയുടെ പാഠം നൽകിയ യേശു, ഞാനും സഹോദരനോട് ക്ഷമിക്കുന്നതിലൂടെ അവനെ ക്ഷമ പഠിപ്പിക്കണമെന്ന് ആവശ്യപ്പെടുന്നു.

യേശു, നാം സമ്മാനിച്ച കഠിനമായ മുറിവുകളും ചൂടടയാളങ്ങളും മറന്ന് പിതാവിനോടു പറഞ്ഞത്, “നമുക്കവരെ ഒരു പാഠം പഠിപ്പിക്കണം, നമുക്കവരോടു ക്ഷമിക്കാം” എന്നാണ്. പാപിയെ അവന്റെ പാപത്തോടു കൂടി സ്നേഹിക്കാനും അതവനു മനസ്സിലാക്കിക്കൊടുക്കുവാനും എന്നെ സഹായിക്കേണമേ! നമ്മുടെ സൃഷ്ടിക്കപ്പെട്ട പ്രകൃതിയുടെ വളച്ചൊടി ക്കപ്പെട്ട അവസ്ഥയാണ് പാപം. ആ വളവിനെ നേരെയാക്കുവാനുള്ള അതി ശയകരമായ ശക്തി ക്ഷമയ്ക്കുണ്ട്.

ക്ഷമയ്ക്ക് ആളുകൾ തമ്മിലുള്ള അകലം കുറയ്ക്കുവാനും, പര സ്പരം അടുത്തു കൊണ്ടുവരുവാനും കഴിയും. ദാസത്വത്തിന്റെ പ്രവൃത്തി കളാണിവ. നാം ക്ഷമിക്കുന്നതോടുകൂടി ആർക്കും നമ്മുടെ ജീവിതത്തെ നിയന്ത്രിക്കാൻ കഴിയാത്തതിനാൽ മറ്റാരുടെയെങ്കിലും ഇരയാകുന്നതിൽ നിന്നും ക്ഷമ നമ്മെ സ്വതന്ത്രരാക്കുന്നു.

## ത്വക്കിൽ പൊതിഞ്ഞ സ്നേഹം

സ്പർശനംപോലെ അംഗീകാരവും സ്നേഹവും വിനിമയം ചെയ്യുന്ന കാര്യങ്ങൾ കുറവാണ്. ഒരു ശിശുവിനുപോലും അതിന്റെ വിലയറിയാം. ഒരിക്കൽ ഇടിമുഴങ്ങിക്കൊണ്ടിരുന്ന ഒരു രാത്രിയിൽ ഒരമ്മ കുഞ്ഞുമകളെ ആശ്വസിപ്പിക്കാൻ അവളുടെ മുറിയിലേക്കു ചെന്നു. അമ്മ പറഞ്ഞു: “പേടി ക്കേണ്ട യേശു ഇവിടെയുണ്ട്. അവൻ നിന്നെ സൂക്ഷിക്കും.” മകൾ പറ ഞ്ഞു, “ശരി, മമ്മി ഇവിടെ യേശുവിനൊപ്പം ഉറങ്ങിക്കൊള്ളുക, ഞാൻ അവിടെപ്പോയി ഡാഡിയുടെ കൂടെ ഉറങ്ങിക്കൊള്ളാം.” ആ കുട്ടിക്കാവശ്യം സ്പർശനമായിരുന്നു.

നമ്മെ സ്പർശിക്കുന്നവനും തന്നെ സ്പർശിക്കുവാൻ നമ്മെ അനു വദിക്കുന്നവനുമായ ഒരു ദാസരാജാവിനെയാണ് ജഡാവതാരത്തിലൂടെ നമുക്കു ലഭിച്ചതെന്നത് അഭിനന്ദനാർഹമാണ്. യേശു സ്പർശിക്കുന്നതിനെ പ്പറ്റിയുള്ള ഭാഗങ്ങൾകൊണ്ട് തിരുവെഴുത്ത് നിറഞ്ഞിരിക്കുന്നു. മനുഷ്യ നോടുള്ള അവന്റെ സ്നേഹം പൂർണ്ണമായതിനാൽ തൊട്ടുകൂടാത്തവരായ കുഷ്ഠരോഗികൾപോലും അവന്റെ കരങ്ങളുടെ ചൂടറിഞ്ഞു. കുട്ടികളും

മൃഗങ്ങളും അവൻ സൃഷ്ടിച്ച മണ്ണും അവന്റെ സ്പർശനമനുഭവിച്ചു. പുതിയനിയമത്തിൽ കാണുന്ന "തമ്മിൽ തമ്മിൽ" മിക്കവയും സ്പർശനത്താൽ മാത്രം ലഭ്യമാകുന്ന അടുപ്പം പ്രദർശിപ്പിക്കുന്നതിൽ അത്ഭുതപ്പെടേണ്ടതില്ല. യേശുവും പത്രൊസും തമ്മിലുള്ള കൂട്ടായ്മക്ക് പാദം കഴുകലിലൂടെയുള്ള സ്പർശനം ആവശ്യമായിരുന്നുവെന്നതിലും അത്ഭുതമില്ല. സ്പർശനം (വസ്ത്രത്തിന്റെ വിളുമ്പു പോലും) സൗഖ്യം പ്രദാനം ചെയ്യുന്നതിൽ അത്ഭുതമില്ല. ശുശ്രൂഷകന്മാരെ വേർതിരിക്കാൻ "കൈവെപ്പ്" ആവശ്യമായി വരുന്നതിലും അത്ഭുതമില്ല. കൈവെപ്പിലൂടെ വരങ്ങളും ജന്മാവകാശങ്ങളും പകരപ്പെടുന്നുവെന്നതിലും അത്ഭുതമില്ല. കൈവെപ്പിനെക്കുറിച്ചുള്ള ഉപദേശം അടിസ്ഥാനപരമായി എബ്രായലേഖനകാരൻ കരുതുന്നതിലും അത്ഭുതമില്ല.

യേശു ഭൂമിയിൽ ആയിരുന്നപ്പോൾ ത്വക്കിൽ പൊതിഞ്ഞ സ്നേഹമായിരുന്നു. ഇപ്പോഴും യേശു പിതാവിന്റെ മുമ്പിൽ പക്ഷവാദം ചെയ്യുന്നതിലൂടെ ജഡാവതാരത്തിന്റെ കഥ ഇവിടെ തുടർന്നുകൊണ്ടേയിരിക്കുന്നു. നമ്മുടെ ബലഹീനതകളെക്കുറിച്ചുള്ള ചിന്തകളാൽ അവൻ ഇപ്പോഴും സ്പർശിക്കപ്പെടുന്നു എന്ന് എബ്രായ ലേഖനകാരൻ പറയുന്നു (4:15).

**സംക്ഷേപം:**

1. ദാസൻ
2. അധികാരം കൈയാളരുത്
3. മാതൃക
4. താഴ്മയുള്ളവനായിരിക്കുക
5. ശിശു എന്നപോലെ
6. ഇളയവനെപ്പോലെ
7. ഒടുക്കത്തവൻ
8. ഏറ്റവും ചെറിയവൻ
9. ശക്തി പ്രയോഗിക്കാതെ
10. അന്ധമായ അതിമോഹമില്ലാതെ
11. ബഹുമാനമില്ലാതെ
12. **മനുഷ്യൻ**



# പിതാവിനെപ്പോലെ പുത്രനും

*"അവൻ തന്നെത്താൻ താഴ്ത്തി അനുസരണമുള്ളവനായിത്തീർന്നു"*

അനുസരണത്തിന് വളച്ചൊടിക്കപ്പെട്ട ഒരു അർത്ഥമാണ് എന്റെ മനസ്സിൽ എപ്പോഴുമുള്ളത്. നിങ്ങൾ ചെയ്യാനിഷ്ടപ്പെടാത്തതും ശരിയല്ല എന്നു ചിന്തിക്കുന്നതുമായ കാര്യം, നിങ്ങളേക്കാൾ ശക്തനും വലിയവനുമായ ഒരാൾ നിങ്ങളെക്കൊണ്ട് ചെയ്യിക്കുന്ന, ജോലിക്കു തുല്യമായിരുന്നു എന്നെ സംബന്ധിച്ചിടത്തോളം അനുസരണം. ക്രിസ്തുവിന്റെ ജീവിതത്തിൽ പക്ഷേ, അനുസരണത്തിന്റെ അർത്ഥം ഇതായിരുന്നില്ല. എന്തായിരുന്നു വ്യത്യാസം?

അവനെ സംബന്ധിച്ച് അനുസരണം സന്തോഷമുളവാക്കുന്നതായിരുന്നു. കാരണം, ദൈവിക സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടതും ആദാമും ഹവ്വയും മാലിന്യപ്പെടുത്തുന്നതിനുമുമ്പുള്ളതുമായ യഥാർത്ഥ പ്രകൃതിയായിരുന്നു യേശുവിനുണ്ടായിരുന്നത്. യേശുവിന്റെ ജീവിതത്തിന്റെ യഥാർത്ഥ അടയാളം പിതാവിനോടുള്ള സമ്പൂർണ്ണ അനുസരണമാണ്:

> "ആകയാൽ യേശു അവരോടു ഉത്തരം പറഞ്ഞത്: ആമേൻ, ആമേൻ ഞാൻ നിങ്ങളോടു പറയുന്നു; പിതാവു ചെയ്തു കാണുന്നതു അല്ലാതെ പുത്രനു സ്വതേ ഒന്നും ചെയ്‌വാൻ കഴികയില്ല; അവൻ ചെയ്യുന്നതു പോലെ എല്ലാം പുത്രനും അവ്വണ്ണം തന്നേ ചെയ്യുന്നു. പിതാവു പുത്രനെ സ്നേഹിക്കുകയും താൻ ചെയ്യുന്നതു ഒക്കെയും അവനു കാണിച്ചു കൊടുക്കുകയും ചെയ്യുന്നു; നിങ്ങൾ ആശ്ചര്യപ്പെടുമാറു ഇവയിൽ വലിയ പ്രവൃത്തികളും അവനു കാണിച്ചു കൊടുക്കും" (യോഹന്നാൻ 5:19-20).

യേശു ദൈവത്തിന്റെ സ്വഭാവം വെളിപ്പെടുത്തുന്നതിനാൽ ഈ പേജുകളിൽ നാം ചർച്ച ചെയ്ത സ്വഭാവഗുണങ്ങളെല്ലാം സകലസൃഷ്ടിക്കും ദൈവമായവനെക്കുറിച്ചുള്ളതാണെന്ന് നമുക്ക് ഉറപ്പിക്കാം. ദൈവവും

അവന്റെ പുത്രനും ഒരുപോലെ ദാസന്മാരും, മാതൃകകളും, താഴ്മയുള്ളവരും, ശിശുക്കളെപ്പോലെയുള്ളവരും, ഇളയവനെപ്പോലെയുള്ളവരും, ഒടുക്കത്തെവനെപ്പോലെയുള്ളവരും, ബലം പ്രയോഗിക്കാത്തവരും തങ്ങളെ തന്നെ ഒഴിച്ചവരും ആണ്. സ്നേഹത്തെക്കുറിച്ച് മാത്രം സംസാരിക്കുന്ന ഈ സ്വഭാവഗുണങ്ങൾ യേശുവിന്റെ ജീവിതത്തിന്റെ മാർഗ്ഗദർശിയായ ആശയങ്ങളാണ്, കല്പനകളാണ്. അവയോട് അവൻ സമ്പൂർണ്ണ വിശ്വസ്തത പുലർത്തി.

മനുഷ്യനോടുള്ള ദാസസ്നേഹത്തിൽ യേശു അനുസരണമുള്ളവനായിരുന്നു; ഗത്ശേമനയിൽ അതിനു കൊടുക്കേണ്ട വില സ്വർഗ്ഗത്തോളം ഉയർന്നപ്പോഴും അവനതിൽ പൂർണ്ണ അനുസരണമുള്ളവനായിരുന്നു. ഏറ്റവും നിർണ്ണായക ഘട്ടത്തിൽ പിതാവ് എന്ന യാഥാർത്ഥ്യത്തെ ഏറ്റവും സുന്ദരമായി നമുക്കു വെളിപ്പെടുത്തുന്ന പ്രവൃത്തി അവൻ ചെയ്തു.

എന്റെ സ്വാർത്ഥത മൂലം, ആ പ്രത്യേക വിഷയത്തിൽ എല്ലായ്പ്പോഴും മറ്റുള്ളവരെ സ്നേഹിക്കുന്നതു തിരഞ്ഞെടുക്കാനുള്ള എന്റെ കഴിവിൽ ഞാൻ സാധാരണയായി പരാജയപ്പെടാറുണ്ട്. എന്നാൽ സന്തോഷം ഉളവാക്കുന്ന അനുസരണത്തിന്റെ രഹസ്യം യേശു അറിഞ്ഞിരുന്നു. ദൈവത്തെക്കുറിച്ചുള്ള ഏറ്റവും സംക്ഷിപ്തമായ രഹസ്യം, സകലതും പണിതുയർത്തിയിട്ടുള്ള ആ അണു, മത്തായി സുവിശേഷത്തിൽ അവൻ ശിഷ്യന്മാർക്കു പറഞ്ഞുകൊടുക്കുന്നുണ്ട് :

> “പിന്നെ യേശു ശിഷ്യന്മാരോടു പറഞ്ഞത്: ഒരുത്തൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ തന്നെത്താൻ ത്യജിച്ചു, തന്റെ ക്രൂശ് എടുത്തു എന്നെ അനുഗമിക്കട്ടെ. ആരെങ്കിലും തന്റെ ജീവനെ രക്ഷിക്കാൻ ഇച്ഛിച്ചാൽ അതിനെ കളയും; എന്റെ നിമിത്തം ആരെങ്കിലും തന്റെ ജീവനെ കളഞ്ഞാൽ അതിനെ കണ്ടെത്തും” (മത്തായി 16:24-25).

ഈ തത്ത്വം എന്റെ ജീവിതത്തിൽ പ്രാവർത്തികമാക്കാൻ എനിക്കു കഴിഞ്ഞാൽ ഇവിടെ ചിന്തിച്ച എല്ലാ വിഷയങ്ങളും യഥാസ്ഥാനത്ത് ശരിയായി വന്നുകൊള്ളും. ദൈവം എങ്ങനെ പ്രവർത്തിക്കുന്നുവെന്നതിന്റെ ആകെത്തുകയാണിത്, പ്രപഞ്ചത്തെ ഒന്നിച്ചുനിർത്തുന്നതിന്റെ അടിസ്ഥാനമാണിത്, എന്റെ ശരീരം പ്രവർത്തിക്കുന്നതിന്റെ അടിസ്ഥാനമാണിത്, ക്രിസ്തുവിന്റെ ശരീരത്തെ പ്രവർത്തനക്ഷമമാക്കുന്നതിന്റെ അടിസ്ഥാനതത്ത്വമാണിത്. ഇത് എന്റെ ജീവിതത്തിൽ പ്രവർത്തനക്ഷമമായാൽ മറ്റെന്തിനേക്കാളുമുപരി ദൈവശക്തി എന്നിൽ വ്യാപരിക്കും. ഇത് മാർമ്മികമായോ സാങ്കൽപ്പികമായോ അല്ല. “എന്റെ ജീവനെ കളയുക” എന്നതിന് മറ്റുള്ള വാക്യങ്ങളുടെ അത്രയും പ്രാധാന്യം എനിക്കു തോന്നാതിരുന്നതുകൊണ്ട് ഞാനത് എളുപ്പത്തിൽ അവഗണിക്കാറുണ്ട്.





എന്നെത്തന്നെ നഷ്ടപ്പെടുത്തുക എന്ന തത്ത്വത്തിൽ പ്രവർത്തിക്കുക എന്നത് മറ്റേതൊരു തത്ത്വത്തെക്കാളും എന്റെ കൗൺസലിംഗിൽ ഉന്നത ഫലമുളവാക്കിയിട്ടുണ്ട്. അതെന്റെ ജീവിതത്തെ തന്നെ പാടെ മാറ്റിമറിച്ചു. ദൈവിക ജീവനുമായി, മറ്റുള്ളവരോടുള്ള സ്നേഹത്തിൽ പ്രവർത്തിക്കാനെന്നെ പ്രേരിപ്പിക്കുന്ന അണുവുമായി ഞാൻ ബന്ധപ്പെട്ടപ്പോൾ, ജീവിതത്തിൽ കഷ്ടതയും അപൂർണ്ണതയും സൃഷ്ടിച്ചിരുന്ന സ്വാർത്ഥതയുടെ ശക്തികൾ എങ്ങോ പോയിമറഞ്ഞു.

ഹർഷോന്മാദം സൃഷ്ടിക്കുന്ന ആത്മവരങ്ങളും ഈ തത്ത്വത്തിനു കീഴടങ്ങിയാണിരിക്കുന്നത്. അവയൊന്നുപോലും സ്വാർത്ഥ കാര്യങ്ങൾക്കായി ഉപയോഗിക്കപ്പെടാൻ പാടില്ല. ശരീരത്തിന്റെ വളർച്ചയ്ക്കായി വേണം ഉപയോഗിക്കുവാൻ. മറ്റുള്ളവരുടെ കെട്ടുപണിക്കുവേണ്ടി ഉപയോഗിക്കുന്നവയാണ് ശുശ്രൂഷാവരങ്ങൾ. മറ്റുള്ളവർക്കു പ്രയോജനപ്പെടാത്ത ഏതൊരു പ്രവൃത്തിയും അനുസരണക്കേടും, ശരീരത്തിനു ക്ഷതം വരുത്തുന്നതും ആയിരിക്കും.

നമ്മുടെ വിശുദ്ധിയുടെ മാനദണ്ഡങ്ങൾ പലതും തികച്ചും വ്യക്തിപരവും മറ്റുള്ളവരോടു നാം എങ്ങനെ പെരുമാറുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ അല്ലാത്തതും ആയതിനാൽ നമ്മുടെ ഭക്തിയും മലിനമായിരിക്കുന്നു.

ഒരു ക്രിസ്തീയ സമ്മേളനത്തിൽ വെച്ച്, രണ്ടു ദമ്പതികളുമായി ഞാൻ സംസാരിക്കുകയുണ്ടായി. ഉച്ച കഴിഞ്ഞുള്ള മീറ്റിംഗിൽ ഞാൻ പ്രസംഗിച്ചതിനെക്കുറിച്ചായിരുന്നു അത്. അവരിലൊരാൾ ബുദ്ധമതാനുയായി ആയിരുന്നു. സംഭാഷണത്തിനിടയ്ക്ക് ക്രിസ്ത്യാനിയായ പുരുഷൻ സിഗരറ്റ് കത്തിച്ചു. എന്നിട്ട് ക്ഷമാപണത്തോടെ, ആ ശീലം അവന്റെ സാക്ഷ്യത്തെ തടസ്സപ്പെടുത്തുന്നതുകൊണ്ട് ഉപേക്ഷിക്കാനാഗ്രഹിക്കുന്നുവെന്നു പറഞ്ഞു.

എന്നാൽ ബുദ്ധമതക്കാരിയായ സ്ത്രീയുടെ പ്രതികരണം എന്നെ വല്ലാതെ ഉലച്ചു. അവൾ പറഞ്ഞു: “അക്രൈസ്തവരായ ഞങ്ങൾ, ഞങ്ങളിൽ ഒരാൾ ക്രിസ്ത്യാനിയാകുമ്പോൾ, അവൻ സ്വയകല്പിതമായ ഭക്തിയുടെ മാനദണ്ഡങ്ങൾ എത്രമാത്രം പാലിക്കുന്നുവെന്നു ശ്രദ്ധിക്കാറില്ല. അവൻ ആളുകളോട് എങ്ങനെ പെരുമാറുന്നു എന്നാണ് ഞങ്ങൾ നോക്കാറുള്ളത്.” അവളുടെ വായിൽ നിന്നും കർത്താവിന്റെ വാക്കുകൾ കേട്ടതുപോലെ എനിക്കു തോന്നി. പരീശന്മാർക്ക് യേശുവിനെ തിന്നിയും കുടിയനുമായ മനുഷ്യൻ എന്നു കുറ്റപ്പെടുത്താൻ കഴിഞ്ഞേക്കും. എന്നാൽ, മനുഷ്യരെ സ്നേഹിക്കാത്തവൻ എന്നു പറയാൻ അവർക്കു കഴികയില്ല. അവൻ വിജയം വരിച്ചു. അവൻ പിതാവിനോട് അനുസരണം പുലർത്തി.

### അസ്വാഭാവികമായ താക്കോൽ പദം

പിതാവിൽ നിന്നും ലഭിച്ച ആത്മാവിന്റെ അഭിഷേകത്താലാണ് പിതാവിനെ അനുസരിക്കാനുള്ള ശക്തി യേശുവിന് ലഭിച്ചത്. എന്നിരുന്നാലും അഭിഷേകം എല്ലായ്പ്പോഴും വ്യക്തമായി മനസ്സിലാക്കാനാവില്ല. അസ്വാഭാവികമായ ഒരു താക്കോൽ പദംപോലെ അതുപയോഗിക്കുന്നത് മുമ്പ് ഞാൻ കേട്ടിട്ടുണ്ട്. തനിക്ക് അഭിഷേകം ഉണ്ടെന്ന് ഒരു പാസ്റ്റർക്ക് തോന്നിയാൽ അതിന്റെ ശാരീരിക ഫലം ഉടനുണ്ടാകും. ശബ്ദം ഉച്ചത്തിലാകും. പ്രസംഗപീഠത്തിന്മേലുള്ള ഇടിയുടെ എണ്ണം വർദ്ധിക്കും. അതുപോലെ തന്നെ, ഒരു പ്രസംഗകന്റെ അഭിഷേകത്തെക്കുറിച്ച് സഭ വിവരിക്കുന്നത്, അദ്ദേഹം എന്തു പ്രസംഗിച്ചു എന്നതിന്റെ അടിസ്ഥാനത്തിലല്ല, അദ്ദേഹം പ്രസംഗിച്ചതിന്റെ രീതിയെ അടിസ്ഥാനമാക്കിയാണ്.

എന്നാൽ അഭിഷേകം യേശുവിൽ എന്താണു ചെയ്തതെന്നു നമുക്കു നോക്കാം. ഒന്നാമത്, ആത്മാവ് അവനെ മരുഭൂമിയിലേക്കു നടത്തി. അവിടെ ഉപവസിക്കുമ്പോൾ അവൻ പിശാചിനാൽ കഠിനമായി പരീക്ഷിക്കപ്പെട്ടു. അവിടെ നമ്മെ വീഴ്ത്തുന്ന പ്രശ്നങ്ങളുടെ ശക്തി അവൻ കണ്ടു. നാം കടന്നു പോകുന്ന പ്രശ്നങ്ങളും നാം എത്രമാത്രം പൊടിയാണെന്നും അവൻ ഗ്രഹിച്ചു. യുദ്ധം ജയിച്ചനന്തരമായി, പള്ളിയിലേക്കു ചെന്നു. യെശയ്യാ പ്രവാചകന്റെ പുസ്തകം അവനു കൊടുത്തു; അവൻ പുസ്തകം വിടർത്തി:

> "ദരിദ്രന്മാരോടു സുവിശേഷം അറിയിപ്പാൻ കർത്താവ് എന്നെ അഭിഷേകം ചെയ്കയാൽ അവന്റെ ആത്മാവ് എന്റെമേൽ ഉണ്ട്; ബദ്ധന്മാർക്കു വിടുതലും കുരുടന്മാർക്കു കാഴ്ചയും പ്രസംഗിപ്പാനും പീഡിതന്മാരെ വിടുവിച്ചയപ്പാനും കർത്താവിന്റെ പ്രസാദവർഷം പ്രസംഗിപ്പാനും എന്നെ അയച്ചിരിക്കുന്നു." (ലൂക്കൊസ് 4:18–19)

അഭിഷേകം യേശുവിനു ചെയ്തത് അതാണ്. അത് അവന്റെ അനുസരണമുള്ളവൻ എന്ന പ്രകൃതിയെ നിവർത്തിക്കുവാൻ സഹായിച്ചു.

സാമൂഹികവും ചികിത്സാപരവുമായ അഭിഷേകത്തിൽ നിന്നും വ്യത്യസ്തമായ വിശുദ്ധ അഭിഷേകത്തിന് വ്യക്തമായ അർത്ഥമുണ്ട്. ദൈവത്തിനു സമർപ്പിക്കുക, വേർതിരിക്കുക, ഒരു പ്രത്യേക ദൗത്യത്തിനായി ശക്തീകരിക്കുക എന്നീ അർത്ഥങ്ങളാണിതിനുള്ളത്. മശീഹാ അഥവാ ക്രിസ്തു എന്ന വാക്കിനർത്ഥം "അഭിഷിക്തൻ" എന്നാണ്. മറ്റു വാക്കിൽ പറഞ്ഞാൽ യേശു പൂർണ്ണമായി സമർപ്പിതനും പൂർണ്ണമായി വേർതിരിക്കപ്പെട്ടവനും പൂർണ്ണമായി ശക്തീകരിക്കപ്പെട്ടവനും ആയിരുന്നു. അത് ശബ്ദം ഉച്ചത്തിലാകുന്നതിനോ വാക്ചാതുര്യമുണ്ടാക്കുന്നതിനോ അല്ല, ചിലതു ചെയ്യുന്നതിനായിരുന്നു – സുവിശേഷം പ്രസംഗിപ്പാനും സ്വാതന്ത്ര്യം പ്രഖ്യാപിപ്പാനും കാഴ്ച നൽകാനും സ്വതന്ത്രരായി വിട്ടയപ്പാനും.





ഞാൻ അവന്റെ പാതകളെ പിൻതുടരുമ്പോൾ അഭിഷേകം എന്നിലുളവാക്കേണ്ട ഫലങ്ങൾ ഇവയാണ്.

അഭിഷേകം അവനെക്കൊണ്ട് ചെയ്യിച്ച കാര്യങ്ങളോടൊപ്പം തന്നെ, അവൻ അയക്കപ്പെട്ടത് ആരുടെ അടുത്തേക്കാണെന്നും ശ്രദ്ധിക്കുക: ദരിദ്രർ, തടവുകാർ, അന്ധർ, അടിച്ചമർത്തപ്പെട്ടവർ എന്നിവരുടെ അടുക്കലേക്കാണ് അവൻ അയക്കപ്പെട്ടത്. ഏറ്റവും അനാകർഷകരായ കൂട്ടർ! ഇവർക്കും അവന്റെ സേവനത്തിനു തക്കപ്രതിഫലം നൽകാൻ പ്രാപ്തിയില്ല. അവർക്ക് വാങ്ങാൻ മാത്രമേ കഴിയൂ. അനുസരണം വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നതിനെപ്പറ്റിയാണ് ചിന്തിക്കുന്നത്.

യേശുവിനെ അഭിഷേകം ചെയ്ത പരിശുദ്ധാത്മാവിന്റെ പ്രവൃത്തി, യേശുവിന്റെയും അവന്റെ പിതാവിന്റെയും സ്വഭാവത്തിന് പൂർണ്ണമായും യോജിച്ചതാണ്. തന്നെത്തന്നെ മറ്റുള്ളവർക്കു നൽകുകയും അവരെ സേവിക്കുകയും ചെയ്യുന്ന സമർപ്പണവും അനുസരണവുമായിരുന്നു അതിന്റെ ഫലം. അഭിഷേകം എന്നിൽ ചെയ്യുന്നത് അതിലും ചെറിയ കാര്യമാണോ?

**സംക്ഷേപം:**

1. ദാസൻ
2. അധികാരം കൈയാളരുത്
3. മാതൃക
4. താഴ്മയുള്ളവനായിരിക്കുക
5. ശിശു എന്നപോലെ
6. ഇളയവനെപ്പോലെ
7. ഒടുക്കത്തവൻ
8. ഏറ്റവും ചെറിയവൻ
9. ശക്തി പ്രയോഗിക്കാതെ
10. അന്ധമായ അതിമോഹമില്ലാതെ
11. ബഹുമാനമില്ലാതെ
12. മനുഷ്യൻ
13. **അനുസരണമുള്ളവൻ**

# ഇടയന്മാർ ഓടിപ്പോകുകയില്ല

*"തന്നെത്താൻ താഴ്ത്തി, മരണത്തോളം ക്രൂശിലെ മരണത്തോളം തന്നേ, അനുസരണമുള്ളവനായിത്തീർന്നു"*

"സ്നേഹിതന്മാർക്കുവേണ്ടി ജീവനെ കൊടുക്കുന്നതിലും അധിക മുള്ള സ്നേഹം ആർക്കും ഇല്ല" (യോഹന്നാൻ 15:13). സ്നേഹ ത്തിന്റെ ആത്യന്തികമായ പരീക്ഷണമാണിത്. എന്നെത്തന്നെ നൽകിക്കൊ ണ്ട് അത്രത്തോളം പോകാൻ ഞാൻ തയ്യാറാണോ? ഇതിലേക്കൊന്നിലും യേശു വലിച്ചിഴക്കപ്പെട്ടതല്ല എന്നു നാം ശ്രദ്ധിക്കുന്നത് പരമപ്രധാന മാണ്. സ്നേഹം എപ്പോഴും ഒരു തിരഞ്ഞെടുപ്പാണ്. ആരെയും നിർബ ന്ധിച്ചു സ്നേഹിപ്പിക്കാനാവില്ല. അടിമത്തം വേറെ, ദാസത്വം വേറെ. ദാസത്വം തിരഞ്ഞെടുപ്പാണ്, അതു സ്നേഹത്തിൽ നിന്നുരുത്തിരിഞ്ഞ താണ്. മരണത്തിലേക്കുള്ള ചുവടു പോലും യേശുവിന്റെ സ്നേഹപൂർവ്വ മുള്ള തിരഞ്ഞെടുപ്പായിരുന്നു.

> "ഞാൻ നല്ല ഇടയൻ ആകുന്നു; നല്ല ഇടയൻ ആടുകൾക്കു വേണ്ടി തന്റെ ജീവനെ കൊടുക്കുന്നു. ഇടയനും ആടുകളുടെ ഉടമസ്ഥനുമല്ലാത്ത കൂലിക്കാരൻ ചെന്നായ് വരുന്നതു കണ്ടു ആടുകളെ വിട്ട് ഓടിക്കളയുന്നു; ചെന്നായ് അവയെ പിടിക്കയും ചിന്നിച്ചുകളകയും ചെയ്യുന്നു. അവൻ കൂലിക്കാരനും ആടുക ളെക്കുറിച്ചു വിചാരമില്ലാത്തവനുമല്ലോ. ഞാൻ നല്ല ഇടയൻ; പിതാവ് എന്നെ അറികയും ഞാൻ പിതാവിനെ അറികയും ചെ യ്യുന്നതുപോലെ ഞാൻ എനിക്കുള്ളവയെ അറികയും എനിക്കു ള്ളവ എന്നെ അറികയും ചെയ്യുന്നു. ആടുകൾക്കുവേണ്ടി ഞാൻ എന്റെ ജീവനെ കൊടുക്കുന്നു. ഈ തൊഴുത്തിൽ ഉൾപ്പെടാത്ത വേറെ ആടുകൾ എനിക്കുണ്ട്; അവയെയും ഞാൻ നടത്തേണ്ട താകുന്നു; അവ എന്റെ ശബ്ദം കേൾക്കും; ഒരാട്ടിൻകൂട്ടവും ഒരി

ടയനും ആകും. എന്റെ ജീവനെ വീണ്ടും പ്രാപിക്കേണ്ടതിനു ഞാൻ അതിനെ കൊടുക്കുന്നതുകൊണ്ടു പിതാവ് എന്നെ സ്നേഹിക്കുന്നു. ആരും അതിനെ എന്നോടു എടുത്തുകളയുന്നില്ല; ഞാൻ തന്നേ അതിനെ കൊടുക്കുന്നു; അതിനെ കൊടുപ്പാൻ എനിക്കു അധികാരം ഉണ്ട്. വീണ്ടും പ്രാപിപ്പാനും അധികാരം ഉണ്ട്. ഈ കല്പന എന്റെ പിതാവിങ്കൽ നിന്നും എനിക്കു ലഭിച്ചിരിക്കുന്നു" (യോഹന്നാൻ 10:11–18).

പിതാവ് എങ്ങനെയുള്ളവനെന്നു മനസ്സിലാക്കുകയും അവന്റെ ശബ്ദം കേൾക്കുകയും ചെയ്യുന്നതിലൂടെ മാത്രമേ ഇപ്രകാരമുള്ള സ്വയസമർപ്പണത്തിന് ശക്തി ലഭിക്കുകയുള്ളു. ഇപ്പോൾ ആടുകളുടെ സുപ്രധാനമായ പ്രതികരണം അവന്റെ ശബ്ദം കേൾക്കുക, എപ്രകാരമുള്ള ശബ്ദമാണ് പിതാവ് ഉണ്ടാക്കുന്നതെന്ന് തിരിച്ചറിയുക, ദാസപ്രകൃതിക്കായുള്ള വിളി കേൾക്കുക, അനുസരണമെന്നാൽ സ്വയത്തെ സേവിക്കുന്നതിലൂടെ മറ്റുള്ളവരെ അതിക്രമിക്കുകയല്ല എന്നു മനസ്സിലാക്കുക എന്നിവയാണ്. മരണം അതിനെ അവസാനിപ്പിക്കുകയില്ല എന്ന് യേശു മനസ്സിലാക്കി; മറിച്ച് പൂർണ്ണതയുള്ള പുതിയ ലോകത്തിന്റെ തുടക്കമായിരുന്നു അത്.

ക്രിസ്ത്യാനികളുടെ ജീവനു വലിയ ഭീഷണിയൊന്നും സൃഷ്ടിക്കാത്ത സംസ്കാരത്തിൽ ജീവിക്കുന്നവരാണ് ഈ ഗ്രന്ഥത്തിന്റെ ഭൂരിപക്ഷം വായനക്കാരും. അതിനാൽ നമുക്കു നമ്മോടു തന്നെ അടിസ്ഥാനപരമായ ചില ചോദ്യങ്ങൾ ചോദിക്കാം:

എന്തിനുവേണ്ടി മരിക്കാനാണ് ഞാൻ ഒരുങ്ങിയിരിക്കുന്നത്? ഒരു വിശ്വാസത്തിനു വേണ്ടിയോ വിശ്വാസപ്രമാണങ്ങൾക്കു വേണ്ടിയോ? ഒരു വ്യക്തിക്കുവേണ്ടിയോ ഒരു ജനതയ്ക്കു വേണ്ടിയോ? "ഞാനിവിടെ നിൽക്കുന്നു, ദൈവമേ എന്നെ സഹായിക്കണമേ, ഇതിനുവേണ്ടി ജീവൻ നൽകേണ്ടിവന്നാലും ഞാനുറച്ചു നിൽക്കും"എന്ന് ഏതു സ്ഥാനത്തു നിന്നുകൊണ്ട് നാം പറയും? ഈ ചോദ്യങ്ങൾക്കുള്ള ഉത്തരം നമ്മുടെ ദാസത്വത്തിന്റെ ആഴം നിശ്ചയിക്കും.

**സംക്ഷേപം:**

1. ദാസൻ
2. അധികാരം കൈയാളരുത്
3. മാതൃക
4. താഴ്മയുള്ളവനായിരിക്കുക
5. ശിശു എന്നപോലെ





6. ഇളയവനെപ്പോലെ
7. ഒടുക്കത്തവൻ
8. ഏറ്റവും ചെറിയവൻ
9. ശക്തി പ്രയോഗിക്കാതെ
10. അന്ധമായ അതിമോഹമില്ലാതെ
11. ബഹുമാനമില്ലാതെ
12. മനുഷ്യൻ
13. അനുസരണമുള്ളവൻ
14. **മരണം**

ഇതോടെ നമ്മുടെ പട്ടിക പൂർത്തിയാവുന്നു.

# ഭാഗ്യാവസ്ഥ

*"അതുകൊണ്ട് ദൈവം അവനെ ഉയർത്തി"*

യേശുവിന്റെ പ്രകൃതിയെക്കുറിച്ചുള്ള പഠനം ജഡമയനായ എന്നെ തെല്ല് ഭയപ്പെടുത്തുന്നു. മനുഷ്യനായ യേശുവിന്റെ ഗുണഗണങ്ങളൊന്നും ലോകത്തെ ജയിക്കാൻ ഉപയോഗപ്രദമല്ലെങ്കിലും സകലജാതികളെയും ശിഷ്യരാക്കാനുള്ള കല്പന തന്നിട്ടാണ് അവൻ പോയത്. ശക്തിയോ, സ്വാധീനമോ, പണമോ ഇല്ലാതെ എങ്ങനെ അവനെക്കുറിച്ച് അറിയിക്കാൻ നമുക്കു കഴിയും? നിസ്വാർത്ഥമായൊരു പദ്ധതികൊണ്ട് എങ്ങനെ ജോലി പൂർത്തിയാക്കാൻ കഴിയും?

ഇവിടെ യേശുവിന്റെ സ്വഭാവഗുണങ്ങളിൽ അവസാനത്തേത് ദൈവം വെളിപ്പെടുത്തുന്നു. അവന് ഏറ്റവും താൽപ്പര്യമുള്ളത് അവൻ നമുക്കു കാട്ടിത്തരുന്നു. ഫിലിപ്പിയർ 2-ാം അദ്ധ്യായത്തിൽ പിതാവിനോടുള്ള യേശുവിന്റെ അനുസരണ സ്വഭാവം ജീവിതത്തിൽ പകർത്തിയാലുണ്ടാകുന്ന ഫലത്തെക്കുറിച്ച് പൗലൊസ് പറയുന്നു:

> "അതുകൊണ്ടു ദൈവവും അവനെ ഏറ്റവും ഉയർത്തി സകല നാമത്തിനും മേലായ നാമം നൽകി; അങ്ങനെ യേശുവിന്റെ നാമത്തിങ്കൽ സ്വർല്ലോകരുടെയും ഭൂലോകരുടെയും അധോലോകരുടെയും മുഴങ്കാൽ ഒക്കെയും മടങ്ങുകയും എല്ലാ നാവും "യേശുക്രിസ്തു കർത്താവ്" എന്നു പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി എറ്റുപറകയും ചെയ്യേണ്ടിവരും." (ഫിലിപ്പിയർ 2:9-11)

ഇപ്പോഴെനിക്കു വ്യക്തമായി, നാം ദൈവത്തിന്റെ രീതിയിൽ ജീവിച്ചാൽ നമുക്കു ദൈവത്തിന്റെ ഫലം ലഭിക്കും. നമ്മുടെ സ്വന്ത ശക്തികൊണ്ട് ലോകത്തെ നേടുവാൻ നമുക്കു കഴികയില്ല. അതുകൊണ്ട് നമുക്കു

വേണ്ടി ദൈവം തന്റെ ശക്തിയുപയോഗിക്കാൻ അനുവദിക്കുന്ന വഴി നാം തേടണം.

യേശുവിന്റെ ജീവിതശൈലി ഉപയോഗിക്കുന്ന ആളുകൾ വിജയം വരിക്കുന്നത് ക്രിസ്തീയ മണ്ഡലത്തിൽ ഞാൻ കണ്ടിട്ടുണ്ട്. ഒരു പ്രത്യേക വീക്ഷണത്തിൽ അതിനെ കാണുന്നതു വരെ അതെന്നെ അസ്വസ്ഥനാക്കുമായിരുന്നു. അവരുടെ വിജയം, യഥാർത്ഥത്തിൽ അവർക്കു ലഭിക്കേണ്ടിയിരുന്നതിൽ നിന്നും വളരെ ചെറുതാണ്. സ്വന്തകഴിവുകൊണ്ടു നമുക്കു വിജയിക്കുവാൻ കഴിയും, പക്ഷേ, ആ വിജയം നമ്മുടെ മാനുഷിക കഴിവുകളുടെ പരിമിതിക്കനുസരിച്ച് പരിമിതമായിരിക്കുമെന്നു മാത്രമല്ല ഇനിയും പൂർത്തീകരിക്കേണ്ട നമ്മുടെ ഉത്തരവാദിത്തങ്ങൾ നിറവേറ്റാൻ അതു തീരെ പര്യാപ്തവുമല്ല. എന്നാൽ യേശുവിന്റെ ശൈലിക്കനുസൃതമായി നാം ജീവിക്കുമ്പോൾ നമ്മുടെ വിജയം ദൈവത്തിന്റെ കഴിവിനനുസരിച്ചായിരിക്കും പരിമിതപ്പെട്ടിരിക്കുക.

"നൽകുവാൻ വേണ്ടി ജീവിക്കുക" എന്ന മുദ്രാവാക്യം ലോകത്തിന്റെ യുക്തിക്കു തീരെ അനുയോജ്യമല്ലെങ്കിലും അതു നമ്മുടെ വിശ്വാസത്തിനനുയോജ്യവും ചോദ്യം ചെയ്യാതെ അവനിൽ ആശ്രയിക്കാൻ നമ്മോടാവശ്യപ്പെടുന്നതും ആണ്. അവൻ വിശ്വസ്തനാകയാൽ അവന്റെ ഭാഗം അവൻ കൃത്യമായി നിർവഹിക്കുന്നതാണ്. അവൻ നമ്മോടു പറയുന്നത്: "യജമാനൻ ചെയ്യുന്നത് ദാസൻ അറിയായ്കകൊണ്ട് ഞാൻ നിങ്ങളെ ദാസന്മാർ എന്നു ഇനി പറയുന്നില്ല; ഞാൻ എന്റെ പിതാവിനോടു കേട്ടതു എല്ലാം നിങ്ങളോടു അറിയിച്ചതുകൊണ്ട് നിങ്ങളെ സ്നേഹിതന്മാർ എന്നു പറഞ്ഞിരിക്കുന്നു" (യോഹന്നാൻ 15:15).

അതാണ് അതിന്റെ മഹത്വകരമായ ഫലം. എങ്ങനെയാണ് പ്രാർത്ഥിക്കേണ്ടതെന്ന് ഇപ്പോൾ നമുക്കറിയാം. എങ്ങനെയാണ് സ്നേഹിക്കുന്നതെന്ന് ഇപ്പോൾ നമുക്കറിയാം. ശക്തിയുടെ ഉറവിടമെന്താണെന്ന് നമുക്കിപ്പോഴറിയാം. ശക്തി എങ്ങനെ ഉപയോഗിക്കണമെന്നും നമുക്കിപ്പോൾ അറിയാം.



# ശക്തിയുടെ ഇടനിലക്കാരൻ

*"പിതാവു സകലവും തന്റെ അധികാരത്തിൽ തന്നിരിക്കുന്നു എന്ന് യേശു അറിഞ്ഞു."*

ശരീരാരോഗ്യം മെച്ചപ്പെടുത്തുന്നതിനെപ്പറ്റിയുള്ള ഒരു പ്രോഗ്രാമിലേക്ക് അംഗങ്ങളെ ഇന്റർവ്യൂ ചെയ്യുന്നത് ഞാൻ ടെലിവിഷനിൽ കണ്ടുകൊണ്ടിരിക്കുകയായിരുന്നു. അവർ സ്റ്റേജിലേക്ക് കയറിയപ്പോൾ എണ്ണ പുരട്ടിയ അവരുടെ ശരീരത്തിൽ മസിലുകൾ ഓടിക്കളിക്കുന്ന ചെറിയ ജീവികളെപ്പോലെ, ഉരുണ്ടുകളിക്കുന്നതു കാണാമായിരുന്നു. അവരുടെ ശക്തി പ്രദർശനം അപാരമായിരുന്നു. തങ്ങളുടെ ശക്തികൊണ്ട് അവർ എന്താണ് ചെയ്യുന്നതെന്ന് അനൗൺസർ ചോദിച്ചപ്പോൾ അവർ മറുപടിയായി പ്രത്യേക പോസിൽ മസിലുകൾ പ്രദർശിപ്പിക്കുകയാണ് ചെയ്തത്. ശക്തി എന്തിനാണുപയോഗിക്കുന്നതെന്ന് അദ്ദേഹം പിന്നെയും ചോദിച്ചപ്പോൾ അവർ കൂടുതൽ പോസുകളിൽ ശക്തി പ്രദർശിപ്പിച്ചു. ആ ശക്തി മുഴുവനും നിങ്ങൾക്കു ലഭിച്ചാൽ നിങ്ങൾ എന്തുചെയ്യും?

കഴിഞ്ഞ കാൽനൂറ്റാണ്ടുകൊണ്ട് സൂപ്പർമാൻ അമേരിക്കൻ സംസ്കാരത്തിന്റെ ഭാഗമായിക്കഴിഞ്ഞു. ചിത്രകഥയായി ആരംഭിച്ച്, ടെലിവിഷൻ സീരിയലായി തുടർന്ന സൂപ്പർമാന്റെ സാഹസിക കഥകൾ ഇന്ന് കോടികൾ മുതൽമുടക്കുള്ള സിനിമകളിൽ എത്തിനിൽക്കുന്നു. വെടിയുണ്ടയേക്കാൾ വേഗത്തിലും എൻജിനേക്കാൾ ശക്തിയിലും ഉള്ള പ്രവർത്തനവും ഒറ്റച്ചാട്ടത്തിന് ഉയർന്ന കെട്ടിടത്തിനു മുകളിലെത്താനുള്ള സൂപ്പർമാന്റെ കഴിവും നമ്മെ കീഴ്പ്പെടുത്തിയിരിക്കുന്നു. നാം ശക്തിയെ ഇഷ്ടപ്പെടുന്നതിനാൽ നമ്മുടെ സ്വപ്നങ്ങൾക്ക് സൂപ്പർമാൻ നന്നായി ഇണങ്ങുന്നു. എന്നാൽ ആ ശക്തി മുഴുവനും നിങ്ങൾ എന്തിനാണുപയോഗിക്കുന്നത്?

യേശു എന്താണ് ചെയ്തത്? യോഹന്നാൻ 13 പ്രകാരം, തന്റെ നാഴിക വന്നു എന്ന് യേശു അറിഞ്ഞു. തന്റെ സ്നേഹത്തിന്റെ ആഴം ശിഷ്യന്മാരെ

അറിയിക്കാൻ അവൻ ഒരുങ്ങുകയാണ്. താൻ പിതാവിന്റെ അടുക്കൽ നിന്നു വന്നു എന്നും അവിടേക്കു മടങ്ങുകയാണെന്നും പിതാവ് സകലവും തന്റെ അധികാരത്തിൽ തന്നിരിക്കുകയാണെന്നും യേശുവിന് അറിയാമായിരുന്നു. ഇപ്പോഴെന്താണ് പ്രതീക്ഷിക്കേണ്ടത്? ഒരു സ്ഫോടനം? ശക്തിയുടെ അപാരമായ ഒരു പ്രദർശനം?

തുന്നലില്ലാത്ത തന്റെ ഉടയാടയുമണിഞ്ഞ് തന്റെ ശിഷ്യന്മാരോടൊപ്പം അത്താഴത്തിനിരിക്കുന്ന യേശുവിനെ ഒന്നു സങ്കൽപ്പിച്ചു നോക്കൂ. ദുഷ്ട ശക്തികൾ മാസങ്ങളായി അവനെ കൊല്ലുവാൻ പദ്ധതികൾ മെനയുകയാണെങ്കിലും ലോകത്തിലുള്ള സകലശക്തിയും അവന്റെ ശരീരത്തിലുള്ളതിനാൽ ഭയപ്പെടേണ്ട കാര്യമില്ല. അതിഭയങ്കരമായ ദുഷ്ടശക്തികൾ അവനെ വലയം ചെയ്തിരിക്കെ മുഴുശക്തിയുടെയും ഉറവിടമായ അവൻ ശിഷ്യന്മാരുടെ അരികിലേക്ക് ചെന്നു.... എന്നിട്ട് എന്താണ് ചെയ്തെന്നോ? "...വസ്ത്രം ഊരിവെച്ചു ഒരു തുവർത്ത് എടുത്ത് അരയിൽ ചുറ്റി ഒരു പാത്രത്തിൽ വെള്ളം പകർന്നു ശിഷ്യന്മാരുടെ കാൽ കഴുകുവാനും അരയിൽ ചുറ്റിയിരുന്ന തുണികൊണ്ട് തുവർത്തുവാനും തുടങ്ങി." അതാണ് അവൻ തന്റെ ശക്തികൊണ്ട് ചെയ്യുന്നത്. അവൻ കാൽ കഴുകുന്നു!

കാൽ കഴുകലിനോട് തുലനപ്പെടുത്താവുന്ന ഒരു ആചാരം നമുക്കില്ല. കാൽ കഴുകൽ ആതിഥ്യമര്യാദയുടെ ഭാഗമാണ്. അടിമയാണ് അതു ചെയ്യാറുള്ളത്; അടിമകളില്ലാത്ത, തീരെ ദരിദ്രമായ ഭവനങ്ങളിൽ ഗൃഹനാഥനായിരിക്കും കാൽ കഴുകുന്നത്. അത് ഒരു ഹീനപ്രവൃത്തി ആയിരുന്നതിനാൽ ഉന്നതസ്ഥാനീയരായവരാരും അതു ചെയ്യാറില്ലായിരുന്നു. അവൻ അതു ചെയ്താൽ മാന്യത നഷ്ടപ്പെട്ടു എന്നർത്ഥം. അമേരിക്കൻ പ്രസിഡന്റ് വിശ്രമമുറി വൃത്തിയാക്കുന്നതുപോലെയും രാജാവ് മുറ്റമടിക്കുന്നതുപോലെയും ഗണിക്കപ്പെട്ടിരുന്നു അത്. സ്വന്തം വ്യക്തിത്വത്തെക്കുറിച്ച് ഉത്തമബോധ്യമില്ലാത്ത ഒരാളും അത്തരം ഹീനമായ പ്രവൃത്തി ചെയ്ത് മാന്യത നഷ്ടപ്പെടുത്താൻ ഒരുങ്ങുകയില്ല. യേശുവിന് താനാരാണെന്ന് നന്നായി അറിയാമായിരുന്നതിനാൽ ഒന്നും തെളിയിക്കേണ്ട ആവശ്യമില്ലായിരുന്നു. ഏറ്റവും താണ ജോലി ചെയ്യാൻ അവനു കഴിയുമായിരുന്നു.

ഞാനായിരുന്നെങ്കിൽ കാൽ കഴുകുക എന്ന പ്രവൃത്തി എന്റെ അന്തസ്സിനു ചേർന്നതല്ല എന്നു കരുതുമായിരുന്നു. കാരണം അത്തരമൊരു പ്രവൃത്തി എന്റെ നിലവാരത്തിലും വളരെ താഴെയായിരുന്നു.

യേശുവിന്റെ മാന്യതക്കു ചേരാത്ത പ്രവൃത്തിയാണ് അതെന്ന് പത്രൊസ് മനസ്സിലാക്കി. അത്തരത്തിലൊരു സൗജന്യം സ്വീകരിക്കാനുള്ള കഴിവ് തനിക്കില്ലെന്നറിഞ്ഞ്, തന്റെ കാൽ കഴുകുവാൻ അനുവദിക്കയില്ലെന്ന് അവൻ യേശുവിനോടു പറഞ്ഞു. യേശുവിന്റെ മറുപടി, നമുക്ക് അവനോടും തമ്മിൽ തമ്മിലും ഉള്ള ബന്ധത്തെപ്പറ്റിയും നമ്മുടെ പ്രകൃതിയെപ്പറ്റിയും





ഉള്ള വിശദീകരണമായിരുന്നു: "ഞാൻ നിന്നെ കഴുകാഞ്ഞാൽ നിനക്കു എന്നോടുകൂടെ പങ്കില്ല." യേശുവിന്റെ യഥാർത്ഥ സ്വഭാവം നാം മനസ്സിലാക്കുകയും അവൻ യഥാർത്ഥത്തിൽ ആയിരിക്കുന്ന അവസ്ഥയിൽ നമ്മോട് ഇടപെടുവാൻ അനുവദിക്കുകയും ചെയ്യുന്നില്ലെങ്കിൽ അവനെ പൂർണ്ണമായി, അല്ല, ഭാഗികമായെങ്കിലുമോ മനസ്സിലാക്കുവാൻ നമുക്കു കഴിയുകയില്ല. നാം അവന്റെ ക്ലബ്ബിൽ അംഗമായിരിക്കാം. ശരിയായ പദങ്ങൾ ഉപയോഗിക്കാൻ നാം ശീലിച്ചിരിക്കാം. എങ്കിലും അവൻ നമ്മെ ശുശ്രൂഷിക്കുന്നില്ലെങ്കിൽ നമുക്കവനുമായി പങ്കോ കൂട്ടായ്മയോ ഇല്ല.

നമ്മുടെ പരസ്പര സമീപനത്തിന്റെ ഉത്തമമാതൃകയാണ് പത്രൊസിന്റെ പ്രതികരണം. "ഞാൻ യഥാർത്ഥത്തിൽ ആരാണെന്ന് നീ കാണരുത്" നാം പറയും. "ഞാൻ തന്നെ എന്റെ കാൽ കഴുകികൊള്ളാം, നീ അനുഷ്ഠാനത്തിനുവേണ്ടി ഒന്നു വെള്ളമൊഴിച്ചാൽ മതി." യേശു നമ്മുടെ കാൽ കഴുകുന്നതിനനുവദിക്കാതിരിക്കുന്നത് അവനുമായുള്ള നമ്മുടെ കൂട്ടായ്മ ഇല്ലാതാക്കുന്നതുപോലെ അന്യോന്യം കാൽ കഴുകുവാനുള്ള യേശുവിന്റെ കല്പനയുടെ ലംഘനം പരസ്പരമുള്ള കൂട്ടായ്മയേയും ഇല്ലാതാക്കും. ദിനം തോറുമുള്ള യാത്രയിൽ പറ്റിയ പൊടി കഴുകിക്കളഞ്ഞ് കർത്താവിന്റെ പന്തിഭോജനത്തിനിരിക്കാൻ നമ്മെ പ്രാപ്തരാക്കുന്ന, അന്യോന്യം ശുദ്ധിവരുത്തുന്ന ശുദ്ധീകരണ വസ്തുക്കളായിരിക്കണം നാം.

> "അവൻ അവരുടെ കാൽ കഴുകീട്ടു വസ്ത്രം ധരിച്ചു വീണ്ടും ഇരുന്നു. അവരോട് പറഞ്ഞത്: ഞാൻ നിങ്ങൾക്കു ചെയ്തത് ഇന്നതു എന്നു അറിയുന്നുവോ? നിങ്ങൾ എന്നെ ഗുരുവെന്നും കർത്താവെന്നും വിളിക്കുന്നു; ഞാൻ അങ്ങനെ ആകകൊണ്ടു നിങ്ങൾ പറയുന്നതു ശരി. കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ കാൽ കഴുകി എങ്കിൽ നിങ്ങളും തമ്മിൽ തമ്മിൽ കാൽ കഴുകേണ്ടതാകുന്നു. ഞാൻ നിങ്ങൾക്കു ചെയ്തതുപോലെ നിങ്ങളും ചെയ്യേണ്ടതിനു ഞാൻ നിങ്ങൾക്കു ദൃഷ്ടാന്തം തന്നിരിക്കുന്നു. ആമേൻ, ആമേൻ ഞാൻ നിങ്ങളോടു പറയുന്നു: ദാസൻ യജമാനനെക്കാൾ വലിയവൻ അല്ല; ദൂതൻ തന്നെ അയച്ചവനെക്കാൾ വലിയവനുമല്ല" (യോഹന്നാൻ 13:12-16).

ചിലർ ഈ ഭാഗത്തെ വ്യാഖ്യാനിക്കുന്നത് യേശു കാൽ കഴുകൽ ശുശ്രൂഷ എന്ന പേരിൽ ഒരു പുതിയ ആചാരം സ്ഥാപിച്ചു എന്നാണ്. അങ്ങനെ വാദിക്കുന്നവരോട് എനിക്കു തർക്കമൊന്നുമില്ല. കാൽ കഴുകൽ ശുശ്രൂഷയിൽ ഞാൻ സംബന്ധിച്ചിട്ടുണ്ട്. അതു വളരെ സന്തോഷകരമായിരുന്നു. എങ്കിലും വൃത്തിയില്ലാത്ത കാലുകളുമായി വരുന്ന ആളുകൾ സംബന്ധിക്കുന്നിടത്ത് അത്തരം ശുശ്രൂഷകളിൽ ഞാൻ സംബന്ധിച്ചിട്ടില്ല. വിശുദ്ധന്മാർ അവയെ സ്പർശിക്കും മുമ്പ് നാം അവ വൃത്തിയാക്കുവാൻ ശ്രദ്ധിക്കുന്നു.

യേശു ഒരു ആചാരം സ്ഥാപിക്കുകയായിരുന്നുവെന്നതിൽ വ്യക്തിപരമായി, എനിക്കു സംശയമുണ്ട്. നാം പരസ്പരം എങ്ങനെ പെരുമാറണം എന്നവൻ പഠിപ്പിക്കുകയായിരുന്നു. അത് അക്ഷരികമായ കാൽ കഴുകൽ അല്ലെങ്കിൽ പിന്നെ എങ്ങനെയാണ് ഈ കൽപ്പന നാം നിവർത്തിക്കേണ്ടത്? ഇതോടുള്ള ബന്ധത്തിലുയരുന്ന ഒരു ചോദ്യം ഇതാണ്: യജമാനന്റെ പന്തിയിലിരിക്കാൻ യോഗ്യനാണെന്നും വൃത്തിയുള്ളവനാണെന്നും നമ്മെ ബോധ്യപ്പെടുത്തുന്ന കാര്യങ്ങൾ എന്തൊക്കെയാണ്?

ഞാൻ പറയുന്ന കാര്യങ്ങൾ കേൾക്കാൻ ഒരാൾ സമയമെടുക്കുമ്പോൾ എന്റെ കാലുകൾ കഴുകുന്നതുപോലെ എനിക്കു തോന്നും. ഒരാൾ എന്നെ അഭിനന്ദിക്കുമ്പോൾ എന്റെ കാൽ കഴുകുകയാണ്. എന്റെ സന്തോഷത്തിൽ മറ്റൊരാൾ പങ്കുചേരുമ്പോൾ എന്റെ കാൽ കഴുകുകയാണ്. എന്നോട് തന്റെ ഭാരം പങ്കുവെക്കാനോ ഏറ്റുപറയാനോ തക്കവണ്ണം ഒരാൾ എന്റെ കാതുകളെ വിശ്വസിക്കുമ്പോൾ എന്റെ കാൽ കഴുകുകയാണ്. കാൽ കഴുകുവാൻ എണ്ണമറ്റ മാർഗ്ഗങ്ങൾ നമുക്കുണ്ട്. നമ്മുടെ സ്വന്തജീവിതത്തിൽ എവിടെ നിന്നാണ് അഴുക്കു കടന്നുവരുന്നത് എന്ന് ശ്രദ്ധിക്കാൻ തുടങ്ങുമ്പോൾ മറ്റുള്ളവർക്കും ശുദ്ധിവരുത്തുവാൻ നമുക്കു കഴിയും.

ഈ ചിന്ത ഞായറാഴ്ചത്തെ പ്രസംഗത്തോടുള്ള എന്റെ സമീപനത്തെയും മാറ്റി മറിച്ചു. ഭംഗിയായി വസ്ത്രം ധരിച്ച് വരിവരിയായി എന്റെ മുമ്പിലിരിക്കുന്ന ആളുകൾ അകമെ നന്നായിരിക്കുന്നില്ല എന്നു ഞാൻ മനസ്സിലാക്കാൻ തുടങ്ങി. അവരിൽ പലരും അക്രൈസ്തവരായ ജോലിക്കാരെക്കൊണ്ടു ബുദ്ധിമുട്ടുന്നവരും സ്ഥിരമായി അശ്ലീല സംസാരങ്ങൾ ശ്രവിക്കുന്നവരും ആണ്. സ്ത്രീകളിൽ നല്ലൊരു പങ്കും കഴിഞ്ഞയാഴ്ച ഇച്ഛാഭംഗം സംഭവിച്ചവരാണ്. കുടുംബത്തിലുള്ളവർ കോപിച്ചും പരസ്പരം സംസാരിക്കാതെയും ഇരിക്കുന്നു. യഥാർത്ഥവും സാങ്കൽപ്പികവുമായ കുറ്റബോധം അവരെ മൂടിയിട്ട് അകത്തെ മനുഷ്യനെ തളർത്തിക്കളയുന്നു.

പ്രസംഗപീഠത്തിൽ നിന്നുകൊണ്ട് കുറ്റപ്പെടുത്തുന്ന വാക്കുകളുപയോഗിച്ച് ഞാൻ അവരെ നിരാശപ്പെടുത്തണോ? അവർ നന്നായി ജീവിക്കാത്തതിന് അവരെ ശകാരിക്കണോ? തകർന്ന ഹൃദയത്തിന് ഞാനവരെ കുറ്റപ്പെടുത്തണോ? ഇല്ല, എന്നെപ്പോലെ അവർക്കും കാൽ കഴുകലിന്റെ ആവശ്യമുണ്ട്.

വിശ്വാസികളെന്ന നിലയിലുള്ള നമ്മുടെ ഒന്നിച്ചു ചേരലുകൾ കാൽ കഴുകലിന്റെ അവസരങ്ങളാകുന്നതുവരെ യഥാർത്ഥ കൂട്ടായ്മ എന്തെന്ന് ഗ്രഹിപ്പാൻ നമുക്കു കഴികയില്ല.

“ഇതു നിങ്ങൾ അറിയുന്നു എങ്കിൽ
ചെയ്താൽ ഭാഗ്യവാന്മാർ” (യോഹന്നാൻ 13:17).



# ശൈലിയിൽ ജീവിക്കുക

## മധുരവും കൈപ്പും

ഭൂപടം നോക്കി യാത്ര ചെയ്യുമ്പോൾ എവിടേക്കു പോകണമെന്ന് നിശ്ചയിക്കും മുമ്പ് നാം എവിടെയാണ് എന്ന് ആദ്യം അറിഞ്ഞിരിക്കണം. യേശുവും നാമും തമ്മിൽ വൈരുദ്ധ്യത്തിലായതിനാൽ, നാം എവിടെയാണെന്നതിനെപ്പറ്റി ഒരു രൂപം നമുക്കുണ്ടായിരിക്കണം. നമ്മുടെ യാത്ര ജീവിതകാലം മുഴുവൻ നീണ്ടുനിൽക്കുന്നതാണെന്ന് വ്യക്തമാണ്, എങ്കിലും നാം അവിടെ എത്തും!

ദൈവത്തിൽ നിന്നും ദർശനം പ്രാപിച്ച യെഹെസ്കേലിനോട്, അവൻ എഴുതിയ ചുരുൾ തിന്നാൻ ആവശ്യപ്പെട്ടു. അതവന്റെ വായിൽ മധുരവും വയറ്റിൽ കൈപ്പുമായിരുന്നു. ഞാൻ നിങ്ങളുമായി പങ്കുവെക്കുന്ന വാക്കുകൾക്ക് ഇതുമായി സാമ്യമുണ്ട്. അവ കേൾക്കാനും രുചിക്കാനും മധുരമുള്ളതെങ്കിലും ദഹിക്കാൻ ബുദ്ധിമുട്ടുള്ളതാണ്, അവ നമ്മുടെ സ്വാഭാവിക ആഭിമുഖ്യങ്ങൾക്ക് എതിരാണെന്നതാണ് കാരണം. ഈ രക്ഷ പ്രാവർത്തികമാക്കുമ്പോൾ നാം ഭയപ്പെടാനും വിറയ്ക്കാനും തുടങ്ങും.

എങ്കിലും നമുക്കു സഹായം ലഭ്യമാണെന്നതുകൊണ്ട് ദൈവത്തിനു സ്തോത്രം. ക്രിസ്തുവിന്റെ ശരീരത്തിലേക്കും നമ്മുടെ വ്യക്തിപരമായ വളർച്ചയിലുള്ള ദൈവിക ഇടപെടലുകളിലേക്കും നോക്കുമ്പോൾ അതു നമുക്കു മനസ്സിലാക്കും. ദൈവത്തിന്റെ ക്ഷണപത്രികയിൽ ആർ.എസ്.വി.പി. (ദയവായി മറുപടി തന്നാലും) എന്ന അടിക്കുറിപ്പുകൂടി ഉണ്ടെന്നുള്ളതും നമുക്കു വ്യക്തമാകും.

# കണങ്കാൽ അസ്ഥി പാദാസ്ഥിയോടു ബന്ധപ്പെട്ടിരിക്കുന്നു

"ശരീരത്തിൽ ഭിന്നത വരാതെ അവയവങ്ങൾ അന്യോന്യം ഒരുപോലെ കരുതേണ്ടതിനായി ദൈവം കുറവുള്ളതിന് അധികം മാനം കൊടുത്തുകൊണ്ടു ശരീരത്തെ കൂട്ടിച്ചേർത്തിരിക്കുന്നു. അതിനാൽ ഒരു അവയവം കഷ്ടം അനുഭവിക്കുന്നു എങ്കിൽ അവയവങ്ങൾ ഒക്കെയും കൂടെ കഷ്ടം അനുഭവിക്കുന്നു; ഒരു അവയവത്തിനു മാനം വന്നാൽ അവയവങ്ങൾ ഒക്കെയുംകൂടെ സന്തോഷിക്കുന്നു. എന്നാൽ നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും ഓരോരുത്തൻ വെവ്വേറെയായി അവയവങ്ങളും ആകുന്നു" (1 കൊരിന്ത്യർ 12:24–27).

തന്റെ ശിഷ്യന്മാരുടെ പ്രതീകമായി ദൈവം ശരീരത്തെ തിരഞ്ഞെടുത്തത് തികച്ചും അനുയോജ്യം തന്നെ. അതു ജീവനുള്ളതും വഴക്കമുള്ളതും വളരുന്നതുമാണ്. യേശുവിന്റെ സ്വഭാവത്തിനനുസരിച്ചു ജീവിക്കുമ്പോൾ മാത്രമേ അതിനു നിലനിൽക്കാൻ കഴിയുകയുള്ളൂ. സ്വാഭാവിക ശരീരത്തിലെ ഒരു അവയവത്തിനും തനിയെ നിലനിൽക്കാൻ കഴികയില്ല. മനുഷ്യശരീരത്തിലെ ഓരോ ചെറിയ ഭാഗവും ബാക്കി ശരീരത്തെ സേവിക്കുന്നതിനുവേണ്ടിയാണ് സൃഷ്ടിക്കപ്പെട്ടതും അവിടെ സ്ഥാപിക്കപ്പെട്ടതും. ശരീരത്തിലെ ഏതെങ്കിലുമൊരു ഭാഗം സ്വയകേന്ദ്രീകൃതമാകയും തനിക്കുവേണ്ടി മാത്രം ജീവിക്കാനാരംഭിക്കുകയും ചെയ്യുമ്പോൾ അതു വൈദ്യശാസ്ത്രം പറയുന്ന അർബുദം ആയി മാറുന്നു. ഓരോ അവയവവും ശരീരത്തിന്റെ ദാസനെന്ന നിലയിൽ പ്രവർത്തിക്കുമ്പോൾ മാത്രമേ എന്റെ ഭൗതിക ശരീരത്തിനും ക്രിസ്തുവിന്റെ ശരീരത്തിനും നിലനിൽപ്പുള്ളു.

ശരീരത്തിന്റെ പ്രതിരൂപാത്മക പഠനം യുക്തിപരമായി ഇങ്ങനെയൊരു ഉപസംഹാരത്തിനു നമ്മെ സഹായിക്കും. സ്വയലക്ഷ്യങ്ങളുള്ള ഒരു

ഭാഗവും ശരീരത്തിലില്ല. "ഞാൻ ഒരു നല്ല തള്ളവിരലാണെങ്കിൽ എനിക്കെന്തുകൊണ്ട് പ്രവർത്തിച്ച് മുന്നേറി മുട്ടോ കണങ്കാലോ ഒരു മൂക്കോ ആയിക്കൂടാ?" എന്ന് എന്റെ തള്ളവിരൽ ഒരിക്കലും എന്നോട് ചോദിക്കാറില്ല. എന്റെ തള്ളവിരലുകൾ കൂടുതൽ സമയവും ഇരുട്ടിലാണു ജീവിക്കുന്നത്. വളരെക്കുറച്ചു പേർ മാത്രമേ അവയെ കാണാറുള്ളു. മോശമായ അന്തരീക്ഷത്തിൽ കടുത്ത സമ്മർദ്ദത്തിലാണവർ പ്രവർത്തിക്കുന്നത്. എങ്കിലും അവർ ഐസ്ക്രീം കഴിച്ചിട്ടില്ലെന്നോ, അവയെക്കാൾ മുഖത്തിന് കൂടുതൽ ശ്രദ്ധ നൽകുന്നു എന്നോ ഒരിക്കലും പരാതിപ്പെടാറില്ല. "ഇതാണ് എന്റെ സേവനത്തിനുള്ള നന്ദിയെങ്കിൽ ഞാൻ മറ്റൊരു ശരീരത്തിൽ ചേരാൻ പോകുകയാണ്" എന്ന് ഒരിക്കൽപോലും അവ പറഞ്ഞിട്ടില്ല.

കണങ്കാൽ ഉളുക്കി ശരീരം താങ്ങാൻ കഴിയാതെ വന്നാൽ അതിനെ മുറിച്ചു കളയുമെന്ന് ശരീരം ഒരിക്കലും ഭീഷണിപ്പെടുത്താറില്ല. കാരണം, അങ്ങനെ സംഭവിച്ചാൽ ശരീരം മുഴുവനും മുടന്തുള്ളതാകും. മുറിവേറ്റ ഭാഗം ശരിയാകുന്നതുവരെ ശരീരത്തിന്റെ സാവധാനത സഹിക്കാൻ മറ്റ് അവയവങ്ങൾക്ക് സന്തോഷമേയുള്ളു.

ആണിയടിക്കുമ്പോൾ ചുറ്റിക എന്റെ നഖത്തിലാണു കൊള്ളുന്നതെങ്കിൽ, മുറിവേറ്റ കൈ ചുറ്റിക പിടിച്ചുവാങ്ങി അതിലും ശക്തിയായി മറ്റെ കൈയിൽ അടിക്കുകയില്ല.

ഇടതു കൈ ബലഹീനവും വലതുകൈയുടെ അത്രയും സാമർത്ഥ്യമില്ലാത്തതുമായതുകൊണ്ട് വലതുകൈ അതിനെ ശകാരിക്കാറില്ല.

ഷേവ് ചെയ്യുമ്പോൾ മുഖത്തെ തൊലി അൽപ്പം പോയാൽ രക്താണുക്കൾ വന്ന് അതു നന്നാക്കേണ്ടതാണ്. എല്ലാ ദിവസവും അവരതു ചെയ്യാറുണ്ട്. ഇത്രയുമായിട്ടും ഈ മനുഷ്യൻ പാഠം പഠിക്കാതെ മുഖമിങ്ങനെ മുറിച്ചാൽ ഇനിയും ഞങ്ങൾ മുറിവ് ഉണക്കുകയില്ല എന്ന് അവ ഒരിക്കലും പരാതി പറയാറില്ല.

എന്റെ വയറ് വേദനിക്കുമ്പോഴോ മുഖത്തു പൊള്ളലേൽക്കുമ്പോഴോ എന്റെ മുഷ്ടി അതിനെ ഇടിക്കാറില്ല. നേരെ മറിച്ചാണ് സംഭവിക്കുന്നത്. എന്റെ ശരീരം ശ്രദ്ധാപൂർവ്വം സ്വയം സംരക്ഷിക്കുന്നു. സ്വന്ത സുരക്ഷ നോക്കാതെ തന്നെ എന്റെ കൈ മുഖം മൂടി കണ്ണുകളെ സംരക്ഷിക്കുന്നു.

ചിലപ്പോൾ ജോലിക്കൂടുതലുണ്ടാകുമ്പോൾ ശരീരഭാഗങ്ങൾ അവയുടെ പരാതിയുടെ സൂചനങ്ങൾ നൽകാറുണ്ട്. എങ്കിലും ശരീരത്തിന്റെ ഭാഗമായിരിക്കുന്നത് ഇഷ്ടപ്പെടുന്നില്ല എന്ന തരത്തിലുള്ള ഒരു പരാതിയും എനിക്കൊരിക്കലും കേൾക്കേണ്ടിവന്നിട്ടില്ല.

ഇത് അർത്ഥമാക്കുന്നതെന്താണെന്നു വ്യക്തമാണ്. നാം ക്രിസ്തുവിന്റെ ശരീരത്തിന്റെ അംഗങ്ങളെങ്കിൽ അന്യോന്യം സേവിക്കുന്നതിനായി നിർമ്മിക്കപ്പെട്ടിട്ടുള്ളവരാണു നാം. അതുമാത്രമാണ് ക്രിസ്തു അതിൽ നിന്നു പ്രതീക്ഷിക്കുന്നത്.



# ചരിത്രത്തിന്റെ തടവുകാർ

നമ്മുടെ വ്യക്തിപരമായ ജീവിതത്തിൽ യേശുവിന്റെ സ്വഭാവം വെളിപ്പെടുത്തേണ്ടതാവശ്യമെങ്കിൽ വ്യക്തികൾ ചേർന്ന സംഘങ്ങളും – സംഘടനകൾ, സഭകൾ – ഇതിൽ നിന്നും ഒഴിവാക്കപ്പെടുന്നില്ല. എങ്കിലും ഏകദേശം എല്ലാ ആത്മീയ പ്രസ്ഥാനങ്ങളും അവ ആരംഭിച്ച് അധികകാലം കഴിയുംമുമ്പേ തന്നെ ഒരു ശരാശരി ബിസിനസ്സ് സ്ഥാപനത്തിന്റെ സ്വഭാവം പ്രദർശിപ്പിച്ചു തുടങ്ങുന്നു. അവയുടെ അധികാരഘടന സ്തൂപാകൃതിയിലാക്കുന്നു. പ്രാപ്തി പരിശോധിക്കുന്ന വിദഗ്ധർ ശരീരത്തിന്റെ ഘടനയെയും ആത്മീയ വരങ്ങളെയും ശ്രദ്ധിക്കുന്നതിനുപകരം സഭാംഗങ്ങളുടെ പ്രവർത്തനം വിലയിരുത്താൻ തുടങ്ങുന്നു. സ്വജന പക്ഷപാതം അരങ്ങു വാഴുന്നു; അവർ വേറിട്ടു വളരുകയും തങ്ങളുടെ പ്രവൃത്തിമണ്ഡലത്തിൽ നിന്നും അകന്നുപോകയും ചെയ്യുന്നു. സംഘടിത പ്രഖ്യാപനങ്ങൾ വ്യക്തികളായ അംഗങ്ങളുടെ സ്വകാര്യതാൽപ്പര്യങ്ങളിൽ നിന്നു തികച്ചും വ്യത്യാസപ്പെടുന്നു.

സഭകളുടെ ഉന്നത ബോർഡുകളിലുള്ള പല വ്യത്യസ്ത അംഗങ്ങളോടും സംസാരിച്ചപ്പോൾ ഞാൻ കണ്ടെത്തിയ ഒരു കാര്യം, അവരെല്ലാം അടിസ്ഥാനപരമായി പുരോഗമന ചിന്താഗതിയുള്ളവരും തങ്ങൾ ഭാഗഭാക്കുകളായിരിക്കുന്ന ദൈവശാസ്ത്രപരമായ വിഷയങ്ങളിൽപോലും സന്ദേഹം ഉള്ളവരുമാണെന്നാണ്. എന്നാൽ മീറ്റിംഗുകൾക്കായി ഒന്നിച്ചു കൂടുമ്പോൾ എടുക്കുന്ന തീരുമാനങ്ങൾ അവരുടെ വ്യക്തിതാൽപ്പര്യങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തമായിരിക്കും. അവർക്ക് ആരെങ്കിലും അപകടസൂചന നൽകിയില്ലെങ്കിൽ, ലോകാനുരൂപമായ ഒരു സംവിധാനത്തിലേക്ക് അവർ നിപതിക്കുമെന്ന് ഞാൻ ഭയപ്പെടുന്നു. ഒരു സംഘടനയുടെ സംവിധാനം വ്യക്തികളെ ദൈവശബ്ദം കേൾക്കുന്നതിൽ നിന്നു തടയുന്നതും, ആ അവസ്ഥയിൽ തന്നെ മുന്നോട്ടു പോകാൻ ഉറച്ച തീരുമാനം ഉള്ളതുമാണെങ്കിൽ എവിടെയോ കഠിനമായ പിശകു സംഭവിച്ചിട്ടുണ്ട്. അതു യേശുവിന്റെ ശൈലിയല്ല.

യേശുവിന്റെ ശൈലി, വ്യക്തികൾക്കുവേണ്ടി തന്നെത്താൻ കൊടുക്കുന്നതാണ്. സംഘടനയുടെ ശൈലിയാകട്ടെ തനിക്കുവേണ്ടി സൂക്ഷിക്കുന്നതാണ്. സ്വയത്തിനുവേണ്ടി കരുതുന്നത് യേശുവിന്റെ കല്പനയുടെ ലംഘനമാണ്. "തന്റെ ജീവനെ നേടുവാൻ നോക്കുന്നവനെല്ലാം അതിനെ കളയും; അതിനെ കളയുന്നവനെല്ലാം അതിനെ രക്ഷിക്കും" (ലൂക്കൊസ് 17:33).

ഒരു സമയം കഴിയുമ്പോൾ സംഘടനകൾ "വകുപ്പുകളുടെ കഠിനപ്പെടൽ" അനുഭവിക്കുകയും അവർ സേവിക്കുന്ന വ്യക്തികളെക്കാൾ ആ വകുപ്പുകൾ അവർക്കു പ്രാധാന്യമുള്ളതായിത്തീരുകയും ചെയ്യുന്നു. ഈ സ്ഥിതിവിശേഷത്തെ നന്നായി വിവരിക്കുന്നതാണ് ഗ്രീക്കു പുരാണത്തിലെ പ്രോക്രസ്റ്റസിന്റെ കഥ:

രണ്ടു പ്രധാന നഗരങ്ങൾക്കിടയിലായിരുന്ന പ്രോക്രസ്റ്റസിന്റെ വീട്, രണ്ടിൽ നിന്നും ഒരു ദിവസത്തെ വഴി ദൂരമുണ്ട് വീട്ടിലേക്ക്. ഈ വീടിന്റെ പ്രത്യേക സ്ഥാനം മൂലം യാത്രക്കാർ രാത്രി പാർക്കുന്നതിനും ഭക്ഷണത്തിനുമായി അവിടെയെത്തുമായിരുന്നു. പ്രോക്രസ്റ്റസിന്റെ വീട്ടിലെ അതിഥി സൽക്കാരം അവർ ഇതുവരെ അനുഭവിച്ചിട്ടുള്ളതിനേക്കാൾ വളരെ മേന്മയേറിയതായിരുന്നു. ഭക്ഷണം വിഭവസമൃദ്ധവും മുറികൾ വിശാലവുമായിരുന്നു. മാത്രമല്ല അദ്ദേഹം പ്രതിഫലം സ്വീകരിച്ചിരുന്നുമില്ല. അതിഥികൾ ഒരു നിയമവും പാലിക്കേണ്ടതില്ല എന്നറിയുമ്പോൾ അവരുടെ സന്തോഷം വർദ്ധിക്കും. ഒരു രാത്രി പാർക്കുന്നതിന് ഒരേ ഒരു നിബന്ധന മാത്രം. അവിടെ പാർക്കുന്ന ആൾ കിടക്കുന്ന കട്ടിലിന്റെ കൃത്യമായ അളവായിരിക്കണം. ആൾ ചെറുതാണെങ്കിൽ അവനെ കാലിലും തലയിലും പിടിച്ച് വലിച്ചു നീട്ടും. കട്ടിലിനേക്കാൾ വലുതാണ് ആളെങ്കിൽ കൃത്യ അളവിൽ മുറിച്ചുമാറ്റും.

താമസത്തിനെത്തിയ പലരും കൃത്യ അളവായിരുന്നു. അവർ നന്നായി ഉറങ്ങി, പ്രോക്രസ്റ്റസിന്റെ ആതിഥ്യമര്യാദയെ ജനം നാടുനീളെ വാഴ്ത്തിപ്പാടി. ആ വഴി സഞ്ചരിക്കുമ്പോൾ അവിടെ കയറി പാർക്കാൻ കൂട്ടുകാരെ അവർ ഉത്സാഹിപ്പിച്ചു. എന്നാൽ പ്രോക്രസ്റ്റസിന്റെ വീട്ടിൽ അനേകർ കൊല്ലപ്പെട്ടു. അവരുടെ സാക്ഷ്യം ആരും കേട്ടില്ല.

സഭകളും ഇതര ആത്മീയ സംഘടനകളും സ്ഥിരപ്പെട്ടു കഴിയുമ്പോൾ അവരുടെ ദൈവശാസ്ത്രവും സാമൂഹിക ഘടനയും കർക്കശമായിത്തീരുന്നു. ഒരു പുതിയ കാഴ്ചപ്പാടോ പ്രവാചക ശബ്ദമോ പുറപ്പെടുവിക്കുന്നവൻ സംഘടനയുടെ യെരൂശലേമിൽ (ഹെഡ് ക്വാർട്ടേഴ്സിൽ) നിന്നു പുറത്താക്കപ്പെടുകയോ കല്ലെറിയപ്പെടുകയോ ചെയ്യുന്നു. നിർദ്ദേശിക്കപ്പെട്ട മാതൃകയ്ക്ക് യോജിച്ചവർ മാത്രം നിലനിൽക്കുന്നു. അനുയോജ്യരായവർ മാത്രം തിരഞ്ഞെടുക്കപ്പെടുകയും ഉന്നതങ്ങളിലേക്ക് പടിപടിയായി കയ





റാൻ പ്രാപ്തിയുള്ളവർ മാത്രം അംഗീകരിക്കപ്പെടുകയും ചെയ്യുന്നു. രാഷ്ട്രീയ കഴിവിന്റെ കാർക്കശ്യം വിജയം കൊയ്യുമ്പോൾ ആത്മീയ നേതൃത്വം വഴിയരികിൽ നിലംപൊത്തുന്നു. പല പുതിയ പ്രസ്ഥാനങ്ങളുടെയും ആരംഭകാലങ്ങൾ, പ്രാപ്തി കൊണ്ടുമാത്രം നേതൃത്വ സ്ഥാനത്തെത്തിയ നേതാക്കന്മാരെക്കൊണ്ട് ശ്രദ്ധേയമായിരുന്നു. എന്നാൽ പിൽക്കാലത്ത്, പ്രസ്ഥാനം മരിക്കുകയും നേതൃത്വം കേവലം ഉദ്യോഗസ്ഥന്മാരുടെ ഗണമായിത്തീരുകയും ചെയ്തു.

ശുശ്രൂഷയ്ക്കുവേണ്ടി പരിശീലനം നേടിക്കൊണ്ടിരിക്കുന്ന പലരോടും അവരുടെ സഭയിൽ ഏപ്രകാരമുള്ള ആത്മീക നേതാക്കളെയാണ് അവർ ആഗ്രഹിക്കുന്നതെന്ന് ഞാൻ ചോദിച്ചിട്ടുണ്ട്. ഒരിക്കൽപോലും ഏതെങ്കിലുമൊരു പ്രസ്ഥാനത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട നേതാവിന്റെ പേര് ആരും പറഞ്ഞില്ല. എന്നിരുന്നാലും യഥാർത്ഥ നേതൃത്വം ലഭിക്കാനുള്ള നമ്മുടെ അവകാശം അധികാരത്തിനുവേണ്ടിയുള്ള കൃത്രിമ പദ്ധതികളാൽ നിഷേധിക്കപ്പെടുന്നു.

അത്തരം പരാജയങ്ങളെ തടയുന്നതിന് ഒരു സംഘടനയ്ക്ക് എന്തു ചെയ്യാൻ കഴിയും? അടിസ്ഥാനപരമായി അതിന് ഒന്നും ചെയ്യാൻ കഴികയില്ല. അത് മൃഗത്തിന്റെ സ്വഭാവമാണ്. അതിനെ കൈകാര്യം ചെയ്യാനുള്ള ഏകവഴി അതിനെ കൊല്ലുകയെന്നതാണ്. അതു കഠിനമായൊരു നിർദ്ദേശമാണുതാനും.

എല്ലാ മതസംഘടനകളുടെയും ആദ്യത്തെ ഭരണഘടനയിൽ, അമ്പതു വർഷത്തിനുശേഷം അതു പിരിച്ചു വിടണമെന്നുള്ള, ഭേദഗതി വരുത്താനാവാത്ത വ്യവസ്ഥ ഉൾപ്പെടുത്തേണ്ടതാണ്. ചിലതിന് സമയപരിധി 25 വർഷമാകാം. ഇത് ദൈവവുമായി നിരന്തരം ബന്ധപ്പെട്ട് ഉണർവിനുള്ള അവസരം ഒരുക്കുന്നതിനായി സംഘടനയെ സ്വതന്ത്രമാക്കുന്നു. സമ്പത്തും സ്ഥാനമാനവും തേടുന്നതിൽ നിന്നും ഇതു സംഘടനയെ സ്വതന്ത്രമാക്കുന്നു. അതിന്റെ ഫണ്ട് ജനങ്ങളിലേക്ക് തിരിച്ചുവിടണം. ക്രിസ്താനുരൂപമല്ലാത്ത സംഘടന മരിക്കും, ജനത്തെ നശിപ്പിച്ചു എന്ന കുറ്റബോധം സഭയ്ക്ക് ഉണ്ടാകുകയുമില്ല.

എന്തായാലും പരിശുദ്ധാത്മാവിന്റെ പ്രവർത്തന രീതിയാണ് തീർച്ചയായും ഇത്തരത്തിലുള്ള സമീപനം. സജീവവും തന്നോടു ബന്ധപ്പെട്ടിരിക്കുന്നതുമായ പുതിയ പ്രസ്ഥാനങ്ങളെ അവൻ എഴുന്നേൽപ്പിച്ചു കൊണ്ടിരിക്കുന്നു. പഴയ പ്രസ്ഥാനങ്ങൾ കോപിഷ്ടരാകുകയും പുതിയതിനെ പുറത്തു ചാടിക്കുകയും ചെയ്യുന്നു. അതാകട്ടെ തനിക്കു ചുറ്റുമുള്ള മറ്റേതിനെക്കാളും വേഗത്തിൽ വളർന്നുകൊണ്ട് ജീവൻ പ്രദർശിപ്പിക്കുകയും തന്നെ പുറത്താക്കിയ പ്രസ്ഥാനത്തിന്റെ അത്രയും വലുതാകയും ചെയ്യുന്നു. തുടർന്ന് ആ പ്രസ്ഥാനവും മുൻപത്തേതിനേപ്പോലെ കർക്കശമാകയും

പരിശുദ്ധാത്മാവിനോടും ജനങ്ങളോടും കൂടുതൽ ബന്ധം പുലർത്തുന്ന മറ്റൊരു പ്രസ്ഥാനം ഉടലെടുക്കുകയും വീണ്ടും അതും പുറത്താക്കപ്പെടുകയും പിന്നീട് തനിയെ വളരുകയും അങ്ങനെ ആ പക്രിയ തുടർന്നു കൊണ്ടേയിരിക്കയും ചെയ്യുന്നു. എന്തുകൊണ്ട് പരിശുദ്ധാത്മാവിനോടൊപ്പം സഞ്ചരിച്ച് നമ്മെ മരണത്തിനേൽപ്പിച്ചു കൊടുത്തുകൊണ്ട് ഒരു ഗോതമ്പുമണിപോലെ വലിയ വിളവ് ഉത്പാദിപ്പിച്ചുകൂടാ?

നമ്മോടു തന്നെ സത്യസന്ധത പുലർത്താൻ യേശുവിന്റെ താഴ്മ നമ്മോട് ആവശ്യപ്പെടുന്നു; എന്നാൽ തങ്ങളെത്തന്നെ സംരക്ഷിക്കാൻ ശ്രമിക്കുന്ന സംവിധാനങ്ങളാകട്ടെ, ആളുകൾ തങ്ങളെ പിന്താങ്ങുന്നതിന് പ്രേരിപ്പിക്കുന്നതും ഉൽപ്പന്ന വിപണനത്തിനു സഹായകരവുമായ സത്യങ്ങൾ മാത്രമേ പുറത്തു പറയാറുള്ളൂ. ചില പ്രസ്ഥാനങ്ങൾ മരിച്ചു നാളുകൾ കഴിഞ്ഞും അതു നിലനിൽക്കുന്നുവെന്നും സജീവമാണെന്നും ജനത്തെ ബോധ്യപ്പെടുത്തുവാൻ പോരുന്നവയാണ് അവയുടെ പ്രൊമോഷണൽ തന്ത്രങ്ങൾ. യേശുവിന്റെ ശൈലി പിന്തുടരുമ്പോൾ സ്വയം വളർത്തുന്നതിനും മഹത്വപ്പെടുത്തുന്നതിനും പരീക്ഷിക്കപ്പെടുകയില്ല. അവയെ സേവിക്കുവാൻ ലഭിക്കുന്ന അവസരം നന്ദിയോടെ സ്വീകരിക്കുന്ന ആളുകൾ സ്വമേധയാ നൽകുന്ന സഹായങ്ങൾ മാത്രമേ യേശുവിന്റെ ശൈലി പിൻപറ്റുന്ന പ്രസ്ഥാനങ്ങൾ സ്വീകരിക്കുകയുള്ളൂ. ഒരു പ്രസ്ഥാനം അതിനെത്തന്നെ ഉയർത്തുവാൻ ആരംഭിക്കുന്ന നിമിഷം അത് ക്രിസ്തുവിന്റെ സ്വഭാവം ലംഘിക്കുകയും സ്വയഹത്യക്കുള്ള വിഷം കുടിക്കുകയും ചെയ്യും.

ആത്മീയ പ്രസ്ഥാനങ്ങൾ തങ്ങളുടെ കരുതൽ ധനം പരിമിതപ്പെടുത്തേണ്ടതുണ്ട്. എത്ര കൂടുതൽ പണം നാം കരുതുന്നുവോ, പരിശുദ്ധാത്മാവിലുള്ള നമ്മുടെ ആശ്രയവും ജനങ്ങളോടുള്ള സേവനതൽപ്പരതയും അത്രകണ്ട് കുറയുന്നതാണ്. പുഴുവും തുരുമ്പും കെടുക്കയും കള്ളന്മാർ തുരന്നു മോഷ്ടിക്കുകയും ചെയ്യുന്നിടത്ത് സഭകൾപോലും തങ്ങളുടെ നിക്ഷേപം സ്വരൂപിക്കരുത്. വലിയതുക സംഭരിക്കാനനുവദിക്കുന്നതല്ല ക്രിസ്തുവിന്റെ പ്രകൃതി. ഭീമമായ തുക കൈവശം വെയ്ക്കുന്ന ഒരു സംഘടനയെ നിങ്ങൾ കണ്ടാൽ, ആക്ഷേപം പറയാൻ എന്തോ ഒന്ന് അതിലൊളിഞ്ഞു കിടപ്പുണ്ടെന്ന് ചിന്തിച്ചു കൊള്ളേണം.

ഒരു പ്രസ്ഥാനവും അതിന്റെ നേട്ടത്തിനുവേണ്ടി ജനങ്ങളിൽനിന്നും എന്തെങ്കിലും ആവശ്യപ്പെട്ടുകൊണ്ട് യേശുവിന്റെ സ്വഭാവത്തെ ലംഘിച്ചുകൂടാ. സ്വമേധയാ പ്രവർത്തകരെക്കൊണ്ടാണ് ദൈവരാജ്യം പണിയപ്പെട്ടിരിക്കുന്നത്. ഒരു ദാസനായി, ശിശുവായി, ഏറ്റവും ചെറിയവനായി പ്രവർത്തിക്കുന്ന ഒരുവന് മറ്റുള്ളവരിൽ നിന്നും ഒന്നും ആവശ്യപ്പെടാനാവില്ല. അങ്ങനെ ചെയ്യുന്ന പ്രസ്ഥാനം ആശയറ്റതും മരിച്ചുകൊണ്ടിരിക്കുന്നതുമായിരിക്കും.





ഓരോ പ്രസ്ഥാനത്തിനുമുണ്ടായിരിക്കേണ്ട പ്രഥമ പരിഗണന, സ്നേഹിക്കാനുള്ള കല്പന നിവൃത്തിക്കുന്ന പരസ്പരബന്ധം വളർത്തിയെടുക്കുക എന്നതായിരിക്കേണം. സ്നേഹത്തിനും ഐക്യതയ്ക്കും അതീതമായി അധികാരവും അനുസരണവും ആവശ്യപ്പെടുന്ന ഒരു കീഴ്വഴക്കവും വളർത്തുവാൻ പാടില്ല. പ്രസ്ഥാനത്തിലെ ഒരംഗവും ജനങ്ങളോടുള്ള ബന്ധത്തിൽ നിന്നകന്ന് അധികാരത്തിന്റെ ഒരു പടി മുകളിൽ ആയിരിക്കരുത്. പദവിയുടെ അടിസ്ഥാനത്തിൽ ഒരു അധികാരവും നൽകപ്പെടരുത്. ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട വ്യക്തികളിൽ മാത്രമേ അധികാരം പകരപ്പെടാവൂ. കഴിവുകൾ അവർക്ക് അംഗീകാരം നേടിക്കൊടുക്കുന്നില്ലെങ്കിൽ പദവികൾക്കൊണ്ട് അതു നേടിയെടുക്കാനനുവദിക്കരുത്. പ്രസ്ഥാനം നൽകുന്ന പദവികൾ ഒരിക്കലും ദൈവദത്തമായ കഴിവുകൾക്കും തന്മൂലമുണ്ടാകുന്ന അധികാരത്തിനും പകരമാവില്ല.

വോട്ടെടുപ്പ് തുടങ്ങിയ ലോകത്തിന്റെ രീതികളിൽ നിന്നും (ഭവനത്തിലെ ഛരിദ്രിപ്പ് എന്ന് ഇതിനെ വിളിക്കാം) നാം നമ്മെത്തന്നെ സ്വതന്ത്രരാക്കുകയും, തുറന്നതും പരസ്പരം കരുതുന്നതുമായ ബന്ധത്താലുളവാകുന്ന ഐക്യതയിൽ നിന്നും ഉരുത്തിരിയുന്ന തീരുമാനങ്ങളെടുക്കാൻ പഠിക്കയും വേണം. അവ സ്വന്തം സാമ്രാജ്യം പണിയാനിഷ്ടമില്ലാത്ത നേതാക്കന്മാരുടെ തീരുമാനങ്ങളും, ആരുടെയും ഇഷ്ടങ്ങളെ അതിലംഘിക്കാതെ ശ്രദ്ധാപൂർവ്വമെടുത്ത തീരുമാനങ്ങളുമായിരിക്കും!

ഓർഡിനേഷൻ മൂലം ലഭ്യമാകുന്ന അവകാശങ്ങൾ കൊണ്ട് അനുഗൃഹീതരായ ഉയർത്തപ്പെട്ടവർ എന്ന നിലയിൽ ശുശ്രൂഷകന്മാരെ കാണുന്നതിൽനിന്നും നാം സ്വാതന്ത്ര്യം നേടണം. അത്തരം സംവിധാനങ്ങൾ കേവലം പ്രസംഗകരുടെ സംഘടനമാത്രമാണ്; ദാസത്വവുമായി അതിനുയാതൊരു ബന്ധവുമില്ല. എല്ലാ ഭൗതിക പ്രസ്ഥാനങ്ങളും പൈശാചികമാണ്. കാരണം, അവ പിശാച് ചെയ്യുന്ന അതേ കാര്യം തന്നെയാണ് ജനത്തിനു ചെയ്യുന്നത് എന്നു വില്യം സ്ട്രിംഗ്ഫെല്ലോ പ്രസ്താവിച്ചത് സത്യമാണ്. അദ്ദേഹത്തിന്റെ പ്രസ്താവനയെ എതിർക്കുക എനിക്കു ബുദ്ധിമുട്ടാണ്.

യേശു ജനത്തിനിടയിൽ നടന്നു. ആളുകൾ ഒരുമിച്ചു കൂടുന്നതും അധികാര സ്തൂപത്തിന്റെ ചെറിയ ഭാഗം ഇരിക്കുന്നതുമായ സിനഗോഗ് പോലെയുള്ള സ്ഥലങ്ങളിൽ പോകുന്നതൊഴികെ തന്റെ കാലത്തെ മറ്റൊരു മത പ്രസ്ഥാനങ്ങളുടെയും ഭാഗമായി യേശു മാറിയില്ല. ആത്മീയ മണ്ഡലത്തിന് ശക്തമായൊരു മാർഗ്ഗദർശിയാണ് ഈ വസ്തുത.

യേശുവിന്റെ ജീവിതം നാം പരിശോധിക്കുമ്പോൾ, അവന്റെ കോപം ജ്വലിപ്പിച്ചത് ജനങ്ങളുടെ ആവശ്യങ്ങൾ കാണാനുള്ള കാഴ്ച നശിച്ചവരും, ദാസത്വം ഉപേക്ഷിച്ചവരും, സ്വയം പോഷിപ്പിക്കപ്പെടുന്ന പ്രസ്ഥാന

ങ്ങൾക്കുള്ളിൽ അടയിരിക്കുന്നവരുമായ വ്യക്തികളാണെന്നു കാണാം. “ശബത്ത്നാളിനെ ശുദ്ധീകരിക്കാൻ ഓർക്ക” തുടങ്ങിയ കഴിഞ്ഞ കാലഘട്ടത്തിലെ ഏറ്റവും വലിയ കല്പനകൾ പോലും പ്രസ്ഥാനവൽക്കരിക്കപ്പെട്ടു. യേശു അവയെ ശരിയായ വീക്ഷണത്തിലേക്കു കൊണ്ടുവന്നു: “മനുഷ്യൻ ശബ്ബത്ത് നിമിത്തമല്ല; ശബ്ബത്ത് മനുഷ്യൻ നിമിത്തമത്രേ ഉണ്ടായത്” (മർക്കൊസ് 2:27).

ക്രിസ്തുവിന്റെ സ്നേഹം മനുഷ്യന്റെ വീണ്ടെടുപ്പിനെ ലക്ഷ്യമാക്കിയുള്ളതായിരുന്നു; അവൻ സത്യമറികയും സ്വതന്ത്രനാകയും ചെയ്യേണ്ടതിനായിരുന്നു. അല്ലാതെ അവന്റെ ജീവിതത്തെയും പ്രവർത്തനങ്ങളെയും നിയന്ത്രിക്കുന്നതിനായിരുന്നില്ല. പ്രമാണം സ്നേഹത്തിനു കീഴ്പ്പെട്ടു പോകേണ്ടതാണ്. ജനത്തെയും അവരുടെ ആവശ്യങ്ങളെയും തരംതാഴ്ത്തുകയും അവഗണിക്കുകയും ചെയ്യുന്ന ഏതൊരു വ്യക്തിക്കും സംവിധാനത്തിനും നേരെ യേശുവിന്റെ കോപം ജ്വലിച്ചു.

> “കപടഭക്തിക്കാരായ ശാസ്ത്രിമാരും പരീശന്മാരുമായുള്ളോരേ നിങ്ങൾക്കു ഹാ കഷ്ടം; നിങ്ങൾ തുളസി, ചതകുപ്പ, ജീരകം ഇവയിൽ പതാരം കൊടുക്കുകയും ന്യായം, കരുണ, വിശ്വസ്തത ഇങ്ങനെ ന്യായപ്രമാണത്തിൽ ഘനമേറിയവ ത്യജിച്ചു കളകയും ചെയ്യുന്നു.”
>
> “പാമ്പുകളേ, സർപ്പസന്തതികളേ, നിങ്ങൾ നരകവിധി എങ്ങനെ ഒഴിഞ്ഞുപോകും? അതുകൊണ്ടു ഞാൻ പ്രവാചകന്മാരെയും ജ്ഞാനികളെയും ശാസ്ത്രിമാരെയും നിങ്ങളുടെ അടുക്കൽ അയക്കുന്നു; അവരിൽ ചിലരെ നിങ്ങൾ ക്രൂശിച്ചു കൊല്ലുകയും ചിലരെ നിങ്ങളുടെ പള്ളികളിൽ ചമ്മട്ടി കൊണ്ട് അടിക്കയും പട്ടണത്തിൽ നിന്നു പട്ടണത്തിലേക്ക് ഓടിക്കയും ചെയ്യും.” (മത്തായി 23-ൽ നിന്നും)

പരീശന്മാർ തങ്ങൾ തന്നെ പണിതുയർത്തിയ സംവിധാനത്താൽ മസ്തിഷ്കപ്രക്ഷാളനത്തിന് വിധേയപ്പെട്ടിരുന്നതിനാൽ, അതുപയോഗിച്ച് ജനങ്ങളെ എങ്ങനെ നശിപ്പിക്കാം എന്നു മാത്രമേ അവർക്കറിയാമായിരുന്നുള്ളു. യേശുവിന്റെ ശാപവചസ്സുകൾ ഒരു പ്രത്യേക വിഭാഗത്തിനു നേരെ മാത്രമുള്ളവയാണെന്ന് ചിന്തിക്കത്തക്കനിലയിൽ നാം അന്ധരായിക്കൂടാ. അത് ഇക്കാലത്തേക്കുള്ളതാണ്.

ലോകത്തിന്റെ പ്രസ്ഥാനങ്ങളും സംഘടനകളും അവയുടെ ഭരണസംവിധാനവും ക്രിസ്തുവിന്റെ ജീവനുള്ള ശരീരവുമായി ഒരു ബന്ധവും പുലർത്തുന്നില്ലെന്ന് കാണാൻ തക്കവണ്ണം നമ്മുടെയുള്ളിലെ നൂറ്റാണ്ടുകൾ പഴക്കമുള്ള തെറ്റിദ്ധാരണ ദൈവം മായിച്ചുകളയട്ടെ. ലോകസംവി





ധാനം എത്ര മികവുറ്റതായാലും അവയെ അതേനിലയിൽ സഭയിൽ പ്രയോഗിക്കാൻ കഴികയില്ല.

തന്റെ കാലഘട്ടത്തിലെ ലോകസംവിധാനത്തോടുള്ള ബന്ധത്തിൽ യേശു എങ്ങനെയാണ് ജീവിച്ചതെന്ന് നമ്മെ ബോദ്ധ്യപ്പെടുത്തുന്ന ഒരു വേദഭാഗം കൂടി ഉദ്ധരിക്കുവാൻ ഞാനാഗ്രഹിക്കുന്നു. അതു പ്രയോഗത്തിലാക്കാൻ നിങ്ങൾക്കും പരിശുദ്ധാത്മാവിനും ഞാൻ വിട്ടുതരുന്നു:

> “മഹാപുരോഹിതൻ പാപപരിഹാരമായി രക്തം വിശുദ്ധമന്ദിരത്തിലേക്കു കൊണ്ടു പോകുന്ന മൃഗങ്ങളുടെ ഉടൽ പാളയത്തിനു പുറത്തു വെച്ചു ചുട്ടുകളയുന്നു. അങ്ങനെ യേശുവും സ്വന്ത രക്തത്താൽ ജനത്തെ വിശുദ്ധീകരിക്കേണ്ടതിനു നഗരവാതിലിനു പുറത്തുവെച്ചു കഷ്ടം അനുഭവിച്ചു. ആകയാൽ നാം അവന്റെ നിന്ദ ചുമന്നുകൊണ്ടു പാളയത്തിനു പുറത്ത് അവന്റെ അടുക്കൽ ചെല്ലുക. ഇവിടെ നമുക്കു നിലനിൽക്കുന്ന നഗരമില്ലല്ലോ, വരുവാനുള്ളതു അത്രേ നാം അന്വേഷിക്കുന്നത്” (എബ്രായർ 13:11-14).

# നമ്മെ ഒന്നിച്ചു നിർത്തുന്നത്

സകല ക്രിസ്തീയ സമൂഹങ്ങളും യോജിക്കുന്ന ഒരു വിഷയമുണ്ടെങ്കിൽ അതു “യേശുവാണ് കർത്താവ്” എന്നതു മാത്രമാണ്. ഉപദേശവ്യതിയാനങ്ങളും സാംസ്കാരിക വൈജാത്യങ്ങളും വ്യക്തിപരമായ ലാഭേച്ഛകളും ഇന്നു നാം ആയിരിക്കുന്ന തരത്തിൽ പല ഗ്രൂപ്പുകളായി നമ്മെ ചിതറിച്ചിരിക്കുന്നു. യേശു പ്രാർത്ഥിച്ചതുപോലെ ഒരു ഐക്യതയുണ്ടെങ്കിൽ അത് അവനെ പ്രതി, അവനെ പ്രതി മാത്രമാണ്.

കത്തോലിക്കാ സഭയിലെ കന്യാസ്ത്രീകളുടെ ഒരു മീറ്റിംഗിൽ, എക്യൂമെനിസത്തെക്കുറിച്ചും നമ്മെ ഭിന്നിപ്പിക്കുന്ന വിഷയങ്ങൾ എന്തെല്ലാമെന്നതിനെക്കുറിച്ചും പ്രസംഗിക്കാൻ ക്ഷണിക്കപ്പെട്ട ചുരുക്കം ചില പ്രോട്ടസ്റ്റന്റ് ശുശ്രൂഷകന്മാരിൽ ഒരാളായിരുന്നു ഞാൻ. സഭാ ചരിത്രത്തിന്റെയും പാരമ്പര്യത്തിന്റെയും ചുരുൾ നിവർത്തി, ജ്ഞാനവും വാഗ്വൈഭവവും തെളിയിക്കുന്ന പ്രസംഗങ്ങൾക്കൊടുവിൽ പ്രസംഗിക്കാനെഴുന്നേറ്റ എന്റെ ലളിതമായ ആമുഖ പ്രസ്താവന എന്നെത്തന്നെ അമ്പരപ്പിച്ചു. ഞാൻ പറഞ്ഞു: “വളരെ പ്രായം കുറഞ്ഞതെങ്കിലും ഞങ്ങളെത്തന്നെ വേർതിരിച്ചു നിർത്താൻ അനേക പാരമ്പര്യങ്ങൾ വികസിപ്പിച്ചെടുത്ത ഒരു സഭയിലെ അംഗമാണു ഞാൻ. ഞാൻ അവയെ വിശദീകരിക്കുന്നില്ല, നിങ്ങൾ അതറിയുകയും വേണ്ട. ഇന്നു നാം ഇരുകൂട്ടരും ചർച്ച ചെയ്യാൻ ഉദ്ദേശിക്കുന്നതിനേക്കാൾ കൂടുതൽ പാരമ്പര്യങ്ങൾ ഉള്ള പഴയ സഭയുടെ അംഗങ്ങളാണ് നിങ്ങൾ. നമ്മുടെ രീതികൾ വ്യത്യാസപ്പെടുത്തുന്നതുകൊണ്ട് നാം ഒന്നിക്കുകയില്ല. എന്നാൽ ഏതെങ്കിലും സമയത്ത് നിങ്ങൾക്ക് ഒന്നിച്ചുകൂടാനും യേശുവിനെക്കുറിച്ച് സംസാരിക്കാനും ആഗ്രഹമുണ്ടായാൽ എന്നെ വിളിക്കൂ, ഞാൻ തയ്യാറാണ്.” ഇത്രയും പറഞ്ഞിട്ട് ഞാനിരുന്നു. യോഗാവസാനത്തിൽ തങ്ങളുടെ സ്കൂളുകളിൽ വന്ന് ഇതേ കാര്യം പറയണമെന്ന അഭ്യർത്ഥനകൾ എന്റെ മുമ്പിൽ കുമിഞ്ഞുകൂടി.

ചില വർഷങ്ങൾക്കു മുമ്പ് സിംഗപ്പൂരിൽ നടന്ന ഒരു സമ്മേളനത്തിൽ

ഞാൻ സംബന്ധിച്ചു. സഭാ ഐക്യത്തിന്റെ സാദ്ധ്യകളെക്കുറിച്ച് ചിന്തിക്കുകയും ദൈവം ഓരോരുത്തരോടും എന്തു സംസാരിക്കുന്നു എന്നു കേൾക്കുകയും ചെയ്യുക എന്നതായിരുന്നു സമ്മേളനത്തിന്റെ ലക്ഷ്യം. നാൽപ്പത് വ്യത്യസ്ത സഭകളിൽ നിന്നുള്ള നാനൂറു പേർ സംബന്ധിച്ചിരുന്നു. ഒരാഴ്ചത്തെ തീവ്രമായ ആശയവിനിമയത്തിനു ശേഷം ഉരുത്തിരിഞ്ഞ, എല്ലാവർക്കും സ്വാതന്ത്ര്യമായി ഒപ്പുവെക്കാൻ കഴിഞ്ഞ ഏക പ്രസ്താവന "യേശുക്രിസ്തു കർത്താവ്" എന്നതായിരുന്നു.

സജീവമായ ഒരു അഖിലലോക സഭ ഒരിക്കലും ഉണ്ടാകുകയില്ല, അഥവാ ഒന്നുണ്ടായാൽ അത് ബഹുമാനിക്കപ്പെടുന്നതിനെക്കാൾ കൂടുതൽ ഭയപ്പെടുന്നതായിരിക്കും. എന്നാൽ ഐക്യതയിൽ ജീവിക്കുക എന്നത് സാധ്യമാകുന്നത് യേശുവിന്റെ പ്രാർത്ഥന പിതാവ് കേൾക്കുമ്പോഴാണ്: "പരിശുദ്ധപിതാവേ, അവർ നമ്മെപ്പോലെ ഒന്നാകേണ്ടതിനു നീ എനിക്കു തന്നിരിക്കുന്ന നിന്റെ നാമത്തിൽ അവരെ കാത്തുകൊള്ളേണമേ... നീ എന്നെ അയച്ചിരിക്കുന്നു എന്നും നീ എന്നെ സ്നേഹിക്കുന്നതു പോലെ അവരെയും സ്നേഹിക്കുന്നു എന്നും ലോകം അറിവാൻ നാം ഒന്നായിരിക്കുന്നതു പോലെ അവരും ഒന്നാകേണ്ടതിനു ഞാൻ അവരിലും നീ എന്നിലുമായി അവർ ഐക്യത്തിൽ തികഞ്ഞവരായിരിക്കേണ്ടതിനു തന്നേ." (യോഹന്നാൻ 17:11,23).

സഭാ ഐക്യത നല്ല രീതിയിൽ പുലരുന്നതു കാണാൻ എനിക്കവസരം ഉണ്ടായിട്ടുണ്ട്. യേശുവിന്റെ ദാസശൈലിയിൽ ജനം ജീവിക്കുമ്പോഴാണ് അതു ദൃശ്യമാകുന്നത്. അനേക സഭകൾ പിളരുന്നതു ഞാൻ കണ്ടിട്ടുണ്ട്. ആരാണ് ദാസനാകേണ്ടത്, ആര് ഏറ്റവും ചെറിയവനാകും, ആര് ഒടുക്കത്തവനാകും, ആര് ഒരു ബഹുമാനവുമില്ലാത്തവനാകും, ഏറ്റവുമൊടുവിൽ ബലം പ്രയോഗിക്കുന്നതാരായിരിക്കും എന്നീ വിഷയങ്ങളിലാണ് തർക്കമുയരുന്നതെങ്കിൽ സഭ പിളരുകയില്ലെന്ന് വ്യക്തമാണ്. യേശു നമ്മെ സ്നേഹിച്ചതുപോലെ പരസ്പരം സ്നേഹിക്കുമ്പോഴാണ് ഐക്യത ഉണ്ടാകുന്നത്. അതുകൊണ്ടാണ്, അവൻ നമ്മെ സ്നേഹിച്ചത് എങ്ങനെയെന്നും നമുക്ക് പരസ്പരം സ്നേഹിക്കാൻ എങ്ങനെ കഴിയുമെന്നും സഭയ്ക്ക് എങ്ങനെ ഐക്യപ്പെടാൻ കഴിയുമെന്നും നമ്മെ ബോധ്യപ്പെടുത്തുന്നതിന് അവന്റെ സ്വഭാവത്തെക്കുറിച്ചുള്ള വിവരണം നമുക്കു നൽകിയിരിക്കുന്നത്.



# ശരീരത്തോടൊപ്പം വീട്ടിൽ

ദാസ ജീവിതശൈലി ആരംഭിക്കാൻ നിങ്ങൾ തയ്യാറാണെങ്കിൽ നിങ്ങൾക്ക് ഒരു സ്ഥലവും പോകേണ്ട ദിശയും കാണിച്ചു തരാൻ ഞാനിഷ്ടപ്പെടുന്നു. ഇവിടെപ്പറയുന്ന ശുപാർശകൾ അനന്യസാധാരണ നിർദ്ദേശങ്ങളല്ല എന്നിരുന്നാലും ദാസത്വത്തിന്റെ പൂർത്തീകരണത്തിൽ പലർക്കും അപരിചിതമായ ആത്മാർത്ഥത ആവശ്യമുണ്ട്. അതുകൊണ്ട് നിങ്ങൾക്ക് യാത്ര ആരംഭിക്കാൻ ഉതകുന്ന ചെറിയ സമൂഹങ്ങളുടെ അനുഭവം ഞാൻ നിങ്ങളുമായി പങ്കുവെയ്ക്കുകയാണ്.

ക്രിസ്ത്യാനിത്വത്തിന്റെ സ്ഫോടനാത്മകശക്തി അനുഭവിച്ചറിയുന്നതിന് അനുയോജ്യമായ സ്ഥലം ഭവനമാണെന്ന് ആദിമ സഭ കണ്ടെത്തി. അവിടെ ആചാരങ്ങളുടെ കെണികൾക്ക് മുറിയുണ്ടായിരുന്നില്ല. എല്ലാവരുടെയും പങ്കാളിത്തം സാദ്ധ്യമാക്കുന്നതിനും സാധാരണത്വം പുലർത്തുന്നതിനും ചെറിയ മുറികൾ സഹായകമായി. എല്ലാവരും പരസ്പരം അറിഞ്ഞിരുന്നതിനാൽ നല്ല ബന്ധം നിലനിർത്തുന്നതിന് പ്രാഥമികമായ പരിഗണന നൽകിയിരുന്നു. ഓരോ വ്യക്തിക്കും ശുശ്രൂഷിക്കുന്നതിനും പ്രാർത്ഥിക്കുന്നതിനും സമയം ഉണ്ടായിരുന്നു. സംഭാഷണ രൂപത്തിൽ വചനം പഠിക്കുകയും ഉടൻതന്നെ പ്രയോഗത്തിൽ വരുത്തുകയും ചെയ്തിരുന്നു.

തന്റെ പ്രാഥമിക ശുശ്രൂഷാ സംഘത്തിലേക്ക് യേശു തന്നെ പന്ത്രണ്ടു പേരെ തിരഞ്ഞെടുത്തു. ആഴമായ വ്യക്തിയന്തര ബന്ധം ആവശ്യപ്പെടുന്ന സ്നേഹമാണ് യേശുവിന്റെ പ്രകൃതി. വ്യക്തികൾക്ക് പ്രാധാന്യം ഇല്ലാത്ത വലിയ സമൂഹങ്ങളിൽ ദാസത്വം പാലിക്കുക പ്രയാസകരമാണ്. വഴികാട്ടൽ ശക്തിയായി യേശുവിന്റെ പ്രകൃതി ഉപയോഗപ്പെടുത്തുന്നതിൽ ചെറിയ സമൂഹങ്ങൾക്ക് വിജയിക്കാൻ കഴിയുമെന്ന് ഞാൻ കണ്ടെത്തിയിട്ടുണ്ട്.

ദാസനായിരിക്കാനാഗ്രഹിക്കുന്ന ചെറിയ ഗ്രൂപ്പിന്റെ നേതാവ് മറ്റുള്ളവർക്ക് സ്വാതന്ത്ര്യം നൽകുന്നതിനായി തന്റെ പങ്കാളിത്തം നിയന്ത്രിക്കാൻ

ശ്രമിക്കും. അംഗങ്ങളുടെ ആവശ്യങ്ങൾ നിവർത്തിച്ചു കൊടുക്കുന്നതിൽ അദ്ദേഹം എപ്പോഴും ശ്രദ്ധാലുവായിരിക്കും. ഉദാഹരണത്തിനായി താൻ ആദ്യം ഒരാവശ്യം പങ്കുവെയ്ക്കാതെയും ചോദ്യങ്ങൾക്ക് മറുപടി നൽകാതെയും ഇരിക്കുന്നിടത്തോളം തന്റെ ഗ്രൂപ്പിലെ അംഗങ്ങൾ അവരുടെ ആവശ്യങ്ങൾ പങ്കുവെയ്ക്കണമെന്നും ചോദ്യങ്ങൾക്കു മറുപടി നൽകണമെന്നും നേതാവിന് പ്രതീക്ഷിക്കാനാവില്ല. താൻ ആദ്യം മറ്റുള്ളവർ പറയുന്നത് ശ്രദ്ധിച്ചും അവരെ ഉറപ്പിച്ചും തന്റെ വികാരങ്ങൾ സത്യസന്ധമായി പ്രകടിപ്പിച്ചും മുന്നോട്ടു നയിക്കണം.

താഴ്മ ധരിച്ചുകൊണ്ട് തന്റെ യഥാർത്ഥ വികാരങ്ങൾ പ്രകടിപ്പിക്കുകയും ആവശ്യം വരുമ്പോൾ സ്നേഹത്തോടെ നേരിടുകയും വേണം. ഒരു ശിശുവിനെപ്പോലെ വ്യക്തികളെ മുഖവിലയ്ക്ക് അംഗീകരിക്കുകയും അവരുടെ ജീവിതത്തിലേക്ക് ഒളിഞ്ഞു നോക്കാതെ, അവരോടൊപ്പം സന്തോഷിക്കുകയും കരയുകയും വേണം. ഒരു ബഹുമാനവും ഇല്ലാത്തവനെപ്പോലെ സത്യസന്ധമായി തന്റെ പരാജയങ്ങളും പോരാട്ടങ്ങളും തന്റെ സമൂഹം കാണാൻ അനുവദിക്കുകയും വേണം.

ഇളയവനെപ്പോലെ, ഒരുവനെ മറ്റൊരുവൻ നിന്ദിക്കുന്നതു കാണുവാനുള്ള ശ്രദ്ധ ഉണ്ടായിരിക്കുകയും നിന്ദിക്കപ്പെടുന്നവനെ തലോടുകയും സംരക്ഷിക്കുകയും വേണം

എന്റെ എല്ലാ പഠനങ്ങളിലും ചെറിയ സമൂഹങ്ങളോടൊപ്പമുള്ള സഹകരണത്തിലും യേശുവിന്റെ സ്വഭാവത്താലല്ലാതെ ശരിയായി പ്രവർത്തിക്കുന്ന ഒരു നേതൃത്വ പ്രവൃത്തിയും കാണാൻ കഴിഞ്ഞിട്ടില്ല. ചെറിയ സംവിധാനത്തിലൂടെയുള്ള സഭാജീവിതത്തിന്റെ രഹസ്യം അതാണെന്ന് ഞാൻ കരുതുന്നു. ഈ ബന്ധത്തിന്റെ വളർച്ചയെ സഹായിക്കുന്ന രീതികളെക്കുറിച്ചാണ് അടുത്ത മൂന്നു ഭാഗങ്ങളിൽ ചിന്തിക്കുന്നത്.

## നമ്മുടെ സ്വയത്തെ പങ്കുവെയ്ക്കുക

"അഞ്ചാം ഭേദഗതി, സ്വകാര്യതയ്ക്കുള്ള അവകാശം" എന്ന ചിന്താഗതി ക്രിസ്തുവിന്റെ ശരീരത്തെ, ഒന്നിച്ചുകൂട്ടുകയും എന്നാൽ സംരക്ഷണ കവചത്തിനുള്ളിലിരിക്കുകയും ചെയ്യുന്ന സ്വകാര്യ വ്യക്തികളുടെ ഒരു കൂട്ടം എന്ന അവസ്ഥയിലേക്കു നയിക്കും. ഇതിനെ തകർക്കുന്നതിന് നാം മനഃപൂർവ്വം നമ്മെത്തന്നെ മറ്റുള്ളവർക്ക് പങ്കുവെയ്ക്കണം. നിരീക്ഷണത്തിലൂടെ നിങ്ങൾ എന്നെ മനസ്സിലാക്കുന്നതിനെക്കാൾ കൂടുതൽ എന്നെ ശരിയായി മനസ്സിലാക്കാൻ കഴിയുന്നത് ഞാൻ എന്റെ അനുഭവങ്ങൾ അതിന്റെ യഥാർത്ഥ വികാരങ്ങളോടും പോരാട്ടങ്ങളോടും കൂടെ പങ്കുവെയ്ക്കുമ്പോഴാണ്. എന്റെ കഥ പങ്കുവെയ്ക്കുന്നതും മറ്റുള്ളവരുടെ കൈയിൽ എന്നെ സുതാര്യ അവസ്ഥയിൽ ഏൽപ്പിക്കുന്നതും നിശ്ചയമായും ദാസത്വത്തിന്റെ വ്യവസ്ഥയാണ്.





## സൂര്യപ്രകാശത്തിൽ നടക്കുക

ശരീരത്തിന്റെ പ്രവർത്തനതത്ത്വങ്ങൾക്കനുസരിച്ചല്ലാതെ നിർമ്മിക്കപ്പെട്ട ഒരു സംഘടനയിലാണ് നിങ്ങൾ അംഗമായിരിക്കുന്നതെങ്കിൽ നിങ്ങളുടെ സ്വയം വെളിപ്പെടുത്തലുകൾ ആക്രമണങ്ങളെയും എറ്റുമുട്ടലുകളെയും നേരിടേണ്ടതായി വരും. എന്നാൽ ശരീരത്തിന്റെ രീതി അതല്ല. ഭീഷണി നേരിടുന്നതോ, ഉത്കണ്ഠപ്പെടുന്നതോ ആയ ഒരംഗത്തോടുള്ള ശരീരത്തിന്റെ പ്രതികരണം സംരക്ഷണമാണ്. സ്വയം വെളിപ്പെടുത്തുന്ന ആളുകളോടുള്ള നമ്മുടെ പ്രതികരണം സ്വീകരിക്കലായിരിക്കണം.

ക്രിസ്തുവിന്റെ ശരീരത്തിന്റെ മൊത്തം ഘടനയും പ്രവർത്തനവും, 1 കൊരിന്ത്യർ 12:7–ലെ ഒറ്റ പ്രസ്താവനയിൽ പൗലൊസ് ഉൾക്കൊള്ളിച്ചിരിക്കുന്നു. പരിശുദ്ധാത്മാവിന്റെ വരങ്ങൾ പൊതു പ്രയോജനത്തിനായി ഓരോരുത്തർക്കും നൽകപ്പെടുന്നതായി പൗലൊസ് വ്യക്തമാക്കുന്നു.

എങ്ങനെ പരസ്പരം വീക്ഷിക്കണമെന്നും പ്രതികരിക്കണമെന്നുമുള്ള തന്റെ ശക്തമായ പ്രസ്താവന 2 കൊരിന്ത്യർ 5:16–17 ൽ പൗലൊസ് നൽകുന്നു: "ആകയാൽ ഞങ്ങൾ ഇന്നുമുതൽ ആരെയും ജഡപ്രകാരം അറിയുന്നില്ല; ക്രിസ്തുവിനെ ജഡപ്രകാരം അറിഞ്ഞു എങ്കിലും ഇനിമേൽ അങ്ങനെ അറിയുന്നില്ല. ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു; പഴയത് കഴിഞ്ഞുപോയി, ഇതാ, അതു പുതുതായി തീർന്നിരിക്കുന്നു" (2 കൊരിന്ത്യർ 5:16–17).

മറ്റൊരു വാക്കിൽ പറഞ്ഞാൽ നിങ്ങൾ ഒരു പുതിയ സൃഷ്ടി എന്നപോലെ ഞാൻ കാണണം. ഏറ്റവും നല്ലത് തിരിച്ചറിയാനുള്ള കഴിവെനിക്കുണ്ടാകണം.

"നിങ്ങൾ ഒരു നല്ല ആളാണ്, പക്ഷേ..." എന്നു പറഞ്ഞിട്ട് നിങ്ങളുടെ മുറിവുകളെ കൂടുതൽ ആഴമുള്ളതാക്കാൻ ഇനിയും എനിക്കു കഴികയില്ല. ഒരു ദൈവപൈതലെന്ന നിങ്ങളുടെ സ്ഥാനം ഞാൻ സ്ഥിരീകരിക്കണം.

ഇത്തരം സ്ഥിരീകരണത്തെ ആളുകൾ എതിർക്കുന്നത് ഞാൻ ചിലപ്പോൾ കേൾക്കാറുണ്ട്. അതിങ്ങനെയാണ്: "അവരുടെ തെറ്റുകൾ ഞാൻ ചൂണ്ടിക്കാണിക്കുന്നില്ലെങ്കിൽ പിന്നെങ്ങനെ അവരുടെ സ്വഭാവത്തിൽ വ്യത്യാസമുണ്ടാകും?"

ഉത്തരം ലളിതമാണ്: യേശു പറഞ്ഞത് നമ്മുടെ ഹൃദയം നമ്മെ കുറ്റം വിധിച്ചു കഴിഞ്ഞു; അതുകൊണ്ട് അവൻ വന്നത് നമ്മെ കുറ്റം വിധിക്കാനല്ല, സമൃദ്ധിയായ ജീവൻ നൽകാനാണ്.

നിങ്ങളെക്കുറിച്ചു തന്നെ നിങ്ങൾ ഇഷ്ടപ്പെടാത്ത അഞ്ചു കാര്യങ്ങൾ എഴുതാൻ ആവശ്യപ്പെട്ടാൽ, അറുപതു സെക്കന്റിനുള്ളിൽ നിങ്ങൾ

തീർത്തിരിക്കും. എന്നാൽ അതിന്റെ മറുവശത്ത് നിങ്ങളെക്കുറിച്ചു തന്നെ നിങ്ങൾ ഇഷ്ടപ്പെടുന്ന അഞ്ചു കാര്യങ്ങൾ എഴുതാനാവശ്യപ്പെട്ടാൽ, മണിക്കൂറുകൾ നിങ്ങളെടുക്കും. നമ്മുടെ കഴിവുകേടുകൾ നമ്മെ വേദനിപ്പിക്കുന്നതാണ്.

ഇതു നന്നായി വെളിപ്പെടുത്തുന്ന ഒരു മുത്തശ്ശിക്കഥയുണ്ട്: ഒരിക്കൽ ഒരു മനുഷ്യൻ കട്ടിയുള്ള പുതപ്പു പുതച്ചു നടക്കുന്നത് സൂര്യനും വടക്കൻ കാറ്റും കണ്ടു. ആ മനുഷ്യനെക്കൊണ്ട് പുതപ്പ് മാറ്റിക്കളയിക്കാൻ ആരെക്കൊണ്ടു സാധിക്കും എന്ന് അവർ തമ്മിൽ പന്തയം വെച്ചു. ആദ്യ ഊഴം വടക്കൻ കാറ്റിനായിരുന്നു. കാറ്റ് ശക്തിയായി ആ മനുഷ്യനു ചുറ്റും അടിക്കാനാരംഭിച്ചു. എന്നാൽ എത്ര ശക്തിയായി കാറ്റടിച്ചുവോ അത്രയും ശക്തിയായി അയാൾ പുതപ്പ് ശരീരത്തോടു ചേർത്തു. "ഇനി എന്റെ ഊഴം" സൂര്യൻ മുമ്പോട്ടു വന്നു. സൂര്യൻ ശക്തിയേറിയ രശ്മികൾ അയാളുടെ മേലേക്കു പായിച്ചു. പെട്ടെന്ന് ആ മനുഷ്യൻ സ്വയമേവ പുതപ്പ് വലിച്ചെറിഞ്ഞ് സൂര്യപ്രകാശത്തിൽ സന്തോഷത്തോടെ നടന്നു.

നാം ആളുകളെ ചൂടുകൊണ്ട് പൊതിയുമ്പോൾ, അവർ സ്വയമേവ ഉത്സാഹത്തോടെ, സംരക്ഷണത്തിനായി ഉപയോഗിച്ചിരുന്ന അനാവശ്യ സാധനങ്ങൾ വലിച്ചെറിയും.

നമ്മുടെ ചരിത്രം നാം പരസ്പരം പങ്കുവെയ്ക്കുമ്പോൾ നമുക്കുള്ള ഏറ്റവും വിലപ്പെട്ടവ – നമ്മുടെ വെളിവാക്കപ്പെട്ട സ്വയം – പരസ്പരം നിക്ഷേപിക്കയാണു ചെയ്യുന്നത്. ആ നിക്ഷേപത്തോട് സ്ഥിരീകരണത്തിലൂടെ നാം പ്രതികരിക്കുമ്പോൾ ശ്രദ്ധേയമായൊരു വളർച്ച ദൃശ്യമാകുന്നു. നമ്മുടെ നിക്ഷേപം സുരക്ഷിതമാണെന്നും ഒരു പടികൂടി മുമ്പോട്ടു പോകാമെന്നും നാം മനസ്സിലാക്കുന്നു; ഇപ്പോൾ നമുക്ക് ആശ്രയിക്കാം.

## സമർപ്പണത്തിന്റെ സ്വാതന്ത്ര്യം

ഈ പുതിയ ആശയം കൈവന്നതോടെ, ഒരു പുതിയ സമർപ്പണത്തിന് സ്വാതന്ത്ര്യം നാം പ്രാപിക്കുന്നു. മുമ്പ് അത് വേദനാജനകവും ഫലശൂന്യവും ആയിരുന്നു.

പുതിയ സമർപ്പണത്തിന്റെ ഒന്നാമത്തെ സ്വാതന്ത്ര്യം, ഏറ്റുപറച്ചിലാണ്. യാക്കോബ് 5:16 പറയുന്നു: "എന്നാൽ നിങ്ങൾക്കു രോഗശാന്തി വരേണ്ടതിനു തമ്മിൽ പാപങ്ങളെ ഏറ്റു പറഞ്ഞു ഒരുവനുവേണ്ടി ഒരുവൻ പ്രാർത്ഥിക്കുവിൻ" (യാക്കോബ് 5:16). ആശ്രയം ഇല്ലെങ്കിൽ, ഒന്നുകിൽ ഞാൻ *നിങ്ങളുടെ* പാപങ്ങൾ ഏറ്റുപറയുകയോ അല്ലെങ്കിൽ, "എനിക്കു വേണ്ടത്ര വിശ്വാസമില്ലെന്നോ, പ്രാർത്ഥനയില്ലെന്നോ" മറ്റുമുള്ള സമൂഹം അംഗീകരിക്കുന്ന സാധാരണ പാപങ്ങൾ ഏറ്റുപറയുകയോ ചെയ്യും. ആശ്രയിക്കുമ്പോൾ എന്റെ പ്രാർത്ഥനയെ യഥാർത്ഥമായി തടയുന്ന പാപങ്ങൾ





ഏറ്റുപറയുകയും മറ്റുള്ളവരുടെ പ്രാർത്ഥനയും സൗഖ്യവും പ്രതീക്ഷിക്കുകയും ചെയ്യും. ശരീരത്തിന്റെ ദിനംതോറുമുള്ള ഒഴിവാക്കൽ പ്രക്രിയയാണ് എറ്റുപറച്ചിൽ. ഏറ്റുപറച്ചിലിലൂടെ അനാവശ്യവും ഉപയോഗശൂന്യവുമായ വസ്തുക്കൾ ഉപേക്ഷിച്ച് സുഖമായി നടക്കാൻ നമുക്കു കഴിയും. വല്ലപ്പോഴുമുള്ള ഏറ്റുപറച്ചിൽ ഉപയോഗശൂന്യമായവ കെട്ടിക്കിടക്കാനും അവ പിന്നീട് ശസ്ത്രക്രിയ ചെയ്ത് നീക്കം ചെയ്യേണ്ട മുഴകളായി മാറാനും കാരണമാകും.

അത്തരത്തിലുള്ള ഏറ്റുപറച്ചിൽ ശരിയായ ശിക്ഷണം ഉളവാക്കും. ഏറ്റുപറച്ചിലിലൂടെ എനിക്കുവേണ്ടി പ്രാർത്ഥിക്കുവാനും തുടർന്ന് എന്റെ വളർച്ച വിലയിരുത്തുവാനും ഞാൻ മറ്റുള്ളവരെ അധികാരപ്പെടുത്തുകയാണ് ചെയ്യുന്നത്. ഇത്തരത്തിലുള്ള സൗമ്യവും സ്ഥിരവുമായ കണക്കുബോധിപ്പിക്കൽ ഇന്നു സഭയിൽ നഷ്ടപ്പെട്ടിരിക്കുന്നു. തൽഫലമായി നാം സ്വതന്ത്രരും രോഗാതുരരുമായിത്തീർന്നിരിക്കുന്നു.

നമുക്കു ലഭിക്കുന്ന രണ്ടാമത്തെ സ്വാതന്ത്ര്യം, പ്രായോഗിക ബൈബിൾ പഠനത്തിലൂടെ ദൈവവചനത്തെ വ്യക്തിപരമായി സമീപിക്കാമെന്നതാണ്. പ്രയോഗക്ഷമത ബൈബിൾ പഠനം രണ്ടു വ്യക്തിപരമായ വിഷയത്തെ സ്പർശിക്കുന്നതിനാൽ അടിസ്ഥാനപരമായി ഏറ്റുപറച്ചിലിനോടു ബന്ധപ്പെട്ടതാണ്: ബൈബിൾ എന്നോട് എന്താണ് സംസാരിക്കുന്നത്? അതിനോടുള്ള എന്റെ പ്രതികരണമെന്താണ്? ഈ രണ്ടു ചോദ്യങ്ങൾക്കുമുള്ള മറുപടി, പരിശുദ്ധാത്മാവ് ഉളവാക്കുന്ന പാപബോധത്തിന്റെ ഏറ്റുപറച്ചിലാണ്. അത്തരം പ്രയോഗക്ഷമതയിലേക്ക് യേശുവും യാക്കോബും നമ്മുടെ ശ്രദ്ധയെ ക്ഷണിക്കുന്നു: "ആകയാൽ എന്റെ ഈ വചനങ്ങളെ കേട്ടു ചെയ്യുന്നവൻ ഒക്കെയും പാറമേൽ വീടുപണിത ബുദ്ധിയുള്ള മനുഷ്യനോടു തുല്യനാകുന്നു" (മത്തായി 7:24). "എങ്കിലും വചനം കേൾക്കമാത്രം ചെയ്തുകൊണ്ടു തങ്ങളെ തന്നേ ചതിക്കാതെ അതിനെ ചെയ്യുന്നവരായും ഇരിപ്പിൻ" (യാക്കോബ് 1:22).

നമ്മുടെ സമർപ്പണത്തിന്റെ മൂന്നാമത്തെ സ്വാതന്ത്ര്യം, അഭിമുഖീകരിക്കലാണ്. നമ്മുടെ പരസ്പരബന്ധത്താൽ, ബന്ധത്തെ തകർക്കുന്ന മണ്ഡലങ്ങളെ അഭിമുഖീകരിക്കുന്നതിന് പരസ്പരവിശ്വാസം വളർത്തിയെടുക്കുന്നതുവരെ നാം സാധാരണയായി കാത്തിരിക്കാറില്ല. കാത്തിരിക്കാൻ നമുക്കാവില്ലെങ്കിൽ നല്ല ഫലം അനുഭവിക്കാനും നമുക്കു കഴിയില്ല. വിശ്വാസം വളർത്തുന്ന പ്രക്രിയയിലൂടെ അഭിമുഖീകരിക്കാനുള്ള അവകാശം നാം നേടിയെടുക്കുന്നു. അഭിമുഖീകരിക്കലിന്റെ സന്ദർഭത്തെപ്പറ്റി ഓർമ്മിക്കുവാൻ താഴ്മയുടെയും മുതലെടുപ്പിന്റെയും ഭാഗം വീണ്ടും വായിക്കുക.

സമർപ്പണത്തിന്റെ നാലാമത്തെ സ്വാതന്ത്ര്യം, പുതിയ നിയമം "കൊയ്നോനിയ" എന്നു വിളിക്കുന്ന കൂട്ടായ്മയുടേതാണ്. നാം ഇനിമുതൽ

സഭ എന്നു വിളിക്കുന്ന ബസിലെ സഹയാത്രക്കാരല്ല, പകരം ആഴമായും ആത്മാർത്ഥമായും നിത്യമായും പരസ്പരം ബന്ധിക്കപ്പെട്ടിരിക്കുന്നവരാണ്. നമ്മുടെ സ്വപ്നങ്ങളും ദർശനങ്ങളും എന്തിന് വസ്തുവകകൾ പോലും മറ്റൊരാളുടെ വകയായിത്തീരുന്നു. നമ്മൾ "സഭായോഗങ്ങളെ ഉപേക്ഷിക്കുകയുമില്ല."

ഈ ഘട്ടത്തിലാണ് ദാസത്വത്തിന്റെ പൂർത്തീകരണത്തിൽ നാമെത്തുന്നത്. ദാസത്വം വെളിപ്പെടുത്തുന്ന സ്നേഹം, ശരീരത്തിൽ പരസ്പരമുള്ള കൊടുക്കൽ വാങ്ങലുകൾക്ക് വഴിയൊരുക്കുന്നു. പലപ്പോഴും അത് ബോധപൂർവ്വമായിരിക്കയില്ല.

ചെറിയ സമൂഹങ്ങളിൽ, ക്രിസ്തുവിന്റെ ശരീരം നമ്മുടെ ശരീരം പോലെ തന്നെ ഈ ഗ്രന്ഥത്തിൽ സൂചിപ്പിക്കുന്ന മാറ്റത്തിനു പതുക്കെപ്പതുക്കെ വിധേയമായിക്കൊണ്ടിരിക്കും. പഴയ തുരുത്തിയാണ് നിങ്ങളുടെ പക്കലുള്ളതെങ്കിൽ ഈ പ്രക്രിയ ഫലകരമാകാൻ സാവധാനവും ശ്രദ്ധാപൂർവ്വവുമായ നീക്കമാവശ്യമാണ്. എന്തായിരുന്നാലും വീഞ്ഞാണ് പ്രധാനം, അതാണ് സംരക്ഷിക്കേണ്ടതും; തുരുത്തിയല്ല.



# വേദന പങ്കുവെയ്ക്കുക

ഞാൻ ദാസത്വത്തിന്റെ തത്ത്വങ്ങൾ വിശദീകരിക്കുന്നത് കേൾക്കുകയും അതനുസരിച്ച് ജീവിക്കാനാരംഭിക്കുകയും ചെയ്ത ഒരു കൂട്ടം പാസ്റ്റർമാർ ഒരു ആഴ്ചാവസാന സമ്മേളനത്തിനായി എന്നെ വിളിച്ചു. അവരിലൊരാൾ പറഞ്ഞു: "താങ്കൾ ഞങ്ങൾക്ക് എത്രമാത്രം വേദന തരുന്നുണ്ടെന്നറിയാമോ?" ഞാൻ അതിനു ക്ഷമ പറഞ്ഞുകൊണ്ട് അത് ഞാൻ അറിഞ്ഞിരുന്നില്ലെന്നും, വേണമെങ്കിൽ അവർക്ക് പഴയ ജീവിതരീതിയിലേക്ക് മടങ്ങിപ്പോകാമെന്നും പറഞ്ഞു. അവരുടെ മറുപടി 'ഒരിക്കലുമില്ല' എന്നായിരുന്നു.

സ്വാർത്ഥത അന്വേഷിക്കുന്നതിന്റെ വേദനയിൽ നിന്നും, മറ്റുള്ളവരോടൊപ്പം നടന്ന് അവരുടെ വേദന പങ്കിടുന്ന അവസ്ഥയിലേക്ക് അവരുടെ വേദന മാറ്റപ്പെട്ടു. ആ വേദന കഠിനമായിരുന്നുവെങ്കിലും പഴയ അവസ്ഥയിലേക്കു മടങ്ങാനവർ ആഗ്രഹിച്ചില്ല. എല്ലാവർക്കുമുള്ള സാധാരണ വേദന നമ്മുടെ വീണുപോയ മാനുഷിക പ്രകൃതിയുടെ ഫലമാണ്: അവിചാരിതമായ മുറിവുകൾ, രോഗം, നിരാശ എന്നിവ. എന്നാൽ വീണ്ടെടുപ്പിന് ആവശ്യമായ വേദന അത്തരത്തിലുള്ളതല്ല.

ഫിലിപ്പിയർ 3:10-ൽ പൗലൊസ് പറയുന്നു, "അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയെയും അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയെയും അനുഭവിച്ചറിയേണ്ടതിനും..." അവന്റെ പുനരുത്ഥാനത്തിന്റെ ശക്തി അനുഭവിച്ചറിയുന്നതിനുള്ള ആഗ്രഹമാണ് എനിക്കു കൂടുതലായിട്ടുള്ളത്. യേശു കഷ്ടങ്ങളാൽ അനുസരണം പഠിച്ചു തികഞ്ഞവനായതായി എബ്രായർ 5:8-ൽ പറയുന്നു. ഞാൻ മനസ്സിലാക്കിയ വേദഭാഗങ്ങളെല്ലാം പറയുന്നത് യേശുവിന്റെ കഷ്ടാനുഭവങ്ങൾ നമുക്കുവേണ്ടിയായിരുന്നുവെന്നാണ്. അവ നമുക്കുവേണ്ടി അല്ലായിരുന്നുവെങ്കിൽ അവന് സാധാരണ കഷ്ടതകൾ സഹിച്ചാൽ മതിയായിരുന്നു.

അവനോട് ചെയ്തതുപോലെ നമ്മോടും ചെയ്യുമെന്ന് യേശു പറഞ്ഞ

തിനാൽ യേശുവിനെ പിൻപറ്റുക എന്നാൽ മറ്റുള്ളവർക്കുവേണ്ടി കഷ്ട പ്പെടുക എന്നാണർത്ഥമെന്ന് യുക്തിപൂർവ്വം ചിന്തിക്കാം.

യേശുവിനെ കോപിപ്പിച്ച സംഗതികളെക്കുറിച്ചുള്ള പഠനം എനിക്ക് കൂടുതൽ കാര്യങ്ങൾ വ്യക്തമാക്കിത്തന്നു. ആളുകൾ എന്റെ വഴിമുടക്കു മ്പോഴും എന്റെ ജീവിതത്തെയും എന്റെ വികാരങ്ങളെയും അസ്വസ്ഥമാ ക്കുമ്പോഴും എനിക്കു കോപം വരും. യേശുവാകട്ടെ മറ്റുള്ളവർക്കുവേണ്ടി യാണ് കോപിച്ചത്. അവന്റെ കോപം പോലും മറ്റുള്ളവരെ കേന്ദ്രീകരിച്ചു ള്ളതായിരുന്നു.

പ്രാർത്ഥിക്കുന്നതിനും യാഗം കഴിക്കുന്നതിനും വിശ്വാസം സ്വീകരി ക്കുന്നതിനും ആഗ്രഹമുണ്ടായിട്ടും ദ്രവ്യാഗ്രഹികളുടെ ഏകാധിപത്യം മൂലം പുറത്തു നിൽക്കേണ്ടിവന്ന ആളുകൾക്കുവേണ്ടിയാണ് അവൻ ദൈ വാലയത്തിലെ പൊൻവാണിഭക്കാരുടെ മേശകളെ മറിച്ചിട്ടത്. വരണ്ട കൈ യുള്ള മനുഷ്യനെ സൗഖ്യമാക്കുന്ന സമയം അവൻ പരീശന്മാരെ കോപ ത്തോടെ നോക്കിയപ്പോൾ അവന്റെ കോപം, സൗഖ്യം ആവശ്യമുള്ള മനു ഷ്യനുവേണ്ടിയും നിയമവാദികളുടെ സ്നേഹരഹിത പ്രവൃത്തികളാൽ കഷ്ടപ്പെടുന്നവർക്കുവേണ്ടിയുമായിരുന്നു. മറ്റു സമയങ്ങളിൽ പരീശന്മാ രോട് അവൻ ഏറ്റുമുട്ടിയത് അവർ മറ്റുള്ളവർക്ക് സ്വർഗ്ഗത്തിന്റെ വാതിൽ അടച്ചുകളയുന്നതുകൊണ്ടായിരുന്നു.

ഞാനത് വളരെ താമസിച്ചാണ് മനസ്സിലാക്കിയതെങ്കിലും അവന് കോപം വരുന്ന വിഷയങ്ങളിലേക്കു മാത്രം എന്റെ കോപം പരിമിതപ്പെടു ത്താനും അവന്റെ ശ്രദ്ധ പിടിച്ചു പറ്റുന്ന ആവശ്യങ്ങളിൽ മാത്രം എന്റെ കഷ്ടതകളൊതുക്കാനും എന്നെ സഹായിക്കണമേ എന്നു പ്രാർത്ഥിക്കാ തിരിക്കാൻ എനിക്കു കഴിഞ്ഞില്ല.



# ഒരു വാക്ക് മറ്റൊന്നിനെ പിന്തുടരുന്നു

സകലത്തെയും പരിരംഭണം ചെയ്യുന്ന യേശുവിന്റെ പ്രകൃതിയെ നാം ഗ്രഹിക്കുകയും എല്ലാ കാര്യങ്ങളെയും ആ കണ്ണാടിയിലൂടെ കാണാൻ തുടങ്ങുകയും ചെയ്യുമ്പോൾ, മുമ്പ് അവ്യക്തമായിരുന്ന തിരു വെഴുത്തുകൾ കൂടുതൽ വ്യക്തമാകാൻ തുടങ്ങും. അതിനാൽ കൂടുതൽ ആഴമേറിയതും ലളിതവുമായ ഒരു വേദപുസ്തക വ്യാഖ്യാനരീതി ഞാനി വിടെ മുന്നോട്ടു വെയ്ക്കുകയാണ്.

ബൈബിളിലുടനീളം ആന്തരികമായ ഒരു പൊരുത്തം നിലനിൽക്കു ന്നുവെന്നു നാം അംഗീകരിക്കുന്നുവെങ്കിൽ നാം ഒരു പടി കൂടി കടന്ന് എഴുതപ്പെട്ട വചനം ഒരുകാലത്തും ജീവിക്കുന്ന വചനമായ യേശുവിന് വിരുദ്ധമല്ല എന്നു അംഗീകരിക്കണം. ബൈബിളിന്റെ യഥാർത്ഥമായ ആന്ത രിക പൊരുത്തമെന്നത് ദൈവത്തിന്റെ സമ്പൂർണ്ണ വെളിപ്പാടായ യേശു ക്രിസ്തുവിന്റെ സ്വഭാവത്തെ അത് ശരിവെയ്ക്കുന്നു എന്നതാണ്.

തൽഫലമായി വചനത്തിന്റെ ഒരു വ്യാഖ്യാനവും അവന്റെ ദാസൻ, മാതൃക, താഴ്മയുള്ളവൻ, ശിശു, ഇളയവൻ, ഒടുക്കത്തവൻ, ഏറ്റവും ചെറി യവൻ, ബഹുമാനമില്ലാത്ത, ബലം പ്രയോഗിക്കാത്ത തുടങ്ങിയ സ്വഭാവ ങ്ങൾക്ക് എതിരാകരുത്. യേശുവിന്റെ സ്വഭാവത്തിനു വിരുദ്ധമായി വ്യാഖ്യാ നിക്കപ്പെട്ട ഏതു വാക്യവും, അതു ശരിയായി വ്യാഖ്യാനിക്കാനാവശ്യ മായ ശരിയായ പ്രകാശനം ലഭിക്കും വരെ മാറ്റിവെക്കേണ്ടതാണ്. അതു തിരുവെഴുത്തായി നിലനിന്നുകൊള്ളും. നാം വീക്ഷിക്കുന്ന രീതിയിൽ, ആ വാക്യം യേശുവിന്റെ സ്വഭാവത്തിനനുസൃതമല്ലെന്നു തോന്നിയാലും അതി നെ പ്രഖ്യാപിക്കാൻ തക്കവിധം നാം ആ വാക്യം ഗ്രഹിച്ചിട്ടില്ലെന്ന് സമ്മ തിക്കേണ്ടതാണ്.

ഇതുവരെ ഉപദേശത്തിനും ജീവിതശൈലിക്കും വേണ്ടി നാം ഉപയോ

ഗിച്ചിരുന്ന വാക്യങ്ങൾ യേശുവിന്റെ സ്വഭാവത്തോടു ചേർത്തു ചിന്തിക്കുമ്പോൾ നാം കുഴപ്പത്തിലാകുമെന്നതിൽ സംശയമില്ല. അതിന്റെയർത്ഥം നാം അവയെ തെറ്റായിട്ടാണ് വ്യാഖ്യാനിച്ചിരുന്നത് എന്നാണ്.

ബൈബിളിനെ ദൈവത്വത്തിലെ നാലാമത്തെ ആളത്വമായി കരുതുന്ന ചിന്താഗതിക്ക് നാം ഇരയാകരുതെന്നതും പ്രധാനപ്പെട്ട കാര്യമാണ്. ബൈബിൾ ദൈവത്തിന്റെ എഴുതപ്പെട്ട വെളിപ്പാടാണ്, അതിനെക്കുറിച്ച് നാം എന്തു വിശ്വസിച്ചാലും അതു വെളിപ്പെടുത്താനുദ്ദേശിക്കുന്ന വ്യക്തിയെ നാം അതിലംഘിക്കാൻ പാടില്ല.



# എല്ലാക്കാലത്തേക്കുമുള്ള ശൈലി

ഈ നൂറ്റാണ്ടിൽ ഉണ്ടായിട്ടുള്ള ഉണർവ്വുകൾ പ്രധാനമായും പെന്തെക്കൊസ്ത് അഥവാ കരിസ്മാറ്റിക് സ്വഭാവമുള്ളവയാണ്. പരിശുദ്ധാത്മാവിന്റെ വരങ്ങളുടെ പുനർകണ്ടെത്തലും അവരുടെ തീക്ഷ്ണതയും തങ്ങളുടെ ഉണർവ്വ് അന്ത്യകാല ഉണർവ്വാണെന്നു വിശ്വസിക്കുവാനും പഠിപ്പിക്കുവാനും പെന്തെക്കൊസ്തുകാരെ പ്രേരിപ്പിച്ചു. തിരുവെഴുത്തിൽ ഇനി കണ്ടെത്താൻ ഒന്നുമില്ല എന്നവർക്കു തോന്നിയതുകൊണ്ട് അവരുടെ കരിസ്മാറ്റിക് പ്രതിഭാസം ആത്യന്തികവും ഉണർവ്വുകളുടെ ഉണർവ്വുമായി അവർ വ്യാഖ്യാനിച്ചു.

പെന്തെക്കൊസ്തുകാർ, സഭയിൽ അവഗണിക്കപ്പെട്ടിരുന്നതും ഒരു പക്ഷേ നഷ്ടപ്പെട്ടതുമായ ശക്തി മടക്കിയെടുത്തുവെങ്കിലും സഭയെയും ലോകത്തെയും പിടിച്ചു കുലുക്കുമായിരുന്ന ഐക്യതയും ഫല പ്രാപ്തിയും – അതാണ് ആത്യന്തികമെങ്കിലും – മടക്കിയെടുക്കാനായില്ല. യേശു കേന്ദ്രീകൃതമായ ആരാധനയും ഉത്സാഹവും അവർക്കുണ്ടെങ്കിലും അവർ ഊന്നൽ കൊടുക്കുന്നത് യേശുവിന്റെ പരിജ്ഞാനം പ്രാപിക്കുന്നതിനല്ല, പരിശുദ്ധാത്മാവുമായുള്ള ചർച്ചകൾക്കാണ്. പെന്തെക്കൊസ്തുകാർക്കും കരിസ്മാറ്റിക്കുകൾക്കും ക്രിസ്തുവിനോടുള്ള ബന്ധം ചോദ്യം ചെയ്യപ്പെടാത്തതാണെങ്കിലും ക്രിസ്തു ശാസ്ത്രത്തെക്കാളും അവർക്കു പ്രാധാന്യം അന്യഭാഷാഭാഷണത്തിനാണെന്നത് പ്രകടമാണ്.

ഒരുപക്ഷേ, ഒരു വലിയ പദ്ധതി ഇവിടെ ചുരുൾ നിവരുകയാണ്. സഭയുടെയും ലോകത്തിന്റെയും പ്രത്യേക ശ്രദ്ധ ആർജ്ജിച്ചുകൊണ്ടിരിക്കുന്ന പരിശുദ്ധാത്മാവ് യേശുവിനെക്കുറിച്ചുള്ള പുരാവൃത്തപരമായ ചിന്താഗതികളും ഗൃഹാതുരത്വവും മാറ്റി ക്രിസ്തുവിനെ മഹത്വപ്പെടുത്തുക എന്ന തന്റെ സുപ്രധാന ദൗത്യം നിർവ്വഹിക്കാനാരംഭിക്കുകയാണ്.

യോഹന്നാന്റെ സുവിശേഷത്തിൽ പരിശുദ്ധാത്മാവിന്റെ ആഗമനത്തെക്കുറിച്ചും പ്രവൃത്തിയെക്കുറിച്ചും യേശു മുൻകൂട്ടി പറഞ്ഞു:

"പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ നിങ്ങൾക്കു സകലവും ഉപദേശിച്ചു തരികയും ഞാൻ നിങ്ങളോടു പറഞ്ഞതു ഒക്കെയും നിങ്ങളെ ഓർമ്മപ്പെടുത്തുകയും ചെയ്യും" (യോഹന്നാൻ 14:26).

"...സത്യാത്മാവു വരുമ്പോൾ അവൻ എന്നെക്കുറിച്ചു സാക്ഷ്യം പറയും" (15:26).

"...അവൻ നിങ്ങളെ സകലസത്യത്തിലും വഴി നടത്തും" (16:13).

"അവൻ എനിക്കുള്ളതിൽ നിന്നു എടുത്തു നിങ്ങൾക്കു അറിയിച്ചു തരുന്നതുകൊണ്ടു എന്നെ മഹത്വപ്പെടുത്തും" (16:14).

പരിശുദ്ധാത്മാവിന്റെ പ്രഥമവും പ്രധാനവുമായ ദൗത്യം യേശുവിന്റെ പ്രകൃതിയെ നമുക്കു വെളിപ്പെടുത്തിത്തരികയും ലോകത്തിന് അവനെക്കുറിച്ച് ബോധ്യം വരുത്തുകയുമാണെന്ന് ഈ വാക്യങ്ങളിൽ നിന്നും നമുക്കനുമാനിക്കാം.

പരിശുദ്ധാത്മാവിന് ഊന്നൽ കൊടുത്തു കൊണ്ടുള്ള ഉണർവ്വുകൾ, നമ്മോടും ലോകത്തോടും യേശുവിനെക്കുറിച്ചു സംസാരിക്കാൻ പരിശുദ്ധാത്മാവിനെ അനുവദിക്കാതെ പരിശുദ്ധാത്മാവിൽ തന്നെ ശ്രദ്ധയൂന്നിക്കൊണ്ട് ഈ തത്ത്വത്തെ അതിലംഘിക്കുകയാണ് ചെയ്യുന്നത്.

ലോകത്തിലെ അവസാനത്തെ വലിയ ഉണർവ്വ് യേശുവിലും അവന്റെ പ്രകൃതിയിലും കേന്ദ്രീകരിച്ചുള്ളതായിരിക്കുമെന്നെനിക്കുറപ്പുണ്ട്. യേശുവിന്റേതിലും വലിയൊരു ശക്തി ലോകം കണ്ടിട്ടില്ല, യേശുവിന്റെ സുന്ദരമായ ജീവിതശൈലി അനുവർത്തിക്കുന്നതിലൂടെ ലഭിക്കുന്നതിലും ഉന്നതമായ ഒരു ശക്തി സഭയ്ക്ക് ലഭിച്ചിട്ടുമില്ല.

"നിങ്ങൾക്കു സമാധാനം; പിതാവു എന്നെ അയച്ചതു പോലെ ഞാനും നിങ്ങളെ അയക്കുന്നു" (യോഹന്നാൻ 20:21) എന്ന് യേശു തന്റെ സഭയ്ക്ക് നൽകുന്ന ആഹ്വാനത്തിൽ നിന്നും കല്പനയിൽ നിന്നും രക്ഷപെടാൻ നമുക്കാവില്ല.

പിതാവ് യേശുവിനെ അയച്ചതുപോലെ *ഭാഗികമായി ആണ്* നമ്മെ അയക്കുന്നതെന്ന് നാം ആത്മാർത്ഥമായി വിശ്വസിക്കുന്നുവോ? തീർച്ചയായും ഇല്ല. അവന്റെ അതേ സ്വഭാവത്തോടുകൂടിയും അവന്റെ അതേ മനോഭാവം നമ്മിൽ നിന്നും പ്രതീക്ഷിച്ചുമാണ് നമ്മെയും അയച്ചിരിക്കുന്നതെന്ന് നാം അംഗീകരിക്കേണ്ടതാണ്.

ക്രിസ്തുവിന്റെ ശരീരത്തിനു ലഭിച്ചിരിക്കുന്ന ആത്മികവരങ്ങളുടെ പ്രവൃത്തി, ക്രിസ്തുവിന്റെ സ്വരൂപത്തോടു നമ്മെ അനുരൂപപ്പെടുത്തുന്നതിനായി പരസ്പരം ശുശ്രൂഷിക്കുവാൻ നമ്മെ പ്രാപ്തരാക്കുക എന്നതാണ്. "അതു നാമെല്ലാവരും വിശ്വാസത്തിലും ദൈവപുത്രനെക്കുറിച്ചുള്ള





പരിജ്ഞാനത്തിലുമുള്ള ഐക്യതയും തികഞ്ഞ പുരുഷത്വവും ക്രിസ്തുവിന്റെ സമ്പൂർണ്ണതയായ പ്രായത്തിന്റെ അളവും പ്രാപിക്കുവോളം" ആണ് (എഫെസ്യർ 4:12).

നാം പക്വത പ്രാപിക്കുകയെന്നാൽ ക്രിസ്തുവിനോടു നമ്മെ അനുരൂപരാക്കുക എന്നതാണ്. നമ്മുടെ ശുശ്രൂഷ ക്രിസ്തുവിന് അനുരൂപരാക്കി പക്വതയിലേക്ക് വളർത്തുക എന്നതാണ്. നാം അവന്റെ മനസ്സുള്ളവരായിത്തീരുകയും അവന്റെ സ്വഭാവത്തെ നമ്മിൽ സ്വീകരിക്കുകയും വേണം.

# കൃപ വിജയിക്കുന്നു

ക്രിസ്തുവിന്റെ പ്രകൃതിയെക്കുറിച്ച് ഈ ഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ സത്യമാണെങ്കിൽ പരിശുദ്ധാത്മാവ് അവയെ നിങ്ങൾക്കു പ്രകാശിപ്പിച്ചു തരികയും നിങ്ങളുടേതു മാത്രമായ വിധത്തിൽ അവയെ പ്രയോഗത്തിൽ വരുത്തുവാൻ സഹായിക്കയും ചെയ്യട്ടെ. മുൻ അദ്ധ്യായങ്ങളിൽ പരാമർശിച്ചിട്ടുള്ള വസ്തുതകളെല്ലാം തന്നെ എന്റെ ജീവിതത്തിൽ പരിശുദ്ധാത്മാവ് എന്നോട് ഇടപെട്ട കാര്യങ്ങളാണ്. അവ നിങ്ങൾക്ക് പ്രകാശിക്കണമെന്നില്ല. അവ നിങ്ങളുടെ ഹൃദയത്തിൽ പതിഞ്ഞാലും ഇല്ലെങ്കിലും ക്രിസ്തുവിനെപ്പോലെ ആകാനും അവന്റെ ശക്തി ആസ്വദിക്കാനും അവന്റെ കഷ്ടാനുഭവങ്ങളിൽ പങ്കുകാരനാവാനും അവന്റെ മരണത്തോടനുരൂപപ്പെടാനും ഉള്ള വിളിക്കു നിങ്ങൾ ചെവി കൊടുത്തേ മതിയാകയുള്ളു.

അവന്റെ സമ്പൂർണ്ണതയും പക്വതയും നിങ്ങൾക്കൊരിക്കലും പ്രാപിക്കാൻ കഴികയില്ല എന്ന കുറ്റബോധവും നിരാശയും നിങ്ങൾക്കുണ്ടാകാതിരിക്കാൻ തിരുവെഴുത്തിൽ നിന്നും ഒരു ഭാഗം നിങ്ങളെ ഓർപ്പിക്കാൻ ഞാനാഗ്രഹിക്കുന്നു.

> "ഇച്ഛിക്ക എന്നതും പ്രവർത്തിക്ക എന്നതും നിങ്ങളിൽ ദൈവമല്ലോ തിരുവുള്ളം ഉണ്ടായിട്ടു പ്രവർത്തിക്കുന്നത്" (ഫിലി.2:13).
>
> "നാം അവന്റെ കൈപ്പണിയായി സൽപ്രവൃത്തികൾക്കായിട്ടു ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടവരാകുന്നു; നാം ചെയ്തു പോരേണ്ടതിനു ദൈവം അവ മുന്നൊരുക്കിയിരിക്കുന്നു." (എഫെസ്യർ 2:10).

ഞാൻ മുമ്പ് ജോലി ചെയ്തിരുന്ന ഓഫീസിലുള്ളവർ ചൊവ്വ, വ്യാഴം ദിവസങ്ങളിൽ ഉച്ചകഴിഞ്ഞ് അടുത്തുള്ള ജിംനേഷ്യത്തിൽ പോയി ബാസ്കറ്റ്ബോൾ കളിക്കുമായിരുന്നു. ബാസ്കറ്റ്ബോളിൽ ഞാനത്ര മിടുക്കനാ

യിരുന്നില്ല. എങ്കിലും ഞാൻ ഒരു ടീമിൽ നിൽക്കാനാഗ്രഹിക്കുമ്പോൾ അവർ പറയും, "സുഹൃത്തുക്കളേ, കഴിഞ്ഞ തവണ ഗെയ്ൽ ഞങ്ങളോടൊപ്പമായിരുന്നു. ഇത്തവണ നിങ്ങളവനെ എടുത്തുകൊള്ളു."

എക്സർസൈസിനും കൂട്ടായ്മയ്ക്കുമായിട്ടാണ് ഞാൻ അവിടെ എത്തിയിരുന്നത്. അവിടെ ഡേവ് എന്നു പേരുള്ള ആറടി മൂന്നിഞ്ച് ഉയരമുള്ള ഒരാളുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ടീമിൽ കളിക്കുന്നതെനിക്കിഷ്ടമായിരുന്നു. ഞങ്ങൾ എപ്പോഴും ജയിക്കും. ഞാൻ ഡേവിന് പന്ത് എത്തിച്ചുകൊടുത്താൽ മാത്രം മതി, അദ്ദേഹം സ്കോർ ചെയ്തുകൊള്ളും. പന്തു കൈയിലായിക്കഴിയുമ്പോൾ ഞാനതു കുറെ സമയം തട്ടിക്കൊണ്ടിരുന്നിട്ട് ഡേവിന്റെ കൈയിലേക്കിട്ടുകൊടുക്കുകയും ഡേവ് അത് നെറ്റിലാക്കി രണ്ടു പോയിന്റുകൾ കൂടി കരസ്ഥമാക്കുകയും ചെയ്യും. എന്നിട്ടു ഞാൻ ചോദിക്കും, "നമ്മൾ കൊള്ളാം അല്ലേ?"

യേശുവുമായുള്ള നമ്മുടെ ബന്ധം ഇതുപോലെയാണ്. നാം അവന്റെ ടീമിലാണ്. അവനു രണ്ടാമതൊരു ടീമോ, പകരക്കാരായി നിർത്തിയിരിക്കുന്നവരോ ഇല്ല. ഒരു ശരീരവും ഒരു ടീമും മാത്രം. എനിക്കൊരു ജോലി മാത്രമേയുള്ളു. യേശുവിന് പന്ത് എറിഞ്ഞു കൊടുക്കുക. ഞാൻ പന്തു തട്ടിക്കൊണ്ടു വരും. യേശുവിന് ഇട്ടുകൊടുക്കും. അവനത് സ്കോറാക്കും. സാത്താൻ ആക്രോശിക്കും എങ്കിലും അവന്റെ ഊഴമാകുമ്പോൾ പകുതിയും ലക്ഷ്യം കാണുകയില്ല. വീണ്ടും എന്റെ ഊഴമാകും, ഞാൻ ജീവിതമാകുന്ന പന്ത് തട്ടിക്കളിച്ച്, ഷോയ്ക്കുവേണ്ടി ചുറ്റും നടന്നിട്ട് യേശുവിന്റെ കൈയിലേക്കു കൊടുക്കും. അവൻ എനിക്കു ജയം നേടിത്തരുമ്പോൾ ഞാൻ പറയും, "നമ്മൾ കൊള്ളാം അല്ലേ?"

അവിടെ *നമ്മൾ* ഇല്ല. യേശു മാത്രം, അവനാണ് നമ്മിൽ പ്രവർത്തിക്കുന്നതും അവന്റെ ഇഷ്ടം ചെയ്യാൻ നമ്മെ ആഗ്രഹമുള്ളവരാക്കുന്നതും. എന്നിട്ട് അതു ചെയ്യാൻ നാം ശ്രമിക്കുമ്പോൾ വീണ്ടും അതിനായി നമ്മെ സഹായിക്കുകയും ചെയ്യും. നാം അവന്റെ കൈവേലയാണ്. "നമ്മുടെ വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനും" ആണ് അവൻ. നമ്മിൽ അവൻ ആരംഭിച്ച പ്രവൃത്തി തികെക്കുവാനും അവൻ വിശ്വസ്തനാണ്. നാം എന്താണെന്നുള്ളത് അവന്റെ പൂർണ്ണ ഉത്തരവാദിത്തമാണ്, അവനത് അംഗീകരിക്കുകയും ചെയ്യുന്നു. അവനോടു ചേർന്നു നിന്ന് നമ്മുടെ ഭാരങ്ങൾ അവന്റെമേൽ ഇട്ട് സാത്താനെ ജയിക്കാൻ അവനെ അനുവദിക്കുക മാത്രമാണ് നാം ചെയ്യേണ്ടത്. "നിങ്ങളിൽ ഉള്ളവൻ ലോകത്തിൽ ഉള്ളവനേക്കാൾ വലിയവനല്ലോ" (യോഹന്നാൻ 4:4).

നിങ്ങളെത്തന്നെ അവനു നൽകുക. ക്രിസ്തുവിന്റെ മനസ്സ് നിങ്ങളിൽ പ്രവർത്തിക്കാനാരംഭിക്കുമ്പോൾ അതെപ്പറ്റി നിങ്ങളെ ബോധവാനാക്കുവാൻ നിങ്ങളെത്തന്നെ ഏൽപ്പിച്ചു കൊടുത്ത് വളരുക!





"വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ നോക്കുക; തന്റെ മുമ്പിൽ വെച്ചിരുന്ന സന്തോഷം ഓർത്തു അവൻ അപമാനം അലക്ഷ്യമാക്കി ക്രൂശിനെ സഹിക്കയും ദൈവസിംഹാസനത്തിന്റെ വലത്തു ഭാഗത്തു ഇരിക്കയും ചെയ്തു" (എബ്രായർ 12:2).

# പഠന സഹായി

"യേശുവിന്റെ ശൈലി"യുടെ പ്രധാന സന്ദേശം യേശു പിതാവിന്റെ പൂർണ്ണ വെളിപ്പാടാണെന്നും അവന്റെ പ്രകൃതിയെക്കുറിച്ചുള്ള വ്യക്തമായ നിർവചനം യേശുവിന്റെ "ദൈവരാജ്യത്തിലെ വലിയവൻ" എന്ന പഠിപ്പിക്കലിലും അതിനോടനുന്ധിച്ചുള്ള മറ്റു ഭാഗങ്ങളിലും കാണാം എന്നുമുള്ളതാണ്. ഈ ഗ്രന്ഥത്തിന്റെ പ്രഥമ ചിന്താധാര "ദാസത്വം" എന്നതാണ്. ആ ആശയത്തെ "മറ്റുള്ളവരിൽ കേന്ദ്രീകരിക്കപ്പെട്ടത്" എന്നു സംക്ഷേപിക്കാവുന്നതാണ്. ഈ വാക്കിന്റെ അർത്ഥം ഗ്രഹിക്കുകയോ അതു മനസ്സിൽ സൂക്ഷിക്കുകയോ ചെയ്താൽ ദാസത്വത്തിന്റെ ഉള്ളടക്കവും പ്രായോഗികതയും വേഗത്തിൽ ഗ്രഹിക്കാൻ കഴിയും.

അദ്ധ്യായ നമ്പറില്ലാതെ ചുരുക്കിയെഴുതിയിരിക്കുന്ന അദ്ധ്യായങ്ങൾ കൂട്ടായ പഠനത്തിനും വ്യക്തിപരമായ ധ്യാനത്തിനും ഉത്തമമാണ്. സമൂഹപഠനത്തിനാണെങ്കിൽ നേതാവ് മുൻകൂട്ടി തയ്യാറെടുക്കേണ്ടതാണ്. ഓരോ ചോദ്യാവലിയും ചിന്തിച്ചു പോകുമ്പോൾ മൊത്തത്തിലുള്ള ആശയം ലഭിക്കുന്നതിനായി 135-ാം പേജിൽ കൊടുത്തിരിക്കുന്ന സംക്ഷേപത്തിലെ പതിനാലു ഗുണങ്ങളും ഈ പഠനസഹായിയിലെ "യേശുവിന്റെ ശൈലി – നിങ്ങളുടെ കൈയെത്തും ദൂരത്ത്" എന്ന ഭാഗത്തെ ചോദ്യങ്ങളുടെ ഉത്തരവും പകർത്തി ഓരോ വിദ്യാർത്ഥിക്കും നൽകുകയോ പോസ്റ്റർ ആക്കി ഭിത്തിയിൽ പതിപ്പിക്കുകയോ ചെയ്യുക.

ഈ പഠനസഹായിയിൽ വിവരശേഖരണത്തിനുള്ള അവസരമുണ്ടെങ്കിലും ചോദ്യങ്ങൾ മിക്കവയും പ്രായോഗികത ആവശ്യപ്പെടുന്നതും ചെറിയ സമൂഹത്തിലെ പഠനത്തിന് അനുയോജ്യവുമാണ്.

### അവന്റെ സ്വന്തം ശൈലി – യേശു വേണം

1. യോഹന്നാൻ സ്നാപകനും യേശുവിന്റെ അപ്പൊസ്തലന്മാരും സാധാരണ നിലയിലുള്ള സാംസ്കാരിക ചിന്തകളിൽ കുടുങ്ങിക്കിടക്കു

കയായിരുന്നു. ഈ പുസ്തകത്തിൽ നിങ്ങൾ വായിച്ചതിൽ നിന്നും, ഇത രവേദഭാഗങ്ങളെ സംബന്ധിച്ച നിങ്ങളുടെ അറിവിൽ നിന്നും, പുതിയ നിയ മത്തിലെ ഏതെല്ലാം സംഭവങ്ങളാണ് യേശു ജീവിതത്തിലും പ്രസംഗത്തി ലും ഒരു പ്രത്യേക ശൈലി പിന്തുടരണമെന്ന് ജനം ആഗ്രഹിച്ചിരുന്നു എന്ന തിന് ഉപോൽബലകമായി ചൂണ്ടിക്കാണിക്കാനുള്ളത്?

2. യേശു ഇക്കാലത്താണ് ആദ്യമായി വരുന്നതെങ്കിൽ നിങ്ങൾക്കും മറ്റുള്ളവർക്കും അവൻ സ്വീകാര്യനാകേണ്ടതിന് എന്തെല്ലാം കാര്യങ്ങളാണ് അവൻ ചെയ്യേണ്ടത്? അവന്റെ വേഷം എങ്ങനെയുള്ളതായിരിക്കണമെ ന്നാണ് നിങ്ങൾ ചിന്തിക്കുന്നത്? ഏതു രാജ്യമായിരിക്കും അവന്റെ ഉപദേ ശങ്ങളോടു നന്നായി പ്രതികരിക്കുക? അവന്റെ പ്രവർത്തനത്തെ തടയാൻ ഏതു രാജ്യമായിരിക്കും ആദ്യം മുന്നോട്ടു വരിക?

3. ദൈവരാജ്യത്തിന്റെ സംസ്കാരവും ലോകസംസ്കാരങ്ങളും ത മ്മിൽ നിരന്തരയുദ്ധത്തിലാണ്. ഇതു എളുപ്പത്തിൽ മനസ്സിലാക്കുവാൻ ഏതെങ്കിലും വിദേശ രാജ്യങ്ങളിൽ നിന്നും നിങ്ങളുടെ അയൽപക്കത്തു വന്നു പാർക്കുന്ന ആളുകളെക്കുറിച്ച് ചിന്തിക്കുക. എത്രമാത്രം വ്യത്യസ്ത രാണവർ? ഭക്ഷണം, വസ്ത്രം, ഭാഷ, ആചാരങ്ങൾ എന്നിവയിൽ എന്തെ ല്ലാം മാറ്റങ്ങളാണ് അവർ വരുത്തേണ്ടത്? നിങ്ങൾ ഏതെങ്കിലും വിദേശ രാജ്യം സന്ദർശിച്ചിട്ടുണ്ടെങ്കിൽ എന്തെല്ലാം മാറ്റങ്ങളാണ് നിങ്ങൾക്ക് വരു ത്തേണ്ടിവന്നിട്ടുള്ളത്? ഏതു വിഷയത്തിലാണ് നിങ്ങൾ സ്വസ്ഥതയനുഭ വിച്ചതും അസ്വസ്ഥമായതും?

## യേശുവിന്റെ സമീപനം

1. ഈ അദ്ധ്യായത്തിൽ നിന്നുള്ള താഴെപ്പറയുന്ന പട്ടിക നോക്കി അവയിലേതൊക്കെ വസ്തുതകളാണ് ഇതുപോലെയുള്ള ഒരാളെ പിന്തു ടരുന്നതിൽനിന്നും നിങ്ങളെ തടയുന്നതെന്ന് രേഖപ്പെടുത്തുക.

പുൽക്കൂട്ടിലെ ജനനം
അപ്രധാന ഗ്രാമത്തിലുള്ള ജനനം
പിതൃത്വം ചോദ്യം ചെയ്യപ്പെടുന്ന ജനനം
അസ്വസ്ഥപ്പെടുത്തുന്ന പൂർവ്വീകർ
ഏറ്റവും താണ നിലവാരത്തിലുള്ള ആളുകളെ മാത്രമാണ് ജനനം
ആഘോഷിക്കാൻ വിളിച്ചത്
അവൻ സുന്ദരനായിരുന്നില്ല
ചീത്ത അയൽപക്കത്തിനു നടുവിൽ വളർന്നു
അവൻ ദരിദ്രനും അതിൽ സംതൃപ്തനുമായിരുന്നു
അവന്റെ മുന്നോടിയായി വന്നവൻ പരുക്കൻ സ്വഭാവക്കാരനും അപരി
ചിതനെപ്പോലെ പെരുമാറുന്നവനും ആയിരുന്നു





അവന്റെ ഏറ്റവുമടുത്ത അനുയായികൾ ബാലിശസ്വഭാവമുള്ളവരും
തർക്കിക്കുന്നവരും ആയിരുന്നു
ഭരണാധികാരികൾ അവന് നികൃഷ്ടമായ മരണം വിധിച്ചു

2. മുകളിൽ കൊടുത്തിരിക്കുന്നതിൽ ഏതു വിഷയം പത്രങ്ങൾ റിപ്പോർട്ടു ചെയ്താലാണ് ഒരു പൊതുപ്രവർത്തകൻ രാജിവെക്കേണ്ടിവ രിക?

3. അവനെക്കുറിച്ച് ആത്മാർത്ഥമായ തീരുമാനമെടുക്കുന്നതിനുള്ള സ്വാതന്ത്ര്യം നമുക്കു നൽകേണ്ടതിന് അവൻ "ഭീഷണിയല്ലാത്തതും മുത ലെടുപ്പു നടത്താത്തതുമായ" സമീപനമാണ് സ്വീകരിച്ചതെന്ന് ഈ അദ്ധ്യാ യത്തിൽ നിന്നും നാം പഠിച്ചു. നിങ്ങളുടെ തീരുമാനങ്ങളെ സ്വാധീനിച്ചി ട്ടുള്ള വ്യക്തികളുടെയോ ശക്തികളുടെയോ ഒരു ലിസ്റ്റ് ബുക്കിലെഴു തുക. നിങ്ങൾക്ക് "അസ്വസ്ഥത" ഉളവാക്കിയവർക്കു നേരെ "+" ചിഹ്നം ഇടുക. എപ്പോഴാണ് നിങ്ങൾ ഏറ്റവും "സത്യസന്ധമായ" തീരുമാനങ്ങ ളെടുത്തത് – നിങ്ങളുടെ ഹൃദയത്തിൽ നിന്നും ആഗ്രഹങ്ങളിൽ നിന്നും വന്ന തീരുമാനങ്ങൾ?

4. നിങ്ങളുടെ ആത്മിക പൈതൃകത്തെപ്പറ്റി ഒരു കുറിപ്പെഴുതുക. അത് നിങ്ങളുടെ തീരുമാനങ്ങളുടെമേൽ എന്തു സ്വാധീനം ചെലുത്തിയിട്ടുണ്ട്? ഈ പൈതൃകം നിമിത്തം ഏതെങ്കിലും ആത്മിക സാഹസിക ചുവടു വെയ്പ്പുകളിൽ നിന്നു നിങ്ങൾ പിന്തിരിഞ്ഞിട്ടുണ്ടോ? ആത്മിക പൈതൃകം നിങ്ങളെ പുതിയ ചുവടുവെയ്പുകൾക്ക് പ്രേരിപ്പിച്ചിട്ടുണ്ടോ?

## ശൈലി രൂപപ്പെടുത്തൽ – ഒന്ന്

1. ഈ പുസ്തകവും വിശേഷാൽ ഈ അദ്ധ്യായവും ശക്തമായി ഊന്നുന്ന വിഷയം, ദൈവം എന്തെല്ലാമാണോ അതുതന്നെയാണ് യേശു എന്നും അവൻ ദൈവത്തിന്റെ സമ്പൂർണ്ണവും ഒടുവിലത്തേതുമായ വെളി പ്പാട് ആണെന്നുമാണ്. നിങ്ങളുടെ നോട്ടുബുക്കിൽ രണ്ട് പട്ടിക ഒന്നിനടു ത്തായി മറ്റൊന്ന് എന്ന നിലയിൽ എഴുതുക. ഒന്നിൽ യേശുവിനെക്കുറിച്ച് നിങ്ങൾക്കറിയാമെന്ന് ചിന്തിക്കുന്ന കാര്യങ്ങൾ എഴുതുക. അടുത്ത പട്ടി കയിൽ നിങ്ങൾ അവനെ അനുഭവിച്ചറിഞ്ഞ കാര്യങ്ങൾ എഴുതുക.

2. കൊലൊസ്സ്യർ 1:15 – 2:10 വരെ വായിക്കുക. പൗലൊസ് "സകല വും" എന്ന പദവും ഇതര വിശേഷണോത്തമ പദങ്ങളും എത്ര പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട് എന്നു ശ്രദ്ധിക്കുക. നിങ്ങളുടെ ജീവിതത്തിന്റെ ഏതു മേഖലയിലാണ് യേശുവിനെക്കുറിച്ച് "സകലവും" എന്ന പദമുപയോഗി ക്കുവാൻ നിങ്ങൾ ഇഷ്ടപ്പെടുന്നത്?

3. നിങ്ങളുടെ മുമ്പിലിരിക്കുന്ന യേശുവിന്റെ സ്വഭാവത്തിന്റെ പട്ടിക യോടൊപ്പം (ആദ്യ ചോദ്യാവലിയോടൊപ്പം നിങ്ങൾ അതു തയ്യാറാക്കി

യിരുന്നു) കൊലൊസ്സ്യർ 2:8 ഉറക്കെ വായിക്കുകയും യേശുവിന്റെ തത്ത്വങ്ങൾക്കും സ്വഭാവത്തിനും നിരക്കാത്തതാണെന്നു നിങ്ങൾ ചിന്തിക്കുന്ന "പാരമ്പര്യങ്ങളോ തത്ത്വശാസ്ത്രമോ" ഉണ്ടെങ്കിൽ അതു രേഖപ്പെടുത്തുകയും ചെയ്യുക.

4. യേശുവിനെക്കുറിച്ച് വെറുതെ സംസാരിക്കുന്നത് ആളുകൾക്ക് അസ്വസ്ഥതയുളവാക്കാറുണ്ട്. നിങ്ങൾക്കങ്ങനെ തോന്നാറുണ്ടോ? എങ്ങനെയുള്ള സ്നേഹിതനോടൊപ്പമാണ് ആ തടസ്സങ്ങളെ തകർത്ത് യേശുവിനെക്കുറിച്ചുള്ള സംസാരത്തിൽ ഏർപ്പെടുവാൻ നിങ്ങൾക്കു കഴിയുക?

5. ഏതൊക്കെ "വിജയകരമായ" ശുശ്രൂഷകളാണ്, അവ യേശുവിന്റെ സ്വഭാവത്തോടു ചേർന്നു പോകുന്നില്ല എന്ന കാരണത്താൽ നിങ്ങളെ അസ്വസ്ഥപ്പെടുത്തുന്നത്?

## ശൈലി രൂപപ്പെടുത്തൽ - സകലർക്കുംവേണ്ടി ഒന്ന്

1. യോഹന്നാൻ 13:34,35 വാക്യങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നതുപോലെ പരസ്പരം സ്നേഹിക്കേണ്ടതിന്റെ അനിവാര്യതയെക്കുറിച്ച് ശക്തമായ ചില പ്രസ്താവനകൾ ഈ അദ്ധ്യായം നൽകുന്നു. ഒരുവൻ ക്രിസ്ത്യാനിയാണെന്ന് സാധാരണ നിലയിൽ നിങ്ങൾക്കു പറയാവുന്ന വഴികൾ എന്തെല്ലാമാണ്? ഈ അളവുകോൽ ഈ കല്പനയുമായി എങ്ങനെയാണ് താരതമ്യപ്പെടുത്തുവാൻ കഴിയുന്നത്?

2. "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ" തമ്മിൽ തമ്മിൽ സ്നേഹിക്കണമെന്ന് യേശു പറഞ്ഞു. നിങ്ങളുടെ മുമ്പിലിരിക്കുന്ന യേശുവിന്റെ സ്വഭാവ ഗുണങ്ങളുടെ പട്ടിക നോക്കി യേശു നിങ്ങളോട് ഇങ്ങനെയാണ് ഇടപെട്ടതെന്ന് ചിന്തിച്ച് ഓരോ സ്വഭാവഗുണവും ധ്യാനിക്കുക. സ്നേഹത്തെക്കുറിച്ചുള്ള നിങ്ങളുടെ നിർവചനവുമായി ഇതെങ്ങനെ യോജിക്കും?

3. ഇത്തരത്തിലുള്ള ദാസഗുണങ്ങൾ അല്ലെങ്കിൽ അവയിൽ ചിലതു നിങ്ങളോട് പ്രദർശിപ്പിച്ചവർ ആരൊക്കെയാണ്? നിങ്ങൾ അതു മറ്റുള്ളവർക്കു ചെയ്യാൻ എങ്ങനെയാണ് ശ്രമിക്കുന്നത്?

## ശൈലി രൂപപ്പെടുത്തൽ - ഒന്നിനുവേണ്ടി സകലവും

1. മത്തായി 22:40-ന്റെ അടിസ്ഥാനത്തിൽ ദൈവത്തെ സ്നേഹിക്കുന്നതും അയൽക്കാരനെ സ്നേഹിക്കുന്നതുമാണ് ബൈബിളിന്റെ ആകെത്തുക എന്ന് പ്രഖ്യാപിച്ചുകൊണ്ട് സ്നേഹത്തെക്കുറിച്ച് കുറെക്കൂടി ശക്തമായ പ്രസ്താവനകൾ ഈ അദ്ധ്യായം നടത്തുന്നു. അതങ്ങനെയായിരിക്കുന്നത് നിങ്ങളിഷ്ടപ്പെടുന്നുവോ? അതോ അത് ഏതെങ്കിലും വിധത്തിൽ നിങ്ങളെ അസ്വസ്ഥപ്പെടുത്തുന്നുവോ? അതു നിങ്ങളെ അസ്വസ്ഥരാക്കുന്നുവെങ്കിൽ എന്തുകൊണ്ട് എന്ന് രേഖപ്പെടുത്തുക.





2. നിങ്ങൾക്കു ലഭിക്കാവുന്ന വിശ്വാസപ്രമാണങ്ങൾ വായിക്കുക. സാധിക്കുമെങ്കിൽ നിങ്ങളുടെ സഭയുടെ വിശ്വാസപ്രമാണം വായിക്കുക. യേശുവിന്റെ അനുയായികൾ തമ്മിലുണ്ടായിരിക്കേണ്ട സ്നേഹത്തെക്കുറിച്ച് ഏതെങ്കിലും പരാമർശം അതിലുണ്ടോ? നിങ്ങളുടെ സഭയിൽ അംഗത്വം ലഭിക്കുന്നതിന് പരസ്പരമുള്ള സ്നേഹം ഒരു മാനദണ്ഡമാണോ? ഒരുവൻ സ്നേഹമുള്ളവനാണെന്ന് നിങ്ങളെങ്ങനെയാണ് മനസ്സിലാക്കുക?

3. സ്നേഹത്തെക്കുറിച്ച് രണ്ടു പട്ടിക ഈ അദ്ധ്യായത്തിലുണ്ട്. ഓരോ ലിസ്റ്റും പ്രത്യേകം കടലാസുകളിലെഴുതുക. ഒരു ഗ്രൂപ്പിലാണ് നിങ്ങളെങ്കിൽ ഓരോ അംഗത്തിനും ഓരോ ലിസ്റ്റിന്റെയും കോപ്പി നൽകുക. ഈ രണ്ടു ലിസ്റ്റും അതോടൊപ്പം നിങ്ങളുടെ പക്കലുള്ള യേശുവിന്റെ സ്വഭാവ ഗുണങ്ങളുടെ പട്ടികയും ചേർത്ത് ഉറക്കെ വായിക്കുക — ഗ്രൂപ്പിലാണെങ്കിൽ എല്ലാവരും ഒരുമിച്ചു വായിക്കുക. വായിക്കുമ്പോൾ നിങ്ങളുടെ മനസ്സിലുണ്ടാകുന്ന ചിന്തകൾ പങ്കുവെയ്ക്കുക. ഒരു ലിസ്റ്റും മറ്റേതിനെ പ്രവൃത്തിപഥത്തിലെത്തിക്കുന്നതിനു സഹായകരമായി എങ്ങനെ ഉപയോഗിക്കുവാൻ കഴിയും?

4. ഈ മൂന്നുലിസ്റ്റും ഒരു മാർഗ്ഗരേഖയായി ഉപയോഗിച്ച് ഒരു ആത്മിക സ്ഥാപനത്തിന്റെ 'സ്ഥാപക പിതാവ്' എന്ന നിലയിൽ ഒരു വിശ്വാസപ്രമാണമോ ദൈവശാസ്ത്ര വിശ്വാസപ്രഖ്യാപനമോ എഴുതുന്നതിന്റെ സന്തോഷവും ആവേശവും അനുഭവിക്കുക.

## ശൈലി രൂപപ്പെടുത്തൽ - പലതിൽ ഒന്ന്

1. യോഹന്നാൻ 17-ലെ യേശുവിന്റെ "മഹാപൗരോഹിത്യ പ്രാർത്ഥന"യുടെ അടിസ്ഥാനത്തിലാണ് ഈ അദ്ധ്യായം എഴുതിയിട്ടുള്ളത്. നമ്മുടെ ഇന്നത്തെ സഭാസംവിധാനമനുസരിച്ച് ഈ പ്രാർത്ഥനയുടെ ചില ഭാഗങ്ങൾ അസ്വസ്ഥജനകമാണ്; പ്രത്യേകിച്ചും "നാം ഒന്നാകേണ്ടതിന്" എന്ന പ്രസ്താവന. ഈ പ്രാർത്ഥന ഏതെല്ലാം വിധത്തിലാണ് നിറവേറ്റപ്പെടുന്നതായി നിങ്ങൾ കാണുന്നത്? ഏതെല്ലാം കാര്യങ്ങളിലാണ് അതു നിവർത്തിക്കപ്പെടാത്തതായി നിങ്ങൾക്കു തോന്നുന്നത്? "നിവർത്തിക്കപ്പെടാത്ത" വിഷയങ്ങൾക്കായി പ്രാർത്ഥിക്കുക.

2. സ്നേഹത്തെക്കുറിച്ച് സംസാരിക്കുന്ന ഈ അദ്ധ്യായങ്ങളിൽത്തന്നെയാണ് (അ. 13-17) യേശു ഫലത്തെക്കുറിച്ചും സംസാരിക്കുന്നത്. ഫലം നമ്മുടെ സ്നേഹവും അതിന്റെ അനന്തരഫലവുമാണെങ്കിൽ, നമ്മുടെ ജീവിതത്തിലുള്ള ഏതു ഫലമാണ് നമ്മുടെ അയൽക്കാർ ഏറ്റവുമധികം ശ്രദ്ധിക്കുന്നത്? നമ്മുടെ കൂട്ടുവിശ്വാസികൾ ശ്രദ്ധിക്കുന്നത്?

3. വിജയകരമായ സുവിശേഷീകരണത്തെ നമ്മുടെ "ഒന്നായിരി

ക്കുക,'' "തമ്മിൽ തമ്മിൽ സ്നേഹിക്കുക" എന്നീ അവസ്ഥകളുമായി കർത്താവ് ബന്ധിപ്പിച്ചു. മീറ്റിംഗുകളുടെ ഇടവേളയിൽ നിങ്ങളുടെ ഗ്രൂപ്പിലുള്ള ആളുകളിൽ പത്തുപേരോട് അവർ എങ്ങനെയാണ് ക്രിസ്ത്യാനിയായതെന്ന് ആരായുക. നോട്ടുകളുമായി താരതമ്യം ചെയ്തിട്ട്, അവരിൽ എത്ര പേർ അവരെ സ്നേഹിക്കുന്ന വ്യക്തികൾ മുഖേന രക്ഷാബോധ്യത്തിലേക്കു വരികയും കർത്താവിനെ സ്വീകരിക്കുകയും ചെയ്തു എന്നു കണ്ടെത്തുക. നിങ്ങളുടെ സ്വന്ത അനുഭവം രേഖപ്പെടുത്തുകയോ നിങ്ങളെങ്ങനെ കർത്താവിന്റെ അനുയായി ആയി എന്ന് നിങ്ങളുടെ ഗ്രൂപ്പിൽ പറയുകയോ ചെയ്യുക.

4. ഇപ്പോൾ നിങ്ങളുടെ കൈയിൽ സ്നേഹ സ്വഭാവങ്ങളുടെയും ഫലത്തിന്റെയും മൂന്നു പട്ടികയുണ്ട്. നിങ്ങൾക്ക് പ്രത്യേകമായി ബലം ആവശ്യമുള്ള വിഷയങ്ങളുടെ നാലാമതൊരു പട്ടിക കൂടി തയ്യാറാക്കുകയും ആരോടെങ്കിലും അവയ്ക്കുവേണ്ടി പ്രാർത്ഥിക്കാനാവശ്യപ്പെടുകയും ചെയ്യുക.

## യേശുവിന്റെ ശൈലി – നമ്മുടെ കൈയെത്തും ദൂരത്ത്

1. ഈ അദ്ധ്യായം, യേശുവിന്റെ സമീപനം എന്ന അദ്ധ്യായത്തിലേക്ക് നമ്മുടെ മനസ്സിനെ മടക്കിക്കൊണ്ടുപോകുന്നു. യേശു തന്നെത്തന്നെ വെളിപ്പെടുത്തിയ വിധങ്ങളുടെ പട്ടിക നമ്മുടേതുമായി പൊരുത്തപ്പെടാൻ കഴിയാത്തതു കൊണ്ട്, നിങ്ങളുടെ സ്വന്തം "പട്ടിക"യിലുള്ള – നിങ്ങളെ മറ്റുള്ളവർക്ക് സ്പർശിക്കാവുന്നതും അടുക്കാവുന്നതും ആക്കുന്ന വിധത്തിലുള്ള – കാര്യങ്ങൾ പങ്കുവെയ്ക്കുക.

2. ഈ പുസ്തകത്തിന്റെ ആരംഭം മുതൽ നിങ്ങളുപയോഗിച്ച യേശുവിന്റെ സ്വഭാവ ഗുണങ്ങളുടെ പട്ടിക ആരംഭിക്കുന്നത് ഈ അദ്ധ്യായത്തിൽ കൊടുത്തിരിക്കുന്ന വേദഭാഗങ്ങളിൽ നിന്നാണ്. ആ വേദഭാഗങ്ങൾ ഉച്ചത്തിലോ ഒരുമിച്ചോ വായിക്കുകയും അവയെ പരസ്പരം ബന്ധിപ്പിക്കുന്ന കണ്ണിയെക്കുറിച്ച് രേഖപ്പെടുത്തുകയും ചെയ്യുക.

3. യേശുവിന്റെ സ്വഭാവങ്ങളുടെ പട്ടിക താഴെക്കൊടുത്തിരിക്കുന്നു. ഈ പുസ്തകത്തിലെ ഏറ്റവും പ്രധാനപ്പെട്ട അറിവാണിത്. അവ പകർത്തിയെടുത്ത് മനഃപാഠമാക്കുക. അവ നിങ്ങൾക്ക് പ്രയോജനപ്പെടും. മറ്റു ചോദ്യാവലികളിൽ ഉപയോഗിക്കുന്നതിനും അവ പ്രയോജനപ്പെടും. ആദ്യത്തെ എട്ടെണ്ണം സുവിശേഷങ്ങളിൽ നിന്നും അവസാനത്തെ ആറെണ്ണം ഫിലിപ്പിയ ലേഖനത്തിൽനിന്നും എടുത്തിട്ടുള്ളവയാണ്. അവയെപ്പറ്റി പിന്നീട് നാം ചിന്തിക്കും. മുഴുപട്ടികയും നിങ്ങളുടെ ഉപയോഗത്തിനായി ഇവിടെ എഴുതുന്നു:





ദാസൻ
മറ്റുള്ളവരുടെ മേൽ അധികാരം കൈയാളരുത്
മാതൃക
താഴ്മയുള്ളവൻ
ശിശു എന്നപോലെ
ഇളയവനെപ്പോലെ
ഏറ്റവും ചെറിയവനെപ്പോലെ
ഒടുക്കത്തവനെപ്പോലെ
ബലം പ്രയോഗിക്കുന്നില്ല
അന്ധമായ അതിമോഹത്താൽ നയിക്കപ്പെടുകയല്ല
സ്വയം ബഹുമാനം കൊടുക്കുന്നില്ല
പൂർണ്ണമായും മനുഷ്യൻ
അനുസരണമുള്ളവൻ
സ്വന്ത ജീവൻ ഏല്പിച്ചു കൊടുത്തു

4. യോഹന്നാൻ 13-17 ലെ പഠിപ്പിക്കലിൽ, യേശുവിനെക്കുറിച്ചു സംസാരിക്കുന്നതിൽ പരിശുദ്ധാത്മാവിന്റെ പങ്കിനെക്കുറിച്ച് യേശു വളരെ പറയുന്നുണ്ട്. പരിശുദ്ധാത്മാവുമായിട്ടുള്ള നിങ്ങളുടെ അനുഭവം എന്താണ്? യേശുവിനെക്കുറിച്ചുള്ള നിങ്ങളുടെ അറിവിനെയും വീക്ഷണത്തെയും അതെങ്ങനെയാണ് സ്വാധീനിച്ചിട്ടുള്ളത്?

## യേശുവിന്റെ ശൈലി – നിങ്ങളുടെ ശുശ്രൂഷയിൽ

1. ഈ പുസ്തകത്തിന്റെ കേന്ദ്ര തന്തു ഈ അദ്ധ്യായത്തിൽ ആരംഭിക്കുകയും യേശുവിന്റെ പ്രകൃതിയുടെ ഒന്നാമത്തെ ഗുണം – ദാസത്വം സ്ഥാപിക്കുകയും ചെയ്യുന്നു. ദാസത്വത്തിനുള്ള മറ്റൊരു പദം "മറ്റുള്ളവരിൽ കേന്ദ്രീകൃതം" എന്നതാണ്. ദാസൻ എന്ന പദം നിങ്ങളുടെ മനസ്സിൽ കൊണ്ടുവരുന്ന പ്രഥമചിന്ത എന്താണ്?

2. നിങ്ങളുടെ ജീവിതം കൂടുതൽ സന്തോഷപ്രദമാക്കുന്ന വ്യക്തികൾ ആരൊക്കെയാണ്? ആരുടെ ജീവിതമാണ് നിങ്ങൾ കൂടുതൽ സന്തോഷപ്രദമാക്കുന്നത്?

3. നിങ്ങളുടെ അഭിലാഷങ്ങളെക്കുറിച്ച് നിങ്ങൾ തികച്ചും ബോധവാനാണെങ്കിൽ, ദാസത്വത്തിനുള്ള വിളിയുമായി എന്തു സംഘർഷമാണ് അവ സൃഷ്ടിക്കുന്നത്?

4. ദാസത്വം നാം നടത്തുന്ന തിരഞ്ഞെടുപ്പാണ് അല്ലാതെ സ്വയം ഉളവാകുന്നതല്ല എന്ന് ഗ്രന്ഥകാരൻ പ്രസ്താവിക്കുന്നു. തുടർന്ന് അദ്ധ്യായത്തിന്റെ കൂടുതൽ ഭാഗവും മുതലെടുപ്പു മുഖേനയുണ്ടാകുന്ന പ്രശ്നങ്ങളെപ്പറ്റി ചിന്തിക്കുന്നു. മറ്റുള്ളവരിൽ കേന്ദ്രീകൃതമായ ഒരു വ്യക്തിയെ

സംബന്ധിച്ചിടത്തോളം അവൻ മുതലെടുപ്പിനു ഇരയാകുക എന്ന തുടർമാനമായ അപകടത്തിന്റെ നിഴലിലാണ്. മറ്റുള്ളവർ നിങ്ങളെ മുതലെടുക്കാൻ ശ്രമിച്ച ചില വഴികളെക്കുറിച്ച് ചിന്തിക്കുക.

ഇതു നിങ്ങൾക്കു സംഭവിച്ചാൽ നിങ്ങൾ എങ്ങനെയായിരിക്കും പ്രതികരിക്കുന്നത്?

5. നിങ്ങളെ മുതലെടുക്കാൻ ശ്രമിക്കുന്ന ഒരു വ്യക്തിയെ ഒഴിവാക്കുവാൻ നിങ്ങൾ ശ്രമിക്കുമെന്ന കാര്യം നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടായിരിക്കും. നിങ്ങളെക്കൊണ്ട് കാര്യം സാധിപ്പിക്കുന്നതിൽ വിജയിച്ചുകഴിഞ്ഞാൽ അയാൾ നിങ്ങളെ വെറുക്കുമെന്നും നിങ്ങൾ ശ്രദ്ധിച്ചിരിക്കും. മുതലെടുപ്പ് ഒഴിവാക്കുന്നതിന് നിങ്ങളെ സഹായിക്കുന്ന ചില നിർദ്ദേശങ്ങൾ ഇതാ:

"ഇവിടെ ഞാൻ നടത്തേണ്ട തിരഞ്ഞെടുപ്പ് എനിക്കു സന്തോഷകരമല്ലാത്തതിനാൽ 'ഇല്ല' എന്നു എനിക്കു പറയേണ്ടിവരുന്നു."

"ഇപ്പോഴത്തെ സാഹചര്യത്തിൽ സ്നേഹപൂർവ്വമായ ഒരു തിരഞ്ഞെടുപ്പു നടത്താനുള്ള കഴിവെനിക്കില്ല. അതിനാൽ ഞാൻ 'ഇല്ല' എന്നു പറയാൻ പോകയാണ്."

"എന്റെ തിരഞ്ഞെടുപ്പനുസരിച്ചാണ് ഞാനിതു ചെയ്യുന്നത്. അത് ശരിയും ഉത്തമവുമാണെന്ന് ഞാൻ കരുതുന്നു."

6. മുതലെടുപ്പിന്റെ ഒരു സാഹചര്യം നിങ്ങളോടൊപ്പം അഭിനയിക്കുവാൻ ഒരു സുഹൃത്തിനോടോ ഗ്രൂപ്പ് അംഗത്തോടോ ആവശ്യപ്പെടുക. സുഗമമായി പറയാൻ പഠിക്കുന്നതുവരെ മുകളിൽ കൊടുത്തിരിക്കുന്ന വാചകങ്ങൾ പരിശീലിക്കുക.

7. ദാസത്വവും ദാസ്യവേലയും ഒരേ കാര്യമല്ല. ദാസത്വം തിരഞ്ഞെടുക്കുന്നതും ദാസ്യവേല അടിച്ചേൽപ്പിക്കുന്നതുമാണ്. ദാസത്വവും ദാസ്യവേലയും രണ്ടു കോളത്തിലെഴുതുക. യോഹന്നാൻ 10:17,18; 1 കൊരിന്ത്യർ 9:19; മത്തായി 5:38-42 എന്നീ വാക്യങ്ങളിൽ നിന്നും ഓരോ കോളത്തിനും യോജിക്കുന്ന ഭാഗങ്ങൾ കണ്ടുപിടിച്ചെഴുതുക.

8. നിങ്ങളെ മുന്നോട്ടു നയിക്കുന്ന ആവശ്യം അല്ലെങ്കിൽ ശക്തി എന്താണ്? ആരെങ്കിലുമായി അതു ചർച്ചചെയ്യുകയും തിരഞ്ഞെടുപ്പിനുള്ള നിങ്ങളുടെ കഴിവ് എവിടെ ഉപയോഗിക്കാൻ കഴിയുമെന്ന് വിശദീകരിക്കുകയും ചെയ്യുക.

### യേശുവിന്റെ ശൈലി - അധികാര സ്തൂപം

1. യേശുവിന്റെ രണ്ടാമത്തെ സ്വഭാവഗുണമായ "മറ്റുള്ളവരുടെ മേൽ കർത്തൃത്വം നടത്തരുത്" എന്നതിനെ ഉറപ്പിക്കുന്നതാണ് ഈ അദ്ധ്യായം. മറ്റുള്ളവരുടെ മേൽ അധികാരം സ്ഥാപിക്കാനുള്ള മനുഷ്യന്റെ ത്വരപോലെ





ജീവിതത്തിൽ വളരെ വേഗം വെളിപ്പെടുന്ന പ്രവൃത്തികൾ കുറവാണ്. ഈ ആഗ്രഹ നിവൃത്തിയുടെ പ്രതിഫലനങ്ങളാണ് നമ്മുടെ വർത്തമാന പത്രങ്ങളിൽ മുഴുവനും. നിങ്ങളുടെ പ്രാദേശിക ദിനപത്രമെടുത്തിട്ട്, വ്യക്തിയോ സമൂഹങ്ങളോ മറ്റുള്ളവരുടെമേൽ അധികാരം സ്ഥാപിക്കാൻ ശ്രമിച്ച കാര്യങ്ങളെക്കുറിച്ചുള്ള റിപ്പോർട്ടുകൾ കണ്ടെത്തുക.

2. ആത്മിക അധികാരത്തിനുള്ള നിങ്ങളുടെ കീഴ്പ്പെടൽ എപ്രകാരമാണ് നിങ്ങളുടെ വളർച്ചയെ സ്വാധീനിച്ചിട്ടുള്ളത്? ഏതെല്ലാം വഴികളിൽ ആത്മിക അധികാരം ദുഷിക്കപ്പെടുന്നതാണ് നിങ്ങൾ കണ്ടിട്ടുള്ളത്?

3. വിവാഹം, കുടുംബം എന്നീ മേഖലകളിൽ യേശുവിന്റെ സ്വഭാവം പ്രായോഗികമാക്കുന്നതിനെക്കുറിച്ചാണ് ഈ അദ്ധ്യായം ചിന്തിക്കുന്നത്. പരിപാലിക്കുന്നതിനായി നിങ്ങളുടെ പക്കൽ ഏൽപ്പിക്കപ്പെട്ട ദൈവത്തിന്റെ മക്കളാണ് നിങ്ങളുടെ മക്കൾ എന്നു നിങ്ങൾ മനസ്സിലാക്കുന്നുവെങ്കിൽ, അവരുടെ പിതാവായ ദൈവത്തെക്കുറിച്ച് എന്തെല്ലാം കാര്യങ്ങൾ അവർ അറിയണമെന്നും നിങ്ങളുടെ ഉത്തരവാദിത്തത്തെക്കുറിച്ച് എന്തെല്ലാം കാര്യങ്ങൾ അവരോടു പറയണമെന്നും നിങ്ങൾ ആഗ്രഹിക്കുന്നു?

4. നിങ്ങൾ ഒരു ഭർത്താവാണെങ്കിൽ, യേശുവിന്റെ സ്വഭാവഗുണങ്ങളുടെ പട്ടിക നോക്കി, "യേശു സഭയെ സ്നേഹിച്ചതുപോലെ നിങ്ങളുടെ ഭാര്യയെ സ്നേഹിക്കുന്ന" വിഷയത്തിൽ ഏതെല്ലാം സ്വഭാവങ്ങളാണ് പ്രയോജനപ്പെടുന്നതെന്ന് നിങ്ങളുടെ നോട്ട്ബുക്കിൽ എഴുതുക. നിങ്ങൾ ഒരു ഭാര്യയാണെങ്കിൽ കർത്താവിന് നിങ്ങളെത്തന്നെ കീഴ്പ്പെടുത്തി കൊടുക്കേണ്ട വിഷയങ്ങൾ കുറിച്ചിടുകയും അത് ഭർത്താവുമായുള്ള നിങ്ങളുടെ ബന്ധത്തിൽ എങ്ങനെ പ്രായോഗികമാക്കാമെന്ന് രേഖപ്പെടുത്തുകയും ചെയ്യുക.

5. നിങ്ങളുടെ ദാമ്പത്യത്തെ ശക്തിപ്പെടുത്തുകയും അങ്ങനെ നിങ്ങളുടെ പരസ്പരമുള്ള കീഴ്പ്പെടലിനെ ശക്തിപ്പെടുത്തുകയും ചെയ്യുന്ന കാര്യങ്ങൾ എന്തൊക്കെയാണ്? ആ "ദാമ്പത്യ" പ്രവർത്തനങ്ങളുടെ എണ്ണവും നിങ്ങളുടെ വ്യക്തിത്വം പ്രകടിപ്പിക്കാനുള്ള ശ്രമങ്ങളുടെ എണ്ണവും എങ്ങനെ താരതമ്യപ്പെടുത്താം?

6. നിങ്ങളുടെ ചുറ്റുപാടുകളിൽ നിങ്ങൾ ശ്രദ്ധിച്ചിട്ടുള്ള ശക്തമായ അധികാര സംവിധാനങ്ങൾ എന്തെല്ലാമാണ്?

7. ആർക്ക് ശ്രദ്ധ കൊടുക്കാനാണ് നിങ്ങൾക്ക് താൽപ്പര്യം? അവർക്ക് നിങ്ങളുടെ മേലുള്ള അധികാരത്തെ എങ്ങനെയാണ് നിങ്ങൾ വിശദീകരിക്കുന്നത്?

8. നിങ്ങൾ അധികാരിയായിരിക്കുമ്പോൾ എങ്ങനെ നിങ്ങൾ പെരുമാറുമെന്ന് വിശദീകരിക്കുക.

## യേശുവിന്റെ ശൈലി - എനിക്കു പ്രസംഗം കാണാനിഷ്ടം

1. യേശുവിന്റെ സ്വഭാവത്തിലെ മൂന്നാമത്തെ ഗുണവിശേഷമായ "മാതൃക"യെപ്പറ്റിയുള്ളതാണ് ഈ അദ്ധ്യായം. നിങ്ങളുടെ ബാല്യകാലത്തിലേക്കു മടങ്ങിപ്പോയിട്ട് കാര്യങ്ങൾ എങ്ങനെ ചെയ്യാം എന്നു നിങ്ങൾക്കു കാണിച്ചു തന്നിട്ടുള്ള വ്യക്തികളെക്കുറിച്ച് ചിന്തിക്കുക. പുതിയ കാര്യങ്ങൾ പഠിച്ചു കഴിയുമ്പോൾ നിങ്ങൾക്കുണ്ടായിട്ടുള്ള വികാരങ്ങൾ വിശദീകരിക്കുക. ആർക്കാണ് നിങ്ങൾ "എങ്ങനെയെന്ന് കാണിച്ചു കൊടുക്കുന്ന" വ്യക്തിയായി മാറിയിട്ടുള്ളത്?

2. ഒരു പാസ്റ്റർ ഒരിക്കൽ "എനിക്ക് അസുഖകരവും എന്നെ മടുപ്പിക്കുന്നതുമായ കാര്യങ്ങൾ" എന്ന വിഷയത്തെപ്പറ്റി പ്രസംഗിക്കുകയുണ്ടായി. അദ്ദേഹം ഇങ്ങനെ പ്രസംഗിച്ചു: "ഞാൻ പ്രാർത്ഥിക്കാതെയിരിക്കുമ്പോൾ നിങ്ങൾ പ്രാർത്ഥിക്കണമെന്നു പ്രതീക്ഷിക്കുന്നത് എനിക്ക് അസുഖകരവും എന്നെ മടുപ്പിക്കുന്നതുമാണ്. ഞാൻ സാക്ഷിയാകാതെയിരിക്കുമ്പോൾ നിങ്ങൾ സാക്ഷിയാകണമെന്നു പ്രതീക്ഷിക്കുന്നത് എനിക്ക് അസുഖകരവും എന്നെ മടുപ്പിക്കുന്നതുമാണ്." ഇതു രസകരമായി തോന്നുന്നില്ലേ? നിങ്ങൾക്കുണ്ടെന്നു നിങ്ങൾ ചിന്തിക്കുന്ന ആത്മിക കഴിവുകൾ എന്തെല്ലാമാണ്? അത് ആരാണ് നിങ്ങൾക്കു "കാണിച്ചു തന്നത്?" ആരെങ്കിലും നിങ്ങളെ പഠിപ്പിക്കണമെന്നു നിങ്ങളാഗ്രഹിക്കുന്ന ആത്മിക കഴിവുകൾ എന്തെല്ലാമാണ്?

3. വിദ്യാഭ്യാസം, വിദ്യാഭ്യാസ സമ്പ്രദായങ്ങൾ എന്നിവയെക്കുറിച്ച് ചില ശക്തമായ വിലയിരുത്തൽ ഈ അദ്ധ്യായം നടത്തുന്നു. നിങ്ങൾക്കറിയാവുന്ന വിദ്യാഭ്യാസത്തെപ്പറ്റി നിങ്ങളുടെ അഭിപ്രായമെന്താണ്? ഒരു വിദ്യാർത്ഥിയെ അദ്ധ്യാപകനെപ്പോലെയാക്കുന്നതാണ് വിദ്യാഭ്യാസം. എങ്ങനെയാണ് നിങ്ങളുടെ മക്കൾക്കുവേണ്ടി ഒരു അദ്ധ്യാപകനെ നിങ്ങൾ കണ്ടെത്തുന്നത്? അനുകരിക്കാൻ കൊള്ളാവുന്ന സ്വഭാവവിശേഷത്തിനുടമ എന്നതിന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുന്ന ഏതെങ്കിലും സ്ഥാപനം നിങ്ങൾക്കറിയാമോ? നിങ്ങളുടെ വിദ്യാർത്ഥികൾ നിങ്ങളുടെ ജീവിതത്തെക്കുറിച്ച് എത്ര അളവുവരെ അറിയണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നു?

4. ആവർത്തനം 6:6,7-ൽ യിസ്രായേൽ ജനം, ദൈവം അവരോടു കൽപ്പിച്ച പ്രമാണങ്ങൾ മക്കളെ പഠിപ്പിക്കണമെന്ന് ദൈവം കൽപ്പിക്കുന്നു. ഇന്നു നിങ്ങളോട് ദൈവം എന്താണ് സംസാരിച്ചത്? അതിനെപ്പറ്റി മറ്റാർക്കെങ്കിലും വിശേഷാൽ നിങ്ങളുടെ മക്കൾക്ക് അറിയാമോ? ദൈവം ഇന്നു നിങ്ങളോടു സംസാരിക്കുന്ന കാര്യങ്ങൾ ഗ്രൂപ്പിൽ പങ്കുവെയ്ക്കുകയോ ബുക്കിൽ കുറിച്ചിടുകയോ ചെയ്യുക.

5. യേശുവിന്റെ സ്വഭാവഗുണങ്ങളുടെ പട്ടിക മുമ്പിൽ വെച്ചുകൊണ്ട്,





യേശുവിനെ പകർത്തുന്നതും ആ സ്വഭാവഗുണങ്ങൾ വിദ്യാർത്ഥികളിലേക്ക് പകർന്നു കൊടുക്കുന്നതുമായ ഒരു വിദ്യാഭ്യാസ സമ്പ്രദായം രൂപപ്പെടുത്താൻ കഴിയുമോ എന്നു ചിന്തിക്കുക.

6. നിങ്ങൾ പഠിച്ചതും നിരീക്ഷണത്തിലൂടെ മാത്രമേ പഠിക്കാൻ കഴിയൂ എന്നു നിങ്ങൾ കരുതുന്നതുമായ കാര്യങ്ങൾ വിവരിക്കുക.

7. കേട്ടും വായിച്ചും മാത്രം നിങ്ങൾ പഠിച്ച കാര്യങ്ങൾ എന്തെല്ലാമാണ്?

8. നിങ്ങൾ പിന്തുടരാൻ ഇഷ്ടപ്പെടാത്ത മാതൃകയും യഥാർത്ഥ മാതൃകയും കണ്ടിട്ട് നിങ്ങൾ എത്രമാത്രം ആത്മിക കാര്യങ്ങൾ പഠിച്ചിട്ടുണ്ട്?

9. പിന്തുടരാൻ ഒരു നല്ല മാതൃക കിട്ടണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നതും, നിങ്ങൾക്കു ബുദ്ധിമുട്ടുന്നതുമായ വളർച്ചയുടെ മേഖല ഏതാണ്?

10. നിങ്ങളുടെ മാതൃക കണ്ട് ജീവിതത്തിൽ വ്യത്യാസം വന്നവർ ആരൊക്കെയാണ്?

11. മാതൃക കാട്ടി നിങ്ങൾക്ക് പഠിപ്പിക്കാൻ കഴിയുന്ന ശക്തമായ മേഖലകൾ ഏതൊക്കെയാണ്?

## യേശുവിന്റെ ശൈലി - കൂടുതലില്ല, കുറവുമില്ല

1. യേശുവിന്റെ സ്വഭാവത്തിലെ നാലാമത്തെ ഗുണമായ താഴ്മയെ പ്രഖ്യാപിക്കുന്നതാണ് ഈ അദ്ധ്യായം. "താഴ്മ" എന്ന വാക്കു കേൾക്കുമ്പോൾ നിങ്ങളുടെ മനസ്സിൽ വരുന്നതെന്താണ്?

2. "സത്യസന്ധതയുടെയും തുറന്ന പ്രകൃതത്തിന്റെയും" തത്ത്വമായി താഴ്മയെ വിശദീകരിക്കാൻ കഴിയും. താഴ്മ കൂടാതെയും മറ്റുള്ളവർക്കു കാണത്തക്കവണ്ണമുള്ള ജീവിതം നയിപ്പാൻ തയ്യാറില്ലാതെയും മറ്റുള്ളവരെ താഴ്മ പഠിപ്പിക്കാൻ പ്രയാസമാണ്. മറ്റുള്ളവരുടെ മുമ്പിൽ പ്രദർശിപ്പിക്കാൻ നിങ്ങളാഗ്രഹിക്കുന്ന പ്രതിച്ഛായ എന്താണ്? ആ പ്രതിച്ഛായ ഉയർത്തിപ്പിടിക്കാൻ നിങ്ങൾ സ്വീകരിക്കുന്ന മാർഗ്ഗങ്ങൾ എന്തെല്ലാമാണ്? അതെത്രമാത്രം ചെലവുള്ളതും സമയം നഷ്ടപ്പെടുത്തുന്നതുമാണ്? നിങ്ങൾ പ്രദർശിപ്പിക്കാൻ ആഗ്രഹിക്കുന്ന പ്രതിച്ഛായ എത്രമാത്രം കൃത്യതയുള്ളതാണ്?

3. അമേരിക്കയിൽ സ്വകാര്യതക്കുള്ള അവകാശത്തിന് നിയമ പരിരക്ഷയുണ്ട്. സമൂഹത്തിൽ അത് ഉത്തമമാണെങ്കിലും ക്രിസ്തുവിന്റെ ശരീരത്തോടുള്ള ബന്ധത്തിൽ അതു പരാജയമാണ്. നിങ്ങളെക്കുറിച്ച് നിങ്ങളുടെ ക്രിസ്തീയ സ്നേഹിതൻ അറിയരുതെന്ന് നിങ്ങൾ ആഗ്രഹിക്കുന്ന കാര്യങ്ങൾ എന്തെല്ലാമാണ്? അവ കർത്താവിനോട് ഏറ്റു പറയുവാൻ

കുറച്ചു സമയം വേർതിരിക്കുക. കഴിയുമെങ്കിൽ വിശ്വസ്തനായ ഒരു സുഹൃത്തിനോടും പ്രാർത്ഥനക്കായി ഈ വിഷയം പങ്കുവെയ്ക്കുക.

4. 2 കൊരിന്ത്യർ 3:17,18 വാക്യങ്ങളിൽ ശ്രദ്ധിക്കപ്പെടാത്തതും എന്നാൽ അതിശക്തവുമായ ഒരു തത്ത്വം അടങ്ങിയിരിക്കുന്നു. നമ്മെത്തന്നെ ദൈവത്തിനു വെളിപ്പെടുത്തുക എന്നതാണത്. ദൈവം തന്റെ മഹത്വം നമ്മിൽ പ്രകാശിപ്പിക്കുവാനും നമ്മെ തന്റെ സ്വരൂപത്തോട് അനുരൂപമാക്കുവാനും ഇതു കാരണമാകും. നിങ്ങൾ ദൈവത്തോട് ഏറ്റു പറഞ്ഞതും തൽഫലമായി ജീവിതത്തിൽ വ്യത്യാസം വന്നതുമായി മേഖലകൾ നിങ്ങളുടെ ബുക്കിൽ രേഖപ്പെടുത്തുകയും ഗ്രൂപ്പിൽ പങ്കുവെയ്ക്കുകയും ചെയ്യുക.

5. നിങ്ങളുടെ വികാരങ്ങൾ (ചിന്തകൾ അല്ല) ഒരു സ്ക്രീനിൽ പ്രതിഫലിപ്പിച്ചാൽ ആളുകൾ എത്രമാത്രം അത്ഭുതപ്പെടും എന്നാണ് നിങ്ങൾ വിചാരിക്കുന്നത്? ഏതു വികാരം ആയിരിക്കും അവരെ കൂടുതൽ അത്ഭുതപ്പെടുത്തുന്നത്?

6. എപ്പോഴാണ്, പ്രത്യേകിച്ചും സഭയിലായിരിക്കുന്ന സമയങ്ങളിൽ, നിങ്ങളുടെ വികാരങ്ങൾ മറ്റുള്ളവരുടേതിൽനിന്നും വ്യത്യസ്തമായി നിങ്ങൾക്കു തോന്നുന്നത്? ആ വ്യത്യാസം വെളിപ്പെടുത്തേണ്ടി വന്നാൽ നിങ്ങൾക്കെന്തുതോന്നും?

7. സ്വയം വെളിപ്പെടുത്തേണ്ടിവരുന്നതിനെക്കുറിച്ചു എന്തു ഭയം നിങ്ങൾക്കുണ്ടെങ്കിലും അവ ശ്രദ്ധിക്കുകയും തന്റെ കൃപ നിങ്ങളുടെമേൽ പകർന്ന് ഭയത്തെ ദൂരീകരിക്കുവാൻ കർത്താവിനോടപേക്ഷിക്കുകയും ചെയ്യുക.

## യേശുവിന്റെ ശൈലി - ഒരു ശിശു എന്നാൽ...

1. യേശുവിന്റെ സ്വഭാവത്തിൽ അഞ്ചാമത്തെ ഗുണമായ "ശിശുവിനെപ്പോലെ" എന്നതിനെ വിശാലമായി ചിന്തിക്കുകയാണ് ഈ അദ്ധ്യായത്തിൽ. നിങ്ങളുടെ ബാല്യത്തെപ്പറ്റി അൽപ്പനേരം ചിന്തിക്കുക; നിങ്ങളുടെ കളികൾ, സ്നേഹിതർ, ക്രിസ്തുമസ്, വിനോദങ്ങൾ എല്ലാം ഓർക്കുക. ബാല്യത്തിൽ നിങ്ങളുടെ വിശ്വാസം വളർന്നത് എങ്ങനെയാണ്? നിങ്ങളുടെ ഗ്രൂപ്പിലുള്ളവരുമായി ഒരു ബാല്യകാല കളി നടത്തുക: കുട്ടിയും കോലും, ഗോലികളി, സാറ്റ് തുടങ്ങിയവ. നിങ്ങളുടെ സ്വന്തവികാരങ്ങളും ഗ്രൂപ്പിലുള്ളവരുടെ ആഹ്ലാദവും വിലയിരുത്തുക.

2. യേശുവിന്റെ സ്വഭാവത്തിൽ നൈപുണ്യം നേടുന്നതിനായി കുട്ടികളോടൊപ്പം കുറച്ചു സമയം ചെലവഴിക്കുക. കഴിയുമെങ്കിൽ അവരോടൊപ്പം തറയിലിരിക്കുക. അവർ ഭയപ്പെടാതിരിക്കാൻ അവർക്കു സ്വാതന്ത്ര്യം കൊടുക്കുക, അവർ വേഗത്തിൽ നിങ്ങളുമായി ഇണങ്ങും. അമ്മയുടെ കൈയിലിരിക്കുന്ന ഒരു കുഞ്ഞിനെ കണ്ടാൽ അവന്റെ ദൃഷ്ടി ആകർഷിക്കുവാനും അവനെ ചിരിപ്പിക്കുവാനും ശ്രമിക്കുക.





3. നമ്മുടെ പ്രകൃതിക്കു വിരുദ്ധമായി ഭീഷണിയില്ലാത്തവരാകുക. നാം ശക്തന്മാരായി അറിയപ്പെടുന്നവരാണ് — "എന്നെ ചവിട്ടരുത്" എന്ന ലേബലുള്ളവർ. അമേരിക്കയിലെ സഭാരാഷ്ട്രീയം മറ്റു രാജ്യങ്ങളിലുള്ളവരുടേതുമായി എങ്ങനെ താരതമ്യപ്പെടുത്താം? ആരുടെ സമർപ്പണവും വളർച്ചയുമാണ് മികച്ചു നിൽക്കുന്നത്, നമ്മുടേതോ അതോ അവരുടേതോ? നിങ്ങൾ ഭയപ്പെടാത്ത ആളുകളോടുള്ള നിങ്ങളുടെ പ്രതികരണം (ഒരു പക്ഷേ, കൂടുതൽ സത്യസന്ധമായത്) വ്യത്യസ്തമാണോ? നിങ്ങളെ അസ്വസ്ഥമാക്കുന്ന ആളുകളെപ്പറ്റി ചിന്തിക്കുക. അവരിൽ നിന്നും എങ്ങനെയാണ് നിങ്ങളെത്തന്നെ നിങ്ങൾ സൂക്ഷിക്കുന്നത്?

4. വഞ്ചിക്കുവാൻ കഴിവില്ലാത്തവനാണ് ശിശു. നിങ്ങളിൽ നിന്നും ചില കാര്യങ്ങൾ ഒളിക്കുന്നു എന്ന് നിങ്ങൾക്കു തോന്നുന്ന ആളുകളുടെ സാന്നിധ്യത്തിൽ എന്തു വികാരമാണ് നിങ്ങൾക്കുണ്ടാവുക? ഒളിക്കുന്നതിനുള്ള കഴിവ് നമുക്ക് പെട്ടെന്ന് നഷ്ടപ്പെട്ടാൽ സഭയിൽ എന്തു സംഭവിക്കുമെന്ന് നിങ്ങൾ വിചാരിക്കുന്നു?

5. ഉൽപത്തി പുസ്തകത്തിൽ ആദാമിന്റെയും ഹവ്വയുടേയും കഥ വായിക്കുമ്പോൾ പാപത്തിനുശേഷം അവർ ആദ്യം ചെയ്ത കാര്യം ഒളിക്കാൻ ശ്രമിക്കുകയായിരുന്നു എന്നു നിങ്ങൾ ശ്രദ്ധിച്ചിരിക്കും. പുതിയ ആദാമായ യേശു നമ്മോടു പറയുന്നത് നാം, "മറഞ്ഞിരിക്കാനാവാത്ത മലമേലിരിക്കുന്ന പട്ടണവും," "ലോകത്തിന്റെ വെളിച്ചവും" ആണെന്നാണ്. ഈ പ്രസ്താവന നിങ്ങളോടുള്ള ബന്ധത്തിൽ എങ്ങനെയാണെന്ന് ബുക്കിൽ രേഖപ്പെടുത്തുകയോ ഗ്രൂപ്പിൽ ചർച്ച ചെയ്യുകയോ ചെയ്യുക.

6. ഒരു ശിശുവിന്റെ സാധകാത്മകവും നിഷേധാത്മകവുമായ ഗുണങ്ങൾ നിങ്ങളുടെ അഭിപ്രായത്തിൽ എന്തെല്ലാമാണ്?

7. മുതിർന്നവർ നിങ്ങൾക്കു തന്നിട്ടുള്ള ചില കല്പനകളെക്കുറിച്ചു ചിന്തിക്കുക. ഒരു ശിശുവിൽ നിന്നാണ് അവ വരുന്നതെങ്കിൽ അതു കേൾക്കുന്നത് എങ്ങനെയായിരിക്കും?

8. നിങ്ങളിലുള്ള ശിശുഭാവത്തെയോ വിനോദസ്വഭാവത്തെയോ പുറത്തുകൊണ്ടുവന്നതാരാണ്? അവരെങ്ങനെയാണ് അതു ചെയ്തത്?

## യേശുവിന്റെ ശൈലി - ഇളയവനെപ്പോലെ

1. "ഇളയവനെപ്പോലെ" എന്ന യേശുവിന്റെ സ്വഭാവത്തിലെ ആറാമത്തെ സ്വഭാവഗുണത്തെക്കുറിച്ചുള്ളതാണ് ഈ അദ്ധ്യായം. യേശു അർത്ഥമാക്കിയ രീതിയിൽ "ഇളയവന്റെ" സ്ഥാനത്തെ വ്യക്തമാക്കാൻ പറ്റിയ

ഏറ്റവും നല്ല വാക്ക് "തീർത്ഥാടകൻ" എന്നതാണ്. തീർത്ഥാടകൻ കടന്നു പോകുന്നവനാണ്. ലോകത്തോടോ അതിന്റെ സംവിധാനങ്ങളോടോ അവനു പറ്റുമാനങ്ങളില്ല. എബ്രായർ 11:8-10; 11:13-15 എന്നീ ഭാഗങ്ങൾ ഉറക്കെ വായിക്കുക. നിങ്ങളുടെ ബുക്കിൽ രണ്ടു പട്ടികകൾ ഉണ്ടാക്കുക. ഒരു പട്ടികയിൽ ഒരുവൻ തീർത്ഥാടകൻ എന്ന നിലയിൽ ചെയ്യുന്നതും ചെയ്യാത്തതുമായ കാര്യങ്ങൾ എഴുതുക. അടുത്തതിൽ ഒരു രാജ്യത്തെ പൗരൻ അഥവാ സ്ഥിരതാമസക്കാരൻ എന്ന നിലയിൽ ചെയ്യുന്നതും ചെയ്യാത്തതുമായ കാര്യങ്ങൾ എഴുതുക. ഏറ്റവും പ്രയാസമായ ചോദ്യം, "ആത്മികമായി ഇതിൽ ഏതു പട്ടികയിലാണ് ഞാൻ ഉൾപ്പെടുന്നത്?" എന്നതാണ്. ഏതെല്ലാം വിഷയങ്ങളിലാണ് ദൈവം നിങ്ങളെ സ്വതന്ത്രമാക്കേണ്ടത് എന്നതിനെക്കുറിച്ച് ഒരു പട്ടിക ഉണ്ടാക്കുകയോ ഗ്രൂപ്പിൽ ചർച്ച ചെയ്യുകയോ ചെയ്യുക.

2. നിങ്ങളുടെ കുടുംബത്തിൽ നിങ്ങൾ എത്രാമത്തെ ആളാണ്? അതു നിങ്ങളെ എപ്രകാരമാണ് സ്വാധീനിച്ചിട്ടുള്ളത്?

3. നിങ്ങൾ ഉപേക്ഷിക്കാൻ ഇഷ്ടപ്പെടാത്ത എന്തെല്ലാം പദവികളാണ് നിങ്ങൾക്കുള്ളത്?

4. സമൂഹങ്ങൾ അവരുടെ "അവകാശങ്ങളെ" സംരക്ഷിക്കുന്നതിനായി സമരം ചെയ്യുമ്പോൾ നിങ്ങൾക്കുണ്ടാകുന്ന വികാരം എന്താണ്? നിങ്ങളുടെ സ്വന്തം അവകാശങ്ങളെ സംരക്ഷിക്കുന്നതിനായി നിങ്ങൾ സമരം ചെയ്യുമോ? മറ്റു ക്രിസ്ത്യാനികളുടെ അവകാശസംരക്ഷണത്തിനായി നിങ്ങൾ സമരം ചെയ്യുമോ? മറ്റു രാജ്യങ്ങളിലെ ക്രിസ്ത്യാനികളുടെ സ്വാതന്ത്ര്യത്തെക്കുറിച്ച് നിങ്ങൾ ബോധവാനാണോ? നിങ്ങളുടെ ഗ്രൂപ്പിൽ ആ വിഷയം ചർച്ച ചെയ്യുക.

5. യാത്രയ്ക്കുവേണ്ടി ആവശ്യത്തിലധികം സാധനങ്ങൾ പായ്ക്ക് ചെയ്തിട്ട് അതും ചുമന്നു പോകുമ്പോൾ കുറച്ചു ഭാരം എടുത്താൽ മതിയായിരുന്നു എന്ന് എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ? ക്രിസ്തീയ ജീവിതം നയിക്കുന്നതിന് ആവശ്യമായ ഏറ്റവും കുറച്ച് വസ്തുക്കൾ എന്നു നിങ്ങൾ കരുതുന്നവ എന്തൊക്കെയാണ്? ആദിമസഭയ്ക്ക് ഇല്ലാതിരുന്നതും ഇന്ന് സഭയ്ക്കുള്ളതുമായ വസ്തുക്കൾ എന്നു നിങ്ങൾ ചിന്തിക്കുന്നവ നിങ്ങളുടെ ബുക്കിൽ രേഖപ്പെടുത്തുക.

### യേശുവിന്റെ ശൈലി - പിൻനിരയെ വളർത്തുക

1. യേശുവിന്റെ സ്വഭാവത്തിലെ ഏഴാമത്തെ വസ്തുതയായ "ഒടുക്കത്തവനായിരിക്കുക" എന്നതിനെപ്പറ്റിയാണ് ഈ അദ്ധ്യായം. ഒടുക്കത്തവനായിരിക്കുകയെന്നത്, നമുക്ക് സംഭവിക്കുന്ന ഏറ്റവും ഒടുവിലത്തെ കാര്യമായിരിക്കണമെന്ന് നാമാഗ്രഹിക്കുന്നു. ഒടുക്കത്തവനായിരിക്കുകയെന്നത്





നാം എത്ര ഉന്നതനാണെന്നു കാണിക്കുകയല്ലെങ്കിൽ പിന്നെ എന്താണ്? ഒടുക്കത്തവനായിരിക്കുന്നതിനെക്കുറിച്ചുള്ള യേശുവിന്റെ ഈ പ്രസ്താവന അനുസരിക്കാനുള്ള വഴികളെക്കുറിച്ച് നിങ്ങളുടെ അഭിപ്രായമെന്താണ്? നിങ്ങൾ സാധാരണയായി ഒന്നാമനാകാൻ ശ്രമിക്കുന്നതെപ്പോഴാണ്?

2. നിങ്ങൾ ഒടുക്കത്തവനായിരിക്കുന്നതു മൂലം മറ്റുള്ളവർക്ക് പ്രയോജനമുണ്ടാകുന്ന സന്ദർഭങ്ങൾ ഏതെല്ലാമാണ്?

3. ക്രിസ്തുവിന്റെ ശരീരത്തിൽ മത്സരം ഉളവാകുന്നത് ചിന്തിക്കാൻ പോലും കഴികയില്ലെന്ന് ഈ അദ്ധ്യായം വ്യക്തമാക്കുന്നു. അതിനെപ്പറ്റി നിങ്ങൾക്കെന്തു തോന്നുന്നു? ഏതു തരം മത്സരത്തിലാണ് നിങ്ങൾ പങ്കാളിയാകുന്നത്? വിജയിയെ എങ്ങനെയാണ് നിങ്ങൾ നിശ്ചയിക്കുന്നത്? ആ മത്സരത്തിൽ എത്ര പരാജിതർ ഉണ്ടാകും? നിങ്ങൾ വിജയിയോ പരാജിതനോ? നിങ്ങൾ വിജയിയാണെങ്കിൽ മത്സരത്തെക്കുറിച്ച് നിങ്ങളുടെ അഭിപ്രായമെന്താണ്? നിങ്ങൾ പരാജയപ്പെട്ടുവെന്ന് നിങ്ങൾക്കു തോന്നുന്നുവെങ്കിൽ മത്സരത്തെക്കുറിച്ച് നിങ്ങളുടെ അഭിപ്രായമെന്താണ്?

4. വിനോദത്തിനു വേണ്ടി, സ്നേഹം, വിശ്വസ്തത, ദാസത്വം എന്നീ ശ്രേഷ്ഠഗുണങ്ങൾ അളക്കാൻ കഴിയുന്ന ഒരു മത്സരം രൂപപ്പെടുത്താൻ നിങ്ങൾക്കു കഴിയുമോ എന്നു ശ്രമിച്ചു നോക്കുക.

5. മത്സരത്തെ ചില രീതികളിലൂടെ വീണ്ടെടുക്കാൻ കഴിയുമെന്ന് താൻ വിശ്വസിക്കുന്നതായി ഗ്രന്ഥകാരൻ പറയുന്നു. മത്സരത്തെ വീണ്ടെടുക്കാൻ കഴിയുന്ന ഒരു കളി നിങ്ങൾക്കു രൂപപ്പെടുത്താൻ കഴിയുമോ എന്നു ശ്രമിച്ചു നോക്കുക.

6. ക്രിസ്തീയ അത്‌ലറ്റുകൾക്കും ടീമുകൾക്കുംവേണ്ടി ഒരു വിശ്വാസപ്രമാണം ഗെയ്ൽ എർവിൻ എഴുതിയിട്ടുണ്ട്. നിങ്ങളുടെ ഗ്രൂപ്പിലോ, അല്ലെങ്കിൽ നോട്ടുബുക്കിലോ അതിനോടു പ്രതികരിക്കുക. ഈ വിശ്വാസപ്രമാണം പിന്തുടർന്നാൽ കായികമത്സരങ്ങൾ എത്ര വ്യത്യസ്തമാകുമെന്നാണ് നിങ്ങൾ ചിന്തിക്കുന്നത്?

### അത്‌ലറ്റിന്റെ വിശ്വാസപ്രമാണം

ഞാൻ യേശുക്രിസ്തുവിന്റെ ഒരു അനുയായിയും മറ്റേതൊരു അംഗത്തേക്കാളും അവന്റെ ശരീരത്തിന്റെ അംഗവുമാണ്.

എല്ലാ പ്രവർത്തനങ്ങളിലും ക്രിസ്തുവിന്റെ ശരീരത്തെ പണിയുവാനും ശക്തിപ്പെടുത്താനും ഞാൻ ഉത്സാഹിക്കും.

കൂട്ടായ്മയിൽ നിന്നും ഉരുത്തിരിഞ്ഞതും കൂട്ടായ്മയെ വളർത്തുന്നതുമായ വിനോദങ്ങൾ ഞാൻ അന്വേഷിക്കും.

സ്പോർട്ട്സിന്റെ എല്ലാ മേഖലകളിലും സ്വർഗ്ഗരാജ്യത്തിന്റെ തത്ത്വ ങ്ങൾ ഞാൻ പിന്തുടരുകയും എന്നെക്കാൾ മറ്റുള്ളവരെ മാനിക്കുകയും ചെയ്യും.

സ്കോർ കണക്കാക്കാതെ തന്നെ എന്റെ സഹോദരന്മാർ വിജയി ക്കത്തക്ക നിലയിൽ എന്റെ വിനോദ പ്രവർത്തനങ്ങളിൽ ഞാൻ പ്രവർത്തി ക്കും.

യേശു എന്റെ സഹകളിക്കാരനും എതിരാളിയും എന്നപോലെ ഞാൻ കളിക്കും.

7. പ്രശ്നങ്ങൾ ഉള്ളപ്പോൾ ഒന്നാമനായിരിക്കുന്നത് ഒടുക്കത്തവനാ യിരിക്കുന്നതിനു തുല്യമാണ്. മറ്റുള്ളവരുടെ നേട്ടത്തിനു വേണ്ടി നിങ്ങൾ എപ്പോഴാണ് ഒന്നാമനായിരുന്നിട്ടുള്ളത്?

## യേശുവിന്റെ ശൈലി – പുൽക്കൂട്ടിലെ മുറി

1. യേശുവിന്റെ പ്രകൃതത്തിലെ എട്ടാമത്തെ ഗുണം — ഏറ്റവും ചെറി യവൻ — ഈ അദ്ധ്യായത്തിൽ വിശദീകരിക്കുന്നു. ബഹുമാനത്തിനും അംഗീകാരത്തിനും പ്രശംസയ്ക്കും വേണ്ടി ഇന്നു സഭയിൽ കാണുന്ന പരക്കംപാച്ചിൽ “മ്ലേച്ഛം,” “ലജ്ജയില്ലാത്ത അനുരഞ്ജനം” തുടങ്ങിയ കടുത്ത പദങ്ങൾ ഉപയോഗിക്കാൻ ഗ്രന്ഥകാരനെ പ്രേരിപ്പിക്കുന്നു. സഭ യിലെ അംഗീകാര സംവിധാനത്തെപ്പറ്റി നിങ്ങൾക്കെന്തു തോന്നുന്നു? ഃ ഒരു വന് ഹോണററി ബിരുദം ലഭിച്ചെന്നു കേൾക്കുമ്പോൾ നിങ്ങൾക്കെ ന്താണു തോന്നുന്നത്?

2. എഴുത്തുകാരന്റെ അഭിപ്രായത്തിൽ കഴിവുകെട്ടവനും പക്വതയി ല്ലാത്തവനുമല്ല “ചെറിയവൻ” മറിച്ച് അത് ഒരുവന്റെ താല്പര്യപൂർവ്വമുള്ള തിരഞ്ഞെടുപ്പാണ്. നിങ്ങൾ സ്നേഹിക്കുന്നതുകൊണ്ടും അവർ നന്മ ആഗ്ര ഹിക്കുന്നതുകൊണ്ടും നിങ്ങൾ ഒന്നാമതെത്തിക്കുവാൻ പരിശ്രമിക്കുന്ന ആരെങ്കിലും ഉണ്ടോ? ഒരുവനെ അനുഗ്രഹിക്കുവാനും ബഹുമാനിക്കു വാനുംവേണ്ടി നിങ്ങൾ രഹസ്യമായി ചെയ്യുന്ന കാര്യങ്ങളെപ്പറ്റി ശാന്തമാ യും സ്വകാര്യമായും ചിന്തിക്കുക.

3. യേശുവിന്റെ ജനനത്തെപ്പറ്റിയുള്ള ദൂതന്റെ പ്രഖ്യാപനത്തിനു മറു പടിയായി മറിയ പാടിയ പാട്ട് ഉറക്കെ വായിക്കുക (ലൂക്കൊസ് 1:46–55). ഇതിന്റെ അടിസ്ഥാനത്തിൽ, യേശു വളർന്നു വന്നപ്പോൾ എന്തു കാര്യ ങ്ങൾ ആയിരിക്കും യേശുവിനെ പഠിപ്പിച്ചിരിക്കുക?

## യേശുവിന്റെ ശൈലി – കൈക്കരുത്തിന്റെ തന്ത്രങ്ങൾക്കു വിട

1. നമ്മുടെ ശ്രദ്ധയെ സുവിശേഷങ്ങളിൽ നിന്നും പൗലൊസ് ഫിലി പ്പിയർക്ക് എഴുതിയ ലേഖനത്തിലേക്കും 2:5–11 ലെ “ക്രിസ്തുവിന്റെ മനസ്സ്”





എന്ന ഗീതത്തിലേക്കും തിരിക്കുന്നു. ആ ഭാഗം ഉറക്കെ വായിക്കുക. യേശു വിന്റെ സ്വഭാവത്തിലെ ഒൻപതും പത്തും ഗുണങ്ങൾ ഈ അദ്ധ്യായത്തിൽ വിശദീകരിക്കുന്നു— “ബലം പ്രയോഗിക്കാതെയും, അന്ധമായ മോഹ ത്താൽ നയിക്കപ്പെടാതെയും.”

2. കുറ്റകൃത്യങ്ങളും തിന്മകളും നിർത്തലാക്കുന്നതിനായി യേശു തന്റെ ശക്തിമുഴുവൻ ഉപയോഗിച്ചിരുന്നുവെങ്കിൽ എന്നു നിങ്ങൾ എപ്പോ ഴെങ്കിലും ആഗ്രഹിച്ചിട്ടുണ്ടോ? നിങ്ങൾക്ക് ഇഷ്ടമില്ലാത്ത ഒരു കാര്യം ചെയ്യാൻ നിർബന്ധിക്കപ്പെട്ടാൽ നിങ്ങൾക്ക് എന്തു വികാരമാണുണ്ടാവുക? യേശു ആരുടെമേലും ബലം പ്രയോഗിച്ചില്ല. സാധാരണയായി, തന്റെമേൽ ബലം പ്രയോഗിക്കപ്പെടുന്നു എന്ന് ഒരുവനു തോന്നിയാൽ ആ സാഹച ര്യത്തെ തടയുവാൻ അവൻ ശ്രമിക്കും. ഇത്തരത്തിൽ “ബലം പ്രയോഗി ക്കപ്പെട്ട” സാഹചര്യത്തിൽ നിങ്ങൾ ചെറുത്തുനിന്നതിനെപ്പറ്റി ചർച്ച ചെ യ്യുക.

3. ബാഹ്യസമ്മർദ്ദങ്ങൾ ഒന്നും കൂടാതെ സ്വയം തിരഞ്ഞെടുക്കാൻ നിങ്ങൾക്കു സ്വാതന്ത്ര്യം ലഭിച്ച അവസരം നിങ്ങളുടെ ഓർമ്മയിലുണ്ടോ?

4. “ചൂഷണം” നിമിത്തം തളർന്നുപോയ ഒരുവനെ നിങ്ങൾ എപ്പോ ഴാണ് കണ്ടിട്ടുള്ളത്? അതിനെക്കുറിച്ച് നിങ്ങൾക്കെന്തു തോന്നി? എന്തെ ങ്കിലും ചെയ്യുവാൻ നിങ്ങൾക്കു പ്രേരണയുണ്ടായോ?

5. അന്ധമായ അതിമോഹത്താൽ നിറഞ്ഞ ഒരു രംഗമായി സുവി ശേഷീകരണത്തെ അവതരിപ്പിച്ചിരിക്കുന്നു. ഉന്നതമായ “ലക്ഷ്യ”ത്തി നുവേണ്ടി “സംശയാസ്പദമായ” മാർഗ്ഗം ഉപയോഗിക്കുന്നതിന്റെ ഉദാഹ രണമാണിത്. ശരിയായ മാർഗ്ഗത്തിലൂടെ ഫലപ്രദമായി സാക്ഷിയാകുവാൻ കഴിയുന്ന ചില വഴികൾ നിങ്ങൾക്കു ചൂണ്ടിക്കാട്ടാനാവുമോ എന്നു ചിന്തി ക്കുക. അത്തരത്തിലുള്ള എത്ര പ്രവർത്തനങ്ങൾ നിങ്ങൾക്ക് ചെയ്യുവാൻ കഴിയും അല്ലെങ്കിൽ ചെയ്യും എന്നത് ചർച്ച ചെയ്യുകയോ രേഖപ്പെടുത്തു കയോ ചെയ്യുക.

6. ശ്രേഷ്ഠമായ ഒരു ശുശ്രൂഷാലക്ഷ്യം കൈവരിക്കാൻ ചോദ്യം ചെയ്യ പ്പെടാവുന്ന മാർഗ്ഗം ഉപയോഗിക്കാൻ തയ്യാറാകുന്നതിന്റെ കാരണം എന്താ ണെന്ന് നിങ്ങൾ ചിന്തിക്കുന്നു? ഒരു നല്ല ലക്ഷ്യം നേടുവാൻ നിങ്ങളെ ആ രെങ്കിലും കരുവാക്കിയിട്ടുണ്ടോ? ഉണ്ടെങ്കിൽ എങ്ങനെ?

7. ലോകത്തെ നേടുവാനായി സാത്താൻ യേശുവിനെ പരീക്ഷിച്ചു വെങ്കിലും യേശു ദൈവത്തോടു വിശ്വസ്തത പുലർത്തി. നിങ്ങളുടെ ജീവി തത്തിന്റെ ലക്ഷ്യമായി നിങ്ങൾ കരുതുന്നതെന്താണ്? അവ നേടാനായി നിങ്ങൾ എങ്ങനെയാണ് പ്രവർത്തിക്കുന്നത്? ആ ലക്ഷ്യങ്ങൾ നേടാൻ യോഗ്യമല്ലാത്ത മാർഗ്ഗങ്ങൾ ഉപയോഗിക്കുന്നതിനു നിങ്ങൾ പരീക്ഷിക്ക പ്പെടാറുണ്ടോ?

## യേശുവിന്റെ ശൈലി - ഹലോ, ഞാൻ റവറന്റ്

1. യേശുവിന്റെ പ്രകൃതിയിലെ പതിനൊന്നാമത്തെ ഗുണം വലിയൊരു അടിയാണ് – അവൻ തന്നെത്തന്നെ, വെറുമയായി എണ്ണി. എന്റെ പ്രതിച്ഛായ ഉയർത്തുന്ന ഉയർന്ന ആളുകൾക്കൊപ്പം നടക്കാനെനിക്കിഷ്ടമാണ്. യേശു അയോഗ്യരായ വ്യക്തികൾക്കൊപ്പമാണ് സമയം ചെലവഴിച്ചത് എന്ന കാര്യം നമ്മെ അസ്വസ്ഥരാക്കും. അതിനാലാണ് അയോഗ്യർ യേശുവിന്റെ സാന്നിദ്ധ്യത്തിൽ തിമിർത്തുല്ലസിച്ചത്. ഏറ്റവും താണ വ്യക്തിക്കുപോലും യേശുവിന്റെ അടുക്കൽ ചെല്ലാമായിരുന്നു – ചങ്ങലയിൽ കിടന്ന ഭൂതഗ്രസ്തനു പോലും. നിങ്ങൾ കണ്ടുമുട്ടിയിട്ടുള്ള, പരിചയമുള്ള പ്രശസ്തരും അധികാരസ്ഥാനീയരുമായ ആളുകൾ ആരൊക്കെയാണ്? അവരുടെ സാന്നിദ്ധ്യത്തിൽ എത്രമാത്രം നിങ്ങൾ അസ്വസ്ഥരാകാറുണ്ട്? ആ അസ്വസ്ഥതയെ മാറ്റുവാൻ എങ്ങനെ കഴിയും?

2. മാന്യതയും പ്രശസ്തിയും നിമിത്തം നിങ്ങൾക്ക് സമീപിക്കാൻ ബുദ്ധിമുട്ടു തോന്നുന്ന ഏതെങ്കിലും സ്ത്രീയോ പുരുഷനോ ഉണ്ടോ?

3. നിങ്ങളുടെ പട്ടണത്തിൽ “ഏറ്റവും മാന്യത കുറഞ്ഞ” വ്യക്തി എന്നു നിങ്ങൾ കരുതുന്ന ആളാരാണ്? അവർക്ക് നിങ്ങളുടെ മുമ്പിൽ കുറേക്കൂടി സ്വസ്ഥമാകുന്നതിന് എന്തെങ്കിലും മാർഗ്ഗം നിങ്ങൾ ചിന്തിക്കുന്നുണ്ടോ?

4. ആളുകൾ നിങ്ങളെ ഏതു വിധത്തിലാണ് കാണുന്നത്? ആ രീതിയിൽ ആളുകൾ നിങ്ങളെ കാണുന്നതിന് നിങ്ങൾ എന്താണു ചെയ്യുന്നത്? മറ്റുള്ളവർക്ക് അസൂയ തോന്നുന്ന എന്തു ഔദ്യോഗിക സ്ഥാനമാണ് നിങ്ങൾക്കുള്ളത്? എന്തു വസ്തുവാണ് സ്വന്തമാക്കിയിട്ടുള്ളത്?

5. നാം സമ്പന്നരാകേണ്ടതിന് സ്വയം ദരിദ്രനായതിലൂടെ യേശു തന്നെത്താൻ ഒഴിച്ചു. ധനികരായവരുടെ മുമ്പിൽ ചെല്ലുമ്പോൾ നിങ്ങൾക്ക് എന്താണ് തോന്നുക? നിങ്ങൾ ധനികനാണെങ്കിൽ നിങ്ങളുടെ മുമ്പിൽ ദരിദ്രർ അസ്വസ്ഥരാകാതിരിക്കാൻ നിങ്ങൾക്ക് എന്തുചെയ്യാനാവും?

6. നിങ്ങളുടെ സമ്പാദ്യം കാത്തു സൂക്ഷിക്കാൻ എത്ര സമയം നിങ്ങൾ ചെലവഴിക്കാറുണ്ട്? അവയിൽ നിന്നെല്ലാം ഒഴിഞ്ഞുമാറി നിൽക്കണമെന്ന് എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ? എന്തുകൊണ്ടാണ് ആ വിധത്തിൽ ചിന്തിക്കുന്നത്? നിങ്ങൾക്ക് കുറച്ച് “അധികവരുമാനം” ലഭിക്കുമ്പോൾ നിങ്ങൾ എന്താണ് ചെയ്യാറുള്ളത്?

7. സഭ പണത്തിന്റെ ധാരാളിത്തം പ്രദർശിപ്പിക്കുന്നത് (ആഡംബരപൂർണ്ണമായ കെട്ടിടം തുടങ്ങിയവ) യേശുവിന്റെ പ്രകൃതിക്കു നിരക്കുന്നതാണെന്നു നിങ്ങൾക്കു തോന്നുന്നുണ്ടോ?





## യേശുവിന്റെ ശൈലി - ഭൂമിയോളം താണ്

1. യേശുവിനെ മനുഷ്യനായി കാണുക സത്യത്തിൽ ബുദ്ധിമുട്ടാണ്; അവനെ നമ്മുടെ നിലവാരത്തിലേക്കു താഴ്ത്തുകയെന്നത് നമ്മുടെ ചിന്താഗതികളെ അതിലംഘിക്കുകയാവും. എന്നാൽ അവൻ മനുഷ്യനായിരുന്നു, യേശുവിന്റെ സ്വഭാവഗുണങ്ങളിൽ പന്ത്രണ്ടാമത്തേത് അതാണ്. യേശു ചെയ്തിരിക്കുമെന്ന് ഒരിക്കലും നിങ്ങൾക്കു ചിന്തിക്കാനാവാത്ത സാധാരണ “മാനുഷിക” പ്രവൃത്തികൾ എന്തെല്ലാമാണ്? അവന് ഒരിക്കലും തുണി അലക്കേണ്ടി വന്നിട്ടില്ല എന്നു നിങ്ങൾ കരുതുന്നുണ്ടോ?

2. നിങ്ങൾ നേരിടുന്ന ചില പരീക്ഷകളെക്കുറിച്ചു ചിന്തിക്കുക. അതേ കാര്യത്തിൽ യേശു പരീക്ഷിക്കപ്പെട്ടത് ഏതു വിധത്തിലായിരുന്നുവെന്ന് നിങ്ങൾക്കു ചിന്തിക്കാൻ കഴിയുമോ?

3. യേശു നിങ്ങളിൽനിന്നും എത്രമാത്രം വ്യത്യസ്തനാണെന്നാണ് നിങ്ങൾ കരുതുന്നത്? എന്തുകൊണ്ടാണ് അങ്ങനെ കരുതുന്നത്?

4. “പൂർണ്ണമനുഷ്യൻ” ആയിരിക്കുക എന്നുള്ളതിനെ നിങ്ങളെങ്ങനെയാണ് മനസ്സിലാക്കുന്നത്?

5. “ഭാരമില്ലാതെ ജീവിക്കുക” എന്ന തലക്കെട്ടിൽ ക്ഷമയെക്കുറിച്ച് സംസാരിക്കുവാൻ എഴുത്തുകാരൻ ഈ അദ്ധ്യായം ഉപയോഗിക്കുന്നു. അതിവിടെയുണ്ടെന്ന് നിങ്ങൾ കരുതുന്നതെന്തു കൊണ്ടാണ്? ഒരു മനുഷ്യൻ എന്ന നിലയിൽ മറ്റൊരാളോട് “താദാത്മ്യപ്പെടുക” എന്നത് നിങ്ങളുടെ വീക്ഷണത്തിൽ എങ്ങനെയാണ്? നിങ്ങളുടെ സ്വന്ത മാനുഷീകത മനസ്സിലാക്കുന്നത് മറ്റുള്ളവരോടു ക്ഷമിക്കുവാൻ എങ്ങനെയാണ് നിങ്ങളെ സഹായിക്കുന്നത്?

6. സ്പർശനത്തിന്റെ ശക്തിയെക്കുറിച്ച് താൽപ്പര്യം ജനിപ്പിക്കുന്നതും ഉത്തേജനം നൽകുന്നതുമായ പഠനം നടത്തിയിരിക്കുന്നു. യേശു എല്ലായിടത്തും ആളുകളെ തൊട്ടുകൊണ്ട് സഞ്ചരിച്ചു എന്ന് ബൈബിൾ വെളിപ്പെടുത്തുന്നു. തൊട്ടുകൂടാത്തവരെപ്പോലും അവൻ തൊട്ടു. സ്പർശനം എന്നതുകൊണ്ട് നിങ്ങൾ എന്താണ് അർത്ഥമാക്കുന്നത്? യേശുവിന്റെ മനുഷ്യത്വവുമായി ഇത് എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു? മറ്റൊരു പട്ടിക ഉണ്ടാക്കാൻ നിങ്ങൾക്കു താല്പര്യമുണ്ടെങ്കിൽ പുതിയനിയമത്തിൽ യേശു തൊട്ട എല്ലാ ആളുകളെയും കണ്ടെത്തി രേഖപ്പെടുത്തുക.

## യേശുവിന്റെ ശൈലി - പിതാവിനെപ്പോലെ പുത്രനും

1. യേശുവിന്റെ പതിമൂന്നാമത്തെ സ്വഭാവം അനുസരണമാണ്. പിതാവിൽനിന്നു കേട്ടതു മാത്രമാണ് താൻ സംസാരിക്കുന്നതും പിതാവ് ചെയ്തു കണ്ടതു മാത്രമാണ് താൻ ചെയ്യുന്നതും എന്ന് യേശു പറഞ്ഞു. അതിന്റെയർത്ഥം യേശുവിന്റെ സ്വഭാവത്തിന്റെ പട്ടിക പിതാവിന്റെ സ്വഭാവത്തിന്റെ

പട്ടിക കൂടെയാണെന്നും ആ സ്വഭാവത്തോട് യേശു അനുസരണമുള്ളവ നായിരുന്നുവെന്നുമാണ്. മത്തായി 16:24,25 ഉറക്കെ വായിക്കുകയും, യേശു വിന്റെ സ്വഭാവഗുണങ്ങളുടെ പട്ടിക മുമ്പിൽ വെച്ചുകൊണ്ട്, ഈ വാക്യം നിങ്ങളോടുള്ള ബന്ധത്തിൽ എങ്ങനെ പ്രവർത്തിക്കുന്നുവെന്നും ചർച്ച ചെയ്യുക. "എന്റെ പിന്നാലെ വരിക" എന്നതിന് നിങ്ങൾ കൊടുക്കുന്ന അർത്ഥമെന്താണ്?

2. നിങ്ങൾ "അഭിഷിക്തൻ" ആണെന്നറിഞ്ഞാൽ നിങ്ങളുടെ ജീവി തത്തിൽ എന്തു സംഭവിക്കുമെന്നു നിങ്ങൾ കരുതുന്നു? ലൂക്കൊസ് 4:18 ൽ തന്റെമേൽ ഉണ്ടെന്ന് യേശു അവകാശപ്പെട്ട അഭിഷേകം, പിതാവിനോട് അനുസരണം പുലർത്തുവാൻ അവനെ ശക്തിപ്പെടുത്തി. അവന്റെ അഭി ഷേകം പ്രയോജനപ്പെട്ട ആളുകളുടെ പട്ടികയും യേശുവിന്റെ സ്വഭാവഗു ണങ്ങളുടെ പട്ടികയും തമ്മിൽ താരതമ്യപ്പെടുത്തുക.

3. നിങ്ങളുടെ നോട്ടുബുക്കിൽ പേജിന്റെ ഒരു വശത്ത് അഭിഷേക ത്തിന്റെ ഫലമായ പ്രവൃത്തികളുടെ പട്ടിക രേഖപ്പെടുത്തുക. ഓരോ പ്രവൃ ത്തിക്കും നേരെ, അത്തരം ആളുകളോട് നിങ്ങൾ ആ പ്രവൃത്തി ചെയ്യുന്ന തിന്റെ തോതനുസരിച്ച് പൂജ്യം മുതൽ പത്തു വരെയുള്ള ഒരു സംഖ്യ രേഖപ്പെടുത്തുക. ബൈബിളിന്റെ വിവിധ പരിഭാഷകൾ ഉപയോഗപ്പെടു ത്തി, യെശയ്യാവ് 61-ാം അദ്ധ്യായത്തിൽ നിന്നും നിങ്ങളുടെ പട്ടിക വിപു ലപ്പെടുത്തുകയും ചെയ്യുക (താഴെക്കൊടുത്തിരിക്കുന്ന പട്ടിക ശ്രദ്ധി ക്കുക).

**അഭിഷേകം**

ദരിദ്രരോടു സുവിശേഷം പ്രസംഗിക്കുക
ഹൃദയം തകർന്നവരുടെ മുറിവു കെട്ടുക
പ്രവാസികൾക്കു സ്വാതന്ത്ര്യം പ്രഖ്യാപിക്കുക
തടവുകാരെ വിട്ടയയ്ക്കുക
കുരുടന്മാർക്കു കാഴ്ച നൽകുക
തകർന്നവരെ സ്വതന്ത്രരാക്കുക
പീഡിതരെ വിടുവിക്കുക
കർത്താവിന്റെ പ്രസാദവർഷം പ്രസംഗിക്കുക

4. നിങ്ങൾ എങ്ങനെയാണ് കർത്താവിന്റെ പ്രസാദവർഷം മറ്റൊരാ ളോടു പങ്കുവെയ്ക്കുന്നത്? നിങ്ങളുടെ അഭിപ്രായത്തിൽ എന്തുകൊണ്ടാണ് കർത്താവിന്റെ ക്രോധം വെളിപ്പെടുത്താൻ അഭിഷേകം തന്റെ മേൽ ഉണ്ട് എന്നു യേശു പറയാതിരുന്നത്?

## യേശുവിന്റെ ശൈലി - ഇടയന്മാർ ഓടിപ്പോകയില്ല

1. യേശു ദാസത്വത്തിന് ഏറ്റവും വലിയ വില, തന്റെ ജീവൻ,





കൊടുത്തു. അതാണ് നമ്മുടെ പട്ടികയിലെ പതിനാലാമത്തേതും ഒടുവി ലത്തേതുമായ സ്വഭാവഗുണം – മരണം. ഇതു ചില ചോദ്യങ്ങൾ ഉളവാ ക്കുന്നു: എന്നെ യഥാർത്ഥത്തിൽ നയിക്കുന്നതെന്താണ്? ഞാൻ മരിക്കാൻ തയ്യാറാകുന്നത് എന്തിനുവേണ്ടിയാണ്?

2. നമുക്കു ചില സൗഭാഗ്യങ്ങൾ നേടിത്തരാനും ഉറപ്പാക്കാനും വേണ്ടി കഴിഞ്ഞ കാലങ്ങളിൽ അനേകർ മരണം വരിച്ചിട്ടുണ്ട്. അങ്ങനെ മരണം വരിച്ചവരിൽ നിങ്ങൾ നന്ദിയോടെ ഓർക്കുന്ന ആരെങ്കിലും ഉണ്ടോ?

3. നിങ്ങളുടെ ഏതെല്ലാം സ്വപ്നങ്ങളാണ് മരിക്കുകയും പിന്നീട് ഉയിർക്കുകയും ചെയ്തിട്ടുള്ളത്?

4. യേശുവിന്റെ മരണം കേവലം ഒരു "സ്വാഭാവിക" മരണമായിരു ന്നില്ല, മറിച്ച്, അവന്റെ ദാസത്വത്തിന്റെ ഫലമായ മരണമായിരുന്നു. പറ യുവാൻ നാം മടിക്കുന്ന ആ വിഷയം – നിങ്ങളുടെ മരണവും അതിനു വേണ്ടിയുള്ള നിങ്ങളുടെ തയ്യാറെടുപ്പും – സംബന്ധിച്ച് സംസാരിക്കുവാ നോ അല്ലെങ്കിൽ എഴുതുവാനോ സമയമെടുക്കുക. ജീവനോടെയിരിക്കു ന്നതിന് നിങ്ങൾക്കുള്ള കാരണങ്ങൾ എഴുതുവാനോ പങ്കുവെയ്ക്കുവാനോ സമയമെടുക്കുക.

## യേശുവിന്റെ ശൈലി - ഭാഗ്യാവസ്ഥ

1. യേശുവിന്റെ മരണത്തോടെ എല്ലാം അവസാനിച്ചുവെന്ന് ചിന്തി ക്കുന്നത് യുക്തിസഹമാണെങ്കിലും ഫിലിപ്പിയർ 2:9-11 ലെ വിജയഗീതം നമ്മുടെ ആത്മാവിനെ ഉന്നതികളിലേക്കുയർത്തുന്നു. അത് ഉച്ചത്തിൽ വായിക്കുക.

2. ദൈവം തന്നെയാണ് ദാസത്വത്തെ വിജയത്തിലെത്തിക്കുന്നതെന്ന് വ്യക്തമാണ്. താഴ്മയും ദാസത്വവും പ്രതിഫലം പ്രാപിക്കുന്ന മറ്റു വേദ ഭാഗങ്ങളും കണ്ടെത്താൻ സമയമെടുക്കുക.

3. ഈ ഭാഗം വായിക്കുമ്പോൾ നമ്മിൽ ആരാധനയാണ് ഉളവാ കുന്നത്. പുതിയനിയമത്തിലെ അവസാന പുസ്തകമായ വെളിപ്പാട് പുസ്തകത്തിൽ കാണുന്ന, ഇതുപോലെ സന്തോഷവും ആരാധനയും ഉളവാക്കുന്ന ഭാഗങ്ങൾ പഠിക്കുക.

4. രഹസ്യമായോ, പിന്നണിയിൽ നിന്നോ അല്ലെങ്കിൽ ഒരു ദാസന്റെ ഹൃദയത്തോടെയോ നിങ്ങൾ പ്രവർത്തിച്ചതിനെ ദൈവം എപ്രകാരമാണ് മാനിച്ചത്?

## യേശുവിന്റെ ശൈലി - ശക്തിയുടെ ഇടനിലക്കാരൻ

1. യേശു കാൽ കഴുകൽ എന്ന ദാസത്വ പ്രവൃത്തി ഉപയോഗിച്ച് മൂന്നു പ്രധാന പാഠങ്ങൾ നമ്മെ പഠിപ്പിക്കുന്നു.

A. പൂർണ്ണസ്നേഹം പ്രദർശിപ്പിക്കാൻ എന്തു ചെയ്യണം

B. നാം ആരാണെന്ന് മനസ്സിലാക്കുമ്പോൾ നാം എന്തു ചെയ്യും.

C. അധികാരം ദുഷിക്കാതിരിക്കാൻ അതിനെ എപ്രകാരം കൈകാര്യം ചെയ്യണം.

കാൽ കഴുകൽ ഭവനത്തിലെ ഏറ്റവും താണ ജോലിയായതിനാൽ, ഒന്നാമത്തെ പാഠം ചില ചോദ്യങ്ങൾ ഉയർത്തുന്നുണ്ട്: ആർക്കുവേണ്ടി യാണ് ഏറ്റവും മോശമായ ജോലി ചെയ്യാൻ നിങ്ങൾ തയ്യാറാകുന്നത്? നിങ്ങളുടെ വീട്ടിലെ ഏറ്റവും മോശമായ ജോലി ഏതാണ്? ആരാണത് ചെയ്യുന്നത്?

രണ്ടാമത്തെ പാഠത്തിൽ നിന്നുയരുന്ന ചോദ്യമിതാണ്: നിങ്ങൾ ആരാ ണെന്ന് ആരെങ്കിലും ചോദിച്ചാൽ നിങ്ങൾ എന്തുത്തരം പറയും? നിങ്ങ ളെക്കുറിച്ചുള്ള ഈ കാര്യങ്ങൾ നിങ്ങൾ വിശ്വാസിക്കാൻ കാരണമെന്താണ്? നിങ്ങളുടെ "മുഖം നഷ്ടപ്പെട്ടു"മെന്നു നിങ്ങൾ ചിന്തിക്കുന്ന വഴികൾ ഏതെ ല്ലാമാണ്? കാൽ കഴുകിയതിലൂടെ യേശുവിനു തന്റെ മുഖം നഷ്ടപ്പെട്ടു വെന്ന് ശിഷ്യന്മാർ ചിന്തിച്ചു എന്നു നിങ്ങൾ കരുതുന്നുണ്ടോ? ഇല്ലെങ്കിൽ, എന്തുകൊണ്ട്?

അധികാരം ദുഷിപ്പിക്കുന്നു, പരമാധികാരം പരമമായി ദുഷിപ്പിക്കുന്നു എന്ന പ്രസ്താവന നിങ്ങൾ കേട്ടിരിക്കും. മൂന്നാമത്തെ പാഠത്തിനുള്ള പ്രതി കരണമായി നിങ്ങളുടെ അധികാരമേഖലയുടെ പട്ടിക തയ്യാറാക്കുക. നിങ്ങ ളുടെ പണം, ത്വക്കിന്റെ നിറം, പാസ്പോർട്ട് എന്നിവ അധികാരത്തിന്റെ ചിഹ്നങ്ങളാണെന്ന കാര്യം മനസ്സിൽ വെക്കുക. ഏതൊക്കെ നിലയിലാണ് ഈ അധികാരം "കാൽ കഴുകാൻ"വേണ്ടി നിങ്ങളുപയോഗിക്കുന്നത്? ഈ പ്രസ്താവന ചർച്ച ചെയ്യുക: നിങ്ങളെ ദുഷിപ്പിക്കാതെയും മറ്റുള്ളവർക്ക് ദോഷം വരുത്താതെയും അധികാരം ഉപയോഗിക്കാനുള്ള ഏകമാർഗ്ഗം ദാസമനോഭാവത്തോടെയുള്ളതും മറ്റുള്ളവരിൽ കേന്ദ്രീകരിക്കപ്പെട്ടതുമായ പ്രവർത്തനമാണ്.

2. അന്ത്യ അത്താഴത്തിലെ ഇരിപ്പിട ക്രമീകരണം പദവി അനുസരി ച്ചായിരുന്നു (അപ്പൊസ്തലന്മാർ കൂടെക്കൂടെ തർക്കിച്ചിരുന്നതിന്റെ കാരണം അതായിരുന്നിരിക്കാം). പദവിക്കനുസരിച്ചുള്ള എന്ത് ഇരിപ്പിട ക്രമീകരണമാണ് നിങ്ങൾ അനുഭവിച്ചിട്ടുള്ളത്? അതെങ്ങനെയാണ് നിങ്ങളെ സ്വാധീനിച്ചത്? പന്തിയിൽ പ്രധാന സ്ഥലത്ത് എപ്പോഴെങ്കിലും നിങ്ങൾ ഇരുന്നിട്ടുണ്ടോ? തലപ്പത്തിരിക്കുന്ന ചിലർക്ക് അവിടെയിരിക്കാൻ അർഹതയുണ്ടോ എന്നു നിങ്ങൾ ചോദ്യം ചെയ്തിട്ടുണ്ടോ?

3. ഈ സമയത്തു നിങ്ങളുടെ സ്വന്തം ലക്ഷ്യങ്ങളും മോഹങ്ങളും സംബന്ധിച്ച് ചർച്ച ചെയ്യുകയോ എഴുതുകയോ ചെയ്യുക.





## ശൈലിയിൽ ജീവിക്കുക - മധുരവും കൈപ്പും

1. യേശുവിന്റെ പ്രകൃതിയെക്കുറിച്ച് ഇതുവരെയുള്ള നമ്മുടെ പഠന ത്തെപ്പറ്റി നിങ്ങൾക്കെന്തു തോന്നുന്നു? ചോദ്യങ്ങൾ നിങ്ങൾക്ക് സന്തോ ഷകരമാണോ അതോ അസ്വസ്ഥപ്പെടുത്തുന്നുവോ?

2. സന്ദേശം ഹൃദ്യമായും അതനുസരിച്ച് ജീവിക്കുന്നത് പ്രയാസക രമായും തോന്നുന്നുവോ? ഏതു മേഖലയാണ് ഏറ്റവും പ്രയാസകരമായി തോന്നുന്നത്?

3. ഈ ജീവിതശൈലി അസാദ്ധ്യമാകാൻ സാദ്ധ്യതയുണ്ടോ? അങ്ങ നെയെങ്കിൽ എന്തുകൊണ്ട്? അല്ലെങ്കിൽ എന്തുകൊണ്ട്?

## ശൈലിയിൽ ജീവിക്കുക - കണങ്കാൽ അസ്ഥി പാദാസ്ഥിയോടു ബന്ധപ്പെട്ടിരിക്കുന്നു

1. ക്രിസ്തുവിന്റെ ശരീരത്തിനു വിജയിക്കാനുള്ള – അല്ല ജീവിക്കു വാനുള്ള – ഏക മാർഗ്ഗം ഓരോ അവയവവും ബാക്കി ശരീരത്തിനു ദാസ നാകുക എന്നതാണെന്ന് ഗ്രന്ഥകാരൻ വിശ്വസിക്കുന്നു. നിങ്ങളുടെ അനു ഭവത്തിൽ, ഈ ആശയം ഏതു വിധത്തിലൊക്കെയാണ് പ്രാവർത്തി കമാകുന്നതോ പ്രാവർത്തികമാകാതിരിക്കുന്നതോ ആയി നിങ്ങൾ കണ്ടിട്ടു ള്ളത്?

2. മനുഷ്യശരീരത്തിലെ അവയവങ്ങൾ ആ വിധത്തിൽ പ്രവർത്തി ച്ചാൽ ചില സഭാപ്രവർത്തനങ്ങൾ എത്രമാത്രം അപഹാസ്യമായിരിക്കും എന്നതിന് രസകരമായ പല ഉദാഹരണങ്ങളും ഈ അദ്ധ്യായത്തിൽ ഉപ യോഗിച്ചിട്ടുണ്ട്. കുറേക്കൂടി ഉദാഹരണങ്ങൾ പറയുവാൻ നിങ്ങൾക്കു കഴി യുമോ?

3. ശരീരത്തിന്റെ ചിലവിൽ സ്വയം സേവിച്ച് വളരുന്ന സ്വാർത്ഥകോ ശമാണ് കാൻസർ. ക്രിസ്തുവിന്റെ ശരീരത്തിന്റെ പ്രവർത്തനങ്ങളെ വിവേ ചിക്കാൻ ഈ അറിവ് എങ്ങനെ നിങ്ങൾ പ്രയോജനപ്പെടുത്തും? നിങ്ങ ളുടെ അനുഭവത്തിൽ ഇപ്പോഴുള്ള ഏതു പ്രവൃത്തികളാണ് കാൻസറായി നിങ്ങൾ തിരിച്ചറിയുന്നത്?

4. നിങ്ങളുടെ ശരീരം തന്നെത്തന്നെ കരുതുവാൻ എത്ര സമയം എടു ക്കാറുണ്ട്? നിങ്ങളുടെ സഭ അതിനെത്തന്നെ കരുതുവാൻ എത്രസമയം എടുക്കാറുണ്ട്?

## ശൈലിയിൽ ജീവിക്കുക - ചരിത്രത്തിന്റെ തടവുകാർ

1. ഈ ഗ്രന്ഥത്തിലെ ഏറ്റവും വിവാദപരമായ അദ്ധ്യായങ്ങളിലൊന്നാ ണിത്. സഭകളും ആത്മീയ പ്രസ്ഥാനങ്ങളും അവയുടെ പ്രകൃതിയിൽ തന്നെ യേശുവിന്റെ സ്വഭാവത്തെ ലംഘിക്കുന്നു എന്ന് ഗ്രന്ഥകാരൻ അവ

കാശപ്പെടുന്നു. മറ്റുള്ളവരെ സേവിക്കാൻവേണ്ടി ആരംഭിക്കുന്ന പുതിയ പ്രസ്ഥാനങ്ങൾ കാലക്രമത്തിൽ അതിനെക്കുറിച്ചുതന്നെ പ്രചരിപ്പിക്കുന്നതും അതിൽതന്നെ ഒതുങ്ങിക്കൂടുന്നതുമായ അവസ്ഥയിലേക്ക് വഴുതിപ്പോകുന്നതായി അദ്ദേഹം പ്രസ്താവിക്കുന്നു. ഈ പ്രതിസന്ധിയെക്കുറിച്ച് നിങ്ങളുടെ അഭിപ്രായമെന്താണ്? ഇന്ന് സഭകളുടെ പങ്കിനെക്കുറിച്ച് നിങ്ങൾ ചിന്തിക്കുന്നതെന്താണ്? നിങ്ങളുടെ സഭ എങ്ങനെയാണ് നിങ്ങളെ ചില ആളുകളിലേക്കോ സ്വഭാവഗുണത്തിലേക്കോ അടുപ്പിക്കുകയും ചിലതിൽ നിന്നും അകറ്റിക്കളയുകയും ചെയ്യുന്നത്?

2. നിങ്ങളുടെ സഭ ഒരു ദാസന്റെ ഹൃദയത്തോടെ പ്രവർത്തിക്കുന്നുവെന്ന് നിങ്ങൾ കരുതുന്നുണ്ടോ? അതിനെ കുറെക്കൂടി ദാസഹൃദയമുള്ളതാക്കാൻ നിങ്ങൾ എങ്ങനെയാണ് എപ്പോഴെങ്കിലും പ്രവർത്തിച്ചിട്ടുള്ളത്? അതു പ്രാവർത്തികമായോ? എങ്കിൽ എത്ര കാലം?

3. എല്ലാ പുതിയ സംഘടനകളും 25-50 വർഷങ്ങൾക്കുശേഷം പിരിച്ചു വിട്ടിട്ട് ആസ്തി മുഴുവനും ദരിദ്രർക്കു കൊടുക്കണമെന്ന നിർദ്ദേശം ഗ്രന്ഥകാരൻ മുന്നോട്ടുവെയ്ക്കുന്നു. അതു സംഭവിക്കാൻ സാദ്ധ്യതയില്ലാത്തതുകൊണ്ട്, 25-50 വർഷത്തിനുശേഷം നിഷ്പ്രഭമാകുന്ന ഒരു സംഘടനയുടെ ആവേശം നിലനിർത്താനും ഉണർവ്വു പകരാനും പകരം എന്തു ചെയ്യാൻ കഴിയുമെന്നാണ് നിങ്ങൾ ചിന്തിക്കുന്നത്?

4. നിങ്ങൾക്ക് എപ്പോഴെങ്കിലും യേശുവിനോടോ, ക്രിസ്തുവിന്റെ ശരീരത്തോടോ ഉള്ളതിനേക്കാൾ കൂടുതൽ ആത്മാർത്ഥത ഒരു സംഘടനയോടു തോന്നിയിട്ടുണ്ടോ? അനന്യസാധാരണത്വവും യേശുവിന്റെ പ്രകൃതവും തമ്മിൽ എങ്ങനെയാണ് നിങ്ങൾ യോജിച്ചു കൊണ്ടുപോകുന്നത്?

## ശൈലിയിൽ ജീവിക്കുക - നമ്മെ ഒന്നിച്ചു നിർത്തുന്നത്

1. അവസാന അദ്ധ്യായത്തിൽ ചില കണ്ടെത്തലുകൾ നടത്തിയിട്ടുണ്ടെങ്കിലും അസാധാരണമായ രീതിയിൽ പക്ഷപാതരഹിതമായ ഒരു ഗ്രന്ഥമാണിത്. സംഘടനയുടെയോ സഭയുടെയോ വീക്ഷണകോണിൽ നിന്നു നോക്കുമ്പോൾ, ഏതു പക്ഷത്താണ് ഗ്രന്ഥകാരനെന്നു കണ്ടെത്തുക പ്രയാസമാണ്. പകരം ഈ പഠനങ്ങൾ നമ്മുടെ ശ്രദ്ധയെ യേശുവിങ്കലേക്കും അവനോടുള്ള നമ്മുടെ പ്രതികരണത്തിലേക്കും തിരിക്കുന്നു. അതുകൊണ്ടാണ് ഈ ഗ്രന്ഥം വ്യത്യസ്ത ഗ്രൂപ്പുകൾ വ്യാപകമായി ഉപയോഗിക്കുന്നത്. യഥാർത്ഥവും ക്രിയാത്മകവുമായ ഒരു ആത്മീയ അനുഭവം നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, വ്യത്യസ്ത സഭാവിഭാഗങ്ങളിൽപെട്ട എട്ടു മുതൽ പന്ത്രണ്ടു വരെ ആളുകളെ കൂട്ടി ഒരു പഠനം ആരംഭിക്കുക.





2. നിങ്ങളുടെ ദേശത്തുള്ള എല്ലാ സഭകളുടെയും പട്ടിക ഉണ്ടാക്കി, ഓരോന്നിനുംവേണ്ടി ഓരോ ദിവസവും പ്രാർത്ഥിക്കുക.

3. സഭകളെ സംബന്ധിച്ചുള്ള നിർഭാഗ്യകരമായ ഒരു വിരോധാഭാസം അവയിൽ മിക്കവയും ആന്തരിക പ്രശ്നങ്ങളിലാണെന്നതാണ്. അത്തരം മത്സരങ്ങളാൽ തകർന്നുകൊണ്ടിരിക്കുന്നു എന്നു നിങ്ങൾക്കറിയാവുന്ന സഭകളുടെ മറ്റൊരു പട്ടിക ഉണ്ടാക്കുക. യേശുവിന്റെ സ്വഭാവങ്ങളുടെ പട്ടികയുടെ അടിസ്ഥാനത്തിൽ ഈ സഭകളുടെ ഐക്യത്തിനും സൗഖ്യത്തിനുംവേണ്ടി പ്രാർത്ഥിക്കുക.

4. നിങ്ങളുടെ സ്വന്തം വിശ്വാസപ്രമാണങ്ങൾ പരിശോധിച്ചിട്ട്, അവരുമായി കൂട്ടായ്മ ആചരിക്കുന്നതിനു മുമ്പ് ഒരുവൻ നിർബന്ധമായും വിശ്വസിക്കേണ്ട വിഷയങ്ങളുണ്ടോ എന്നു നോക്കുക. ആ വിഷയങ്ങൾക്ക് യേശുവുമായി എന്തെങ്കിലും ബന്ധമുണ്ടോ? നിങ്ങളുടെ പട്ടികയിലില്ലാത്തതും നിങ്ങൾക്ക് അവരുമായി കൂട്ടായ്മ ആചരിക്കാൻ തടസ്സമുണ്ടാക്കുന്നതുമായ എന്തെങ്കിലും വിശ്വാസങ്ങൾ അവർക്കുണ്ടോ? ആ അംഗീകരിക്കാനാവാത്ത വിശ്വാസത്തിന് യേശുവുമായി എന്തെങ്കിലും ബന്ധമുണ്ടോ?

5. മറ്റു സഭകളിലെ പാസ്റ്റർമാരെയോ അംഗങ്ങളെയോ വിളിച്ചിട്ട് അവർ ദൈവത്തിനുവേണ്ടി ചെയ്യുന്ന പ്രവർത്തനങ്ങളെ നിങ്ങൾ അഭിനന്ദിക്കുന്നുവെന്നും ദൈവം അവരോടു കൂടെയിരുന്ന് ശുശ്രൂഷകളെ വിശാലമാക്കുവാൻ നിങ്ങൾ പ്രാർത്ഥിക്കുന്നുവെന്നും പറയുക.

6. നിങ്ങളുടെ ജീവിതത്തിൽ "ചൂടേറിയ" വാദപ്രതിവാദങ്ങൾക്ക് ഇട വരുത്തിയിട്ടുള്ള ആത്മിക വിഷയങ്ങളെപ്പറ്റി ചിന്തിക്കുക. യേശുവിനെക്കുറിച്ചല്ലാതെ മറ്റെന്തെങ്കിലും വിഷയത്തെക്കുറിച്ചായിരുന്നോ അത്? അടുത്ത തവണ ഒരു ആത്മിക വിഷയം ചർച്ച ചെയ്യേണ്ടിവരുമ്പോൾ ഇങ്ങനെ പറയുക: "നമുക്ക് യേശുവിനെക്കുറിച്ചു സംസാരിക്കാം." പരിണത ഫലം നിങ്ങളുടെ ഗ്രൂപ്പിനെ അറിയിക്കുക.

7. നിങ്ങളുടെ അയൽപക്കങ്ങളിലൂടെ സഞ്ചരിച്ച് നിങ്ങൾ കടന്നു പോകുന്ന ഓരോ ഭവനത്തിനും വേണ്ടി പ്രാർത്ഥിക്കുക.

## ശൈലിയിൽ ജീവിക്കുക - ശരീരത്തോടൊപ്പം വീട്ടിൽ

1. യോഹന്നാൻ 13:34,35 ലെ തമ്മിൽ തമ്മിൽ സ്നേഹിക്കാനുള്ള യേശുവിന്റെ പ്രസ്താവന വിശ്വസിക്കാമെങ്കിൽ, ബന്ധങ്ങൾ ക്രിസ്ത്യാനിത്വത്തിന്റെ അടിസ്ഥാനശിലയാണ്. ബന്ധങ്ങൾ സ്ഥാപിക്കുന്നതിനുവേണ്ടി നിങ്ങൾ എന്താണ് ചെയ്യാൻ പോകുന്നത്? നിങ്ങളുടെ അയൽക്കാരൻ പുതിയ വിശ്വാസിയാണെന്നറിഞ്ഞാൽ നിങ്ങൾ എന്തുചെയ്യും?

2. ഗ്രന്ഥകാരൻ ഈ അദ്ധ്യായത്തിൽ ചെറിയ സമൂഹങ്ങളിലെ വച

നപഠനത്തിനും കൂട്ടായ്മക്കുമായി ഒരു പദ്ധതി മുന്നോട്ടുവെയ്ക്കുന്നു. ചെറിയ സമൂഹങ്ങളോടൊത്തുള്ള എന്തനുഭവങ്ങളാണ് നിങ്ങൾക്കുള്ളത്?

3. ഈ അദ്ധ്യായത്തിൽ ലിമാൻ കോൾമാന്റെ "ബന്ധങ്ങൾ പണിയപ്പെടുന്നതിന്റെ ക്രമാനുഗതമായ വളർച്ച" കടമെടുക്കുന്നു. വളർച്ചയുടെ ഈ പടികൾ ആരംഭിക്കുന്നത് പരസ്പരമുള്ള വെളിപ്പെടുത്തലിലാണ് (നമ്മുടെ ജീവിതകഥ പറയുക തുടങ്ങിയവ). തുടർന്ന് പരസ്പരം അംഗീകരിക്കുകയും പരസ്പരം സമർപ്പിക്കുകയും ചെയ്യുക. ആർക്കാണ് നിങ്ങളുടെ ജീവിതകഥ അഥവാ സാക്ഷ്യം അറിയാവുന്നത്? മറ്റൊരാളുടെ അനുഭവം കേൾക്കാനും നിങ്ങളുടെ അനുഭവം പറയാനും സമയമെടുക്കുക. ഇതിന് ചില മണിക്കൂറുകൾ എടുക്കുമെങ്കിലും അതിനു സമയം കണ്ടെത്തുക. ഒരു പുതിയ ഗ്രൂപ്പാണ് നിങ്ങൾ ആരംഭിച്ചിരിക്കുന്നതെങ്കിൽ ഓരോ മീറ്റിംഗിലും ഒരു മണിക്കൂർ ഒരാളുടെ സാക്ഷ്യം കേൾക്കുവാൻ എടുക്കുക. സാക്ഷ്യം പറഞ്ഞ വ്യക്തിയോട്, അവനിൽ നിങ്ങൾ യേശുവിനെ ദർശിച്ച വിധങ്ങൾ പറയുക.

4. ബന്ധങ്ങളുടെ മൂന്നാം ഘട്ടം — സമർപ്പണം — പരസ്പരം കൂടുതൽ തുറന്ന മനസ്ഥിതി പുലർത്തുവാനും ഏറ്റുപറയുവാനും അവസരമൊരുക്കുന്നു. ഈ ഘട്ടത്തിൽ നിങ്ങൾ എത്തുമ്പോൾ പ്രാർത്ഥന കൂടുതൽ ശാന്തവും സത്യസന്ധവുമായി നിങ്ങൾക്കനുഭവപ്പെടും. നിങ്ങളുടെ യഥാർത്ഥ ആവശ്യങ്ങൾ മനസ്സിലാക്കുകയും നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്ന വ്യക്തികളുടെ പേരുകൾ എഴുതി വെയ്ക്കുകയോ, പങ്കുവെയ്ക്കുകയോ ചെയ്യുക. നിങ്ങൾ ആവശ്യങ്ങൾ മനസ്സിലാക്കി പ്രാർത്ഥിക്കുന്ന വ്യക്തികളുടെ ഒരു ലിസ്റ്റ് തയ്യാറാക്കുക.

5. പ്രായോഗിക വചനപഠനത്തിനായി മത്തായി 20:1-16 പരീക്ഷിക്കുക. താഴെക്കാണുന്ന ചോദ്യങ്ങൾ ക്രമമായി നിങ്ങളുടെ ഗ്രൂപ്പിലോ വ്യക്തിപരമായോ ഉന്നയിക്കുക.

A. ഈ ഭാഗം ദൈവത്തെക്കുറിച്ച് എന്താണ് എനിക്ക് വെളിപ്പെടുത്തിത്തരുന്നത്?

B. ഈ ഭാഗം എന്നെക്കുറിച്ച് എന്താണ് എനിക്ക് വെളിപ്പെടുത്തിത്തരുന്നത്?

C. ഞാൻ അനുസരിക്കേണ്ടതായിട്ടുള്ള എന്തു കല്പനയാണ് ഇവിടെയുള്ളത്?

നിങ്ങളുടെ പഠനം എത്ര ആഴത്തിൽ എത്തി എന്നു വെളിപ്പെടുത്തുന്നത് നിങ്ങളുടെ ഗ്രൂപ്പുമായുള്ള നിങ്ങളുടെ ബന്ധമാണ്.

6. നിങ്ങളുടെ സ്വകാര്യപ്രാർത്ഥനയിൽ 2 കൊരിന്ത്യർ 3:18-ൽ പറയുന്നതുപോലെ നിങ്ങളെത്തന്നെ ദൈവമുമ്പാകെ വെളിപ്പെടുത്താൻ പരിശീലിക്കുക. നിങ്ങളുടെ വികാരങ്ങളെയും ആഗ്രഹങ്ങളെയും കുറിച്ച്





ദൈവത്തോടു പറയുക. നിങ്ങളുടെ പ്രാർത്ഥന ഫലപ്രദമാകുന്നില്ലെങ്കിൽ അതും പറയുക. ചില പ്രശ്നങ്ങളെ അതിജീവിക്കാൻ നിങ്ങൾ അശക്തനെന്നു നിങ്ങൾക്കു തോന്നിയാൽ അതു പറയുക. അവനോടു വെളിപ്പെടുത്താതെ ഒന്നും ബാക്കി വെക്കരുത്.

## ശൈലിയിൽ ജീവിക്കുക - വേദന പങ്കിടുക

1. മറ്റുള്ളവർക്കു വേണ്ടി ജീവിക്കുന്നത് നിങ്ങളുടെ വേദന വർദ്ധിപ്പിക്കും. ഇപ്പോൾ മുമ്പത്തെക്കാളധികം മറ്റുള്ളവരുടെ മുറിവുകൾ നിങ്ങൾ ശ്രദ്ധിക്കുകയും ലോകത്തിന്റെ ദൈനംദിന യാതനകളെക്കുറിച്ച് ബോധമുള്ളവരാകുകയും ചെയ്യും. ഇതു നിങ്ങളിൽ ആരംഭിച്ചു കഴിഞ്ഞുവെങ്കിൽ, നിങ്ങളുടെ ഗ്രൂപ്പുമായി പങ്കു വെയ്ക്കുകയോ നോട്ടുബുക്കിൽ രേഖപ്പെടുത്തുകയോ ചെയ്യുക.

2. കഷ്ടതയ്ക്ക് നിങ്ങളുടെ ജീവിതത്തിൽ എന്തു സ്ഥാനമാണുള്ളത്?

3. "ക്രിസ്തുവിനുവേണ്ടി കഷ്ടം സഹിച്ചു" എന്നു നിങ്ങൾക്കു തോന്നുന്ന എന്തനുഭവമാണ് നിങ്ങൾക്കുള്ളത്? അവനുവേണ്ടി ഇപ്പോൾ കഷ്ടം സഹിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുക.

4. വില്യം ബൂത്തിന്, ഒരു ക്രിസ്തുമസ് ദിനത്തിൽ ലോകമെമ്പാടുമുള്ള സാൽവേഷൻ ആർമിയുടെ എല്ലാ കേന്ദ്രങ്ങളിലേക്കും ഒരു ധൈര്യത്തിന്റെ സന്ദേശം നൽകണമെന്ന് അതിയായ വാഞ്ഛയുണ്ടായി. അവർ സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുകയായിരുന്നു. അദ്ദേഹം ഇക്കാര്യം തന്റെ സഹായിയുമായി ചർച്ച ചെയ്തു. സഹായിയുടെ നിർദ്ദേശം എല്ലാ കേന്ദ്രത്തിലേക്കും ഒരു ടെലിഗ്രാം അയക്കാമെന്നായിരുന്നു. എന്നാൽ അതിനുള്ള സാമ്പത്തിക ചെലവ് കണക്കുകൂട്ടിയിട്ട് അദ്ദേഹം പറഞ്ഞത് ഒരു വാക്ക് മാത്രമേ അയക്കാൻ കഴിയൂ എന്നാണ്. ജനറൽ പ്രാർത്ഥനയ്ക്കായി തന്റെ മുറിയിലേക്കു കയറിപ്പോയി. കർത്താവിനോടു മദ്ധ്യസ്ഥത ചെയ്തശേഷം ആ "ഒരു" വാക്കുമായി അദ്ദേഹം ഇറങ്ങി വന്നു. ആ വാക്ക് "മറ്റുള്ളവർ" എന്നതായിരുന്നു.

നിങ്ങൾക്കുവേണ്ടി ഒരു പോസ്റ്റർ കൂടി തയ്യാറാക്കുക. മദ്ധ്യത്തിൽ "മറ്റുള്ളവർ" എന്നെഴുതി എപ്പോഴും കാണാവുന്ന സ്ഥലത്ത് പതിക്കുക.

## ശൈലിയിൽ ജീവിക്കുക - ഒരു വാക്ക് മറ്റൊന്നിനെ പിന്തുടരുന്നു

1. ജീവിതത്തെ മുഴുവനായി വീക്ഷിക്കാവുന്ന ഒരു ലെൻസാണ് യേശുവിന്റെ സ്വഭാവഗുണങ്ങളുടെ പട്ടിക; തിരുവചനത്തെയും അതിലൂടെ വീക്ഷിക്കാം. മത്തായി 18:21-35 ആധാരമാക്കി മറ്റൊരു പ്രായോഗിക വചനപഠനം നിർവഹിക്കുക. മൂന്നു ചോദ്യങ്ങൾ ചോദിക്കുവാൻ ഓർമ്മിക്കുക:

ഒന്ന്, ഈ ഭാഗം ദൈവത്തെക്കുറിച്ച് എന്താണ് എന്നോടു പറയുന്നത്? രണ്ട്, ഈ ഭാഗം എന്നെക്കുറിച്ച് എന്താണ് എന്നോടു പറയുന്നത്? മൂന്ന്, ഞാൻ എന്തു ചെയ്യണമെന്നാണ് ഈ ഭാഗം പറയുന്നത്? യേശുവിന്റെ സ്വഭാവഗുണങ്ങളുടെ പട്ടിക എടുത്തിട്ട്, ഈ മൂന്നു ചോദ്യങ്ങളിൽ ഏതിന്റെയെങ്കിലും ഉത്തരം ഈ സ്വഭാവഗുണങ്ങളുമായി യോജിക്കാത്തതായിട്ടുണ്ടോ എന്നു കണ്ടെത്തുക. എഴുതപ്പെട്ട ദൈവവചനം ജീവിക്കുന്ന വചനത്തിന് എതിരല്ല എന്നറിയുക. വചനം പഠിക്കുമ്പോൾ ഏതെങ്കിലും ഭാഗം യേശുവിന് എതിരാണെന്നു കണ്ടാൽ, മനസ്സിലാക്കുക: വചനം സത്യമാണ്. ഈ പൊരുത്തമില്ലായ്മയുടെ അർത്ഥം, ഒരു പ്രത്യേക വേദഭാഗം എങ്ങനെ അവന്റെ സ്വഭാവത്തോട് യോജിക്കുന്നു എന്നു മനസ്സിലാക്കാൻ കുറേക്കൂടി ആഴത്തിലുള്ള ഒരു പഠനം നാം നടത്തേണ്ടതായിട്ടുണ്ട് എന്നാണ്.

2. യേശുക്രിസ്തുവിനെക്കുറിച്ചുള്ള പഴയനിയമ പരാമർശങ്ങൾ പഠിക്കാൻ സമയമെടുക്കുക. ലൂക്കൊസ് 24:13–27 ൽ എമ്മവുസ്സിലേക്കുള്ള വഴിയിൽ വെച്ച് രണ്ടാളുകളോട് യേശു പറഞ്ഞത് എന്താണെന്നാണ് നിങ്ങൾ അനുമാനിക്കുന്നത്?

3. യേശു പഴയനിയമ ഭാഗങ്ങൾ ഉദ്ധരിക്കുന്ന എത്ര സ്ഥലങ്ങൾ നിങ്ങൾക്കു കണ്ടെത്താനാകുമെന്ന് നോക്കുക.

4. യേശുവിന്റെ പ്രകൃതിയിലെ സ്വഭാവഗുണങ്ങൾ ഇപ്പോൾ നിങ്ങൾക്കു പരിചിതമായതിനാൽ, നിങ്ങൾ പുതിയനിയമം വായിക്കുമ്പോൾ, ഓരോ ഭാഗത്തും അവ പരാമർശിക്കപ്പെടുന്നത് രേഖപ്പെടുത്തുക.

## ശൈലിയിൽ ജീവിക്കുക – എല്ലാക്കാലത്തേക്കുമുള്ള ശൈലി

1. അവസാന അദ്ധ്യായത്തിലേക്ക് നാം വന്നിരിക്കുമ്പോൾ, ഈ പുസ്തകത്തിന്റെ പഠനത്തിലൂടെ നിങ്ങളുടെ ചിന്തയിലും പ്രവൃത്തിയിലും ഉണ്ടായ വ്യത്യാസം വിവരിക്കുക.

2. യേശുവിന്റെ സ്വഭാവഗുണങ്ങളോടുള്ള ബന്ധത്തിൽ നിങ്ങളെക്കുറിച്ച് നിങ്ങൾക്കെന്തു തോന്നുന്നു? അതു നിങ്ങളുടെമേൽ ആധിപത്യം പുലർത്തുന്നുവോ?

3. യേശുവിനെക്കുറിച്ചുള്ള ഈ തീവ്രപഠനത്തിനുശേഷം നിങ്ങളുടെ ജീവിതത്തിൽ പരിശുദ്ധാത്മാവിന്റെ പങ്കിനെ ഏതെല്ലാം വിധത്തിലാണ് നിങ്ങൾ കാണുന്നത്?

4. ശുശ്രൂഷകൾക്കുള്ള എന്തെല്ലാം പദ്ധതികളാണ് നിങ്ങൾ തയ്യാറാക്കുന്നത്? നിങ്ങളെത്തന്നെ നൽകാൻ എന്തു പുതിയ വഴികളാണ് നിങ്ങളുടെ മനസ്സിലുള്ളത്?





5. എഫെസ്യലേഖനത്തിലെയും ഫിലിപ്പിയ ലേഖനത്തിലെയും വാക്യങ്ങളിൽ ആരംഭിക്കുന്ന, പുസ്തകത്തിന്റെ അവസാനത്തെ രണ്ടു പേജുകൾ ഉറക്കെ വായിക്കുക. എന്തു പ്രത്യാശയാണ് ഇതു നിങ്ങൾക്കു നൽകുന്നത്?

6. യൂദാ 24,25 വാക്യങ്ങൾ ഉറക്കെ വായിക്കുകയും യേശുവിലുള്ള നിങ്ങളുടെ “വിശ്രാമം” ആഘോഷിക്കുകയും ചെയ്യുക.